Vol. 11 വാല്യം – 11 Issue - 2 ലക്കം – 2

# ക്ഷാത്രസ്പന്ദനം

## KSHATRA SPANDANAM

ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

April 2025 ഏപ്രിൽ 2025 1200 Medam 1200 മേടം



സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും 50 വർഷങ്ങൾ

# 50-ാം വിവാഹ വാർഷികം

## 1-9-2024



**ശ്യാം വർമ്മ**
ചിറളയം പാലസ്, കുന്നംകുളം

**ശോഭ വർമ്മ**
മണ്ണൂർമഠം പാലസ്, മാവേലിക്കര

ആശംസകളോടെ
**സുനിത ഭരത്, എച്ച്.എസ്. ഭരത്**
**പ്രണവ് ഭരത്, പ്രഹ്ലാദ് ഭരത്**

Kshatraspandanam
News Magazine of Kshatriya Kshema Sabha
April 2025
M.E.1200 Medam
Volume 11 Issue 2

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഏപ്രിൽ 2025
കൊ.വ.1200 മേടം
വാല്യം 11 ലക്കം 2

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)

# വിഷയവിവരം

**REACT** ........................................................ 05
**പത്രാധിപക്കുറിപ്പ്** ........................................................ 10
**കേന്ദ്രസഭാ വാർത്തകൾ** ........................................................ 11
**വാരനാട് ദേവി ക്ഷേത്രം** ........................................................ 16
എം.ആർ. വേണുഗോപാൽ
**ജി. രവീന്ദ്രവർമ്മ** ........................................................ 18
കെ.എൽ. ശ്രീകൃഷ്ണദാസ്
**എന്റെ അച്ഛൻ** ........................................................ 21
കെ.എൽ. മോഹനവർമ്മ
**ശിവസ്തുതി (കവിത)** ........................................................ 23
വിനോദ് വർമ്മ
**എം.ടി. വാസുദേവൻ നായരുടെ ചെറുകഥകൾ** ........ 24
ഇ.കെ. രാജ വർമ്മ
**The Lover** (Poem) ........................................................ 27
Sumitha Varma
**മഹാകുംഭമേള– ഭാഗം 1** ........................................................ 28
പി.സി. സുധീരൻ
**കടംകഥ** ........................................................ 30
പ്രദീപ് വർമ്മ
**ജീവിതം: ഒരു അത്ഭുത നിർമ്മിതി** ........................................................ 33
എം.ആർ. മനോഹര വർമ്മ
**കന്യാകുമാരി – ഖാർഡുങ് ല –**
**ഒരു ഉപഭൂഖണ്ഡ യാത്ര – 2** ........................................................ 36
അരുൺ വർമ്മ
**രാമായണം – ഭാഗം 1** ........................................................ 40
കെ.സി. രാമവർമ്മ രാജ
**ശ്രീരാമ ഗീതയിലൂടെ...** ........................................................ 42
രവീന്ദ്രവർമ്മ അംബാനിലയം
**ഒളിമങ്ങാത്ത എംടി സ്മരണകളിൽ വീണ്ടും** ........................ 46
കുട്ടി അനിയൻ രാജ
**കുറ്റിലഞ്ഞിക്കൂടൽ ചിരിക്കാനും ചിന്തിക്കാനും** ....... 47
പ്രദീപ് കെ. വർമ്മ
**ഓർമ്മകളിൽ സുഗന്ധം** ........................................................ 54
കെ.എൽ. ശ്രീകൃഷ്ണദാസ്
**ടി.ആർ. രാമവർമ്മരാജ – ഒരു അനുസ്മരണം** ......... 67
**മംഗളം ഭവന്തു** (കവിത) ........................................................ 69
രാജേന്ദ്ര വർമ്മ
**പാദാദികേശം** ........................................................ 69
ശകുന്തളാ വർമ്മ
**അമർനാഥ് യാത്ര** ........................................................ 70
രാജലക്ഷ്മി
**അംലിഗോലയിലെ ആഢ്യൻ** ........................................................ 72
ശ്രീകാന്ത് വർമ്മ
**സ്ത്രീ സാന്നിദ്ധ്യം സമൂഹത്തിൽ അന്നും ഇന്നും** ....... 77
പ്രഭാകര വർമ്മ കെ.കെ.
**KKSY സ്മാഷ് മാസ്റ്റേഴ്സ് ഷട്ടിൽ ടൂർണമെന്റ്** .......... 79
**യുദ്ധഭൂമി** (കവിത) ........................................................ 80
ജ്യോതി വർമ്മ എൽ.ആർ.
**ഒരു മകര പ്രഭാതം** ........................................................ 80
മഞ്ജുളാഭായി
**യാത്രകൾ – രാജസ്ഥാൻ – 2** ........................................................ 81
കെ. ഹരികൃഷ്ണ വർമ്മ
**ശ്രദ്ധേയമായ ഒരു വിവാഹം** ........................................................ 84
പി.കെ. രഘു വർമ്മ
**ഞാൻ കണ്ട ലങ്ക** ........................................................ 85
എൻ.എം. മല്ലികാ റാണി
**Maha Kumbh 2025** ........................................................ 90
E. Ravi Varma Raja
**My Astro-Adventures at the HDSR Star Party** ..... 93
Mahesh Ravi Varma
**പുസ്തകജാലകം –**
**അയ്യപ്പഭക്തിയുടെ അനുപമാവിഷ്കാരം** ..................... 96
**യാത്രകളെ സ്നേഹിക്കുന്നവർക്ക്** ........................................................ 98
**To My Daughter** (Poem) ........................................................ 99
Aswathy Varma
**ബാലവേദി/വളരുന്ന പ്രതിഭകൾ** ........................................................ 100
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** ........................................................ 104
**ശ്രദ്ധാഞ്ജലി** ........................................................ 115
**വൈവാഹികം** ........................................................ 117

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ:* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

മുഖചിത്രം: വാരനാട് ദേവി ക്ഷേത്രം, ചേർത്തല (ലേഖനം പേജ് 16–ൽ)

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

## വായനക്കാരുടെ കത്തുകൾ



**ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന സമ്മേളനം**

പ്രിയപ്പെട്ടവരെ,

തിരയടങ്ങാത്ത ക്ഷത്രിയ മനസ്സുകളിൽ മാർച്ച് രണ്ടിനു കുറ്റിലഞ്ഞിയിലെ ബന്ധുക്കൾ സംസ്ഥാന സമ്മേളനത്തിന്റെ തോണിയിറക്കിയത് ക്ഷത്രിയ ക്ഷേമസഭയുടെ മികവിന്റെ സംഘടനാ കടവിൽ തന്നെയാണ്.

കവി എഴുതിയതുപോലെ, അവിടെ

"നെല്ലിൻ തണ്ടു മണക്കും വഴികൾ...
എള്ളിൻ നാമ്പു കുരുക്കും വയലുകൾ...
എണ്ണം തെറ്റിയ ഓർമ്മകൾ... വീണ്ടും..."

ക്ഷത്രിയ ക്ഷേമസഭയുടെ 42 വർഷങ്ങൾ! സമുദായ സംഘടനയെന്ന നിലയിൽ ഒരു മണ്ഡല കാലം (41) പിന്നിട്ടു. 'തത്ത്വമസി'യെന്ന മനസ്സിലേക്ക് സംഘടന എത്തിച്ചേരട്ടെ! സംഘടനയും ക്ഷത്രിയരും തമ്മിലുള്ള കാൽച്ചുവടുകളുടെ ദൂരം കുറഞ്ഞുവരട്ടെ!

"ഹരിഹരാത്മജം ദേവമാശ്രയേ"

'നിഘണ്ടു'വിൽ എഴുതിച്ചേർക്കാൻ ഒരു ആദരവ് കൂടി തന്നതിനു കടപ്പാട്. വാക്കുകൾ പൂക്കുന്ന ഇടം സ്വപ്നംകാണാം...

ആത്മജവർമ്മ തമ്പുരാൻ,
പ്രസിഡന്റ്, കോട്ടയം യൂണിറ്റ്

---

**തിരുത്ത്**: കഴിഞ്ഞ ലക്കത്തിൽ 'വലിയ രാജയായി സ്ഥാനമേറ്റു' എന്ന വാർത്തയിൽ (പേജ് 99) ബേപ്പൂർ കരിപ്പാ കോവിലകത്ത് എന്നുള്ളത് 'ബേപ്പൂർ കരിപ്പാ പുതിയ കോവിലകത്ത്' എന്നും ഭാര്യ മായാ വർമ്മയുടെ കുടുംബനാമം 'വടക്കുംകൂർ' എന്നതിനു പകരം 'വൈക്കം കണ്ണാടി കോവിലകം' എന്നും തിരുത്തി വായിക്കുവാനപേക്ഷ. -പത്രാധിപസമിതി-

## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ (200 രൂപ) കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha**
**A/c. No. 40052010052603, IFSC: CNRB0014005**
**CANARA BANK, Fort, Thiruvananthapuram**
**(for more details pl. see p. 102)**

## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| കളർ പേജ് (ഹാഫ്) | : | ₹ 1500/- | വിവാഹ പരസ്യം (Matrimonial) | : | ₹ 500/- |

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്ന് നാം എപ്പോഴും ഓർമ്മിക്കണം.

'താമസിക്കാൻ സ്വന്തമായൊരിടം' എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് സഹായമാകാനും REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2025 ജനുവരി മുതൽ മാർച്ച് വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING JANUARY TO MARCH 2025

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Sara Chandy, Kowdiar, Thiruvananthapuram | 150,000.00 |
| 2 | Mohith Varma, Ambalapuzha | 100,000.00 |
| 3 | Sudha Varma, Vaikom | 50,000.00 |
| 4 | R. Sasikumar Varma, Thiruvananthapuram | 30,000.00 |
| 5 | Cdr. (Retd.) Kishen Chandar Varma, Kochi | 30,000.00 |
| 6 | Valsala Ravi Varma Raja, Thiruvananthapuram | 30,000.00 |
| 7 | Hari K.R. | 30,000.00 |
| 8 | Vinod Varma, Ernakulam | 30,000.00 |
| 9 | P.K. Mohana Varma, Pilathara | 25,001.00 |
| 10 | Prof. P.R. Kumara Kerala Varma, Pallom Palace | 25,000.00 |
| 11 | Indira Kumari A, Thiruvananthapuram | 25,000.00 |
| 12 | N.M. Mallika Rani, Chengalam | 25,000.00 |
| 13 | Rajeev Kumar, Kottayam | 25,000.00 |
| 14 | Kuttilanji Kshatriya Kshema Sabha | 20,000.00 |
| 15 | Dr. M. Lalithambika, Thiruvananthapuram | 15,000.00 |
| 16 | T. Sanjay Varma, Thrissur | 10,001.00 |
| 17 | Radha Varma | 10,000.00 |
| 18 | Asha Raja Raja Varma, Pazhayannur | 10,000.00 |
| 19 | Malini G Vama, Iringalakkuda | 10,000.00 |
| 20 | Lalithambika Varma, Kuttilanji | 10,000.00 |
| 21 | N.V. Sarala, Thiruvalla | 10,000.00 |
| 22 | T.M. Sreekumar, Karivellur | 10,000.00 |
| 23 | P.M. Subramanian, Karivellur | 10,000.00 |
| 24 | Nirmala Devi, Thiruvananthapuram | 10,000.00 |
| 25 | Rajeev R, Budhanoor | 8,000.00 |
| 26 | C.K.K. Varma, Ernakulam | 5,001.00 |
| 27 | Remadevi Varma, Chottanikkara | 5,000.00 |
| 28 | Kunjukuttan | 5,000.00 |

| | | |
|---|---|---|
| 29 | Goda Varma, C.K., Chazoor Kovilakam | 5,000.00 |
| 30 | Pratap Varma Raja, Irinjalakuda | 5,000.00 |
| 31 | Well Wisher | 5,000.00 |
| 32 | Sulochana Thampuratty, Kuttilanji | 5,000.00 |
| 33 | Karappuram Kshthriya Sabha, Cherthala | 4,151.00 |
| 34 | Vilasini Bai Thampuratty, Kothamangalam | 3,000.00 |
| 35 | Sreedevi R Varma, Keezhvaipur | 3,000.00 |
| 36 | P.K. Ravi Varma Raja, Cherthala | 3,000.00 |
| 37 | Ravi Varma Thampuran, Pandalam | 2,250.00 |
| 38 | Manilal K.P., Thiruvananthapuram | 2,000.00 |
| 39 | Valsala Varma, Alappuzha | 2,000.00 |
| 40 | Suria Kumar M.K., Thiruvalla | 1,500.00 |
| 41 | Aparna D R, Thiruvananthapuram | 1,000.00 |
| 42 | Rajashree Pandyal, Bangalore | 101.00 |
| | **Total** | **7,65,005.00** |

**(Rupees Seven lakhs Sixty Five thousand and Five only)**

## FINANCIAL ASSISTANCE DURING JANUARY TO MARCH 2025

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical aid, Education etc. - Monthly | 84,000.00 |
| 2 | Financial aid to Poor/ Medical Aid/Educational help | 707,500.00 |
| 3 | House Construction - Kozhikkode | 950,000.00 |
| | **Total** | **17,41,500.00** |

**(Rupees Seventeen lakhs fortyone thousand five hundred only)**

ഇതുവരെ (18-07-2008 മുതൽ 31-03-2025 വരെ) ₹ 2,27,17,492/- (രണ്ടു കോടി ഇരുപത്തിയേഴ് ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

**A/c No: 40052210014950**

**IFS Code CNRB 0014005**

**Canara Bank, Fort Branch, Thiruvananthapuram - 695023**

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

***(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 9, 15 കാണുക)***

**KSHATRIYA KSHEMA SABHA, TRIVANDRUM**
(Registration Number 437/81)
Sundaravilasam Palace, Fort,Thiruvananthapuram-23

## BALANCE SHEET AS AT 31-03-2024

| LIABILITIES | | Amount | ASSETS | | Amount |
|---|---|---|---|---|---|
| | | **Rs.** | | | **Rs.** |
| **Special Funds** | | | **Fixed Assets** (Schedule 1) | | 3,226.79 |
| M.C.K. Fund | 36,274.60 | | **Gift Assets** (Schedule 2) | | 11,500.00 |
| Endowment Scholarship Ayurvaidyam | 10,000.00 | | **Investments** | | |
| Endowment Scholarship Physics | 15,000.00 | | (Royal Educational & Charitable Trust) | | 100,000.00 |
| Bhanu Raja Memorial Scholarship | 14,000.00 | 75,274.60 | | | |
| | | | **Deposits and Advances** (Schedule 3) | | 1,211,462.00 |
| **General Fund** | 1,968,657.75 | | | | |
| Excess of Expenditure over Income | 244,373.12 | 1,724,284.63 | TDS | | 8,645.00 |
| | | | **Cash & Bank Balance** | | |
| **Save a Family Fund** | | | Cash and Bank (Schedule 4) | | 891,846.44 |
| Add: Interest earned on F.F. 2005-06 | 7,250.00 | | | | |
| Interest earned on F.F. 2006-07 | 7,250.00 | | | | |
| Interest earned on F.F. 2007-08 | 7,250.00 | | | | |
| Interest earned on F.F. 2008-09 | 2,671.00 | 24,421.00 | | | |
| **Giftd Assets** | | 11,500.00 | | | |
| **Current Liabilities** | | | | | |
| (Schedule 5) | | 391,200.00 | | | |
| Total | | **2,226,680.23** | Total | | **2,226,680.23** |

Place: Thiruvananthapuram
Date : 01.03.2025

| | | |
|---|---|---|
| Sd/- | Sd/- | Sd/- |
| Dr.M.Lalithambika | Madhukumar Varma V K | Suria Kumar M K |
| **President** | **General Secretary** | **Treasurer** |

Sd/-
K.N. RAMA VARMA
**Auditor**

# KSHATRIYA KSHEMA SABHA, TRIVANDRUM

(Registration Number 437/81)

Sundaravilasam Palace, Fort,Thiruvananthapuram-23

## INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31.03.2024

| | EXPENDITURE | | Amount Rs. | | INCOME | | Amount Rs. |
|---|---|---|---|---|---|---|---|
| To | Kshatraspandanam Printing charges | | 316,405.00 | By | Advertisement Charges Received | | |
| " | Maintenance at Chemprol Kottaram | | 50,101.00 | " | General | 101,500.00 | |
| " | Postage - Kshthra Spandanam | | 44,889.00 | " | Matrimonial | 15,750.00 | 117,250.00 |
| " | Bank Charges | | 295.30 | | Kshatraspandanam Subscription | | 76,203.00 |
| " | Kowdiar Scholarship | | 75,500.00 | " | Donation for AGM at Haripad | | 236,551.00 |
| " | Unit Registration - Palakkad | | 5,000.00 | " | Bank Interest (FD/KCC/SB a/c) | | 53,977.00 |
| " | AGM Expenses at Chemprol Kottaram (Schedule 6) | | 298,253.00 | " | Working Fund | | 55,000.00 |
| " | Committee Meeting Expenses - Food | | 13,000.00 | | | | |
| " | RNI Registration | | 2,500.00 | " | Commission | | 37,462.04 |
| " | Web-site renewal | | 8,526.00 | " | Interest on Income Tax refund | | 57.00 |
| " | Travelling expenses to General Secretary | | 6,000.00 | | | | |
| " | Depreciation | | 403.86 | | | | |
| | | | | " | Excess of Expenditure over Income | | 244,373.12 |
| | | | **820,873.16** | | | | **820,873.16** |

Place: Thiruvananthapuram,
Date : 01.03.2025


Sd/-
Dr.M.Lalithambika
**President**

Sd/-
Madhukumar Varma V K
**General Secretary**

Sd/-
Suria Kumar M K
**Treasurer**

Sd/-
K.N. RAMA VARMA
**Auditor**

# റിയാക്ടിന്... സ്നേഹപൂർവ്വം



പ്രൊഫ. പി.ആർ. കുമാര കേരളവർമ്മ തന്റെ ശതാഭിഷേകത്തോടനുബന്ധിച്ച് റിയാക്ടിലേക്ക് നൽകിയ സംഭാവനയായ 25,000 രൂപയുടെ ചെക്ക് സെക്രട്ടറി പി.കെ. രഘു വർമ്മയ്ക്ക് കൈമാറുന്നു. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ സമീപം.



കുറ്റിലഞ്ഞിയിൽ നടന്ന ക്ഷത്രിയക്ഷേമസഭ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള ചടങ്ങിൽ വച്ച് പരേതനായ പി.സി. ഗോദവർമ്മയുടെ സഹധർമ്മിണി ചാലക്കുടി യൂണിറ്റ് അംഗമായ മാലിനി ജി. വർമ്മ തന്റെ ഭർത്താവിന്റെ സ്മരണയ്ക്കായി റിയാക്ടിലേക്ക് 10,000 രൂപ സംഭാവന നൽകുന്നു.



ചെന്നിത്തല കുട്ടംപേരൂർ വഴുതനപ്പള്ളിൽ കോവിലകം പത്മാവതി രാമവർമ്മ റിയാക്ടിലേക്കുള്ള സംഭാവന തുകയുടെ ചെക്ക് റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മയ്ക്ക് കോട്ടയം നാഗമ്പടം ബേക്കർ ഹിൽ ഷക്കീന അപ്പാർട്ട്മെന്റിൽ വച്ച് കൈമാറുന്നു. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ട്രഷറർ എം.കെ. സൂര്യകുമാർ വർമ്മ, കോട്ടയം യൂണിറ്റ് രക്ഷാധികാരി യു. അജിത്ത് വർമ്മ, യൂണിറ്റ് പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ, സെക്രട്ടറി ടി.എം. രാംജി വർമ്മ എന്നിവർ സമീപം.



പത്രാധിപക്കുറിപ്പ്



# വഖ്ഫും കേരളവും

അറബി ഭാഷയിൽ വഖ്ഫിന്റെ അർത്ഥം സമർപ്പിക്കുക എന്നാണ്. നിയമപ്രകാരം ഒരാൾ തന്റെ സ്വന്തമായുള്ള സ്വത്തോ ആസ്തിയോ ദൈവത്തിനായി സമർപ്പിക്കുകയും അതിന്റെ ലാഭം മതപരമായോ വിദ്യാഭ്യാസപരമായോ, സദ്ഗുണ പരമായോ ഉപയോഗിക്കുകയും ചെയ്യുന്നതാണ് വഖ്ഫ്. ഇത് പ്രവാചകനായ മുഹമ്മദ് നബിയുടെ കാലത്ത് തുടങ്ങിയതായി വിശ്വസിക്കുന്നു. വഖ്ഫ് സ്വത്തുക്കൾ ഉപയോഗിച്ച് പള്ളികൾ, മദ്രസകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, സൗജന്യ ഭക്ഷണശാലകൾ എന്നിവ സമൂഹ നന്മയ്ക്കു വേണ്ടി പ്രവർത്തിപ്പിക്കാൻ കഴിയും. ഒരിക്കൽ വഖ്ഫ് ആക്കിയ സ്വത്തിനെ വിൽക്കാനോ, പാരമ്പര്യമായി നൽകാനോ കഴിയില്ല. അതായത് വഖ്ഫ് സ്വത്ത് മാറ്റമില്ലാതെ നിലനിൽക്കാനുദ്ദേശിച്ചിട്ടുള്ളതാണെന്നർത്ഥം.

ഇന്ന് പല മുസ്ലീം രാജ്യങ്ങളിലും വഖ്ഫ് സ്ഥാപനങ്ങൾ നിലനിൽക്കുന്നു. സർക്കാർ അതിന്റെ നിയന്ത്രണവും മേൽനോട്ടവും വഹിക്കുന്നു. വഖ്ഫ് സംബന്ധിച്ച ആദ്യ രേഖകൾ (9-ാം നൂറ്റാണ്ടിലേത്) ടർക്കിയിലെ ഇസ്ലാമിക് ആർട്ട് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. 12-ാം നൂറ്റാണ്ടിൽ മുഹമ്മദ് ഗോറിയുടെ കാലത്ത് ഇൻഡ്യയിലെ രണ്ടു ഗ്രാമങ്ങൾ വഖ്ഫ് ആയി സമർപ്പിച്ചിരുന്നു. 16-ാം നൂറ്റാണ്ടായപ്പോഴേക്കും വഖ്ഫ് സ്ഥാപനങ്ങൾ വ്യാപകമായി വികസിച്ചു. പിന്നീട് പാശ്ചാത്യാധിപത്യം വർദ്ധിച്ചതോടെ (19-ാം നൂറ്റാണ്ടോടെ) വഖ്ഫ് സ്ഥാപനങ്ങൾ ദേശീയവൽക്കരിക്കപ്പെടുകയും ദുർബലമാകുകയും ചെയ്തു. 1954 ൽ ഇൻഡ്യ വഖ്ഫ് ആക്ട് പാസ്സാക്കി. കേന്ദ്ര ഗവണ്മെന്റ് വഖ്ഫ് കൗൺസിലും രൂപീകരിച്ചു.

ഇനി കേരളത്തിലെ കാര്യമെടുത്താൽ 2024 ലെ കണക്കു പ്രകാരം 53,000 ത്തോളം വഖ്ഫ് ആസ്തികൾ നിലവിലുണ്ട്. മലപ്പുറം ജില്ലയിൽ ആണ് ഏറ്റവും കൂടുതൽ. ഇടുക്കിയിൽ കുറവും. ഇവയുടെയൊക്കെ മേൽനോട്ടം കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിനാണ്.

കേരളത്തിലെ ഇപ്പോഴത്തെ വഖ്ഫുമായി ബന്ധപ്പെട്ട പ്രശ്നം വൈപ്പിൻ ദ്വീപിന്റെ വടക്കേയറ്റത്ത് 400 ഏക്കറിൽപരം വിസ്തീർണ്ണമുള്ള മുനമ്പം ഭൂമിയാണ്. ഇവിടെ 600 ൽ അധികം മത്സ്യത്തൊഴിലാളി കുടുംബങ്ങളും കുറച്ചു റിസോർട്ടുകളുമിപ്പോഴുണ്ട്.

1902 ൽ തിരുവിതാംകൂർ രാജാവ് ഗുജറാത്തിൽ നിന്നെത്തിയ സത്താർ മൂസ ഹാജി സേഠിന് കൃഷിയാവശ്യങ്ങൾക്ക് നൽകിയതാണ് ഈ ഭൂമി. 1950 ൽ ഇത് ഫറോക്ക് കോളേജ് മാനേജ്മെന്റിന് വഖ്ഫ് ആയി കൈമാറ്റം ചെയ്യപ്പെട്ടു. 2008 ൽ വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെ ജസ്റ്റിസ് എം.എ. നിസ്സാർ അദ്ധ്യക്ഷനായ കമ്മീഷനെ വഖ്ഫ് സ്വത്തുക്കളുടെ അനധികൃത കൈമാറ്റത്തെപ്പറ്റി പഠിക്കുവാൻ നിയോഗിച്ചു. കമ്മീഷൻ മുനമ്പം ഭൂമിയെ വഖ്ഫ് ഭൂമിയായി കണ്ടെത്തുകയും ഫറോക്ക് കോളേജ് വഖ്ഫ് ബോർഡിന്റെ അനുവാദമില്ലാതെ ആ ഭൂമി വിവിധ വ്യക്തികൾക്ക് കൈമാറ്റം ചെയ്തതായും സ്ഥിരീകരിച്ചു.

ഏതായാലും പ്രദേശവാസികൾ മുക്കുവരും പാവപ്പെട്ടവരുമാണ്. അവരുടെ നിലനിന്നിരുന്ന റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കുറേ നാളായി ഇവിടെ സമരങ്ങൾ അരങ്ങേറിയിരുന്നു.

ഇത്തരുണത്തിൽ ലോക്സഭയിൽ പാസ്സായ വഖ്ഫ് ഭേദഗതി ബിൽ മുനമ്പം പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സഹായകരമാകട്ടെ. നിയമം നടപ്പിലാക്കാൻ സംസ്ഥാന മന്ത്രിസഭയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കഴിയുമെന്ന് പ്രത്യാശിക്കാം. അങ്ങനെ മുനമ്പം സന്തോഷത്തിന്റെ തീരപ്രദേശമാകട്ടെ! ●

# കേന്ദ്ര സഭാ വാർത്തകൾ

## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...



### 42-ാം സംസ്ഥാന സമ്മേളനം

**കുറ്റിലഞ്ഞി ചക്കനെക്കാവ് ക്ഷേത്ര ആഡിറ്റോറിയത്തിൽ (പി.ജി. ശശികുമാർ വർമ്മ നഗർ) മാർച്ച് 2 നു നടക്കുന്ന സംസ്ഥാന സമ്മേളനത്തിനു മുന്നോടിയായി തലേദിവസം (1-3-2025) അതേ വേദിയിൽ സംസ്ഥാന കമ്മിറ്റി യോഗം കൂടി.**

വൈകുന്നേരം കൃത്യം 6.30 ന് പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച യോഗത്തിൽ 50 കമ്മറ്റിയംഗങ്ങൾ പങ്കെടുത്തു. സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സ്വാഗത പ്രസംഗം നടത്തി. സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബിക ചർച്ച ചെയ്യാനുള്ള വിഷയങ്ങൾ അവതരിപ്പിച്ചു. എല്ലാ അംഗങ്ങളും സജീവമായി ചർച്ചകളിൽ പങ്കെടുത്തു. താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു:

**1. വാർഷിക റിപ്പോർട്ട്**

പൊതുയോഗത്തിൽ അവതരിപ്പിക്കുവാനുള്ള വാർഷിക റിപ്പോർട്ട് സംസ്ഥാന ജനറൽ സെക്രട്ടറി വായിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം ചില മാറ്റങ്ങൾ/ പുതിയതായി ചേർക്കൽ നടത്തി റിപ്പോർട്ട് അംഗീകരിച്ചു. പൊതുയോഗത്തിൽ അവതരിപ്പിക്കാനുള്ള അംഗീകാരവും നൽകി.

**2. വരവു ചിലവു കണക്ക്**

പൊതുയോഗത്തിൽ അവതരിപ്പിക്കാനുള്ള വരവു ചിലവ് കണക്ക് സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ വായിച്ചു. ചർച്ചകൾക്കു ശേഷം 31/03/2024 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്ക് പൊതുയോഗത്തിൽ അവതരിപ്പിക്കാനുള്ള അംഗീകാരം നൽകി.

**3. ബൈലോ ഭേദഗതികൾ**

ബൈലോ ഭേദഗതിക്കായി തയ്യാറാക്കിയ പട്ടിക ആർ. രാമവർമ്മ (വിജയൻ) അവതരിപ്പിച്ചു. ചർച്ചകൾക്കു ശേഷം വീണ്ടും ചില മാറ്റങ്ങൾ/ കൂട്ടിച്ചേർക്കലുകൾ വരുത്തി പൊതുയോഗത്തിൽ അവതരിപ്പിക്കാനുള്ള അനുമതി നൽകി.

മാർച്ച് 2 ന് നടക്കുന്ന സംസ്ഥാന വാർഷിക സമ്മേളനത്തിന്റെ തയ്യാറെടുപ്പുകൾ/ ഒരുക്കങ്ങൾ അവലോകനം ചെയ്തു. എല്ലാവരും കൂടി പ്രയത്നിച്ച് വാർഷികം ഏറ്റവും ഭംഗിയായി നടത്തണമെന്ന് തീരുമാനിച്ചു. കുറ്റിലഞ്ഞി യൂണിറ്റംഗങ്ങൾ ഏറ്റവും ഭംഗിയായി ആതിഥേയത്വം നൽകി യോഗം ഭംഗിയാക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിനെ കമ്മറ്റി അനുമോദിച്ചു.

സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ നന്ദി രേഖപ്പെടുത്തി. രാത്രി 8.30 ന് യോഗം അവസാനിച്ചു.

സംസ്ഥാന സമ്മേളന ദിവസം രാവിലെ 8 മണി മുതൽ രജിസ്ട്രേഷൻ ആരംഭിച്ചു. യോഗം ആരംഭിക്കുന്നതിനു മുൻപായി ക്ഷേത്രത്തിനു പുറകുഭാഗത്ത് മുഖ്യാതിഥിയും ഉൽഘാടകനുമായ ഡോ. ശിവപ്രസാദ് (ഡോ. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസിലർ) സഭയുടെ ഭാരവാഹികളോടൊപ്പം ഒരു ഇലഞ്ഞിമരം നട്ടു. ഈ തൈ 'tree tag' ചെയ്യുകയും ചെയ്തു.

രാവിലെ 9.30 ന് യോഗം ആരംഭിച്ചു. അനഘ എസ്. വർമ്മ ഈശ്വരപ്രാർത്ഥന നടത്തി. ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം സംസ്ഥാന ജനറൽ സെക്രട്ടറി ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ അംഗങ്ങൾക്കായി ഒരു നിമിഷം മൗനപ്രാർത്ഥന

നടത്തുകയും, അവരുടെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്ത ശേഷം സ്വാഗത പ്രസംഗം നടത്തി. സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബിക അദ്ധ്യക്ഷപ്രസംഗം നടത്തി. ഡോ. കെ. ശിവപ്രസാദ് ഉദ്ഘാടനം നിർവ്വഹിച്ചു; നല്ലരീതിയിലുള്ള ഒരു ഉദ്ഘാടനപ്രസംഗവും നടത്തി. അതിനുശേഷം മുഖ്യാതിഥി അനിൽ വർമ്മ (മാനേജിംഗ് ഡയറക്ടർ, വർമ്മാ ഹോംസ്) സംസാരിച്ചു. സ്വന്തമായി അദ്ധ്വാനിച്ച് കെട്ടിപ്പടുത്ത വർമ്മാ ഹോംസ് എന്ന സ്ഥാപനം, എങ്ങിനെയാണ് തുടങ്ങിയത് എന്നത് പുതിയ സംരംഭകർക്ക് ഏറെ പ്രചോദനം നൽകി. പിന്നീട്, സ്വാഗതസംഘം വർക്കിംഗ് ചെയർമാൻ കൃഷ്ണവർമ്മ, റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ, വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത കെ., KKSY സംസ്ഥാന പ്രസിഡന്റ് കെ. എസ്. ഹൃഷികേശ് വർമ്മ എന്നിവർ ആശംസാപ്രസംഗം നടത്തി. തുടർന്ന് ആദരിക്കൽ ചടങ്ങായിരുന്നു. അവരവർ പ്രതിനിധാനം ചെയ്യുന്ന മേഖലകളിൽ വളരെ നല്ലരീതിയിൽ പ്രവർത്തിച്ച മൂന്നു ക്ഷത്രിയ അംഗങ്ങളെയാണ് ഇക്കുറി ആദരിച്ചത്.

1. ആത്മജവർമ്മ തമ്പുരാൻ
2. നിഷാവർമ്മ
3. ശബരീശ് വർമ്മ

ആദരിക്കൽ ചടങ്ങുകൾക്ക് ശേഷം സ്വാഗത സംഘം ജനറൽ കൺവീനർ സുരേഷ് വർമ്മ കൃതഞ്ജത രേഖപ്പെടുത്തി.

ചായയ്ക്കായി പിരിഞ്ഞ് പത്ത് മിനിട്ടിനു ശേഷം വാർഷിക പൊതുയോഗം ആരംഭിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ, വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. (റിപ്പോർട്ട് വാർത്തകളുടെ അവസാനം ചേർത്തിട്ടുണ്ട്.)

സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ വരവു ചിലവ് കണക്ക് അവതരിപ്പിച്ചു.

ആർ. രാമവർമ്മ (വിജയൻ), ബൈലോ ഭേദഗതികളുടെ പട്ടിക അവതരിപ്പിച്ചു.

വിശദമായ ചർച്ചകൾക്കു ശേഷം വാർഷിക റിപ്പോർട്ടും, വരവു ചിലവ് കണക്കും ബൈലോ ഭേദഗതികളും അംഗങ്ങൾ കൈയടിച്ച് പാസ്സാക്കി.

HH സേതുപാർവതിബായി സ്കോളർഷിപ്പുകളും, മാധവ് ചന്ദ്രശേഖർ സ്കോളർഷിപ്പും, സരസിജ തമ്പുരാൻ അവാർഡും വിതരണം ചെയ്തു.

ഉച്ചയ്ക്ക് 1.30 ന് ഭക്ഷണത്തിനായി പിരിഞ്ഞു.

ഉച്ചയ്ക്കു ശേഷം, 2 മണിക്ക് കലാപരിപാടികൾ ആരംഭിച്ചു. വൈകുന്നേരം 5 മണിയ്ക്ക് ചായ സൽക്കാരത്തിനു ശേഷം വാർഷികയോഗ പരിപാടികൾ അവസാനിച്ചു.

അഞ്ഞൂറ്റിനാൽപതോളം അംഗങ്ങൾ പങ്കെടുത്ത സംസ്ഥാന സമ്മേളനം എല്ലാംകൊണ്ടും ഏറെ ഭംഗിയായി നടത്തുവാനായി.

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി

---

# വാർഷിക റിപ്പോർട്ട്

സഭാംഗങ്ങളെ,

ഇക്കഴിഞ്ഞ വർഷം നമ്മെ വിട്ടുപിരിഞ്ഞ എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങളുടെയും ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. അവരോരോരുത്തരും സഭയുടെ നന്മയ്ക്കും ഉയർച്ചയ്ക്കും വേണ്ടി കാഴ്ചവച്ച നല്ല പ്രവർത്തനങ്ങൾ ഓർമ്മിക്കുന്നു. ഒരിക്കൽക്കൂടി ആദരാഞ്ജലി അർപ്പിക്കുന്നു. ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കം മുതൽ നയിക്കുകയും, അഹോരാത്രം പ്രവർത്തിക്കുകയും ചെയ്ത് മൺമറഞ്ഞ എല്ലാ മഹാരഥന്മാരേയും ഏറെ ബഹുമാനത്തോടെ സ്മരിക്കുന്നു. അവർ പകർന്നുനൽകിയ ശക്തിയാണ് നമുക്ക് മുൻപോട്ട് പോകുവാനുള്ള പ്രചോദനം.

2024 ജനുവരി ഏഴാം തീയതി ഹരിപ്പാട്ട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടന്ന 41-ാം വാർഷിക സമ്മേളനത്തിനു ശേഷം കേന്ദ്ര ഭാരവാഹികളുടെ ഏഴു യോഗങ്ങളും, സംസ്ഥാന കമ്മറ്റിയുടെ അഞ്ചു യോഗങ്ങളും നടന്നു. എല്ലാ യോഗങ്ങളുടെയും റിപ്പോർട്ടും തീരുമാനങ്ങളും അറിയിക്കുകയും 'ക്ഷാത്രസ്പന്ദന'ത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

സമുദായാംഗങ്ങളുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കും, ഉയർച്ചയ്ക്കുമുതകുന്നതായ ഒട്ടനവധി കാര്യങ്ങൾക്ക് ഇക്കഴിഞ്ഞ വർഷം തുടക്കം കുറിക്കാനും നേതൃത്വം നൽകുവാനുമായി. ഇതിലേക്ക് എത്തിച്ചേരാനായി കേന്ദ്ര, യൂണിറ്റ് ഭാര

വാഹികളുടേയും, എല്ലാ അംഗങ്ങളുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ലഭിച്ചു. അടിയന്തിരമായുള്ള ശ്രദ്ധയും, പ്രതികരണവും, നടത്തിപ്പും ആവശ്യമായി വന്ന ഘട്ടങ്ങളിൽ ഭരണസമിതി യഥാസമയം ഇടപെടുകയും ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂട്ടായ്മ ഒന്നു കൊണ്ടു മാത്രമാണ് ചെയ്യുവാനായിട്ടുള്ളത്. ഈ കാലയളവിലെ വരവു-ചിലവു കണക്കും വിശദമായ ചർച്ചയ്ക്കും പൊതുയോഗത്തിന്റെ അംഗീകാരത്തിനുമായി പ്രത്യേകം സമർപ്പിക്കുന്നുണ്ട്.

### 1. പൊളിറ്റിക്കൽ ആൻഡ് ഫാമിലി പെൻഷൻ കുടിശ്ശിക

പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന അംഗങ്ങൾക്ക് 2017 മുതൽ 1,000 രൂപ എന്നത് 3,000 രൂപയാക്കി പുതുക്കി നൽകിയിരുന്നുവല്ലോ. എന്നാൽ 2011 മുതൽ പുതുക്കിയ തുക ലഭിക്കേണ്ടതാണ് എന്ന് കാണിച്ച് ക്ഷത്രിയ ക്ഷേമസഭ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ആ കേസിൽ 2011 മുതൽ 2017 വരെയുള്ള കാലയളവിലെ കുടിശ്ശിക സർക്കാർ നൽകണമെന്ന് വിധി വന്നു. സർക്കാർ ഈ തുക നൽകാമെന്ന് ഹൈക്കോടതി മുൻപാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

### 2. വായനക്കളരി

സഭയുടെ മേൽനോട്ടത്തിൽ ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് 19/05/2024 ന് വായനക്കളരി നടത്തി. അന്നേ ദിവസം സ്കൂൾ തുറക്കുന്നതിനു മുൻപായി പത്ത് കുട്ടികൾക്ക് 1,000 രൂപ വീതം സാമ്പത്തിക സഹായം നൽകി.

### 3. മനോരമത്തമ്പുരാട്ടി എൻഡോവ്മെന്റ് അക്ഷരശ്ലോക മത്സരം.

ആഗസ്റ്റ് 25-ാം തിയതി ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് അക്ഷരശ്ലോകമത്സരം വളരെ ഭംഗിയായി നടന്നു. വിവിധ യൂണിറ്റുകളിൽ നിന്നുമായി 19 പേർ പങ്കെടുത്തു. അക്ഷരശ്ലോകത്തിൽ വിദഗ്ദ്ധരായ വേലപ്പൻ പിള്ളയും കെ.എം. നാരായണൻ നമ്പൂതിരിയും ആയിരുന്നു വിധികർത്താക്കൾ.

### 4. ക്ഷത്രിയ യൂത്ത് ഫോറം

ആഗസ്റ്റ് മാസം 25-ാം തിയതി ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടന്ന യോഗത്തിൽ ക്ഷത്രിയ ക്ഷേമസഭ യൂത്ത് വിഭാഗം (KKSY) സംസ്ഥാന കമ്മിറ്റിയെ തിരഞ്ഞെടുത്തു. പ്രഥമ ഭാരവാഹികളെ ലേപ്പൽ പിൻ അണിയിച്ച് അവരോധിച്ചു. യൂത്ത് ഫോറത്തിന്റെ നേതൃത്വത്തിൽ രണ്ടു ക്രിക്കറ്റ് ടൂർണ്ണമെന്റും, രണ്ടു ബാഡ്മിന്റൺ ടൂർണ്ണമെന്റും, ഒരു ഫുട്ബാൾ ടൂർണ്ണമെന്റും വിജയകരമായി നടത്തി. പിലാത്തറയിൽ വച്ച് ഉത്തര മേഖലാ സമ്മേളനവും നടത്തി.

### 5. സാമന്ത സമാജം

ക്ഷത്രിയ ക്ഷേമസഭയുടേയും സാമന്ത സമാജത്തിന്റെയും കേന്ദ്ര ഭാരവാഹികളുടെ പ്രഥമ ആലോചനായോഗം 06/10/2024 ന് ഗുരുവായൂർ 'ഹരേ കൃഷ്ണാ ഇന്നി' ൽ വച്ച് നടത്തി.

### 6. HH മഹാറാണി സേതു പാർവതി ബായി സ്കോളർഷിപ്പ്

2023 വർഷത്തെ സ്കോളർഷിപ്പുകൾ സെപ്തംബർ 10-ാം തിയതി യൂണിറ്റുകളിലേക്ക് അയച്ചുകൊടുക്കുകയും, യൂണിറ്റുകൾ അവരുടെ യോഗം നടന്നപ്പോൾ കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

### 7. വലവൂർ കോവിലകം അരുൺ വർമ്മ മെമ്മോറിയൽ സ്കോളർഷിപ്പ്

സി.എ. വിദ്യാർത്ഥികൾക്കായി നൽകിവരുന്ന ഈ സ്കോളർഷിപ്പിന് 2024-ൽ അർഹത നേടിയ നന്ദിതാ വർമ്മയ്ക്ക് കോഴിക്കോട് യൂണിറ്റിന്റെ 5-10-2024-ൽ നടന്ന യോഗത്തിൽ വെച്ച് നൽകുകയുണ്ടായി.

### 8. സരസ്വതീ വന്ദനം

നവരാത്രിയോടനുബന്ധിച്ച് മഹാനവമി, വിജയദശമി ദിവസങ്ങളിലായി സഭയുടെ അംഗങ്ങളും കുട്ടികളും കർണ്ണാടക സംഗീത വിരുന്നും, ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം തുടങ്ങിയ നൃത്തവിരുന്നും ഒരുക്കുകയുണ്ടായി. ഓരോ ദിവസവും രാവിലെ ഒന്നരമണിക്കൂർ വീതമായിരുന്നു ഓൺലൈനിൽ അവതരിപ്പിച്ചത്.

### 9. ലക്ഷ്മീ കടാക്ഷം

ചിത്രകലയുടെ കുലപതിയായ രാജാരവിവർമ്മയുടെ പുത്രനും, ചിത്രകാരനുമായ ആർട്ടിസ്റ്റ് രാമവർമ്മ (മാവേലിക്കര) യുടെ പേരിൽ 5,50,000 രൂപയുടെ എൻഡോവ്മെന്റ് തുടങ്ങി. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളായ കെ.ആർ. പ്രസാദ്, ലതാ പ്രസാദ് എന്നിവർ തുക സഭയ്ക്ക് കൈമാറി.

ചിത്രകലാപഠനം നടത്തുന്നവരും, സാമ്പത്തിക സഹായം ആവശ്യമുള്ളവരുമായ 5 വിദ്യാർത്ഥി കൾക്ക് സഹായം നൽകുവാനായി ഈ തുകയുടെ പലിശ ഉപയോഗിക്കണം എന്നറിയിച്ചിട്ടുണ്ട്.

### 10. വഖ്ഫ് ബോർഡ് നിയമഭേദഗതി

നിലവിലുള്ള വഖ്ഫ് ബോർഡ് നിയമത്തിൽ ഭേദഗതി വരുത്തണമെന്നറിയിച്ചു കൊണ്ടുള്ള ക്ഷത്രിയ ക്ഷേമസഭയുടെ നിലപാട് പത്രത്തിലൂടെയും പ്രമുഖ എം.പി.മാർ, രാഷ്ട്രീയ നേതാക്കൾ മുഖേനയും വ്യക്തമാക്കുകയും ധരിപ്പിക്കുകയും ചെയ്തു.

### 11. സാഹിത്യമത്സരം

വിവിധ യൂണിറ്റുകളിലെ അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു കവിത/ ചെറുകഥ മത്സരം നടത്തുകയുണ്ടായി.

### 12. ക്ഷത്രിയ വനിതാ കൂട്ടായ്മ

30/01/2025 ന് നടന്ന യോഗത്തിൽ ക്ഷത്രിയ വനിതാ കൂട്ടായ്മയുടെ സംസ്ഥാന ഭരണസമിതിയെ തിരഞ്ഞെടുത്തു.

### 13. മദ്ധ്യമേഖലാസമ്മേളനം

വെള്ളാരപ്പിള്ളി യൂണിറ്റിന്റെ ആതിഥേയത്വത്തിൽ 02/02/2025 ന് മദ്ധ്യമേഖലാ സമ്മേളനം നടത്തി. എട്ടു യൂണിറ്റുകളിൽ നിന്നായി നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. യോഗത്തിനു ശേഷം ഉച്ചയ്ക്ക് കലാപരിപാടികളും നടന്നു.

### 14. ചെമ്പ്രോൽ കൊട്ടാരം

ചെമ്പ്രോൽ കൊട്ടാരം നോളജ് സെന്ററിന്റെ ഭാഗമായി 500 ഓളം പുസ്തക ശേഖരങ്ങളുമായി പ്രവർത്തനം നടക്കുന്നു. ശ്രീരാമ സ്വാമിക്ഷേത്രത്തിലെ പൂജാദി കാര്യങ്ങളും നടക്കുന്നു. കൊട്ടാരം ട്രസ്റ്റ് രൂപീകരണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. അതിനുശേഷം സഭയ്ക്ക് കൊട്ടാരം നടത്തിപ്പിനായി നൽകുന്ന ധാരണാപത്രം തയ്യാറാവും എന്നാണ് അറിയിപ്പ് ലഭിച്ചിട്ടുള്ളത്. കൃത്യമായി ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തുന്നുണ്ട്.

### 15. ക്ഷാത്രസ്പന്ദനം

ക്ഷത്രിയ ക്ഷേമസഭ പുറത്തിറക്കുന്ന ത്രൈമാസിക കെട്ടിലും മട്ടിലും നല്ല മാറ്റങ്ങൾ വരുത്തുകയും, നല്ല പംക്തികളും വാർത്തകളും ഉൾക്കൊള്ളിച്ച് കൃത്യസമയത്തുതന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു. വരിക്കാരുടെ എണ്ണവും കൂടിവരുന്നു. സാമ്പത്തിക നഷ്ടമില്ലാത്ത രീതിയിൽ ത്രൈമാസിക വരിക്കാരിലെത്തിക്കാനാവുന്നു എന്നുള്ളത് പത്രാധിപസമിതിക്ക് ആശ്വാസവും, സന്തോഷവും പ്രദാനം ചെയ്യുന്നു.

### 16. റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

ക്ഷത്രിയ ക്ഷേമസഭയുടെ സേവന പ്രവർത്തനങ്ങളുടെ തിളക്കമാർന്ന മുഖമാണ്, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സ്വയം തൊഴിൽ കണ്ടെത്തൽ, ഭവനം നിർമ്മിച്ചുനൽകൽ തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന റിയാക്ട് ഇക്കഴിഞ്ഞ ഡിസംബർ 31 വരെ രണ്ടു കോടി പത്തുലക്ഷം രൂപയോളം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചിട്ടുണ്ട്.

### 17. ക്ഷത്രിയം സ്വയംവരം

ക്ഷത്രിയ വൈവാഹിക ഓൺലൈൻ പോർട്ടലായ ക്ഷത്രിയം സ്വയംവരം, നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഈ സൗകര്യം കൂടുതൽ അംഗങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

### 18. യൂണിറ്റ് പ്രവർത്തനങ്ങൾ

18 യൂണിറ്റുകളുടെ വാർഷിക പൊതുയോഗം, മറ്റു വിവിധ ആഘോഷ പരിപാടികൾ എല്ലാം ഭംഗിയായി നടന്നു. കേന്ദ്ര ഭാരവാഹികൾ ഇതിൽ പങ്കെടുക്കുകയും വേണ്ട മാർനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

ഈ വാർഷിക റിപ്പോർട്ട് സമഗ്രമാണെന്ന് അവകാശപ്പെടുന്നില്ല. റിപ്പോർട്ട് കാലയളവിലെ പ്രവർത്തനങ്ങളിൽ നേട്ടങ്ങളും, കോട്ടങ്ങളും ഉണ്ടായിട്ടുണ്ട്. നേട്ടങ്ങൾ അംഗീകരിച്ച് കോട്ടങ്ങൾ പരിഹരിച്ച് കൂട്ടായി മുൻപോട്ട് പോവേണ്ടതായുണ്ട്. റിപ്പോർട്ട് വർഷത്തെ പ്രവർത്തനങ്ങളിൽ പലതും വിട്ടുപോയിട്ടുണ്ടാവാം. അത് ചൂണ്ടിക്കാട്ടുവാനും, ഭാവിപ്രവർത്തനങ്ങൾ എങ്ങിനെ മുൻപോട്ട് കൊണ്ടുപോകുവാനാകുമെന്നും അംഗങ്ങളുടെ സജീവമായ ചർച്ച ഉണ്ടാകേണ്ടിയിരിക്കുന്നു. വാർഷികറിപ്പോർട്ട് അംഗങ്ങളുടെ ചർച്ചയ്ക്കും, അംഗീകാരത്തിനുമായി പൊതുയോഗത്തിൽ സമർപ്പിക്കുന്നു.

*സംസ്ഥാന ഭരണ സമിതിയ്ക്കു വേണ്ടി,*

തിരുവനന്തപുരം **മധുകുമാർ വർമ്മ വി.കെ.**
02/03/2025 സംസ്ഥാന ജനറൽ സെക്രട്ടറി

# റിയാക്ട് ധനസഹായം



അകാലത്തിൽ അന്തരിച്ച പുറച്ചേരിയിലെ ഷാനിമോന്റെ കുടുംബത്തിന് ക്ഷത്രിയ ക്ഷേമസഭ പിലാത്തറയുടെ സഹായധനം പ്രസിഡന്റ് പി.കെ. മോഹനവർമ്മ കൈമാറുന്നു. മനോജ് കുമാർ എസ്.കെ., ജനാർദ്ദനൻ സി., പ്രദീപ്കുമാർ പി.എം., നാരായണൻ എൻ.കെ., സോമേശ്വരി വി.ടി., വിലാസിനി എം.എം. എന്നിവർ സന്നിഹിതരായിരുന്നു.



തിരുവണ്ണൂർ പുതിയകോവിലകം 'ശ്രീമന്ദിര'ത്തിലെ ഗിരീഷ് വർമ്മ ആരംഭിക്കുന്ന പുതിയ ബിസിനസ്സ് സംരംഭത്തിന് റിയാക്ടിന്റെ സാമ്പത്തികസഹായത്തിനുള്ള ചെക്ക് യൂണിറ്റ് പ്രസിഡന്റ് രഘു ഇ.കെ. കൈമാറുന്നു. സെക്രട്ടറി ഹരിപ്രസാദ് രാജ, ജോയിന്റ് സെക്രട്ടറി അഭിഷേക് വർമ്മ, എക്സിക്യുട്ടിവ് കമ്മിറ്റി അംഗങ്ങളായ പത്മജ വർമ്മ, സുമേഷ് വർമ്മ, ഗോപി കൃഷ്ണൻ മുതിർന്ന അംഗങ്ങളായ പി.കെ.എം. രാജ, ചന്ദ്രവർമ്മ തുടങ്ങിയവർ പ്രസ്തുത ചടങ്ങിൽ സന്നിഹിതരായി.




തിരുവനന്തപുരത്ത് വാടകവീട്ടിൽ താമസിക്കുന്ന ആധാരം എഴുത്തുകാരനായ കെ. സുധീശന്റെ ക്യാൻസർ രോഗബാധിതയായ ഭാര്യയ്ക്ക് ചികിത്സാർത്ഥം റിയാക്ട് അനുവദിച്ച തുക ട്രഷറർ കെ.എൻ. രാമവർമ്മ സുധീശന് കൈമാറുന്നു.

കവർ സ്റ്റോറി

# വാരനാട് ദേവീ ക്ഷേത്രം

**എം.ആർ. വേണുഗോപാൽ**
ചേർത്തല, 9446042701



**ക്ഷ**ത്രിയസമുദായത്തിന് ഏറെ പ്രാമുഖ്യവും പങ്കാളിത്തവും ഉള്ള ഒരു മഹാക്ഷേത്രമാണ് ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ സ്ഥിതിചെയ്യുന്ന വാരനാട് ദേവിക്ഷേത്രം. ആഢ്യത്വവും പ്രതാപവും അധികാരവും കൈമുതലായി നേടിയ കൊച്ചി രാജവംശത്തിന്റെ സന്തതി പരമ്പരയിൽ പെട്ട നാലു ക്ഷത്രിയകുടുംബങ്ങളായിരുന്നു തെക്കേടം, കോപ്പുഴ, ഞാണ്ടിരിക്കൽ, പുതിയക്കൽ എന്നിവ. വ്യത്യസ്ത ശാഖകളിലായി കൊച്ചി രാജാവിന്റെ അധികാരപരിധിയിൽപ്പെട്ട അവർ കരപ്പുറത്ത് (ഇപ്പോഴത്തെ ചേർത്തല) വന്നു താമസിച്ചിരുന്നു. പിന്നീടു കരപ്പുറം തിരുവിതാംകൂറിന്റെ ഭാഗമായി മാറുകയും ജന്മസിദ്ധമായി നേടിയ തമ്പുരാൻ സ്ഥാനം തമ്പാൻ എന്നായിത്തീരുകയും ചെയ്തു. എങ്കിലും കരപ്പുറത്തെ പ്രമാണിമാരിൽ മുന്തിയവരായി അനുഭവിച്ചു വന്ന രാജാധികാരത്തിന്റെ പേരിൽ ജനങ്ങളുടെ ആദരവും സ്നേഹവും നിർല്ലോപം ലഭിച്ചുവന്നു.




കാലക്രമത്തിൽ പുതിയക്കൽ, ഞാണ്ടിരിക്കൽ എന്നീ കുടുംബങ്ങൾ അന്യംനിന്നുപോയി. പിന്നീട് തെക്കേടത്ത് കോവിലകം, കോപ്പുഴ കോവിലകം എന്നീ കുടുംബങ്ങൾ തങ്ങളുടെ പരദേവതയായ വാരനാട് ദേവിയുടെ ക്ഷേത്രഭരണച്ചുമതല കൂട്ടായി ഏറ്റെടുത്തു.

ക്ഷേത്രത്തിന്റെ ഉൽപ്പത്തി പഴമക്കാരുടെ വാമൊഴികളിൽ നിന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മഹാമാന്ത്രികനും സാത്വികനും ആയിരുന്ന പുതിയക്കൽ കോവിലകത്തെ കാരണവർ തന്റെ ഉപാസനാമൂർത്തിയായ ദേവിയെ ഒരു വാൽക്കണ്ണാടിയിൽ ആവാഹിച്ചു മണ്ണഞ്ചേരി എന്ന സ്ഥലത്തേക്ക് ജലമാർഗ്ഗം യാത്ര ചെയ്യവേ വാരനാട് ഭാഗത്ത് എത്തിയപ്പോൾ തോണി അടുപ്പിച്ചു രാത്രി വിശ്രമിച്ചു. നേരം പുലർന്നപ്പോൾ കണ്ണാടിബിംബം അത് വെച്ചിരുന്ന സ്ഥാനത്ത് ഉറച്ചതായി കണ്ടു. ദേവിയുടെ ഹിതം മനസ്സിലാക്കിയ തമ്പാൻ തന്റെ കുടുംബാംഗങ്ങളെയും സമീപവാസികളെയും ബന്ധുക്കളെയും തെക്കേടം, കോപ്പുഴ കുടുംബാംഗങ്ങളെയും അറിയിച്ചു.

വർഷങ്ങൾക്ക് മുമ്പ് ജനവാസം തീരെ ശുഷ്കമായിരുന്ന വാരനാട്ടെ വെള്ള മണൽത്തിട്ടയിൽ കുടുംബ കാരണവന്മാർ ആചാരനിബദ്ധമായ രീതിയിൽ ക്ഷേത്രം പണിത് ആരാധന തുടങ്ങി. ക്ഷേത്രചിലവിലേക്ക് തെക്കേടം, കോപ്പുഴ കോവിലകങ്ങൾ തങ്ങളുടെ വസ്തുവകകൾ നീക്കിവെച്ചിരുന്നു.

ക്ഷേത്രഭരണം ഊരാളർ നേരിട്ടു നടത്തുകയായിരുന്നു. ഊരാളരുടെ അനുവാദത്തോട് കൂടി മാത്രമേ ക്ഷേത്ര ചടങ്ങുകൾ തുടങ്ങിയിരുന്നുള്ളൂ. ക്ഷേത്രത്തിലെ വലിയ ഭണ്ഡാര അറയുടെ താക്കോലുകൾ ഇപ്പോഴും കോവിലകാംഗങ്ങളുടെ കൈവശമാണ്. ക്ഷേത്രത്തിൽ നിന്നും പറയ്ക്ക് എഴുന്നള്ളിക്കുമ്പോൾ തെക്കേടത്തു കോവിലകത്തേക്ക് മാത്രമേ ആലവട്ടം, വെഞ്ചാമരം, സുവർണ്ണ തലേക്കെട്ട്, കുട എന്നിവയോടുകൂടി ദേവി എഴുന്നള്ളിയിരുന്നുള്ളൂ. ഊരാളരായ തെക്കേടം, കോപ്പുഴ കുടുംബക്കാർ എട്ട് വർഷം വീതം മാറിമാറിയാണ്

ഭരണം നടത്തിയിരുന്നത്. എന്നാൽ, 1993-ൽ അന്ത രിക്കുന്നത് വരെ ഏതാണ്ട് അരനൂറ്റാണ്ടുകാലം വളരെ സ്തുത്യർഹമായ രീതിയിൽ ക്ഷേത്ര ഭരണം നടത്തിയിരുന്നത് തെക്കേടത്ത് കോവില കത്തെ ടി.എൻ. കേരളവർമ്മ തമ്പാൻ ആയിരുന്നു. ഭൂപരിഷ്കരണനിയമം മൂലം ക്ഷേത്രത്തിന്റെ സാമ്പത്തികസ്ഥിതി മോശമായപ്പോഴും ക്ഷേത്രാ ചാരങ്ങൾക്ക് കോട്ടംതട്ടാതെ ക്ഷേത്രഭരണം മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചത് അദ്ദേഹ ത്തിന്റെ ദീർഘദർശിത്വവും ഭരണപാടവവും മൂലമാണ്. അക്കാലത്ത് വൈസ് പ്രസിഡന്റുമാ രായി പ്രവർത്തിച്ചിരുന്ന കോപ്പുഴ കോവിലകത്തെ ഗോദവർമ്മ തമ്പാൻ, രവിവർമ്മതമ്പാൻ എന്നി വരുടെ സേവനങ്ങളും പ്രശംസാർഹമായിരുന്നു. കാലക്രമേണ ഭക്തജനങ്ങളുടെ സാന്നിധ്യവും വിശ്വാസവും വർദ്ധിച്ചുവന്നു. ക്ഷേത്രവരുമാനവും വർധിച്ചെങ്കിലും ഭരണപരമായ ചില പ്രശ്നങ്ങൾ ഉടലെടുത്തു. ഭരണസ്തംഭനം ഒഴിവാക്കുന്നതിന് ഒരു ഉടമ്പടി മൂലം ഒരു മാനേജരെ നിയമിക്കുകയും അത് സംബന്ധമായി ഒരു വ്യവഹാരം ഉണ്ടാകു കയും ചെയ്തു.

ദീർഘകാലത്തെ വ്യവഹാരത്തിന് ശേഷം ബഹു. ഹൈക്കോടതിയുടെ നിർദേശപ്രകാരം ക്ഷേത്രഭരണം സുഗമമാക്കുന്നതിന് ഒരു നിയമാ വലി തയാറാക്കുകയും അതനുസരിച്ച് ഊരാഴ്മ ക്കാർ പ്രസിഡന്റും വൈസ്പ്രസിഡന്റും ആയും വ്യത്യസ്ഥ സമുദായക്കാർ അംഗങ്ങളായും ഉള്ള ഒരു ഭരണസമിതി രൂപീകരിച്ചു. 2012-ൽ നിലവിൽ വന്ന നിയമാവലിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഭരണം നടക്കുന്നത്. ആ ഭരണസമിതി യുടെ മേൽനോട്ടത്തിൽ ക്ഷേത്രം പുനർനിർമ്മി ക്കുകയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടു ത്തുകയും ചെയ്തതോടെ ഭക്തജനങ്ങളുടെ വരവിൽ വളരെ വർദ്ധനവുണ്ടായി. വരവ് ചെലവു കണക്കുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരി ച്ചിരിക്കുന്നു. വിശാലമായ പാർക്കിംഗു സൗകര്യം, ആധുനിക സൗകര്യങ്ങളുള്ള ആഡിറ്റോറിയം നടപ്പന്തൽ, അലങ്കാരഗോപുരം, ഭക്തരുടെ താമസ ത്തിന് ഏതാനും മുറികൾ ഒക്കെ ഈ ക്ഷേത്രത്തി ലുണ്ട്.

വരദായിനിയായ വാരനാട്ടമ്മ അഭയം പ്രാപിക്കു ന്നവരിൽ അനുഗ്രഹാശിസ്സുകൾ വർഷിക്കുന്ന വാൽസല്യനിധിയായ മാതാവാണ്.

നിത്യപൂജകൾക്ക് പുറമെ വർഷാരംഭം, നിറയുംപുത്തരിയും, മീനഭരണി, വൃശ്ചികവൃതം തുടങ്ങിയ സവിശേഷമായ ആചാരാനുഷ്ഠാന ങ്ങളെല്ലാം ഭക്തിനിർഭരമായി നടത്തിവരുന്നു.

പ്രധാന ഉൽസവം നടക്കുന്നത് കുംഭമാസത്തി ലാണ്. അശ്വതി നാളിലെ ആറാട്ടിന് ശേഷം കുംഭ ഭരണി ആകർഷകമായി ആഘോഷിക്കുന്നു. സായാഹ്നങ്ങളിൽ നടക്കുന്ന കലാപരിപാടികളിൽ ഭാരതത്തിലെ പ്രഗത്ഭരായ കലാകാരന്മാർ പങ്കെടു ക്കുന്നു.

ഉൽസവകാലത്തെ വഴിപാടുകളിൽ പ്രധാനം ഒറ്റത്തൂക്കവും ഗരുഡൻ തൂക്കവുമാണ്. ഒറ്റത്തൂക്കം കുംഭഭരണി നാളിൽ അർദ്ധരാത്രിക്ക് മുൻപും ഗരുഡൻ തൂക്കം അർദ്ധരാത്രിക്ക് ശേഷവും ആണ് നടക്കുക. മീനഭരണി നാളിൽ കാവടിയും കുംഭ കുടവും ആടുന്നു. മറ്റു പ്രധാന വഴിപാടുകളിൽ അറനാഴി, കൈവട്ടക കുരുതി, കരിങ്കുരുതി, രക്തപുഷ്പാഞ്ജലി, ശത്രുദോഷപരിഹാര പുഷ്പാഞ്ജലി എന്നിവ ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ആയിരക്കണക്കിന് സ്ത്രീ കൾ പങ്കെടുക്കുന്ന പൊങ്കാല സമർപ്പണവും നടന്നുവരുന്നു.

ഇരുപത്തേഴു നക്ഷത്രങ്ങളുടെ വൃക്ഷങ്ങളും പക്ഷികളുടെയും മൃഗങ്ങളുടെയും സാങ്കൽപ്പിക രൂപങ്ങളുമുള്ള നക്ഷത്രക്കാവ് ഈ ക്ഷേത്രത്തിന്റെ പ്രത്യേകതയാണ്.

ഇക്കഴിഞ്ഞ ഒക്ടോബറിൽ ക്ഷേത്രത്തിലെ പുതിയ ഭരണസമിതി നിലവിൽവന്നു. ദേവസ്വം പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് മൂന്നു ടേം തുടർച്ചയായി ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന പ്രസിഡന്റായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥ വർമ്മയാണ്. വൈസ് പ്രസിഡന്റായി തിരഞ്ഞെ ടുക്കപ്പെട്ടത് കരപ്പുറം ക്ഷത്രിയ ക്ഷേമസഭയിലെ സീനിയർ അംഗമായ കെ.എൻ. ഉദയവർമ്മയാണ്. നാലുവർഷം കാലാവധിയുള്ള ഈ ഭരണ സമിതിയുടെ നേതൃത്വത്തിൽ ഈ മഹാക്ഷേത്ര ത്തിന്റെ പ്രവർത്തനം കൂടുതൽ ചൈതന്യ നിർഭരവും ഭക്തിസാന്ദ്രവും ആയിത്തീരുമെന്ന് ഉറപ്പുണ്ട്. ●

# ജി. രവീന്ദ്രവർമ്മ



## 2025 ഏപ്രിൽ 18 – രവീന്ദ്രവർമ്മയുടെ ജന്മശതാബ്ദി ദിനം

**കെ.എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം. മൊ. 9447390709

ക്ഷത്രിയരുടെ കുലധർമ്മം രാജ്യഭാരം ആണല്ലോ. പ്രഗത്ഭരായ, പ്രജാക്ഷേമ തൽപ്പരരായ അനേകം രാജാക്കന്മാർ തിരുവിതാകൂറിലും കൊച്ചിയിലും മലബാറിലും ഉണ്ടായിട്ടുണ്ട്. എന്നാൽ രാജഭരണം ജനാധിപത്യ ഭരണക്രമത്തിന് വഴിമാറിയ ശേഷം ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ച് അവരുടെ സ്നേഹാദരങ്ങൾ നേടി ഇന്ത്യയിലെ മൂന്നു സംസ്ഥാനങ്ങളിൽ നിന്ന് തിരഞ്ഞെടുപ്പിൽ മൽസരിച്ച് രാഷ്ട്രീയരംഗത്ത് പടിപടിയായി ഉയർന്ന് ഇന്ത്യയുടെ ഭരണസംവിധാനത്തിലെ സമുന്നത പദവിയിലെത്തിയ ക്ഷത്രിയസമുദായത്തിലെ ഒരേയൊരു മഹാനേതാവേ ഉണ്ടായിട്ടുള്ളൂ. അദ്ദേഹം ആണ് 1970 കളുടെ അവസാനത്തിൽ ഇന്ത്യയുടെ തൊഴിൽ-പാർലമെന്ററികാര്യ മന്ത്രിയായി സ്തുത്യർഹമായ ഭരണപാടവംകൊണ്ട് ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ ജി. രവീന്ദ്രവർമ്മ. അദ്ദേഹം 1925 ഏപ്രിൽ 18 (1100 മേടം 6) നു അവിട്ടം നക്ഷത്രത്തിൽ ഭൂജാതനായി. പിതാവ് പ്രശസ്ത ഭാഷാപണ്ഡിതനും തിരുവനന്തപുരം മഹാരാജാസ് (ഇന്നത്തെ യൂണിവേഴ്സിറ്റി) കോളേജിലെ മലയാള വിഭാഗം മേധാവിയുമായിരുന്ന ഡോ. കെ. ഗോദവർമ്മ, മാതാവ് മാവേലിക്കര കൊട്ടാരത്തിലെ സാവിത്രി അമ്മ തമ്പുരാൻ.



രവീന്ദ്രവർമ്മയുടെ കോളേജ് വിദ്യാഭ്യാസം തിരുവനന്തപുരത്തും മദ്രാസിലുമായിട്ട് ആയിരുന്നു. കൗമാരകാലത്തുതന്നെ സ്വാതന്ത്ര്യസമര രംഗത്ത് സജീവമായി പ്രവർത്തിച്ചു. തിരുവിതാംകൂറിലെ ഉത്തരവാദിത്വ ഭരണപ്രക്ഷോഭത്തിലും ക്വിറ്റ് ഇന്ത്യാ സമരത്തിലും പങ്കെടുത്ത് ജയിൽ വാസമനുഭവിച്ചു. 1944-ൽ നാഷണൽ സ്റ്റുഡന്റ്സ് കോൺഗ്രസ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി. 1945-46 കാലഘട്ടത്തിൽ ആൾ ഇൻഡ്യ സ്റ്റുഡന്റ്സ് കോൺഗ്രസ്സിന്റെ വൈസ് പ്രസിഡന്റായി. 1946-49 ൽ ആൾ ഇൻഡ്യ സ്റ്റുഡന്റ്സ് കോൺഗ്രസ്സിന്റെ പ്രസിഡന്റായി പ്രേഗിൽ നടന്ന ഇന്റർനാഷണൽ സ്റ്റുഡൻസ് കോൺഫറൻസിലേക്കുള്ള ഇൻഡ്യൻ ഡെലിഗേഷനെ നയിച്ചു. 1957-ൽ ആൾ ഇന്ത്യാ യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റായി. 1958-62 കാലഘട്ടത്തിൽ വേൾഡ് അസംബ്ലി ഓഫ് യൂത്തിന്റെ ഇന്റർനാഷണൽ പ്രസിഡന്റായി. 1958 മുതൽ 1977 വരെ എ.ഐ.സി.സി. അംഗം ആയിരുന്നു.

1962-ൽ അദ്ദേഹം തിരുവല്ല പാർലമെന്റ് നിയോജകമണ്ഡലത്തിൽ നിന്ന് കോൺഗ്രസ്സ് ടിക്കറ്റിൽ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1969-ൽ കോൺഗ്രസ്സ് പാർട്ടി രണ്ടായി പിളർന്നപ്പോൾ അദ്ദേഹം മൊറാർജി ദേശായിയുടെയും നിജലിംഗപ്പയുടെയും നേതൃത്വത്തിലുള്ള സംഘടനാ കോൺഗ്രസിൽ ഉറച്ചുനിന്നു. അടിയന്തിരാവസ്ഥക്കാലത്ത് അതിനെതിരായി നിരന്തരം സമരംചെയ്യുകയും അതുമൂലം ജയിൽ വാസം അനുഭവിക്കേണ്ടിവരുകയും ചെയ്തു. 1977-ൽ രവീന്ദ്രവർമ്മ ബീഹാറിലെ റാഞ്ചിയിൽ നിന്ന് ജനതാ പാർട്ടിയുടെ ടിക്കറ്റിൽ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 26-3-1977 മുതൽ 28-7-1979 വരെ അദ്ദേഹം കേന്ദ്ര മന്ത്രിസഭയിൽ തൊഴിൽ-പാർലമെന്ററികാര്യ മന്ത്രിയായിരുന്നു.

തൊഴിലാളികളുടെ ക്ഷേമത്തിനായി ഒട്ടേറെ നൂതനാശയങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പാർലമെന്ററി വകുപ്പിലെ പ്രവർത്തനങ്ങൾ എതിരാളികളുടെ പോലും പ്രശംസ പിടിച്ചുപറ്റി.

1980 മുതൽ 1985 വരെ അദ്ദേഹം ഉത്തര മുംബൈയിൽ നിന്നുള്ള ലോക്സഭാംഗമായിരുന്നു.

രവീന്ദ്രവർമ്മ ഒരു തികഞ്ഞ ഗാന്ധിയനായിരുന്നു. ഗാന്ധി പീസ് ഫൗണ്ടേഷന്റെ ചെയർമാൻ, വാർധയിലെ ഗാന്ധി വിചാർ പരിഷത്തിന്റെ സ്ഥാപക ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ലളിതജീവിതവും ഉന്നതചിന്തയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്രകൾ ആയിരുന്നു.

ന്യൂഡൽഹിയിൽ വെച്ച് 2006 ഒക്ടോബറിൽ 81-ാമത്തെ വയസ്സിൽ രവീന്ദ്രവർമ്മ ഇഹലോക വാസം വെടിഞ്ഞു. അന്തരിക്കുമ്പോൾ അദ്ദേഹം ഗുജറാത്ത് വിദ്യാപീഠത്തിന്റെ ചാൻസലറും വിശ്വയുവക് കേന്ദ്രയുടെ ചെയർമാനും ആയിരുന്നു.

ബഹുഭാഷാ പണ്ഡിതനായിരുന്ന അദ്ദേഹത്തിന് ഏഴെട്ട് ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നു. ഉജ്ജ്വലനായ വാഗ്മി ആയിരുന്ന അദ്ദേഹത്തിന്റെ അന്തർദേശീയ വേദികളിലെ പ്രഭാഷണങ്ങൾ ലോക നേതാക്കളുടെ അഭിനന്ദനങ്ങൾ നേടിയിട്ടുണ്ട്.

ബന്ധുജനങ്ങളിൽ പ്രൊഫ. മാവേലിക്കര പ്രഭാകര വർമ്മ (പ്രിയപ്പെട്ട പെപ്പയണ്ണൻ), കാർട്ടൂണിസ്റ്റ് കേരളവർമ്മ എന്നിവരുമായി അടുത്ത സൗഹൃദം പുലർത്തിയിരുന്നു.

ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയിൽ ഓഫീസറായിരുന്ന വിജയവർമ്മ, രുഗ്മിണി നായിഡു, സുജാത റാവു എന്നിവരായിരുന്നു സഹോദരങ്ങൾ. ജ്യേഷ്ഠസഹോദരന്റെ സ്നേഹവാത്സല്യങ്ങളെക്കുറിച്ച് ഇളയ സഹോദരി സുജാതാ റാവു ഓർമ്മിക്കുന്നു. അദ്ദേഹം 'അണ്ണൻ' അല്ല 'അച്ഛൻ' തന്നെയായിരുന്നു എന്ന് അവർ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ഒരു പിതാവിന്റെ കരുതലോടെയും വാത്സല്യത്തോടെയും ആണ് അദ്ദേഹം തങ്ങളെ സംരക്ഷിച്ചത് എന്ന് അവർ പറയുന്നു. ഭാര്യ മംഗളാ ദേവിയും മകൻ ഗൗതം വർമ്മയും ഏതാനും വർഷങ്ങൾക്കുമുമ്പ് അന്തരിച്ചു. ഹർഷവർമ്മയാണ് മറ്റൊരു മകൻ. രവീന്ദ്രവർമ്മ ജീവിതത്തിന്റെ അവസാന നിമിഷംവരെ കർമ്മനിരതനായിരുന്നു. മാധ്യമശ്രദ്ധയ്ക്കായി അദ്ദേഹം ഒരു പരിശ്രമവും നടത്തിയിരുന്നില്ല. ഗാന്ധിജിയുടെ ആദർശങ്ങളിൽ അടിയുറച്ചുനിന്ന് തന്റെ കർത്തവ്യങ്ങൾ തികഞ്ഞ ആർജ്ജവത്തോടെയും ആത്മാർത്ഥതയോടെയും അദ്ദേഹം നിറവേറ്റി.

രവീന്ദ്രവർമ്മയുടെ വിവിധ മേഖലകളിലെ പ്രാഗത്ഭ്യവും പ്രാവീണ്യവും അടുത്തറിയാൻ അദ്ദേഹം കേന്ദ്രമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിക്കാൻ ഭാഗ്യം സിദ്ധിച്ച എനിക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുവേ ഗൗരവക്കാരനായി അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് മുൻപിൽ ഫയലുകളുമായി ചെല്ലാൻ ആദ്യമൊക്കെ എനിക്കും ഭയാശങ്കകളുണ്ടായിരുന്നു. എന്നാൽ മാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഇടംപിടിക്കാനും ആ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാനും കഴിഞ്ഞു. സ്വകാര്യ നിമിഷങ്ങളിൽ വല്യണ്ണൻ എന്നും ഔദ്യോഗിക അവസരങ്ങളിൽ "സാർ" എന്നും വിളിക്കാനുള്ള സ്വാതന്ത്ര്യംവരെ കിട്ടി. ചിലപ്പോഴൊക്കെ ഫലിതങ്ങൾ പറയാനുള്ള ദുഃസ്വാതന്ത്ര്യംവരെ അദ്ദേഹം സദയം അനുവദിച്ചു തന്നിരുന്നു. ഒരു ഉദാഹരണം മാത്രം എഴുതാം.

ഒരു ദിവസം അദ്ദേഹം എന്നെ വിളിച്ച് പറഞ്ഞു:

"അടുത്ത മാസം ആദ്യം ഇന്തോനേഷ്യയിൽ ഒരു ലേബർ കോൺഫറൻസിൽ പങ്കെടുക്കാൻ പോകണം. തയ്യാറായി ഇരുന്നോളൂ."

"ഇല്ല സാർ. ഞാൻ വരുന്നില്ല"

"അതെന്താ? കൃഷ്ണദാസേ, ഇതൊരു നല്ല അവസരമല്ലേ? ഇന്തോനേഷ്യയിൽ എത്രയോ



**കുട്ടിക്കാലത്ത് മാതാപിതാക്കളോടൊപ്പം**

# വരുണോദയം



ലോക ക്രിക്കറ്റിൽ തിളങ്ങിനിൽക്കുന്ന താരം വരുൺ ചക്രവർത്തിക്ക് കേരളവുമായി, വിശിഷ്യ നമ്മുടെ ക്ഷത്രിയ സമുദായവുമായി ശക്തമായൊരു ബന്ധമുണ്ട്. മാവേലിക്കര വലിയ കൊട്ടാരത്തിൽ കൃഷ്ണവിലാസത്തിൽ വിമലാവർമ്മ മദിരാശിയിൽ കോളേജ് അദ്ധ്യാപികയായിരുന്നു. ബിസിനസ്കാരനായ വിത്തൽ ചക്രവർത്തി എന്ന അയ്യങ്കാർ യുവാവുമായി പരിചയപ്പെട്ടു; വിവാഹിതരുമായി. അവരുടെ മൂത്ത മകൻ വിനോദ് ചക്രവർത്തി വിത്തലിന്റെയും (ബി.എസ്.എൻ.എൽ. റിട്ട. സി.ജി.എം.) ഹേമമാലിനിയുടെയും മകനാണ് വരുൺ ചക്രവർത്തി. 1991 ആഗസ്റ്റ് 29 ന് ജനനം. ബി.ആർക്ക്. ബിരുദം നേടിയശേഷം സ്വന്തമായി ബിസിനസ് ആരംഭിച്ചു. ഇക്കാലമെല്ലാം ക്രിക്കറ്റിനോട് അതീവ താല്പര്യം പുലർത്തി. 2016 ൽ ചെന്നൈയിലെ വെള്ളപ്പൊക്കത്തിൽ വരുണിന്റെ ബിസിനസ് സംവിധാനങ്ങൾ പൂർണ്ണമായി നഷ്ടപ്പെട്ടു. മനസ്സമാധാനത്തിനായി അദ്ദേഹം പൂർണ്ണസമയവും ക്രിക്കറ്റിലേക്ക് തിരിഞ്ഞു. ലോവർ ഡിവിഷൻ ലീഗിലും മറ്റും ബാറ്റർ, വിക്കറ്റ് കീപ്പർ, ഫാസ്റ്റ് ബൗളർ, സ്പിൻ ബൗളർ എന്നീ വിവിധ നിലകളിൽ പങ്കെടുത്തു. ഇക്കാലത്ത് മുതിർന്ന താരങ്ങൾക്ക് നെറ്റ് പ്രാക്ടീസിന് ബൗൾ ചെയ്ത് കൊടുക്കാനുള്ള അവസരം ലഭിച്ചു. അങ്ങനെയാണ് വരുണിന്റെ സ്പിൻ ബൗളിങ്ങിന്റെ മാന്ത്രികസ്പർശം മുതിർന്ന താരങ്ങളുടെയും പരിശീലകരുടെയും ശ്രദ്ധയിൽ പെട്ടത്. തുടർന്ന് 2017 ലെ തമിഴ്നാട് പ്രീമിയർ ലീഗിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പിന്നീടുള്ള അശ്രാന്ത പരിശ്രമവും പരിശീലനവും വരുണിനെ IPL ലെ ഏറ്റവും വിലപിടിപ്പുള്ള താരമാക്കി. ഇപ്പോൾ ഏതൊരു ക്രിക്കറ്ററും ആഗ്രഹിക്കുന്ന ഇന്ത്യൻ കുപ്പായം ലഭിച്ച്, ശ്രദ്ധേയമായ പ്രകടനത്തിലൂടെ ദേശീയ ടീമിന്റെ വിജയശില്പികളിൽ ഒരാളായി മാറിയിരിക്കുന്നു. ക്രിക്കറ്റിന്റെ വാനവീഥിയിൽ അരുണിമ ചൊരിഞ്ഞുനിൽക്കുന്ന വരുൺ ചക്രവർത്തിക്ക് നാടുമായും നമ്മുടെ സമുദായവുമായുള്ള ബന്ധത്തിൽ നമുക്ക് അഭിമാനിക്കാം. ഇനിയും ഉയരങ്ങൾ കീഴടക്കാനാകട്ടെ എന്ന് പ്രാർത്ഥിക്കാം ആശംസിക്കാം.

ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുണ്ട്. അവയൊക്കെ കാണരുതോ?"

"എനിക്ക് ഒരു സ്ഥലം അല്ലേ കാണാൻ പറ്റൂ"

"അതേതു സ്ഥലമാ കൃഷ്ണദാസേ?"

"സാറിന്റെ മുതുക്"

"ങേ! എന്റെ മുതുകോ?"

"അതേ. ഇരുപത്തിനാലു മണിക്കൂറും കർമ്മനിരതനായ സാറിനെപ്പോലെയുള്ള ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് മന്ത്രിയുടെ പുറകെ ഫയലുകളുമായി നടക്കുമ്പോൾ മന്ത്രിയുടെ മുതുക് മാത്രമല്ലേ കാണാൻ കഴിയൂ... അത് ഇവിടെയും കാണാമല്ലോ."


അദ്ദേഹം പൊട്ടിച്ചിരിച്ചു. എന്നിട്ട് പറഞ്ഞു:

"Lazy Boy! കൃഷ്ണദാസ് വരണ്ട. ഞാൻ നാഥിനെ (ഇഖ്ബാൽ നാഥ് എന്ന മറ്റൊരു പ്രൈവറ്റ് സെക്രട്ടറി) കൊണ്ടുപൊയ്ക്കോളാം."

അങ്ങിനെ ഓർമ്മിക്കാൻ എത്രയെത്ര അനർഘ നിമിഷങ്ങൾ!

1979 ജൂലൈയിൽ ജനതാ മന്ത്രിസഭ രാജിവെച്ചപ്പോൾ തമ്മിൽ പിരിയേണ്ടിവന്നു! വികാരനിർഭരമായിരുന്നു ആ വേർപിരിയൽ. പിന്നീടും അദ്ദേഹവുമായി സമ്പർക്കം പുലർത്തിയിരുന്നു. അദ്ദേഹം അയച്ച ചില കത്തുകൾ ഒരു നിധിപോലെ ഞാൻ സൂക്ഷിച്ചിട്ടുണ്ട്.

മികച്ച ഭരണതന്ത്രജ്ഞൻ, തികഞ്ഞ ഗാന്ധിയൻ, ഉജ്ജ്വലനായ വാഗ്മി, ബഹുഭാഷാ വിദഗ്ധൻ എന്നീ നിലകളിലൊക്കെ പ്രശോഭിച്ച മഹാനായ നേതാവിന്റെ ജന്മശതാബ്ദി ദിനത്തിൽ ആ ധന്യസ്മരണയ്ക്ക് മുന്നിൽ ആദരവിന്റെ ആയിരം പൂച്ചെണ്ടുകൾ! ●



# എന്റെ അച്ഛൻ

**കെ.എൽ. മോഹന വർമ്മ**
എറണാകുളം, മൊ. 9847030710

*(ക്ഷത്രിയ ക്ഷേമസഭയുടെ ആദ്യകാല സാരഥികളിൽ പ്രമുഖൻ ആയിരുന്ന അഡ്വക്കേറ്റ് എം.ആർ. കേരളവർമ്മ ബി.എ., ബി.എൽ നെ മകനും പ്രശസ്തസാഹിത്യകാരനുമായ കെ.എൽ. മോഹനവർമ്മ അനുസ്മരിക്കുന്നു.)*



എന്റെ അച്ഛൻ എം.ആർ. കേരളവർമ്മ 1907 ജനുവരി 27 നു ചെന്നിത്തല മേനാംവിള കോയിക്കൽ ജനിച്ചു. 1993 ഡിസംബർ 1 ന് എറണാകുളത്ത് എന്റെ വസതിയിൽ വെച്ച് ഇഹലോകവാസം വെടിഞ്ഞു. അച്ഛന്റെ വ്യക്തിത്വത്തിന്റെ ചില സവിശേഷതകളെ സൂചിപ്പിക്കുന്ന രണ്ടു സമീപകാല സംഭവങ്ങൾ ഞാൻ ഓർത്തുപോകുന്നു.

ഏതാണ്ട് രണ്ടുവർഷം മുൻപ് ഒരു പ്രഭാതത്തിൽ എറണാകുളത്തെ എന്റെ ഫ്ളാറ്റിലേക്ക് നാലഞ്ചു ചെറുപ്പക്കാർ കടന്നുവന്നു. അവർ സ്വയം പരിചയപ്പെടുത്തി.

‘‘ഞങ്ങൾ ചെന്നിത്തല എൻ.എസ്.എസ്. കരയോഗത്തിന്റെ പ്രസിഡന്റും സെക്രട്ടറിയും കമ്മിറ്റി അംഗങ്ങളുമാണ്. ഞങ്ങളുടെ കരയോഗത്തിന്റെ 75-ാം വാർഷികം അടുത്തമാസം വിപുലമായി ആഘോഷിക്കുകയാണ്. മുഖ്യാതിഥിയായി വർമ്മസാർ വരണം.”

ഞാൻ അത്ഭുതപ്പെട്ടു. “എന്നെത്തന്നെ വിളിക്കാൻ എന്താ കാരണം? എന്റെ ബാല്യകാലം കഴിച്ചു കൂട്ടിയതു ചെന്നിത്തലയിൽ ആണ്... പിന്നെ ഞാൻ ‘ചെന്നിത്തല’ എന്നൊരു പുസ്തകം എഴുതിയിട്ടുണ്ട്. ഇതൊക്കെക്കൊണ്ടാണോ നിങ്ങൾ എന്നെ വിളിക്കുന്നത്?”

“അതൊന്നുമല്ല. ഞങ്ങൾ പഴയ റിക്കാർഡുകൾ നോക്കി. ഞങ്ങളുടെ ആദ്യത്തെ പ്രസിഡന്റ് ആരായിരുന്നു എന്ന് അറിയാമോ? അഡ്വക്കേറ്റ് എം.ആർ. കേരളവർമ്മ. അപ്പോൾ അദ്ദേഹത്തിന്റെ മകനായ അങ്ങ് തന്നെയല്ലേ വരേണ്ടത്?”

ഞാൻ ഓർത്തുനോക്കി. മഹാനായ മന്നത്ത്പത്മനാഭനും സ്ഥലത്തെ പ്രമുഖനായ അമ്പലപ്പാട്ട് ദാമോദരനാശാനും കൂടി ചെന്നിത്തലയിലെ ഞങ്ങളുടെ ‘മോഹനഭവനം’ എന്ന വീട്ടിൽ വന്നിരുന്നു. ക്ഷത്രിയ സമുദായാംഗമായ ഒരാൾ ഒരു നായർ കരയോഗം പ്രസിഡന്റാവുക. അച്ഛന്റെ ജനങ്ങൾക്കിടയിലുള്ള അംഗീകാരത്തിന്റെ പ്രതിഫലനം ആയിരുന്നു അത്.

രണ്ടാമത്തെ സംഭവം ഈ അടുത്തകാലത്ത് നടന്നതാണ്. ഞാൻ ചേർത്തലയിൽ ഒരു വിവാഹത്തിൽ പങ്കെടുക്കാൻ സകുടുംബംപോയിരുന്നു. മടങ്ങിയെത്തി രണ്ടുദിവസം കഴിഞ്ഞപ്പോൾ എന്റെ അടുത്ത സുഹൃത്തായ ഒരു വ്യവസായപ്രമുഖൻ എന്നെ വിളിച്ചു:

“വർമ്മസാർ ചേർത്തലയിൽ ഒരു വിവാഹത്തിന് പോയിരുന്നില്ലേ? ഞാനും അവിടെ ഉണ്ടാ

യിരുന്നു. തിരക്കിൽ സാറിനെ കാണാൻ കഴിഞ്ഞില്ല. സാറിന് അവിടെയുമായി എന്താ ബന്ധം?"

"ഞാൻ ചേർത്തലക്കാരനാണ്. എറണാകുളത്തു താമസിക്കുന്നു എന്നേയുള്ളൂ."

"അപ്പോൾ അവിടെ പണ്ട് ഉണ്ടായിരുന്ന ഒരു പ്രശസ്ത ജ്യോതിഷ പണ്ഡിതനെ പരിചയമുണ്ടോ? അദ്ദേഹവും ഒരു വർമ്മ ആയിരുന്നു."

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "ജനിച്ചപ്പോൾ മുതൽ പരിചയമുണ്ട്. അദ്ദേഹം എന്റെ അച്ഛനാണ്. എം.ആർ. കേരളവർമ്മ."

സുഹൃത്ത് വാചാലനായി. "എന്റെ കുടുംബത്തിന്റെ മുഴുവൻ ജാതകങ്ങളും പരിശോധിച്ചത് അദ്ദേഹം ആണ്. കൃത്യമായ പ്രവചനം. അതും ഒരു പൈസപോലും പ്രതിഫലം വാങ്ങാതെ. പിന്നെ ഞാൻ പറഞ്ഞയച്ച പലരും അവിടെച്ചെന്ന് ജാതകം നോക്കിച്ചിട്ടുണ്ട്. എല്ലാവരും പൂർണ്ണ തൃപ്തിയോടെയാണ് മടങ്ങിവന്നത്... നിർവൃതിയോടെ ഞാൻ അച്ഛന്റെ ജീവിതകഥയിലേക്ക് ഒരു വിഹഗവീക്ഷണം നടത്തി...

അച്ഛന്റെ അച്ഛൻ, അതായത് എന്റെ മുത്തച്ഛൻ ചേന്നാസ് ഇല്ലത്ത് സുബ്രഹ്മണ്യൻ ഭട്ടതിരി ആയിരുന്നു. അദ്ദേഹം സംസ്കൃതത്തിലും ജ്യോതിഷത്തിലും മന്ത്രതന്ത്രാദികളിലും വിദഗ്ധൻ ആയിരുന്നു. മുത്തശ്ശി ചെന്നിത്തല മേനാംവിള കോയിക്കൽ കുഞ്ഞുക്കുട്ടി എന്നു വിളിപ്പേരുള്ള അംബ നമ്പിഷ്ടാതിരി ആയിരുന്നു. അന്നത്തെ ആചാരങ്ങൾക്ക് വിരുദ്ധമായി ബ്രാഹ്മണനായ മുത്തച്ഛൻ ക്ഷത്രിയ സ്ത്രീയായ മുത്തശ്ശിയെ ഇല്ലത്ത് തന്നെ താമസിപ്പിച്ചു. അവരുടെ ഏക മകൻ ആയിരുന്ന അച്ഛനെ മുത്തച്ഛൻ ഉന്നതവിദ്യാഭ്യാസത്തിന് തിരുവനന്തപുരത്തുവിട്ടു. അന്നത്തെ മഹാരാജാസ് (ഇന്നത്തെ യൂണിവേഴ്സിറ്റി) കോളേജിൽ നിന്ന് ബിരുദവും ലോ കോളേജിൽ നിന്നു നിയമബിരുദവും നേടി. ഹരിപ്പാട്ടെയും മാവേലിക്കരയിലെയും കോടതികളിലാണ് ആദ്യം അച്ഛൻ പ്രാക്ടീസ് ചെയ്തത്. കൃഷ്ണപുരം അരത്താലിൽ കോവിലകത്തെ ലക്ഷ്മിക്കുട്ടി അമ്മ ആയിരുന്നു എന്റെ അമ്മ. അവർക്ക് ഞങ്ങൾ മൂന്ന് ആൺമക്കളാണ് ഉണ്ടായിരുന്നത്. ഞാൻ മൂത്തമകൻ, എന്റെ അനിയൻ പിൽക്കാലത്ത് റബ്ബർ ബോർഡ് സെക്രട്ടറി ആയിരിക്കെ അകാലത്തിൽ അന്തരിച്ച 'സേനൻ' എന്നു വിളിച്ചിരുന്ന ശരത്ചന്ദ്ര വർമ്മ. ഇളയ അനിയൻ ഇൻഡ്യൻ ഇൻഫർമേഷൻ സർവ്വീസിൽ നിന്നു പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ ഡയറക്ടറായി റിട്ടയർ ചെയ്ത ശ്രീകൃഷ്ണദാസ്. എന്റെ കൗമാരകാലത്ത് തന്നെ ഞങ്ങൾ ചേർത്തലയിലേക്ക് സ്ഥിരതാമസം മാറ്റിയിരുന്നു. ക്ഷത്രിയ ക്ഷേമസഭയുടെ ആദ്യകാല പ്രവർത്തനങ്ങളിൽ ത്തന്നെ അച്ഛൻ സജീവമായി പങ്കെടുത്തിരുന്നു. കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ 25-ാം വാർഷികത്തോട് അനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണികയിൽ 'കേരളീയ ക്ഷത്രിയ കുടുംബങ്ങൾ-ഒരു വിഹഗവീക്ഷണം' എന്ന ശീർഷകത്തിൽ അച്ഛൻ എഴുതിയ അൻപതോളം പേജുകളുള്ള ലേഖനം കേരളത്തിലെ ക്ഷത്രിയ കുടുംബങ്ങളെക്കുറിച്ചുള്ള ആധികാരിക രേഖയായി ഇന്നും കരുതപ്പെടുന്നു.

അച്ഛൻ ഒരു തികഞ്ഞ ഗാന്ധിയൻ ആയിരുന്നു. ഗാന്ധിസത്തെക്കുറിച്ച് പല ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതേക്കുറിച്ച് എന്റെ കഴിഞ്ഞ ലക്കത്തിലെ ലേഖനത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അച്ഛൻ പ്രഗത്ഭനായ ജ്യോതിഷ പണ്ഡിതൻ ആയിരുന്നു. ഭാരതീയവിദ്യാഭവന്റെ എറണാകുളം കേന്ദ്രത്തിൽ അച്ഛൻ വളരെക്കാലം ജ്യോതിഷം പഠിപ്പിച്ചിരുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളിലുള്ള പല പ്രശസ്ത വ്യക്തികളും അച്ഛന്റെ ശിഷ്യന്മാർ ആയിരുന്നു. പാശ്ചാത്യ ജ്യോതിഷത്തെക്കുറിച്ച് മലയാളത്തിലുള്ള ആദ്യത്തെ ആധികാരിക ഗ്രന്ഥം രചിച്ചത് അച്ഛനാണ്. ആ ഗ്രന്ഥത്തിന്റെ പുതിയ പതിപ്പിനുള്ള അവതാരികയിൽ പ്രശസ്ത സാഹിത്യകാരനും മുൻ ചീഫ് സെക്രട്ടറിയും ആയ സി.പി. നായർ ഇങ്ങിനെ എഴുതി:

"ഭാരതീയപദ്ധതിയും പാശ്ചാത്യപദ്ധതിയും തമ്മിലുള്ള സാജാത്യ-വൈജാത്യങ്ങളെപ്പറ്റി അദ്ദേഹം അതിനിപുണവും വിജ്ഞേയവും ആയി സംസാരിച്ചു. അദ്ദേഹത്തിന്റെ അസൂയാവഹമായ പാണ്ഡിത്യം പോലെ തന്നെ സംഭാഷണത്തിലെ വിനയവും ആഭിജാത്യവും സംസ്കാരസമ്പന്നതയും എന്നിൽ ഏറെ മതിപ്പുളവാക്കി.

അഭിഭാഷകവൃത്തി, ജ്യോതിഷം, സമുദായ സേവനം തുടങ്ങിയ വിവിധ മേഖലകളിൽ

# ശിവസ്തുതി




**വിനോദ് വർമ്മ**

ചെന്നൈ, മൊ. 98400 31531


ശിവായ ചന്ദ്രശേഖരായ ശങ്കരായ വന്ദനം
ശിവപ്രദായ വന്ദനം മഹേശ്വരായ വന്ദനം
ഭവായ ഭക്തവത്സലായ മുക്തിദായ വന്ദനം
ഭവാന്തകായ വന്ദനം സദാശിവായ വന്ദനം

ദിഗംബരായ വന്ദനം ത്രിലോചനായ വന്ദനം
ചിദംബരേശ്വരായ സുന്ദരേശ്വരായ വന്ദനം
കൃതാന്തകാന്തകായ ജാഹ്നവീധരായ വന്ദനം
മദാന്തകായ പദ്മജാദി പൂജിതായ വന്ദനം

കപാലിനേ ശ്മശാനഭൂതിഭൂഷിതായ വന്ദനം
ത്രിശൂലിനേ ഫണീന്ദ്രഹാരഭൂഷിതായ വന്ദനം
ഭയങ്കരായ വന്ദനം പ്രിയങ്കരായ വന്ദനം
ശിവങ്കരായ കാമദായ ശാന്തിദായ വന്ദനം

സുരാർച്ചിതായ വന്ദനം ജടാധരായ വന്ദനം
സുരാരിമുഖ്യപൂജിതായ ചിന്മയായ വന്ദനം
ജടാകലാപഭൂഷിതായ നിർമ്മലായ വന്ദനം
സമസ്തലോകവന്ദിതായ രക്ഷകായ വന്ദനം

ഗുണാശ്രയായ വന്ദനം ഗണാശ്രയായ വന്ദനം
ഗണേശവന്ദിതായ സാധുസേവിതായ വന്ദനം
അഹശ്ചരായ വന്ദനം നിശാചരായ വന്ദനം
പ്രദോഷനർത്തനപ്രിയായ നർത്തകായ വന്ദനം

സ്മരാന്തകായ വന്ദനം നടേശ്വരായ വന്ദനം
സുരേശപൂജിതായ വേദവന്ദിതായ വന്ദനം
ധരേന്ദ്രകന്യകാപ്രിയായ സുന്ദരായ വന്ദനം
പുരാന്തകായ വന്ദനം ജയപ്രദായ വന്ദനം

---

→

പ്രതിഭയുടെ പ്രകാശം പ്രസരിപ്പിച്ച അച്ഛൻ വാൽസല്യനിധിയായ അച്ഛനും മുത്തച്ഛനും ആയിരുന്നു. ഞങ്ങളെ ഒരിക്കലും ഒരു കാര്യത്തിനും ശാസിച്ചിരുന്നില്ല. കൊച്ചുമക്കളോട് ഏറെ ഇഷ്ടമായിരുന്നു. അച്ഛൻ ഇന്നും ഞങ്ങൾക്ക് പ്രചോദനമായി, നിത്യചൈതന്യമായി ഓർമ്മകളിൽ നിറഞ്ഞുനിൽക്കുന്നു. ●



## ഭാഷാ പുരസ്ക്കാരം നേടി


ഈ വർഷത്തെ മലയാളഭാഷാപ്രതിഭാ പുരസ്കാരത്തിന് കോഴിക്കോട് ബാലുശ്ശേരി മല്ലിശ്ശേരി കോവിലകത്തെ **എം.കെ. പ്രവീൺ വർമ്മ** അർഹനായി. മലയാളഭാഷയുടെ സാങ്കേതികവിദ്യയെ സൗഹൃദമാക്കുന്ന പ്രവൃത്തികൾക്ക് നൽകുന്ന പുരസ്കാരമാണിത്. കേരള വിദ്യാഭ്യാസവകുപ്പിൽ മലയാളം അധ്യാപകനായി ജോലി ചെയ്യുന്നു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

# എംടി വാസുദേവൻ നായരുടെ ചെറുകഥകൾ
## ഒരു പുനർവായന



**ഇ.കെ. രാജ വർമ്മ**
വെള്ളാരപ്പിള്ളി, മൊ. 9447327450

വിശേഷണങ്ങൾ ഒട്ടും ആവശ്യമില്ലാത്ത എക്കാലവും മലയാളിയും മലയാളവും മാത്രമല്ല സാഹിത്യലോകത്തിന്റെ ശ്രദ്ധ മുഴുവനും പിടിച്ചു പറ്റിയ മലയാളത്തിന്റെ പ്രിയങ്കരനാണ് ജ്ഞാന പീഠ ജേതാവുകൂടിയായ എം.ടി. അദ്ദേഹത്തിന്റെ നോവലുകളും, ചെറുകഥകളും എന്തിനേറെ, സിനിമകൾ കൂടി ഏറെ ശ്രദ്ധയും അംഗീകാരവും പിടിച്ചുപറ്റിയതാണ്. അതൊക്കെത്തന്നെ അനുവാചകരെ ആസ്വാദനത്തിന്റെ ഒരു പ്രത്യേക മാനസികനിലയിലെത്തി ക്കാൻ പര്യാപ്തമായിരുന്നുതാനും.



ബാല്യത്തിലും യൗവ്വനത്തിലും സമൂഹത്തിൽ നിലനിന്നുപോന്ന കൂട്ടുകുടുംബ വ്യവസ്ഥയുടെ പരിണതഫലങ്ങളുടെ കൈപ്പേറിയ ജീവിതസാഹ ചര്യം അനുഭവിക്കേണ്ടിവന്ന പ്പോൾ, അതിനെതിരെ തന്റെ രോഷം പ്രകടിപ്പിക്കാൻ അദ്ദേഹം കണ്ടെത്തിയത്, ഏറ്റവും ശക്തമെന്ന് തെളി യിച്ച തന്റെ തൂലിക തന്നെയാണ്. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തിട്ടുണ്ട്.

മനുഷ്യഹൃദയത്തിലേക്ക് തുളച്ചുകയറുന്ന ശുദ്ധസാഹിത്യമാണ് എംടി.യുടേത്. കഥയിൽ പുതിയൊരു വസന്തം വിടർത്തി മലയാള കഥാ രംഗത്തെ അടിമുടി നവീകരിച്ച കഥാകാരനാണ് എം.ടി. അരനൂറ്റാണ്ടിലേറെയായി ലോകം മുഴു ക്കെയുള്ള വായനക്കാർ അദ്ദേഹത്തിന്റെ കഥകൾ നിരന്തരം വായിച്ചുകൊണ്ടിരിക്കുന്നു. 70കളിൽ തുടങ്ങി ഇങ്ങോളം വളരെയധികം ആൾക്കാർ എം.ടിയുടെ കഥകളും നോവലുകളും വായി ക്കാനും അതുവഴി അതിനെ അനുഗമിച്ച്, ആസ്വ ദിച്ച്, ആശ്ലേഷിച്ച്, അനുകരിച്ച് ചെറുകഥകൾ എഴു താനും തുനിഞ്ഞിറങ്ങിയ അനവധി പേരുണ്ട്, കേരളത്തിൽ പ്രത്യേകിച്ചും. ആ ചെറുകഥകളുടെ ആസ്വാദ്യതയും ആകർഷണവും തന്നെയാണ് പലരെയും ചെറുകഥകൾ എഴുതിത്തുടങ്ങാൻ പ്രേരിപ്പിച്ചതും. ആ സ്ഫുരണം എനിക്കും എഴുതാ നുള്ള ഒരു ചാലകശക്തിയായി എന്ന് പറയാതെ വയ്യ. ഏറെ വൈകിയാണെങ്കിലും 2023 ൽ പ്രസിദ്ധീകരിച്ച എന്റെ 'ഷഷ്ടാംഗം' എന്ന ചെറുകഥാ സമാഹാരത്തിന്റെ രചനകളിലും അദ്ദേഹം ചെലുത്തിയ സ്വാധീനം ചെറുതല്ല. ഒരുപക്ഷേ അദ്ദേ ഹത്തെ എന്റെ ഈ സാഹിത്യ സപര്യയിലെ ഒരു ഗുരുവായി ത്തന്നെ കണ്ടാണ് ഞാനും ഉദ്യമ ത്തിന് തുനിഞ്ഞിറങ്ങിയത് എന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. അതിൽ ഞാൻ അഭിമാനി ക്കുകയും ചെയ്യുന്നു. പണ്ട് എപ്പോഴോ എം.ടി. തന്നെ പറഞ്ഞിട്ടുണ്ട്, അനുകരണവും ഒരു കലയാണ്, ഏതൊരു കലയ്ക്കും മൂല്യം ഉണ്ടോ, അപ്പോഴാണ് അനുകരണവും ഉണ്ടാവുന്നത്. ആ കലകളെ കൂടുതൽ അംഗീകരിക്കപ്പെടുകയാണ് അതുവഴി ചെയ്യുന്നത്. അതുകൊണ്ടു തന്നെ അതിനെ ഇകഴ്ത്തേണ്ട കാര്യവുമില്ല.

എം.ടി. പറയുന്നുണ്ട്, അദ്ദേഹം ചെറുകഥകൾ എഴുതാൻ തുടങ്ങിയത് 50 കളിലാണ്. ഏറെ രസം തോന്നുന്ന സാഹിത്യരൂപമാണ് ചെറുകഥ എന്നും പറയുന്നു. ഈ കാര്യത്തിൽ, അദ്ദേഹത്തിന്റെ അഭിപ്രായത്തിന് ഒരു പക്ഷപാതപരമായ കാഴ്ച പ്പാടുണ്ട്. ചെറുകഥയ്ക്ക് ഒരു വാസ്തുശില്പ

സൃഷ്ടി ത്രിമാനങ്ങൾ പോലെയുള്ള ഒരു സുന്ദര രൂപം നൽകാനാകുന്നു. അതനുസരിച്ച് പൂർണ്ണത യിലേക്ക് എത്തിക്കാവുന്ന ഒരു സാഹിത്യരൂപമാണ് ചെറുകഥ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

അദ്ദേഹത്തിന്റെ വാക്കുകൾ കടമെടുത്തു കൊണ്ട് തന്നെ പറയട്ടെ "എന്റെ സാഹിത്യജീവിത ത്തിൽ എന്തിനേക്കാളും അധികം ഞാൻ കടപ്പെ ട്ടിരിക്കുന്നത് കൂടല്ലൂരിനോടാണ്. വേലായുധേ ട്ടന്റെയും ഗോവിന്ദൻകുട്ടിയുടെയും പകിടകളി ക്കാരൻ കൊന്തുണി അമ്മാമയുടെയും കാത് മുറിച്ച മീനാക്ഷിയേടത്തിയുടെയും നാടായ കൂടല്ലൂരിൽ നിന്ന് എനിക്ക് ഇഷ്ടപ്പെട്ട അനവധി കഥാപാത്ര ങ്ങളെ സൃഷ്ടിക്കാനായി. കൂടല്ലൂർ എന്ന ചെറിയ ലോകത്തുനിന്നുകൊണ്ട് ഇത് സാധിതമാക്കാനാ യതുകൊണ്ടുതന്നെ ഈ ഗ്രാമത്തോട് മറക്കാനാവാ ത്തവിധം ബന്ധപ്പെട്ടിരിക്കുന്നു". ഇതൊരു പരിമി തിയായി തോന്നാമെങ്കിലും അദ്ദേഹം എപ്പോഴും പറയുന്ന "അറിയാത്ത അത്ഭുതങ്ങളെ ഗർഭത്തിൽ വഹിക്കുന്ന മഹാസമുദ്രങ്ങളെക്കാൾ എന്നെയറി യുന്ന നിളാനദിയാണെനിക്കിഷ്ടം" എന്ന അദ്ദേ ഹത്തിന്റെ എളിമ അദ്ദേഹത്തെ ലോകമറിയുന്ന മികച്ച സാഹിത്യകാരനാക്കി മാറ്റുന്നു.

അഗാധവും സൂക്ഷ്മവുമായ ചെറുകഥകൾക്ക് പേരുകേട്ടതാണ് അദ്ദേഹത്തിന്റെ കൃതികൾ. പലപ്പോഴും മനുഷ്യസ്വഭാവം, ബന്ധങ്ങൾ, കേരളത്തിന്റെ പൈതൃക, പാരമ്പര്യ, സാമൂഹിക, സാംസ്കാരികഘടന എന്നിവയുടെ സങ്കീർണ്ണത കൾ അത് പര്യവേക്ഷണം ചെയ്തു. കുട്ട്യേടത്തി, ഓപ്പോൾ, ഇരുട്ടിന്റെ ആത്മാവ്, നിന്റെ ഓർമ്മയ്ക്ക്, വളർത്തുമൃഗങ്ങൾ, ഓളവും തീരവും, പിറന്നാ ളിന്റെ ഓർമ്മ, വാരിക്കുഴി, ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച, ഡാർ എസ് സലാം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, ബന്ധനം, അന്തിവെളിച്ചം, അഭയം, സ്ഥലപുരാണം, സ്വർഗ്ഗം തുറക്കുന്ന സമയം എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ നിരവധി അനവധി കഥകൾ ഓരോന്നും ഓരോ മലയാളിയുടെ മനസ്സിലും ഗൃഹാതുരത്വത്തിന്റെ നനുത്ത സുഖനൊമ്പരങ്ങളുടെ നേർത്ത ഓർമ്മ കൾ പകർന്നു നൽകുന്നവയാണ്. ഈ കഥകളിൽ നിന്ന് ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് അതിലെ കഥാപാത്രങ്ങളെയും സർഗ്ഗസൃഷ്ടിയെയും അപഗ്രഥിക്കുന്നത് വളരെ വിഷമമേറിയ കാര്യം തന്നെയാണ്.

എം.ടിയുടെ കഥകളിൽ സംഭവങ്ങൾ, ഒന്നിനു പിറകെ മറ്റൊന്നായി വന്നുചേരുന്നതിന്റെ ക്രമ ത്തിന് ഒരു സവിശേഷതയുണ്ട്. ഈ ക്രമത്തെ കാവ്യയുക്തി എന്നും വിളിക്കാം. സാഹിത്യത്തിൽ വായനക്കാർ പ്രതീക്ഷിക്കുന്ന ക്രമത്തിൽനിന്നു വ്യത്യസ്തമായ മറ്റൊരു ക്രമത്തിലാണ് അവ അവതരിക്കുക. ഓരോ സംഭവത്തിനും പിറകിൽ അതിന്റെ പ്രകൃതത്തെ നിർണ്ണയിച്ചുകൊണ്ട് അതാതിന്റെ മറുവശങ്ങൾ മറഞ്ഞിരിക്കുന്നു ണ്ടാവും. ചിലപ്പോൾ വായനക്കാരന്റെ ധാരണകളെ മാത്രമല്ല, കഥാപാത്രത്തിന്റെ ധാരണകളെയും അവ കീഴ്മേൽ മറിച്ചുവെന്നു വരാം. എന്നിരു ന്നാലും അദ്ദേഹത്തിന്റെ ചില കഥകളെക്കുറിച്ച് ഒരു ഹ്രസ്വപര്യവേഷണം നടത്താൻ ഞാനൊരു എളിയ ശ്രമം നടത്തുന്നത് അരോചകമാകില്ലെന്ന് കരു തുന്നു.

'അഭയം' എന്ന കഥയിലെ നായകന് അങ്ങനെ ഒരു രൂപാന്തരമാണ് കഥാന്ത്യത്തിൽ സംഭവിക്കു ന്നത്. കൊല്ലങ്ങൾക്കു ശേഷം പുറപ്പെട്ടുപോയ സ്വന്തം ഗ്രാമത്തിലേക്ക് അഗതിയായി തിരിച്ചെത്തു കയാണ് നായകനായ നടപ്പ് ദീനത്തിൽ മരിച്ച കല്യാണിയുടെ മകൻ ശങ്കരൻ. താൻ വളർന്നുവന്ന ഗ്രാമത്തിലേക്ക് നീണ്ട 13 വർഷത്തിനുശേഷം തിരിച്ചെത്തുമ്പോൾ തന്നെ അപരിചിതനായി മുദ്രകുത്തി മാനസിക വിഭ്രാന്തിയുടെ ശേഷതല ങ്ങളിലേക്ക് തള്ളിവിടുന്നു. മുട്ടുന്ന വാതിലുക ളൊക്കെ തട്ടിയടച്ച് അവനെ നിരാശനാക്കി. അവൻ നടന്നു തളർന്നും ഭക്ഷണം കഴിക്കാതെയും അവശനാകുന്നു. അവസാനം ഒരു പുൽത്തകിടി യിൽ അയാൾ ഭയപ്പാടോടെ ഇരുന്നു. ക്ഷീണം പൊറുക്കാനാവാതെ മലർന്നുകിടന്നു. താനെ നിദ്രയിലാണ്ടു. കുട്ടികളുടെ ശബ്ദം കേട്ടാണ് ഉണർന്നത്. ജനക്കൂട്ടത്തിലൂടെ വിടവുണ്ടാക്കി മുന്നിലേക്ക് ആനയിക്കപ്പെട്ട കുട്ടികൾ നിരന്ന് നിന്നുകൊണ്ട് തീജ്ജ്വാലകളെ നോക്കി പാടി. ആൾക്കൂട്ടത്തിന്റെ സ്വയം പരിവർത്തനത്തിൽ അവൻ തമ്പുരാനാവുന്നു. "പഴയ രാജാവ് മരിച്ചു പോയിരിക്കുന്നു, പകരംവന്ന പുതിയ രാജാവ് നീണാൾ വാഴട്ടെ" എന്ന് ജനക്കൂട്ടം ആർപ്പുവിളി

ക്കുന്നു. എം.ടി. എഴുതിയ ഒരു ദുർഗ്രഹകഥയായി 'അഭയ'ത്തെ കാണാം. അത്യാവശ്യമായ ചില കഥാതന്തുക്കൾ ഇതിൽ ഒളിഞ്ഞനിലയിൽ കിടപ്പുമുണ്ട്. വ്യത്യസ്തമെന്ന് തോന്നാവുന്ന വേറൊരു കഥയാണ് അദ്ദേഹത്തിന്റെ തന്നെ വളർത്തുമൃഗങ്ങൾ. ഈ കഥ ഒരു സർക്കസ് കൂടാരത്തിലെ കലാകാരന്മാരുടെയും കലാകാരികളുടെയും ജീവിതത്തെക്കുറിച്ച് പറയുന്നു. അരച്ചാൺ വയറിനായി അവർ നിസ്സഹായതയോടെ ചെയ്യേണ്ടിവരുന്ന ഓരോ പ്രവൃത്തികളും അവരുടെ ജീവിത വൈതരണികളെക്കുറിച്ചും പറയുന്നു. ഇവർ ഇവിടെ വരുന്നത് മനുഷ്യരായിട്ടാണെങ്കിലും അകത്തു കയറിയാൽ വെറും കഥാപാത്രങ്ങൾ മാത്രം. അവസാനകാലത്ത് അവരുടെ സൗന്ദര്യവും സൗകുമാര്യവും ഊർജ്ജവും ഉണർവും ശേഷിയും ശേമുഷിയും ഒക്കെ നശിച്ചുകഴിഞ്ഞാൽ വെറും അറവുമാടുകളെപ്പോലെ ഇരുകാലി കോലങ്ങളായി മാറുന്നു. "കുഞ്ഞേ, ഇത് സർക്കസ് കമ്പനിയല്ലേ, ഇവിടെ മനുഷ്യരില്ല, ഒക്കെ കളിക്കുന്ന മൃഗങ്ങളാ... ഈ ഒരൊറ്റ വാചകംമതി അദ്ദേഹത്തിന്റെ 'വളർത്തുമൃഗങ്ങൾ' എന്ന കഥയുടെ വൈശിഷ്ട്യത്തെ വിശേഷിപ്പിക്കാൻ.

മറ്റൊരു കഥയായ 'ഇരുട്ടിന്റെ ആത്മാവി'ൽ വേലായുധൻ എന്ന മനസ്സിന്റെ സമനിലതെറ്റിയ ഒരു ചെറുപ്പക്കാരന്റെ മാനസികവിഭ്രാന്തികളെയും അമ്മുക്കുട്ടിയോടുള്ള പ്രേമപാരവശ്യത്തെയും തന്നെ പരിചരിക്കാൻ എത്തുന്ന അച്യുതൻനായർ എന്ന കർക്കശക്കാരനോടുള്ള പകയേയും ദേഷ്യത്തെയും ആ കുടുംബത്തിന്റെ വ്യാകുലതകളെക്കുറിച്ചും അദ്ദേഹം വളരെ ലളിതമായി നമുക്കുമുമ്പിൽ വരച്ചു കാണിക്കുന്നു. ഇതിലെ വേലായുധൻ എന്ന കഥാപാത്രത്തെ ചുറ്റിപ്പറ്റിയുള്ള ഓരോരുത്തരേയും അവതരിപ്പിക്കുമ്പോൾ അദ്ദേഹം കാണിക്കുന്ന രംഗസമീപനം ലളിതവും മനോമണ്ഡലങ്ങളുടെ അഗാധതലങ്ങളെ സ്പർശിക്കുന്നതും ആണ്. പല കഥകളിലും കണ്ടെത്താനാവുന്ന അദ്ദേഹത്തിന്റെ സ്ഥലകാല ബോധങ്ങളെക്കുറിച്ചുള്ള പാണ്ഡിത്യവും അവയെ വേണ്ടവിധം സന്നിവേശിപ്പിക്കുന്നതിനുള്ള കഴിവും എടുത്തുപറയേണ്ടതാണ്. എന്നിരുന്നാലും ഒരു സാഹിത്യകാരന്റെ കഥകളെ അപഗ്രഥിക്കുമ്പോൾ അവയിലെ നല്ല വശങ്ങളെയും പ്രതികൂലമായുള്ള സമീപനങ്ങളെയും നമുക്കൊന്ന് വേർതിരിച്ച് നോക്കാം.

### പോസിറ്റീവ് സമീപനം

**1. വൈകാരിക ആഴം**

എം.ടിയുടെ കഥകൾ അവയുടെ വൈകാരിക ആഴം, സംവേദനക്ഷമത, സൂക്ഷ്മത എന്നിവയാൽ വിശേഷിപ്പിക്കപ്പെടുന്നു, ഇത് വായനക്കാരെ ആഴത്തിലുള്ള തലത്തിൽ കഥാപാത്രങ്ങളുമായി ബന്ധിപ്പിക്കാൻ അനുവദിക്കുന്നു. വായനയിലൂടെ അനുവാചകനും കഥയുടെ ഭാഗമാകുന്നു.

**2. മനുഷ്യപ്രകൃതിയിലേക്കുള്ള ഉൾക്കാഴ്ച**

അദ്ദേഹത്തിന്റെ കഥകൾ മനുഷ്യപ്രകൃതിയുടെ ഉൾക്കാഴ്ചയുള്ള ചിത്രീകരണങ്ങൾ വാഗ്ദാനം ചെയ്യുന്നു. ബന്ധങ്ങൾ, ആഗ്രഹങ്ങൾ, സംഘർഷങ്ങൾ, വികാര-വിചാരങ്ങൾ എന്നിവയുടെ സങ്കീർണ്ണതകൾ തന്മയത്വത്തോടെ വെളിപ്പെടുത്തുന്നു.

**3. സാംസ്കാരിക പ്രാധാന്യം**

എം.ടിയുടെ കൃതികൾ പലപ്പോഴും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പര്യവേക്ഷണം ചെയ്തു, സംസ്ഥാനത്തിന്റെ സാമൂഹിക പാരമ്പര്യങ്ങളിലേക്കും ആചാരങ്ങളിലേക്കും ചരിത്രത്തിലേക്കും വെളിച്ചം വീശുന്നു.

**4. സാഹിത്യ നവീകരണം**

ആഖ്യാനഘടനയിലും ഭാഷയിലും ശൈലിയിലും അദ്ദേഹം പരീക്ഷണം നടത്തി, മലയാള സാഹിത്യത്തിന്റെ പരിണാമത്തിന് ഗണ്യമായ സംഭാവന നൽകി.

### നെഗറ്റീവ് സമീപനം

**1. അശുഭാപ്തിവിശ്വാസവും വിഷാദവും**

എം.ടിയുടെ കഥകളിൽ പലപ്പോഴും അശുഭാപ്തിവിശ്വാസവും വിഷാദവും ഉണ്ടെന്ന് ചില വിമർശകർ വാദിക്കുന്നു, അത് വായനക്കാർക്ക് ചിലപ്പോൾ അമിതമായി തോന്നിയേക്കാം.

**2. പരിമിതമായ വ്യാപ്തി**

ചില നിരൂപകർ അഭിപ്രായപ്പെടുന്നത്, എം.ടിയുടെ കഥകൾ പ്രധാനമായും മധ്യവർഗ്ഗ മലയാളി സമൂഹത്തിന്റെ ജീവിതത്തെ കേന്ദ്രീകരിച്ച പരിമിതികളുള്ളതാണ് എന്നാണ്. മിക്കവാറും കഥകൾ ഒരു കാലഘട്ടത്തിന്റെ ചത്വരത്തിൽ നടന്ന

Poem

# The Lover

She... shy at first, hid her face
But his constant glances-
Bloomed her full.
She smiled her best-
When he blinked at her.
Many charmers roamed around -
But her heart thrusted for him.
He took his leave amidst the clouds,
And she, left alone- drooped her face,
With a heart full of love...



**Sumitha Varma**
Thrissur.
Mob. 9495882239

→

പ്രദേശിക സംഭവങ്ങളെ ബന്ധപ്പെടുത്തുന്നതുമാണ്.

**3. സങ്കീർണ്ണതയും അവ്യക്തതയും**

എം.ടിയുടെ കഥകളിൽ പലപ്പോഴും സങ്കീർണ്ണവും അവ്യക്തവുമായ കഥാപാത്രങ്ങളും സാഹചര്യങ്ങളും അവതരിക്കുന്നു, അത് അവരെ വ്യാഖ്യാനിക്കാനും മനസ്സിലാക്കാനും അനുവാചകർക്ക് ചിലപ്പോഴെങ്കിലും വെല്ലുവിളിയാകുന്നു.

**4. സാമൂഹിക ശ്രേണിയെക്കുറിച്ചുള്ള വിമർശനം**

കേരളസമൂഹത്തിലെ സാമൂഹികശ്രേണികളുടെയും അധികാര ചലനാത്മകതയുടെയും എം.ടിയുടെ നിരീക്ഷണം വിമർശനാത്മകമോ മങ്ങിയതോ ആയതായി ചില വായനക്കാർ കണ്ടെത്തിയേക്കാം. ഭൂരിഭാഗം സമയവും കൂടല്ലൂരിനെത്തന്നെ പ്രമേയമായി എടുത്തുകൊണ്ട് നടത്തിയ രചനകൾ ആ ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും ഒരു പരിച്ഛേദം തന്നെയാണ് എന്ന് പറയാതെ കഴിയില്ല. അദ്ദേഹത്തെ വേറിട്ടുനിർത്തുന്നതും സ്വന്തം തട്ടകത്തിൽ നിന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ സാഹിത്യരചനകളിലുള്ള ഈ മെയ്‌വഴക്കം തന്നെയാണ്. പക്ഷേ ആത്യന്തികമായി നമുക്ക് അദ്ദേഹത്തിന്റെ കഥകളുടെ കൂടുതൽ ഉള്ളിലേക്ക് ഇറങ്ങിച്ചെന്നു കഴിഞ്ഞാൽ ഒരു വ്യക്തിതാത്പര്യം സാന്ദർഭികമായി കാണാനായാൽ അത്ഭുതം തോന്നിയേക്കാം. അത് ഒരുതരത്തിൽ പറഞ്ഞാൽ അദ്ദേഹത്തിന്റെ തന്നെ 'കാലം' എന്ന നോവലിൽ അതിന്റെ അവസാനഘട്ടത്തിൽ സുമിത്ര എന്ന കഥാപാത്രം സേതുവിനെക്കുറിച്ച് പറയുന്ന ഒരു വാക്യത്തെ കടമെടുത്തുപറഞ്ഞാൽ, "സേതുവിന് എന്നും ഒരാളോടേ ഇഷ്ടം ഉണ്ടായിട്ടുള്ളൂ, അത് സേതുവിനോട് മാത്രം" എന്നതിനെ ഓർമ്മിപ്പിക്കുന്നു. ഇത് എം.ടി. എന്ന എഴുത്തുകാരന്റെ സ്വന്തം താൽപര്യത്തിലും ഒതുങ്ങുന്നതാണോ എന്ന് ആർക്കെങ്കിലും സംശയിക്കേണ്ടിവന്നാൽ തെറ്റുപറയാനാകില്ല.

എം.ടി. എന്ന എഴുത്തുകാരനേ മരിച്ചിട്ടുള്ളൂ. അദ്ദേഹത്തിന്റെ കഥകൾ, നോവലുകൾ, സാഹിത്യരചനകൾ എന്നും എക്കാലവും എല്ലായിടത്തും നിലനിൽക്കുകതന്നെ ചെയ്യും. അദ്ദേഹത്തിന്റെ രചനകളിൽ കാണുന്ന ലാളിത്യവും ഒഴുക്കും കഥാപാത്ര സന്നിവേശവും എന്നും ശ്ലാഘിക്കപ്പെടേണ്ടതുതന്നെയാണ്. ഇനി തുടർന്നുള്ള അദ്ദേഹത്തെക്കുറിച്ചുള്ള അനുസ്മരണങ്ങളിലും അദ്ദേഹത്തിന്റെ കഥകളെയും നോവലുകളെയും കുറിച്ചുള്ള പുനർവായനകളിലൂടെയും അതിന്റെ ഉള്ളിലേക്ക് ഇറങ്ങിച്ചെന്ന് അവയെ അപഗ്രഥിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ രചനകൾക്ക് പുതിയ രൂപവും ഭാവവും വരാനിരിക്കുന്നതേയുള്ളൂ. അത് തീർച്ചയായിട്ടും ജനമനസ്സുകളിൽ അദ്ദേഹത്തെ എക്കാലവും പുനർപ്രതിഷ്ഠിക്കാൻ ഉതകുന്നതുമാണ്. ●

യാത്രാവിവരണം

# മഹാകുംഭമേള

## മഹാകുംഭമേളയിലെ അനുഭവങ്ങൾ, കാഴ്ചകൾ

### ഭാഗം–1

**പി.സി. സുധീരൻ**
തൃശ്ശൂർ, മൊ. 9446141888



### പൂർവ്വരംഗം

ജനുവരി 20, 2025 തിങ്കൾ. ഞാനും ഭാര്യ സുമിത്രയും സ്പൈൻ സർജൻ ഡോ. ആർ. കെ. മേനോന്റെ കൺസൾട്ടേഷൻ മുറിയിൽ ഇരിക്കുന്നു. സുമിത്രയുടെ വിട്ടുമാറാത്ത പുറംവേദനയ്ക്ക് പരിഹാരം തേടി എത്തിയതാണ്. രോഗീപരിചരണ ശേഷം കുശലപ്രശ്നങ്ങൾക്കൊടുവിൽ അദ്ദേഹം ചോദിച്ചു, "സാർ കുംഭമേളയിൽപങ്കെടുത്തില്ലേ?" കുംഭമേളയിൽ പങ്കെടുക്കുന്നതിന് ആഗ്രഹമുണ്ടെങ്കിലും അതിന്റെ സംപ്രാപ്തിക്കു വേണ്ട കരുതലുകൾ, ചിലവ്, ദേഹാദ്ധ്വാനം മുതലായവയെപ്പറ്റി ആശങ്കകളുണ്ടായിരുന്നതുകൊണ്ട് ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായില്ല.

"ഇല്ല." ഞാൻ മറുപടി പറഞ്ഞു.

അദ്ദേഹം അതിനെപ്പറ്റി പിന്നൊന്നും പറഞ്ഞില്ല. താൻ അടുത്തു നടത്താനിരിക്കുന്ന കൈലാസ മാനസരോവർ യാത്രയെപ്പറ്റി അദ്ദേഹം പറഞ്ഞു. ഞാൻ 2007 ൽത്തന്നെ കൈലാസയാത്ര നടത്തിയിരുന്നതുകൊണ്ട് ആ യാത്രാനുഭവത്തെ പറ്റിയും കുറെ കാര്യങ്ങൾ ചർച്ച ചെയ്ത് ഞങ്ങൾ പിരിഞ്ഞു. അപ്പോൾ മുതൽ കുംഭമേള യാത്ര എന്റെ മനസ്സിൽ തികട്ടിത്തികട്ടിവന്നു. അന്നു വൈകിട്ട് ഏഴുമണിയാകുമ്പോഴേക്കും എങ്ങനെയെങ്കിലും പ്രയാഗ്‌രാജിലേക്ക് പോകണമെന്ന ചിന്തയായി.

### വർത്തമാനം

"പിന്നെന്താ, നമുക്ക് ആലോചിക്കാം", എന്റെ ആഗ്രഹം കേട്ട ദിലീപൻ പറഞ്ഞു. ഞങ്ങൾ രണ്ടു പേരും വാമഭാഗങ്ങളുമായി ഇരുന്ന് ചർച്ചചെയ്തു. ശോഭനയ്ക്കും സുമിത്രയ്ക്കും സമ്മതം. അടുത്തതായി, ഞങ്ങളുടെ യാത്രാസംഘനേതാവ്, രവീന്ദ്രനെ (കൊച്ചമ്മാവൻ) വിളിച്ചു. "ഞങ്ങൾ ഒരാഴ്ചയായിട്ട് അതുതന്നെ ആലോചിക്കുകയാണ്. എങ്ങനെ വേണമെന്ന് തീരുമാനിക്കാൻ കഴിയാതെ വിഷമിച്ചോണ്ടിരിക്യാ", അദ്ദേഹം. തുടർന്ന് വളരെ വേഗത്തിലുള്ള ചർച്ചകൾ നടത്തി. എന്തിന് പറയുന്നു, പത്തുമണിയായപ്പോഴേക്കും 18-2-25 ന് പ്രയാഗ് രാജിലേക്കുള്ള പ്ലെയിൻ ടിക്കറ്റ് ഒ.കെ! ടിക്കറ്റ് റേറ്റ് കുറച്ച് അക്രമമായി തോന്നിയെങ്കിലും, ഈ സമയത്ത് അത് വിഷയമാക്കണ്ട എന്ന തീരുമാനത്തിൽ ഞങ്ങൾ എത്തി. യാത്രാസംഘം ഇങ്ങനെ; ഞങ്ങൾ മൂന്നുപേരും പത്നിമാരും, കൊച്ചമ്മാവന്റെ മകൾ ധന്യയും പതി പ്രമോദും കൂടി -എട്ടു പേർ. അന്നു രാത്രി ഞാൻ സംതൃപ്തനായി ശാന്തമായുറങ്ങി.

പിറ്റേന്ന് മുതൽക്ക് താമസസ്ഥലം തിരയുന്ന തിരക്കിലായി. മൂന്നു നാലു ദിവസത്തെ ചർച്ചകൾക്കും തിരച്ചിലിനും ശേഷം, 'രേവശ്രീ തീർത്ഥയാത്ര' എന്ന പ്രസ്ഥാനക്കാരുടെ കുടീരം ബുക്ക് ചെയ്യാൻ തീരുമാനമായി. അറ്റാച്ച്ഡ് ബാത്ത് റൂമുള്ള നാല് കുടീരങ്ങളാണ് ഞങ്ങൾക്ക് ആവശ്യം. വെബ്സൈറ്റിൽ കണ്ട ഫോൺനമ്പറിൽ ഞങ്ങൾ വിളിച്ചു. പ്രദീപ് പാണ്ഡെ ഞങ്ങൾക്ക് വേണ്ട വിവരങ്ങൾ നൽകി.

സെക്റ്റർ ഇരുപത്തിനാലിൽ, മഹന്ത് അവദേശ് മഹാരാജ് ക്യാമ്പിലാണ് പ്രസ്തുത കുടീരങ്ങൾ. അറ്റാച്ച്ഡ് ബാത്ത്റൂമുള്ള മൂന്ന് കുടീരങ്ങൾ അന്നേക്ക് ഒഴിവുണ്ടാകുമെന്നും അഡ്വാൻസ് ഇരുപതിനായിരം രൂപ അടച്ച് മുറികൾ റിസർവ്വ് ചെയ്യാമെന്നുമുള്ള നിർദ്ദേശം കിട്ടി. ഞങ്ങളുടെ ആവശ്യപ്രകാരം അയാൾ ബാങ്ക് വിവരങ്ങൾ നൽകി. അതിലേക്ക് രൂപ അടച്ച് മുറി ഉറപ്പാക്കി. ഞങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് വളരെ വിശദമായി അവരുടെ അഡ്രസ്, ഹിന്ദിയിൽ എഴുതിയത് അയച്ചു തന്നു, ആവശ്യമെങ്കിൽ വിളിക്കാ

നുള്ള രണ്ട് നമ്പറുകളും തന്നു. പൈസ അവിടെ കിട്ടിയത് ഫോൺ വിളിച്ച് ഉറപ്പാക്കി. താമസവും സെറ്റിൽഡ്. മൂന്നിൽ രണ്ടു ഭാഗം ഉറപ്പായി. ബാക്കിയുള്ളത് പ്രയാഗ് രാജ് വിമാനത്താവളത്തിൽ നിന്ന് സെക്റ്റർ 24 ലേക്കുള്ള യാത്രയാണ്.


പിന്നീടുള്ള ദിവസങ്ങളിൽ പല സ്രോതസ്സുകളിൽ നിന്നും വിവരശേഖരണം നടത്തിക്കൊണ്ടിരുന്നു. കുംഭമേളയിൽ പോയിവന്ന ബന്ധുക്കൾ, പരിചയക്കാർ, അപ്രതീക്ഷിതമായി കണ്ടുമുട്ടിയവർ, യൂട്യൂബ് ചാനലുകൾ, പ്രസിദ്ധരായവരുടെ യാത്രാനുഭവങ്ങൾ മുതലായവ ശ്രദ്ധിച്ചുകേട്ട് മനസ്സിൽ ഒരു രൂപമുണ്ടാക്കി. എന്തായാലും കുടീരം വരെ വാഹനമെത്തില്ല. 12 കിലോമീറ്റർ അപ്പുറത്ത് വാഹനമിറങ്ങി ബൈക്കിൽ പുറകിലിരുന്നും, നടന്നുമൊക്കെ മേളയിലെത്തിയവരുടെ അനുഭവമാണ് അധികവും അറിഞ്ഞത്. ചിലർ ഏറ്റവും കുറവ് നടന്നത് അഞ്ചുകിലോമീറ്റർ! ഞങ്ങൾ എല്ലാവരും അഞ്ചുകിലോമീറ്ററെങ്കിലും നടക്കേണ്ടിവരുമെന്ന് മനസ്സിൽ ഉറപ്പിച്ചു. ദിവസവും മേളയിലെത്തി സ്നാനം ചെയ്യുന്നവരുടെ കണക്ക് നോക്കി അത്ഭുതപ്പെട്ടും ഒട്ടൊന്ന് പരിഭ്രമിച്ചും ദിവസങ്ങൾ നീക്കി. മിക്ക ദിവസങ്ങളും ഒരു കോടിയിൽ പരം ആളുകൾ! അവിടത്തെ കാലാവസ്ഥയെപ്പറ്റിയും ഭിന്നങ്ങളായ വിവരങ്ങൾ കേട്ടുകൊണ്ടിരുന്നു. പകൽ ചൂടുണ്ട്, രാത്രി അസഹ്യമായ തണുപ്പാണ്, ചെറിയ തണുപ്പേ ഉള്ളൂ... എന്നിങ്ങനെ പോയി 'വെതർ റിപ്പോർട്ട്'. അവസാനം ഒരു സ്വെറ്റർ അല്ലെങ്കിൽ ജാക്കറ്റ് മതിയെന്ന തീരുമാനത്തിലെത്തി. ഒരു 'ബാക്ക് സാക്കി'ൽ കൊള്ളിക്കാവുന്നത്ര വസ്ത്രങ്ങൾ, മരുന്നുകൾ മുതലായവ മാത്രം ഒരുക്കി.

18-02-25 ചൊവ്വ, യാത്ര ആരംഭിക്കുന്ന ദിവസം. കാലത്ത് 6.05-ന് നെടുമ്പാശ്ശേരിയിൽ നിന്ന് ഫ്ളൈറ്റ്. കൊച്ചി-ബോംബേ-പ്രയാഗ് രാജ് എന്നാണ് ഫ്ളൈറ്റ് പ്ലാൻ. അന്ന് പുലർച്ചെ 1.30-ന് എഴുന്നേറ്റ് പ്രാതകർമ്മങ്ങൾ നിർവ്വഹിച്ച് തയ്യാറായിരുന്നു. മുൻപേ തന്നെ ഏൽപ്പിച്ച ടാക്സി കൃത്യം 3 മണിക്കു തന്നെ എത്തി, യാത്ര ശുഭമായി ആരംഭിച്ചു. 'വെബ് ചെക്കിൻ' നേരത്തേ തന്നെ ചെയ്തിരുന്നതിനാലും, 'ഡിജി യാത്ര'യിൽ രജിസ്റ്റർ ചെയ്തിരുന്നതിനാലും, കാബിൻ ബാഗ്ഗേജ് മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നതിനാലും ചെക് ഇൻ ഒക്കെ സുഗമമായിരുന്നു. സമയത്തിന് തന്നെ പറന്നുയർന്ന വിമാനം അരമണിക്കൂർ നേരത്തേ തന്നെ ബോംബെയിൽ എത്തി. അടുത്ത ഫ്ളൈറ്റ് 10.40-ന്. ധാരാളം സമയമുണ്ടായിരുന്നതിനാൽ lounge ൽ ചെന്ന് കനത്തിൽതന്നെ ഭക്ഷിച്ചു. ഒരു പക്ഷേ ഉച്ചഭക്ഷണത്തിന് സൗകര്യമുണ്ടായില്ലെങ്കിലോ. ചെറിയ ഒരു കരുതലെന്ന നിലയ്ക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ച് ഇഡ്ഡലി, ചപ്പാത്തി, ബ്രെഡ് മുതലായവയുടെ ചെറിയ പൊതി കരുതിയിട്ടുമുണ്ടായിരുന്നു.

നിശ്ചയിച്ചതിനും പത്തുമിനിറ്റ് നേരത്തേ പ്രയാഗ് രാജ് സൈനിക വിമാനത്താവളത്തിൽ ഇറങ്ങി. ലാൻഡ് ചെയ്യുന്നതിന് കുറച്ച് മുമ്പ്, താഴെ, വളഞ്ഞ് പിരിഞ്ഞൊഴുകുന്ന ഗംഗാ നദി കാണാനായി. ലഘുസൗകര്യങ്ങൾ മാത്രമുള്ള ചെറിയ വിമാനത്താവളം. അവിടെ ഹെൽപ്പ് ഡെസ്കിൽ കൈവശമുള്ള അഡ്രസ്സ് കാണിച്ച് അവിടേക്കെത്തിപ്പെടാനുള്ള മാർഗ്ഗത്തെപ്പറ്റി ആരാഞ്ഞു. "ടാക്സിയിൽ പോകേണ്ടി വരും", കൗണ്ടറിലുള്ളയാൾ പറഞ്ഞു. എട്ടുപേർക്ക് കയറാവുന്ന വലിയ വണ്ടി കിട്ടില്ല എന്നും അയാൾ പറഞ്ഞു. രണ്ട് ടാക്സി വേണം. ഞങ്ങൾ ഒ.കെ. പറഞ്ഞു. അവിടെത്തന്നെയുണ്ടായിരുന്ന ഒരു ടാക്സിക്കാരനെ വിളിച്ച് ഞങ്ങളെ ഏൽപ്പിച്ചു. ഞങ്ങളുടെ കയ്യിലുള്ള അഡ്രസ് അയാളെ കാണിച്ചു. ''ആദ്യമായാണ് ഒരു വ്യക്തമായ ഡെസ്റ്റിനേഷൻ മേൽവിലാസം കൊണ്ട് ആരെങ്കിലും വരുന്നത്'', അയാൾ വിസ്മയത്തോടെ പറഞ്ഞു. രണ്ടു വണ്ടിക്കും കൂടി അവർ പറഞ്ഞ തുക കേട്ട് ഞങ്ങൾ ഒന്ന് പരുങ്ങി. "സാധാരണ ദിവസത്തിൽ ഇതിന്റെ പകുതിയേ വരൂ. ഈ തിരക്കിലും ട്രാഫിക് ജാമിലും പെട്ട് ഒരു ടാക്സിക്ക് ഒരു ദിവസം ഒരു ട്രിപ്പ് മാത്രമേ പറ്റൂ. വേറെ നിവൃത്തിയില്ല". അയാളുടെയും ഞങ്ങളുടെയും നിവൃത്തിയില്ലായ്മയിൽ ഞങ്ങൾ സമ്മതിച്ചു.

"നിങ്ങൾ കാണിച്ച അഡ്രസ്സ് എനിക്കറിയാം. ഞാൻ ആ പ്രദേശക്കാരനാണ്'', ഡ്രൈവർ ഹരിനന്ദ് ഓം പറഞ്ഞു. "അവിടംവരെ എത്തിക്കാൻ അങ്ങേയറ്റം ശ്രമിക്കാം. ചിലപ്പോൾ പറ്റിയെന്നു വരില്ല". ഞങ്ങൾക്ക് സമ്മതം മൂളേണ്ടി വന്നു.

(തുടരും...)



# കടംകഥ

**പ്രദീപ് വർമ്മ**
ചിറക്കൽ കോവിലകം, കണ്ണൂർ, മൊ. 9496286525

ഒരു നെഗറ്റീവ് പരാമർശത്തോടെ തുടങ്ങുന്നതിൽ ക്ഷമിക്കുക.

ഇന്ത്യയിൽ ആത്മഹത്യകൾ ഏറ്റവും കൂടുതൽ നടക്കുന്ന ഒരു സംസ്ഥാനം നമ്മുടെ കൊച്ചു കേരളമാണ്. ഇവയിൽ മുക്കാൽ പങ്കിനും കാരണമാകുന്നതോ, ഒന്നുകിൽ കടം അല്ലെങ്കിൽ കുടുംബ കലഹം അതുമല്ലെങ്കിൽ പ്രണയനൈരാശ്യം. പ്രധാന വില്ലൻ കടംതന്നെ. കടബാധ്യതമൂലമുള്ള ആത്മഹത്യകൾ കേരളത്തിൽ മാത്രമെന്തേ പെരുകുന്നു? മറ്റ് സംസ്ഥാനങ്ങളിലുള്ളവർ കടം വാങ്ങാറില്ലെന്നാണോ?

ഒരു ഹ്രസ്വമായ അവലോകനത്തിന് ശ്രമിക്കുമ്പോൾ നമ്മെ അലട്ടുന്ന പല കാര്യങ്ങളും നമ്മുടെ ദൈനംദിന ജീവിതത്തിന്റെ നേർക്കാഴ്ച്ചകളായി സാക്ഷ്യപ്പെട്ടുവരുന്നത് കാണാം നമുക്ക്.

ഉദ്യോഗസംബന്ധമായി ഉത്തരേന്ത്യയിൽ (പഞ്ചാബ്) കുറച്ചുകാലം ജോലിയെടുക്കുമ്പോൾ എന്നെ പരിചയപ്പെടുന്ന പല തദ്ദേശീയരും കേരളത്തിൽ നിന്നാണെന്ന് കേൾക്കുമ്പോൾ ആദരവോടെ "ആപ് ലോഗ് ബഹുത്ത് ലിറ്ററേറ്റ് ഹൈ" എന്ന് പറയാറുള്ളത് ഓർമ്മവരുന്നു. ശരിയാണ്, കേരളത്തിന്റെ സാക്ഷരതയുടെ പ്രശസ്തി കടൽ ദൂരങ്ങൾ താണ്ടിയതാണ്. കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസ രംഗവും ലോകോത്തരം തന്നെയാണ്. പുതിയ സംസ്കാരങ്ങളുമായി ഇഴുകിച്ചേരാനും പുതിയ മേച്ചിൽപുറങ്ങളിൽ വളരെവേഗം മിടുക്ക് നേടാനും മലയാളിയെ കഴിഞ്ഞേ മറ്റാരുമുള്ളു.

പക്ഷേ ഈ കൊട്ടിഘോഷിക്കപ്പെടുന്ന സാക്ഷരത ഉപരിപ്ലവമാകും ചിലപ്പോൾ. സ്കൂളിൽ നിന്ന് പഠിക്കുന്നതിലേറെ കുഞ്ഞുങ്ങൾക്ക് വീട്ടിൽ നിന്നും പഠിക്കാനുണ്ട്. ആ വിദ്യ രക്ഷിതാക്കളെന്ന നിലയിൽ നാം നമ്മുടെ കുട്ടികൾക്ക് പകർന്നു കൊടുക്കാറുണ്ടോ? കുട്ടികൾ സാമൂഹികപങ്കാളിത്ത പെരുമാറ്റവിദ്യ പഠിക്കുന്നില്ലെങ്കിൽ വലിയൊരു അരക്ഷിതാവസ്ഥയിലേക്ക് അതവരെ നയിക്കും. ഒരേ അച്ചിൽ വാർക്കപ്പെട്ട, ഒരേ ജോലി മാത്രം ചെയ്യാനറിയുന്ന യന്ത്രങ്ങളായി അവർ മാറിയേക്കാം. അവർക്ക് പഠിക്കുന്ന വിഷയത്തിനും ചെയ്യുന്ന ഉദ്യോഗത്തിനുമപ്പുറം കടന്ന് ചിന്തിക്കാനും ചുറ്റുമുള്ള ജീവിതങ്ങളെ കണ്ട് പഠിക്കാനുമുള്ള ത്വര ഇല്ലെങ്കിൽ ജീവിത പരീക്ഷണങ്ങളിൽ പിടിച്ചുനിൽക്കാൻ പറ്റാതെ വരാം.

കുടുംബത്തിൽ നിന്നും പഠിക്കേണ്ട ഒന്നാണ് കുടുംബപാലന രീതി. എന്റെ അപ്പൂപ്പൻ എഴുതുന്ന കണക്കുപുസ്തകങ്ങളിൽ എല്ലാ ദിവസത്തെയും വരവ്-ചെലവുകൾ രേഖപ്പെടുത്തുന്നത് കണ്ടാണ് ഞാൻ വളർന്നത്. സാധാരണ ഒരു സ്കൂൾ ടീച്ചറായിരുന്ന അപ്പൂപ്പന്റെ തുച്ഛ വരുമാനം വെച്ച് ഒരു വലിയ കുടുംബം നോക്കിനടത്തിയത് ഇന്നത്തെ ചുറ്റുപാടിൽ ചിന്തിച്ചാൽ അത്ഭുതമാണ്.

ഇക്കാലത്ത് വരവിനും ചെലവിനും ഉറവിടങ്ങളും ഉപാധികളും നിരവധിയാണ്. പണ്ടത്തെക്കാളും കൂടുതൽ പണം കൈകാര്യം ചെയ്യുന്നവരാണ് ഈ തലമുറ. വേണ്ടാത്ത കാര്യങ്ങൾക്ക് ചെലവാക്കാനുണ്ടെങ്കിൽ ആയിരം മാർഗ്ഗങ്ങൾ നമുക്കു മുമ്പിൽ തുറന്നുകിട്ടും. അതിനാൽ ഇക്കാലത്ത് സാമ്പത്തിക അച്ചടക്കമില്ലാത്ത കുടുംബങ്ങളിലാണ് ദുരന്തങ്ങൾ ഭവിക്കുന്നത്. നമ്മുടെ കുട്ടികളുടെ വരവ്-ചെലവുകളെക്കുറിച്ച് നാം തിരക്കാറുമില്ല, കുട്ടികളൊട്ട് ചർച്ച ചെയ്യാറുമില്ല. വലിയ കടങ്ങൾ എടുക്കുന്നത് പോലും കൂട്ടായ തീരുമാന പ്രകാരമാകുന്നില്ലെങ്കിൽ അപകടമാവും. നമുക്ക് തിരിച്ചടയ്ക്കാൻ പറ്റാത്തവിധത്തിൽ വലിയ കടങ്ങളാണെങ്കിൽ നമ്മെ കാത്തിരിക്കുന്നത് ദുരന്തങ്ങളാവും.

കടം (debt) നമുക്ക് നിയന്ത്രിക്കാൻ പറ്റണം. അല്ലെങ്കിൽ മാനേജ് ചെയ്യാനെങ്കിലുമാകണം.

"കൊക്കിലൊതുങ്ങുന്നതേ എടുക്കാവൂ" എന്നൊരു ചൊല്ല് വളരെ അർത്ഥവത്താണ്.

ബാങ്കിലെ ഉദ്യോഗകാലഘട്ടത്തിൽ പല ജീവിതങ്ങളെയും അടുത്തറിഞ്ഞിട്ടുണ്ട്. വിജയകഥകളുണ്ട്, അതിനിടെ ദുരന്തങ്ങളും കണ്ടിട്ടുണ്ട് അനേകം. വിജയപരാജയങ്ങൾക്കിടയിലെ രേഖ വളരെ ഋജുവാണ്. സമ്പൂർണ്ണ വിജയം സംരംഭകന് കിട്ടിയില്ലെങ്കിലും പരാജയത്തെ ഒഴിവാക്കാനുള്ള മിടുക്ക് കുറച്ചെങ്കിലുമുണ്ടെങ്കിൽ ജീവിതവഴിയിൽ മുന്നേറാൻ പറ്റും. അതിനുപകരിച്ചേക്കാവുന്ന, വായ്പയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇവിടെ കുറിക്കാം:

കടം എടുത്ത് തുടങ്ങുന്ന സംരംഭം പ്രായോഗികമാണോ എന്നാലോചിക്കുക. എടുക്കുന്ന തുക ആവശ്യത്തിനുപകരിക്കുമോ എന്നും. കടമെടുക്കുന്ന തുക കൃത്യമാകാൻ ശ്രദ്ധിക്കുക. കുറഞ്ഞാലും കൂടിയാലും അപകടമാണ്. ആവശ്യത്തിനു മാത്രം കടം എന്നറിയുക.

എടുക്കുന്ന കടം കൃത്യമായി നിശ്ചിത തിരിച്ചടവായി അടയ്ക്കാനുള്ള വക നമുക്കുണ്ടോ എന്നുറപ്പിക്കണം. ഇത് നമ്മെക്കാളും കൂടുതൽ ബാങ്കുകാർ ശ്രദ്ധിക്കാറുണ്ട്! മാസച്ചിലവുകളും തിരിച്ചടവും കഴിഞ്ഞ് സംരംഭകന് 40% (ഏറ്റവും കുറഞ്ഞത് 25% എങ്കിലും) നീക്കിയിരുപ്പ് ഉണ്ടായിരിക്കണം.

വായ്പ്പയിൽ ധാരാളിത്തമല്ല, ആവശ്യമാണ് പ്രധാനം.

വായ്പാ തിരിച്ചടവ് മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. പരമാവധി കുടിശ്ശിക ഒരിക്കൽപോലും രണ്ടിൽ കൂടുതൽ തവണ വരരുത്. കൂടുതൽ തവണകൾ മുടങ്ങുന്തോറും ബാങ്കിന്റെ good book ലേക്കുള്ള തിരിച്ചുവരവ് ബുദ്ധിമുട്ടാകും. മാത്രവുമല്ല സിബിൽ റേറ്റിങ്ങിൽ (CIBIL Rating) അവരുടെ സാമ്പത്തിക ഭാവി ഇരുളടഞ്ഞതായി മാറും.

ബാങ്കുകൾ വായ്പ തരുന്നതോടൊപ്പം ഇൻഷൂറൻസ് നിർബന്ധിച്ച് പിടിപ്പിക്കുന്നു എന്ന് പൊതുവെ പറയാറുണ്ട്. സാധാരണയായി ബാങ്ക് വായ്പ വഴി കിട്ടുന്ന ആസ്തി ഇൻഷൂർ ചെയ്തിരിക്കണം; വാഹനമായാലും വീടായാലും ഫാക്ടറിയായാലും. പക്ഷേ സംരംഭകന് സ്വന്തം ലൈഫ് ഇൻഷുറൻസ് എടുക്കാൻ പൊതുവെ മടിയാണ്. നമ്മുടെ അസ്തിത്വവും പ്രധാനമല്ലേ? വായ്പാ സംരക്ഷണ പ്ലാനുകൾ പല കമ്പനികളും തരുന്നുണ്ട്. വായ്പ നിലനിൽക്കുന്ന കാലത്തോളം ബാധ്യതയ്ക്ക് കണക്കായ തുക സംരംഭകന്റെ പേരിൽ ഇൻഷൂറൻസായി എടുക്കാവുന്നതാണ്. ഇൻഷൂറൻസ് ചീത്ത കാര്യമല്ല തന്നെ!


കടത്തെപ്പറ്റി മലയാളിക്ക് മിഥ്യാധാരണകൾ ധാരാളമുണ്ട്. കുടുംബത്തിൽ സംസാരിക്കാൻ പറ്റാത്ത കാര്യമാണ് കടമെന്നതാണ് ഒന്ന്. കടം ജീവിതത്തിന്റെ ഒരു ഭാഗമാണെന്നും, കടംവാങ്ങുന്നത് രണ്ടാംകിടയല്ലെന്നും നാമറിയണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ വായ്പ കൃത്യമായി വിനിയോഗിച്ചാൽ പുരോഗതി നേടാം. മറ്റൊരു മിഥ്യാധാരണ റിട്ടയർമെന്റാനുകൂല്യങ്ങൾ നിക്ഷേപമായുള്ള നല്ലൊരു ശതമാനം പേരും വായ്പ എടുക്കുന്നതിലും നല്ലത് ദീർഘകാല നിക്ഷേപത്തുകയിൽ നിന്നും ചെലവഴിക്കുന്നതാണ് എന്ന് കരുതുന്നതാണ്. ഇത് വാസ്തവത്തിൽ ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന ഏർപ്പാടാണ്. റിട്ടയർ ചെയ്തവർക്കുള്ള വായ്പാ പദ്ധതികൾ നിലവിലുണ്ട്. സ്ഥിരനിക്ഷേപം (FD) തകർക്കാതെ തന്നെ അതിന്മേൽ വായ്പയെടുത്ത് ആ തുക മാസാമാസം അടച്ചുതീർത്ത് നിക്ഷേപം നിലനിർത്താവുന്നതാണ്.

ഓരോ വ്യക്തിക്കും വായ്പ ആവശ്യമാണ്. എത്ര തുകയാണാവശ്യം, എത്രവരെ തിരിച്ചടയ്ക്കാനൊക്കും, എത്ര നീക്കിയിരിപ്പുണ്ടാകും- ഈ മൂന്നു കാര്യങ്ങളിൽ വ്യക്തത ഉണ്ടെങ്കിൽ നിങ്ങളിലൊരു വിജയിക്കാവുന്ന സംരംഭകനുണ്ട്.

അവസാനമായി, എന്നാൽ അതിപ്രധാനമായി ഒന്നുകൂടി. നമ്മുടെ സമുദായത്തിലും മറ്റേതൊരു സമുദായത്തിലെന്ന പോലെ സാമ്പത്തിക ഉച്ചനീചത്വം വേണ്ടുവോളമുണ്ട്. ഒന്നോർക്കുക. കടം വാങ്ങേണ്ടി വരുന്നത് ചീത്ത കാര്യമല്ല. (അംബാനിയുടെയും അദാനിയുടെയും ആസ്തിയിൽ പകുതിയും ബാങ്കുകളിൽ ഈടാണ്!) നമ്മുടെ ബന്ധുവിനെ വിജയിക്കുന്ന കടക്കാരനാക്കുവാനും അവരുടെ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കുവാനും നമുക്കോരോരുത്തർക്കും ധാർമ്മികമായ കടമയുണ്ട്. നിർഭാഗ്യവശാൽ ഒരു സംരംഭം പരാജയപ്പെട്ടാൽ അത് സംരംഭകന് ലോകാവസാനമല്ലെന്നും സ്വസമുദായത്തിന്റെ സഹായിക്കുന്ന കരങ്ങൾ അയാൾക്ക് ചുറ്റുമുണ്ടെന്നും ഉറപ്പ് വരുത്തുക. ●


# ബാഷ്പാഞ്ജലി

### കോഴിക്കോട് സാമൂതിരി രാജ




കോഴിക്കോട് സാമൂതിരി കെ.സി. ഉണ്ണിയനുജൻ രാജ (100) തീപ്പെട്ടു. അഴകപ്പുറം കുബേരൻ നമ്പൂതിരിയുടെയും കിഴക്കേ കോവിലകത്ത് കുഞ്ഞുമ്പാട്ടി തമ്പുരാട്ടിയുടെയും മകനാണ്. പെരമ്പൂർ കോച്ച് ഫാക്ടറി, ജംഷെഡ്പൂരിലെ ടെൽക്കോ, കളമശ്ശേരി എച്ച്.എം.ടി. തുടങ്ങിയ സ്ഥാപനങ്ങളിൽ മെക്കാനിക്കൽ എഞ്ചിനീയർ ആയി പ്രവർത്തിച്ചു. അടുത്തകാലം വരെ പൊതുരംഗത്തെ സജീവ സാന്നിദ്ധ്യമായിരുന്നു. പരേതയായ കണ്ണമ്പ്ര മാലതി രാജയാണ് ഭാര്യ. മക്കൾ: സരസിജ, ശാന്തി ലത, മായ ഗോവിന്ദ്. മരുമക്കൾ: പരേതനായ അഡ്വ. അജിത് കുമാർ, പരേതനായ പി. ബാലഗോപാൽ, അഡ്വ. ഗോവിന്ദ് ചന്ദ്രശേഖർ.

### കൊച്ചി വലിയ തമ്പുരാൻ



കൊച്ചി രാജകുടുംബത്തിലെ വലിയ തമ്പുരാൻ കേരളവർമ്മ കുഞ്ഞുക്കുട്ടൻ തമ്പുരാൻ (95) തീപ്പെട്ടു. തൃശ്ശൂർ വെള്ളാട്ടു ലെയിനിലെ വസതിയായ 'കവിത'യിലായിരുന്നു വിയോഗം. ഭാര്യ: കിളിമാനൂർ കൊട്ടാരത്തിലെ സൗദാമിനി വർമ്മ (റിട്ട. പ്രധാനാധ്യാപിക, വിവേകോദയം ഗേൾസ് ഹൈസ്ക്കൂൾ). ആധാർ അതോറിറ്റിയുടെയും യു.പി.ഐയുടെയും ചീഫ് ആർക്കിടെക്ടും ഡിജിറ്റൽ ഇൻഡ്യയുടെ അമരക്കാരിലൊരാളുമായ ഡോ. പ്രമോദ് വർമ്മ, പ്രജോദ് വർമ്മ (Managing Director, iBODE Technologies Chennai) എന്നിവരാണ് മക്കൾ. മരുമക്കൾ: ലേഖ വർമ്മ ചിറ്റയിൽ, നീലിമ വർമ്മ കണ്ണമ്പ്ര.

### നിലമ്പൂർ കോവിലകം വലിയ തമ്പുരാൻ



നിലമ്പൂർ കോവിലകം വലിയ തമ്പുരാൻ ടി.എൻ. സത്യനാഥൻ തിരുമുൽപ്പാട് (91) അന്തരിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ ആയിരുന്നു. ഭാര്യ: കോട്ടക്കൽ കിഴക്കേ കോവിലകത്ത് അനുജത്തി തമ്പുരാട്ടി. മക്കൾ: രഞ്ജിത്ത് (റിട്ട. AGM സൗത്ത് ഇന്ത്യൻ ബാങ്ക്), സുധ (USA). മരുമക്കൾ: ഡോ. സരസിജ വർമ്മ (ന്യൂ ലൈഫ് ഹോസ്പിറ്റൽ നിലമ്പൂർ) തിലക് വർമ്മ (USA).


### കൊടുങ്ങല്ലൂർ കോവിലകം വലിയ തമ്പുരാട്ടി



കൊടുങ്ങല്ലൂർ കോവിലകങ്ങളുടെ അമ്മത്തമ്പുരാൻ ചിറയ്ക്കൽ കോവിലകം കുമുദിനി തമ്പുരാട്ടി (90) അന്തരിച്ചു. നവംബർ 24–നാണ് അമ്മത്തമ്പുരാനായി സ്ഥാനമേറ്റത്. ചാലക്കുടി മേക്കാട്ടുമന വാസുദേവൻ നമ്പൂതിരിയുടെയും ഇക്കാവുക്കുട്ടി തമ്പുരാട്ടിയുടെയും മകളാണ്. ഭർത്താവ്: കുന്നംകുളം ഏഴാംകല്ല് തുരുത്തി മനയിൽ പരേതനായ ടി.വി. നാരായണൻ നമ്പൂതിരി (ടി.വി. മാഷ്). മക്കൾ: സുനിതകുമാരി, സുനിൽകുമാർ, സുലത, മരുമക്കൾ: രേഖ (പുലാനി കോവിലകം), ബാലരാമവർമ്മ (കോതമംഗലം), സംഗമേശ്വരൻ തമ്പുരാൻ (തൃപ്പൂണിത്തുറ).

കഥ

# ജീവിതം: ഒരു അത്ഭുത നിർമ്മിതി



**എം.ആർ. മനോഹരവർമ്മ**
തിരുവനന്തപുരം, മൊ. 9446445865

മഴ പെയ്യുന്നുണ്ടായിരുന്നു... ചെറുതായി... ചെറുതായി... പിന്നെ വളർന്നുവളർന്നു വരുന്ന മഴ... ഇനി പേമാരിയായി വളരാം.

അയാൾ ഒരിക്കലും ഒരു മായാജാലക്കാരനാകണം എന്നോ ആകും എന്നോ കരുതിയിരുന്നില്ല. എന്നാലിപ്പോൾ ഈ മഴയത്ത് അയാൾ നനയുകയായിരുന്നു.

കുടയില്ല. എന്തുചെയ്യണം?

പെട്ടെന്നയാൾ വലതുകൈ ഉയർത്തി തലയ്ക്കുമുകളിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിച്ചു. വായുവിൽ ഒരു പ്രതലം സൃഷ്ടിക്കുംപോലെ.

അത്ഭുതം. അയാളുടെ തലയ്ക്കുമുകളിൽ അയാളെ മഴയിൽ നിന്നും രക്ഷിക്കാൻ ഒരു പ്രത്യേക നിർമ്മിതി ഉണ്ടായിരിക്കുന്നു. മഴയെ തടഞ്ഞു നിർത്തുന്നു... അയാൾ നനയാതെ നടന്നു പോകുന്നു... മഴ വളരുന്നു. പേമാരിയാകുന്നു... അയാൾ മഴ നനയുന്നില്ല...

മഴ നനഞ്ഞാൽ പനി പിടിക്കും എന്നയാൾക്കറിയാം. സ്കൂൾ വിട്ടു വരുമ്പോൾ മഴ നനഞ്ഞ് വീട്ടിൽ ചെന്നാൽ, അമ്മ തോർത്തുമുണ്ട് കൊണ്ടു തുടയ്ക്കും. അമ്മയ്ക്ക് എത്ര തലതോർത്തിയാലും മതിയാകില്ല. അൽപം ഈർപ്പം ഇരുന്നാൽ മതി പനിവരും. ജലദോഷവും തുമ്മലും വരും. അന്നൊന്നും അയാൾക്ക് ഇപ്പോൾ കിട്ടിയ തരത്തിലുള്ള ഒരു കവചം ഒരിക്കലും കിട്ടിയിരുന്നില്ലല്ലോ... അന്ന് അമ്മയുടെ കവചം ഉണ്ടായിരുന്നതിനാലാവാം. ആ അത്ഭുതത്തോടെ അയാൾ നടന്നു... അന്നു മുതൽ അയാൾ ഒരു മായാജാലക്കാരനുമായി.

അയാളുടെ കൈകൾക്ക് വേഗതയും കണ്ണുകൾക്ക് കൂർമ്മതയും കൂടിക്കൂടി വന്നു.

അയാളുടെ കൈകൾ ചലിക്കുമ്പോൾ തുമ്പികൾ പറന്നു.

സായാഹ്ന ക്ലാസിലെ പെൺകുട്ടികളുടെ സാരിത്തലപ്പുകളെ അയാൾ പക്ഷികളാക്കി പറത്തി. ബ്ലാക്ക് ബോർഡുകളിൽ ചോക്കുകൾ താനേ എഴുതുകയും ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തു. അവ താനേ മായ്ക്കുകയും ചെയ്തു. പഠിപ്പിച്ചുകൊണ്ടിരുന്ന അധ്യാപകർ, അത്ഭുതംകൂറി നോക്കിനിന്നു.

അയാളാണിതിന്റെ പിന്നിൽ എന്ന് അയാൾ പറഞ്ഞില്ല. ആരും അറിഞ്ഞതുമില്ല. കാലം തമാശയായി വളർന്നു. അയാൾ കാലത്തോടൊപ്പവും വളർന്നു... പരീക്ഷകൾ അയാൾക്ക് നിസ്സാരമായി. അയാളുടെ പേന അയാളുടെ കൈയിലിരുന്ന് ഉത്തരങ്ങൾ വ്യക്തമായി വലിയ വേഗത്തിൽ എഴുതി. അയാൾ ജയിച്ചു. മത്സരപരീക്ഷകളിൽ അയാൾ എല്ലാ ഉത്തരങ്ങളും ശരിയാക്കി. അയാൾക്ക് ജോലി ലഭിക്കാൻ പ്രയാസമേതുമുണ്ടായില്ല.

ഇതിനകം അയാളൊരു മായാജാലക്കാരനാണെന്ന് എല്ലാവരും അറിഞ്ഞിരുന്നു. ഇതാണയാൾക്ക് വിനയായത്. അയാളെ വിവാഹം കഴിക്കാൻ ആരും തയ്യാറാകുന്നില്ല.

വിവാഹത്തിലുമുണ്ടോ മായാജാലം?

പെണ്ണിനെ വേറൊരുത്തി ആക്കിയാലോ? സിന്ധുവിനെ കാവേരിയാക്കിയാലോ? റോസിയെ മോളിയാക്കിയാലോ? ആദ്യത്തെ പെണ്ണുകാണൽ രസകരമായിരുന്നു...

പെണ്ണ് കാപ്പിയുമായി വന്നു.

അയാൾ കൈയൊന്ന് ചലിപ്പിച്ചതേയുള്ളു... ട്രേയിൽനിന്നും കാപ്പി നിറഞ്ഞ ഗ്ലാസുകൾ പറന്നാണ് ഓരോരുത്തരുടേയും അടുത്തെത്തിയത്.

എല്ലാവരും വാങ്ങി കുടിച്ചു. നല്ല കാപ്പി എന്ന് അഭിപ്രായം പറയുകയും ചെയ്തു. പലഹാരം ജിലേബി ആയിരുന്നു. "നല്ല മധുരമുള്ള ജിലേബി... പൂവ് പോൽ മുദുലം" എന്നോ മറ്റോ ഒരാൾ വിശേഷിപ്പിക്കുകയും ചെയ്തു. ജിലേബി ഓരോന്നോരോന്നായി ഓരോരുത്തരുടെ മുന്നിൽ ക്യൂ നിന്നു. "ഷുഗറാണ്. ജിലേബി തിന്നാൻ വയ്യ" എന്ന് ഒരാൾ പറയുമ്പോൾ അത് മറ്റൊരാളുടെ അടുത്തേക്ക് നീങ്ങി. അയാൾക്കും ഷുഗറാണെങ്കിൽ?

ആകെപ്പാടെ രസം!

അയാൾ അവളോട് ചോദിച്ചു: അത്ഭുതങ്ങൾ ഇഷ്ടമാണോ?

ഇഷ്ടമാണ്...

നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ ധാരാളം സംഭവിക്കുമായിരിക്കും...

അതെങ്ങിനെ?

അയാൾ ഉത്തരം പറയാതെ, വിരലുകൾ ഉയർത്തി എന്തോ ചലിപ്പിച്ചു. പെട്ടെന്ന് അവളുടെ നേരേ ഒരു തോക്ക് നീണ്ടുവന്നു. തോക്കിന് വളർച്ച പോരെന്ന് തോന്നി. ചെറിയ തോക്കിലാണ് മൂർച്ചയുള്ള ഉണ്ടകൾ... പക്ഷേ, കാണുമ്പോൾ ഒരു ഭയാനകം വേണമല്ലോ... തോക്ക് വളർന്നു. നീളം വർദ്ധിച്ചു വർദ്ധിച്ചു വന്നു... അവൾ ഭയപ്പെട്ടു പോയി.

ആ വിവാഹം നടന്നില്ല എന്നു സാരം.

ജാലവിദ്യകൾ, ചില സ്ഥലങ്ങളിൽ പ്രായോഗികമല്ലെന്ന് അന്നയാൾ മനസ്സിലാക്കി. ചിലപ്പോൾ മൗനമാണ് നല്ല വിനിമയ മാർഗ്ഗം!

പക്ഷേ, അയാളൊന്ന് അനങ്ങിയാൽ മതി, ഏതെങ്കിലും ജാലം സംഭവിച്ചിരിക്കും... വലതു കൈയിലെ ചൂണ്ടുവിരൽ ചൂണ്ടിയാൽ, അത് ചെന്നു തറയ്ക്കുന്നത് എവിടെ ആയാലും അത് അയാളുടെ കൈയിലെത്തിയിരിക്കും. ഒരു പൂവായാലും ഒരു പാറ്റ ആയാലും... ഒരു പാവയ്ക്കയായാലും...

അയാൾ അസ്വസ്ഥനായി തുടങ്ങിയത് അങ്ങിനെയാണ്. എന്റെ ജീവിതം മുഴുവനും അത്ഭുതങ്ങൾ നിറഞ്ഞതാണ്. എന്റെ ജീവിതം ഞാൻ നിർമ്മിച്ചതല്ല. അത് എങ്ങനെ രൂപം പ്രാപിച്ചു എന്ന് എനിക്കു തന്നെ അറിയില്ല. അതെങ്ങനെയോ രൂപം പ്രാപിച്ചു എന്നേ പറയാൻ പറ്റു... കൈകൾ അനക്കാതെ കെട്ടിവെച്ചു നടക്കാൻ അയാൾ ശീലിച്ചു, വിരലുകൾ പോലും മരവിപ്പിലേക്ക് നീങ്ങണേ എന്ന് ദാഹിച്ചു.

മറ്റൊരു പെൺകുട്ടി അയാളുടെ മുഖത്തു നോക്കി പറഞ്ഞു: "അത്ഭുതങ്ങൾ നിങ്ങൾ ആശിക്കുന്നില്ലായിരിക്കാം... അവ നിങ്ങൾക്കുവേണ്ടി ഉണ്ടാകുന്നതല്ല. നിങ്ങൾ ഉണ്ടാക്കുന്നതുമല്ല. നിങ്ങളുടെ ചലനങ്ങൾ വെറും കൃത്രിമ നിർമ്മിതികളാണ്. അത് അത്ഭുതങ്ങളായി നമ്മൾ കണക്കാക്കുന്നു എന്നു മാത്രം!"

താനൊരു പൂജ്യമാണെന്ന അറിവുണ്ടായ ആ നിമിഷത്തിനു ശേഷം, അയാൾ വിവാഹം മറന്നു. ഇനി അവിവാഹിതനായി കഴിയാം.

കൂട്ടുകാർ ചോദിക്കുന്ന ചോദ്യത്തിന് പ്രസക്തി വർദ്ധിച്ചു: നിനക്ക് എപ്പോഴാണ് ആവശ്യമുള്ളത് അപ്പോൾ സ്ത്രീകൾ തനിയെ വരില്ലേ?

ശ്രമിക്കാവുന്നതാണ്...

ഒരു സംഗമം വേണമെന്ന മോഹം തോന്നുമ്പോൾ, ഏതെങ്കിലും വിരലമർത്തിയാൽ ഒരു സ്ത്രീ വരില്ലേ? അയാൾ അതിനു പിന്നാലെയായി...

പൂവും കായും കൈയിലെത്തും പോലെ നിസ്സാരമായി അത് സാധിക്കുന്നില്ല എന്ന അറിവ് അയാളെ തളർത്തുക തന്നെ ചെയ്തു...

നിലാവും കളിരുമുള്ള രാത്രികളിൽ, തനിയെ കട്ടിലിൽ കിടന്ന്, കൂടെ അടുത്ത് കിടക്കാൻ ഒരു സ്ത്രീയെ നിർമ്മിക്കാൻ അയാൾക്ക് കഴിയുന്നില്ല. വിരിപ്പിലെ പൂക്കളുടെ ചിത്രങ്ങൾ ജീവനുള്ള പുഷ്പങ്ങളായി വിടരുന്നുണ്ട്. പുതപ്പിലെ മുല്ല വള്ളികളും പിച്ചിലതാദികളും പുതയ്ക്കുമ്പോൾ ചുറ്റിപ്പിടിക്കുന്നുണ്ട്. പക്ഷേ താൻ എന്ത് നിർമ്മിതി ആഗ്രഹിക്കുന്നുവോ അത് സാധിതമാകുന്നില്ല...

ആ പെൺകുട്ടി പറഞ്ഞത് സത്യമായിരിക്കാം. അത്ഭുതങ്ങൾ സംഭവിക്കുന്നത് ആർക്ക് വേണ്ടിയായിരിക്കാം? നിരാശ ബാധിച്ചുകഴിഞ്ഞാൽ പിന്നെ ചെയ്യുന്നതെല്ലാം യാന്ത്രികമായിത്തീരും.

അയാളുടെ ചലനങ്ങൾക്ക് ഈ യാന്ത്രികത വന്നുചേർന്നു. അയാളുടെ യാന്ത്രിക ചലനങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന രൂപങ്ങൾക്ക് പൂർണ്ണത നഷ്ട പ്പെട്ടുകൊണ്ടിരുന്നു. മഴ നനയാതിരിക്കാൻ തലയ്ക്കു മുകളിൽ വന്നുചേരുന്ന പ്രതലത്തിനുവരെ ഒരു പൂർണ്ണത നൽകാൻ അയാൾക്ക് കഴിയുന്നില്ല...

മഴ നനയുകയാണയാൾ...

മഴയുടെ ശക്തി കൂടുന്നതിനനുസരിച്ച് അയാൾ കൂടുതൽ കൂടുതൽ നനയുന്നു. അമ്മ പറയുന്നു: "മോനേ... ഇങ്ങിനെ നനഞ്ഞാൽ നിനക്ക് പനി പിടിക്കും."

പെട്ടെന്നയാൾക്ക് പനി പിടിക്കുന്നു. ഇംഗ്ലീഷ് മരുന്നുകടയിൽ നിന്ന് പനിക്കുള്ള പാരാസെറ്റമോൾ ഗുളികകൾ വാങ്ങിയാണ് അയാൾ വീട്ടിലെത്തുന്നത്.

ഗുളികകൾ അയാളെ സഹായിക്കുന്നില്ല... അയാൾ പനിബാധയേറ്റ് ആശുപത്രിയിൽ കട്ടിലിൽ ചുരുണ്ടുകിടക്കുന്നു. അനേകമനേകം ട്യൂബുകൾ ശരീരത്തിൽ ബന്ധിച്ച അവസ്ഥയിൽ അതെല്ലാം തന്നെ വരിഞ്ഞുമുറുക്കുന്ന ഏതോ ബന്ധന ചരടു കൾ ആണെന്നയാൾക്ക് തോന്നി. ഒന്നിൽ നിന്നും മോചനമില്ലാതെ എന്തൊക്കെയോ ബന്ധനങ്ങളിൽ അയാളൊരു സാധാരണ മനുഷ്യനായി.

അയാൾ, തനിക്ക് മരുന്നു നൽകാനെത്തിയ സിസ്റ്ററിനോട് ചോദിച്ചു: "എനിക്കിനി എന്തിനാണ് സിസ്റ്റർ അത്ഭുതങ്ങൾ?"

അവർക്ക് മനസ്സിലായില്ല. അവർ ഉത്തരമൊന്നും പറയാതെ ചിരിച്ചു.

എല്ലാ മേഖലകളിൽ നിന്നും, എല്ലാ ഭാഗങ്ങ ളിൽ നിന്നും, അത്ഭുതനൂലുകൾ പൊട്ടിവിടരുന്ന തായി അയാൾക്കുതോന്നി. അതിലും ഒരു അത്ഭുതം അയാൾ വെറുതെ അനുഭവിച്ചു... ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ അരിച്ചരിച്ചിറങ്ങുന്ന വേദന പിടിച്ചുനിർത്താൻ പിറകേ പായുന്ന മരുന്നു കുമിള കളും വേദനകളും അയാളെ കീഴടക്കി. അയാൾ കിടക്കയിലെ വെള്ളവിരിപ്പിൽ, ഒരു ചെറിയ പൂവിന്റെ ചിത്രം തിരഞ്ഞു. ഇല്ല. അയാൾക്ക് മുന്നിലും പിന്നിലും വശങ്ങളിലും ശൂന്യത നിറഞ്ഞ ഏകാന്തത മാത്രമായിരുന്നു.

അമ്മ അയാളോട് പറഞ്ഞു: "മഴ നനഞ്ഞ പ്പോൾതന്നെ തുവർത്തി ഉണക്കാമായിരുന്നു. നിറുകയിൽ രാസ്നാദിപ്പൊടി തിരുമ്മണമായി രുന്നു. പിന്നെ ചൂടൻ ചുക്കുകാപ്പിയോ തുളസിക്കാ പ്പിയോ കുടിക്കണമായിരുന്നു.

ഒന്നും ചെയ്തില്ല. എന്റെ പാവം കുഞ്ഞ് പനിച്ച് പനിച്ച് ആശുപത്രി വാർഡിലെ ഈ കിടക്കയിൽ കിടക്കുന്നു...

ആരാണിവനെ രക്ഷിക്കാനെത്തുക?

ആരെങ്കിലും?"

പനിയുടെ നിറഞ്ഞ ചൂട് കുറയുംപോലെ അയാൾ വിയർക്കുകയും പിന്നെപ്പിന്നെ ആശുപത്രി മിറ്റത്തേക്കിറങ്ങുകയും ചെയ്തു.

ചുറ്റുമുള്ള അന്തരീക്ഷം അയാൾക്ക് പുതുമ യായി തോന്നി. ഇതാദ്യം കാണുംപോലെ അയാൾ അനുഭവിച്ചു.

അപ്പോഴും മഴ ചാറി...

കുട നിവർത്തി...

പൂക്കൾ അയാളെ കാത്തുനിന്നിരുന്നു. ചലനങ്ങ ളിൽ അവ അയാളുടെ കൈകളിൽ എത്തിയില്ല. അവ അവിടെത്തന്നെ ചിരിച്ചുകൊണ്ട് നിന്നു.

അയാളുടെ കൈകൾ അയാൾക്കും അയാളുടെ ശരീരത്തിനും സ്വന്തമായി...

അപ്പോൾ അമ്മ പറഞ്ഞു: "ഇനി മഴനനയരുത്."

അപ്പോൾ മഴ കനക്കുകയായിരുന്നു.

കാറ്റ് വീശുന്നുണ്ട്.

അയാൾ നനയുന്നുണ്ട്. അത്ഭുതങ്ങൾ മുല്ല വള്ളിപോലെയും പിച്ചകവള്ളിപോലെയും നമ്മെ കെട്ടിപ്പൊതിയുമ്പോൾ, ചെറിയൊരു ചുംബന ത്തിന്റെ മാത്രം അകൽച്ചയിൽ പഴയ കാലങ്ങ ളിലൂടെ നിഴൽപോലെ പടരുമ്പോൾ...

അയാൾ വീണ്ടുംവീണ്ടും പറയുന്നു: "അമ്മേ... ഞാൻ നനയുകയാണ്."

ഞാൻ നനഞ്ഞാൽ, എന്റെ അത്ഭുതങ്ങൾ നന ഞ്ഞാൽ... ഞാനാരേയും കാത്തുനിൽക്കാതെ ഇവിടെ, ഇവിടെ... അയാളോട് ആരോ പറയുന്നു. ഇവിടെ ജീവിതം എന്നു പറയുന്നതുതന്നെ ഒരു അത്ഭുതമാണ്... ഒരു നിമിഷം... ഒറ്റനിമിഷം... മതി... അവിടെ അത്ഭുതം വിടരുകയും പടരുകയും പിന്നെ, മാറിമറിയുകയും മറയുകയും ചെയ്യുന്നു!

●

യാത്രാവിവരണം

# 'കന്യാകുമാരി - ഖാർഡുങ് ല' ഒരു ഉപഭൂഖണ്ഡ യാത്ര - 2



**അരുൺ വർമ്മ**
തിരുവനന്തപുരം, മൊ. 9810077665

(കഴിഞ്ഞ ലക്കം തുടർച്ച...)

പഠാൻകോട്ടിന് ശേഷം, കത്വാ. ജമ്മു ഇവിടെ നിന്നും തുടങ്ങുന്നു. വൈഷ്ണോ ദേവീ ദർശനത്തിനായും മറ്റും ധാരാളം ആളുകൾ ഇവിടെ എത്താറുണ്ട്. ജമ്മു-ശ്രീനഗർ ദേശീയപാത ഒരുങ്ങുകയാണ്. ജമ്മുവിലേക്കു സ്വാഗതം ചെയ്യാനായി അശ്വാരൂഢനായ മഹാരാജ ഗുലാബ് സിങ്ങിന്റെ ഒരു പ്രതിമ നിൽപ്പുണ്ട്. ശരിതന്നെ. പക്ഷെ എന്നോട് ചോദിച്ചാൽ ഞാൻ പറയും: "ഹേ സഞ്ചാരീ ഒരു രണ്ടു വർഷത്തിന് ശേഷം ഈ വഴി വരൂ" എന്ന്. റോഡ് നിർമാണ യന്ത്രങ്ങളുടെ ഇടയിലൂടെ, കല്ലും കുഴിയും താണ്ടി വേണം ഇപ്പോൾ അതിലെ യാത്ര ചെയ്യുവാൻ. പോരെങ്കിൽ ഇരുവശത്തേക്കുമുള്ള വാഹനങ്ങളുടെ നീണ്ട വരിയും. വണ്ടിയുടെ സസ്പെൻഷൻ, ടയറിന്റെ മേന്മ എന്നിവ ആവർത്തിച്ചാവർത്തിച്ച് പരീക്ഷിക്കപ്പെടും.

ജമ്മുവിൽ നിന്നും വീണ്ടും യാത്ര ഉധംപൂരിലേക്ക്. ഇന്നിവിടെ തങ്ങാം ഇവിടെ ഇപ്പോൾ കാറ്റിനു തണുപ്പൊട്ടുമില്ല. പക്ഷെ, കനത്ത സൈന്യസന്നാഹങ്ങളും അവരുടെ കോൺവോയ് നീക്കങ്ങളും കാണുമ്പോൾ ഉള്ളിൽ എവിടെനിന്നോ ഒരു മരപ്പ് മുകളിലേക്ക് വരുന്നത് അനുഭവപ്പെടും. ഇന്ത്യൻ സേനയുടെ ഉത്തരമേഖല ആസ്ഥാനം ഇവിടെയാണ്. നമ്മളോട് സൗഹൃദത്തിലല്ലാത്ത പാകിസ്ഥാൻ ഒരു വിളിപ്പാടകലെയാണ്.

ഉധംപൂർ കഴിഞ്ഞാൽ കാശ്മീർ താഴ്‌വര ആരംഭിക്കുകയായി. 'രാംബൻ' എത്തുമ്പോൾ ഒരു രാഷ്ട്രീയ - സാംസ്കാരിക ചുവടുമാറ്റം അനുഭവപ്പെടും. ഇതേവരെ ജനങ്ങൾ ഉപയോഗിച്ചിരുന്ന 'ജവാഹർ തുരങ്കം' ഇന്ന് പുതുതായി പണിത 'ശ്യാമപ്രസാദ് മുഖർജി' തുരങ്കത്തിന് വഴി മാറുന്നു. എല്ലായിടവും റോഡ് നിർമാണം തകൃതിയായി നടക്കുന്നു. ഇനി, 'ബനിഹാൽ'. ബക്രീദിന്റെ തലേന്നാളത്തെ ബനിഹാൽ ഒന്ന് കണ്ടാൽ തന്നെയേ മനസ്സിലാവൂ. പുത്തൻ തുണികൾ, മിഠായികൾ, പഴങ്ങൾ എന്നിവ വഴിയരികിൽ കൂട്ടിയിട്ടിട്ടുള്ള വിൽപ്പനയാണ്. പിറ്റേന്നത്തെ വിരുന്നിനു വേണ്ട ഇറച്ചിയും മറ്റു സാധനങ്ങളും വാങ്ങാൻ മുഴുവൻ പ്രദേശത്തെയും ആളുകൾ വഴിയിൽ ഉണ്ടെന്നു തോന്നിച്ചു. മോട്ടോർ സൈക്കിളിൽ പോലീസുകാർ ട്രാഫിക് നിയന്ത്രിക്കാൻ പാട്പെട്ട് ഓടിനടന്നു. ഇപ്പോൾ വണ്ടിയുടെ വേഗം മണിക്കൂറിൽ അര കിലോമീറ്റർ ആടുകൾ കുളിച്ചു വൃത്തിയായി, തങ്ങൾക്കു വരാൻ പോകുന്ന ഗതിയെപ്പറ്റി തികച്ചും അജ്ഞരായി തല കുലുക്കിയും, കഴുത്തിലെ മണി കിലുക്കിയും ഈ ബഹളം നോക്കിനിന്നു.

ഹാവൂ! രണ്ടര മണിക്കൂർ നേരംകൊണ്ട് ഒരു കിലോമീറ്റർ താണ്ടി, 'ബനിഹാൽ' തീർത്തു. ഇവിടെ മുതൽ ഇനി പ്രകൃതി ആകെ മാറുകയാണ്. വടക്കേ ഇന്ത്യയിലെ വേപ്പും, അമൽതാസും ഗുൽമോഹറും ഒക്കെ മാറി. ഇനിമുതൽ ദേവദാരു, ചിനാർ, പൈൻ മുതലായവയാണ് നമുക്ക് തണൽ വിരിക്കാൻ. അവന്തിപ്പൂർ വായുസേനയുടെ സുപ്രധാനമായ ഒരു സ്റ്റേഷൻ ആണ്. പാക്കിസ്ഥാന്റെയും ചൈനയുടെയും അപ്രകോപിത നീക്കങ്ങളെ ചെറുക്കൻ സദാ സന്നദ്ധരായി ഇവിടെ സൈനികർ നിൽക്കുന്നു. ശ്രീനഗർ ഇനി ദൂരെയല്ല. പരിഭ്രമിക്കുക എന്നത് ഒരു ശീലമാക്കിയിട്ടുള്ള സുഹൃത്തിനെപ്പറ്റി നേരത്തെ സൂചിപ്പിച്ചിരുന്നു. ഉധംപുരിൽ വച്ച് കാർ കഴുകാൻ ഒരു വർക്ക് ഷോപ്പിൽ ഏൽപ്പിച്ചു.

അപ്പോൾ സുഹൃത്ത് : "അല്ല, എടോ വണ്ടിയുടെ ടയർ നല്ലതു തന്നെ. പക്ഷെ, ഒരേ സമയം രണ്ടെണ്ണം ഫ്ളാറ്റ് ആയാലോ?"

ഞാൻ : "ശരിയാണ്. നമ്മൾ ഉധംപുരിൽ നിന്നും ശ്രീനഗറിലേക്ക് യാത്ര ചെയ്യുമ്പോൾ, പെട്ടെന്ന് പാകിസ്ഥാനും ചൈനയും ബോംബിട്ടു കാശ്മീർ തകർത്താലോ?" ആ ഭീതിദമായ സാധ്യതയെ ക്കുറിച്ചോർത്ത് സുഹൃത്ത് കാറിന്റെ ടയറിന്റെ ചിന്ത തൽക്കാലം ഉപേക്ഷിച്ചു.

പക്ഷെ, ശ്രീനഗർ എത്തുന്നതിനു മുന്നേ കാറിന്റെ ഡാഷ്ബോർഡിൽ ചുവപ്പു വെളിച്ചം കണ്ടു. പിന്നിൽ വലതുവശത്തെ വീലിന് കാറ്റ് കുറവ്! സുഹൃത്ത് "ഇപ്പോളെങ്ങിനെയിരിക്കുന്നു?" എന്ന നോട്ടം എന്റെ നേർക്കെറിഞ്ഞു. വഴിയരികിൽ, ഒരു പെട്രോൾ പമ്പിനോട് ചേർന്ന് ട്രക്ക് ടയർ നന്നാക്കുന്ന ഒരു കടയുണ്ടായിരുന്നു. അവിടത്തെ മേസ്തിരി പതിനഞ്ചു മിനിറ്റിൽ പംക്ച്ചർ സീൽ ചെയ്തു തന്നു. ഞങ്ങളുടെ 'മിഷൻ' കേട്ട്, ഓരോ ഫാന്റാ സൗജന്യമായി കുടിക്കാൻ തരികയും ചെയ്തു. യാത്ര തുടരട്ടെ.

'ബനിഹാലിൽ' നിന്നും ശ്രീനഗർ വരെ റോഡ് നല്ലതാണ്. അവാന്തിപ്പൂര എത്തുമ്പോൾ താഴ്വാരം ആയി. ഇവിടെ വായൂ സേനയുടെ ഒരു പ്രധാന ആസ്ഥാനം ഉണ്ട്. സുഖോയ് 30 എം.കെ.-1 എന്ന അത്യാധുനിക യുദ്ധവിമാനങ്ങളെ ഇവിടെ സുരക്ഷയ്ക്കായി വിന്യസിച്ചിരിക്കുന്നു. താഴ്വരയിലെ റോഡിന്റെ മറു വശത്ത് തിരിഞ്ഞാൽ 'പുൽവാമ' ആയി. ഭീകര വാദികൾ 'പുൽവാമയിലൂടെ' പോയ ഒരു സൈനിക കോൺവോയ് ആക്രമിച്ചതും നിരവധി സൈനികർ മരണമടഞ്ഞതും ഏതാനും വർഷങ്ങൾക്കു മുമ്പേ ഈ രാജ്യത്തെ ഉലച്ച വാർത്തയായിരുന്നു.

സുഹൃത്തേ, ഏതെങ്കിലും സിനിമയിലെ ഗാന ചിത്രീകരണം കണ്ടിട്ടാണ് നിങ്ങൾ ശ്രീനഗർ സന്ദർശിക്കാൻ ഇറങ്ങിയതെങ്കിൽ നിങ്ങൾക്ക് നിരാശപ്പെടാൻ ഏറെയുണ്ട്. ശ്രീനഗർ, മറ്റേതൊരു ഇന്ത്യൻ നഗരവും പോലെ ബഹളമയവും, തിരക്കും പൊടിയും നിറഞ്ഞതുമാണ്. പ്രധാന റോഡുകളിലെല്ലാം ഓവറുകളുടെയോ, വീതികൂട്ടലിന്റെയോ ജോലികൾ നടക്കുന്നു. പ്രവർത്തിക്കാത്ത ട്രാഫിക് ലൈറ്റുകൾ ഗതാഗത തടസ്സത്തിന് ആക്കമേറ്റുന്നു. ഇപ്പോൾ ക്ഷമയാണ് ആവശ്യം.

ശ്രീനഗറിലെ വിഖ്യാതമായ 'ദൾ' തടാകത്തിന്റെ കരയിലും ഷാലിമാർ ഉദ്യാനത്തിന്റെ പരിസരത്തും, ലാൽചൗക്കിന്റെ മുന്നിലും മറ്റും സന്ദർശകരെക്കാൾ കൂടുതൽ കച്ചവടക്കാരെ കാണാൻ കഴിയും! വേനൽ തീരാറായി. ഇനി തണുപ്പുകാലം തുടങ്ങും. സന്ദർശകർ തീരെ കുറയും. അതിനു മുൻപേ അവർക്ക് തങ്ങളുടെ കോപ്പുകൾ വിറ്റു തീർക്കണം. കാശ്മീരി ഭക്ഷണം പ്രസിദ്ധമാണ്. മാംസാഹാരങ്ങൾക്കാണ് മുൻതൂക്കം. കൊടും ശൈത്യത്തിൽ ശരീരത്തിന് വേണ്ട ചൂട് നൽകാൻ മാംസാഹാരമാണത്രെ നല്ലത്. 'വാസ് വാൻ' എന്നാൽ കശ്മീരിലെ പ്രസിദ്ധമായ ഭക്ഷണക്രമമാണ്. ഞങ്ങൾ ശ്രീനഗറിലെ "ആഡൂസ്" ഹോട്ടലിൽ ഉച്ച ഭക്ഷണത്തിനു കയറി. തീവ്രവാദം കൊടികുത്തി നിന്നിരുന്ന സമയത്ത് 'ആഡൂസ്' ദേശി-വിദേശി മാധ്യമ പ്രവർത്തകരുടെ ക്യാമ്പ് ആയിരുന്നു. പത്രപ്രവർത്തകരെ കാണുവാൻ പല സംഘടനകളുടെയും കാര്യവാഹികൾ അവിടെ എത്തുകയും ചർച്ച ചെയ്യുകയും പതിവായിരുന്നു. ഉച്ചഭക്ഷണ സമയത്തു 'ആഡൂസ്' നിറഞ്ഞിരുന്നു. ഞങ്ങൾ അവിടെ ഒരു പരീക്ഷണം നടത്തി. കാശ്മീരിൽ സുലഭമായ 'പ്ലം' പഴങ്ങൾ കൊണ്ടുണ്ടാക്കിയ ഒരു വിഭവം 'നാൻ' ന്റെ കൂടെ കഴിച്ചു. 'ആലൂ ബുഖാറ കൊർമ' ഒരുതരത്തിൽ പറഞ്ഞാൽ നമ്മുടെ മാമ്പഴ പച്ചടി / കിച്ചടി (ശർക്കര ചേർത്തുണ്ടാക്കുന്നത്) പോലെയിരിക്കും! മൂത്തു പഴുത്ത 'പ്ലം' ചില മസാലകൾ ചേർത്ത് പാകപ്പെടുത്തുന്നു. കഴിച്ചുകൊണ്ടിരിക്കുമ്പോൾ പഴത്തിന്റെ കുരു വായിൽ വരും! അത് പുറത്തെടുത്തു വയ്ക്കണം.

കാശ്മീരിന്റെ സൗന്ദര്യം അറിയാൻ ശ്രീനഗറിൽ നിന്നും പുറത്തുകടക്കണം. പ്രകൃതി സൗന്ദര്യത്തെക്കുറിച്ച് ഏതെല്ലാം കവിമാർ എന്തെല്ലാം പാടിയിട്ടുണ്ടോ അതെല്ലാം, ഇവിടത്തെക്കുറിച്ചാണെന്നു സംശയിച്ചു പോവും. മലകളും, പുഴകളും, ഹരിതാഭമായ താഴ്വരകളും, മലയോര ഗ്രാമങ്ങളും, പിന്നിൽ തലയെടുത്തു നിൽക്കുന്ന മഞ്ഞണിഞ്ഞ പർവ്വതങ്ങളും എല്ലാം, നിങ്ങളെ സ്വയം ഒരു കവിയാണെന്നു തെറ്റിദ്ധരിപ്പിക്കാൻ പ്രാപ്തമാണ്.

ശ്രീനഗറിലെ തിരക്കും ബഹളവും ഇഷ്ടപ്പെടാത്തവർ സോനാമാർഗിലേക്ക് കുതിക്കും. ഇവിടെ, ശാന്തമായി, പ്രകൃതിസൗന്ദര്യം പൂർണമായും ഉള്ളിലേക്കാവാഹിക്കാൻ കഴിയും. ധാരാളം കോട്ടേജുകളും ഹോട്ടലുകളും ഇവിടെ ഉണ്ട്.

ഞങ്ങൾ എത്തുമ്പോൾ സോനാമാർഗ് അമർനാഥിലേക്കു പോവുന്ന തീർത്ഥയാത്രക്കാരെ സ്വീകരിക്കാൻ ഒരുങ്ങുകയായിരുന്നു. ശിബിരങ്ങൾ കെട്ടിപ്പൊക്കിയും, ലഘു ഭക്ഷണത്തിനു സൗകര്യങ്ങൾ ചെയ്തും സന്നദ്ധ സേവകർ ഓടിനടന്നു. ഞങ്ങൾക്ക് ഇനി സാഹസികതയുടെ അധ്യായം ആരംഭിക്കുകയായി. സോനാമാർഗിൽ നിന്നും 'സോജി ല' എന്ന ദുഷ്കരമായ ചുരം കടക്കണം. 'ല' എന്നാൽ ചുരം. 'സോജി ല' ഉയരത്തിൽ അത്ര വലുതല്ല. പക്ഷെ യാത്ര അപകടം പിടിച്ചതാണ്. ഒരു ഭാഗത്ത് കൂറ്റൻ പർവതവും മറുഭാഗത്ത് അഗാധ ഗർത്തവും. എതിരെ വാഹനങ്ങൾ വരുമ്പോൾ ഓരംചേരാൻ സ്ഥലമില്ല. റോഡിരുന്ന സ്ഥലമെല്ലാം മഞ്ഞുരുകി ഒലിച്ചുപോയിരിക്കുന്നു. ചൂളമടിക്കുന്ന തണുത്ത കാറ്റ് പർവതങ്ങളുടെ ഇടയിലൂടെ വീശിക്കൊണ്ടേയിരിക്കും. 'ഇവിടെ നിങ്ങൾ ഭയക്കാൻ പാടില്ല.' ഇതിങ്ങനെ ഉള്ളിൽ മന്ത്രംപോലെ ഉരുവിട്ടുകൊണ്ടു മുന്നോട്ട്.

അർദ്ധ സൈനിക വിഭാഗമായ ബോർഡർ റോഡ് ഓർഗനൈസേഷൻ (BRO) ആണ് പ്രദേശമെല്ലാം ഗതാഗത യോഗ്യമാക്കാൻ അശ്രാന്തം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ ശ്രമം, പക്ഷെ, വിക്രമാദിത്യന്റെ ചുമലിലെ വേതാളത്തിനെ പോലെയാണ്. ഓരോ ഘട്ടവും പൂർത്തിയാകുമ്പോഴേക്കും മഴ, മഞ്ഞ്, മലയിടിച്ചിൽ എന്നിവ വന്ന് അതെല്ലാം പഴയപടി ആകുന്നു. 'സോജി ല' യിൽ ലഡാഖ് പോലീസ് നിങ്ങളുടെ വിവരങ്ങൾ ശേഖരിക്കും. ആ സമയത്ത് ഒരു ചൂട് ചായയുമാവാം. ഇനിമുതൽ മുന്നോട്ട് നാം സ്വയം ഭരണ പ്രദേശമായ ലഡാക്കിൽ പ്രവേശിക്കുന്നു. ജമ്മുവിലെ സമതലങ്ങൾ എവിടെ? കശ്മീരിന്റെ പച്ചപ്പ് എവിടെ? കളകളം ചെയ്യുന്ന അരുവികൾ എവിടെ? എവിടെ നോക്കിയാലും തവിട്ടു നിറത്തിൽ, ആകാശം മുട്ടെ നിൽക്കുന്ന തീരെ സൗഹൃദ ഭാവമില്ലാത്ത പർവതങ്ങൾ. മനുഷ്യർ, ചെടികൾ, പക്ഷികൾ എല്ലാം പേരിനു മാത്രം.

ഇന്നുള്ള പ്രായപൂർത്തി തികഞ്ഞ എല്ലാ ഇന്ത്യക്കാരും കാർഗിൽ യുദ്ധത്തെപ്പറ്റി കേട്ട് വന്നവർ തന്നെയാണ്. ശ്രീനഗർ - ലെ ഹൈവേ, ചരിത്ര പ്രധാനമായ ദ്രാസ്, കാർഗിൽ പ്രദേശങ്ങളിലൂടെയാണ് വളഞ്ഞും പുളഞ്ഞും പോവുന്നത്. കനത്ത പോരാട്ടം നടന്ന ടോളോലിംഗ് പർവ്വതത്തിനു നേരെ ചുവട്ടിലായി ഇന്ന് ഭാരതീയ സേന ഒരു സ്മാരകം നിർമ്മിച്ചിട്ടുണ്ട്. നമ്മുടെയെല്ലാം സുഖനിദ്രക്കായി സ്വന്തം ജീവൻ ബലിയർപ്പിച്ച അഞ്ഞൂറിലേറെ ജവാന്മാർ ഈ മണ്ണിൽ ഉറങ്ങുന്നു. ഇവിടെ രേഖപ്പെടുത്തിയിട്ടുള്ള യുദ്ധ വിവരണം വായിക്കുമ്പോൾ സൈനിക പരിശീലനം ഇല്ലാത്തവരുടെയും കൈകൾ താനേ ഉയർന്ന് സല്യൂട്ട് ചെയ്തുപോകും. കണ്ണുകൾ ഈറനാകും. നെഞ്ചിൽ ഒരു വിങ്ങൽ നിറയും.

കാർഗിലിൽ, റോഡിനോട് ചേർന്ന് യാത്രക്കാരോട് വിശേഷങ്ങൾ ചോദിച്ചും കുശലങ്ങൾ പറഞ്ഞും സുരു നദി നമ്മുടെ കൂട്ടിനായുണ്ടാവും. മുകളിൽ മഞ്ഞുരുകുന്നതു മൂലം സുരുവിൽ നല്ല വെള്ളവും ശക്തമായ ഒഴുക്കും ഉണ്ട്. സുരു, സിന്ധു നദിയുടെ പോഷക നദിയാണ്. ഇവളെ പിന്നിലാക്കി പോവുക, ഇന്ത്യയുടെ ഏറ്റവും വടക്കുള്ള ഹുൻഡർമാൻ ഗ്രാമത്തിലേക്ക്. ഇവിടെ ഇന്ന് ആൾവാസമില്ല. ആയിരത്തി തൊള്ളായിരത്തി എഴുപത്തി ഒന്നിലെ യുദ്ധത്തിൽ ഇന്ത്യ ഈ ഗ്രാമം പിടിച്ചെടുത്തു. പർവതോന്നതങ്ങളിൽ നിന്നും നോക്കിയാൽ താഴെ ഗർത്തങ്ങൾക്കപ്പുറത്ത് പാകിസ്ഥാൻ ഗ്രാമങ്ങൾ കാണാം. അവരുടെ സൈനികരുടെ കാവൽ പോസ്റ്റുകൾ കാണാം. ഇന്ന് ഹുൻഡർമാൻ സന്ദർശകർക്കായുള്ള ഒരു പോയിന്റ് മാത്രം.

കാർഗിലിൽ നിന്നും ഞങ്ങൾ വളരെ നേരത്തെ പുറപ്പെട്ടു. ഇവിടെ നിന്നും 'ലെ'യിലേക്കുള്ള റോഡ് നല്ലതാണ്. പക്ഷെ, ഉയരം കൂടിക്കൊണ്ടേയിരുന്നു. വഴിയിൽ വരും 'നിമോ'. ഇവിടെ സിന്ധു നദിയും സൻസ്കർ നദിയും രണ്ടു ദിശകളിൽ നിന്നും ഒഴുകിയെത്തി സന്ധിക്കുന്നു. സൻസ്കർ, സിന്ധുവിന്റെ പോഷക നദിയാണ്. 'സിന്ധു!' ചരിത്ര വിദ്യാർത്ഥികൾക്കും പുരാവസ്തു വിജ്ഞാന വിദ്യാർത്ഥികൾക്കും പുളകം നൽകുന്ന പേര്! തെളിമയുള്ള നീല ജലത്തോടെ സിന്ധുവും, ചാരനിറത്തിൽ മലകളിലെ പൊടിയും മണ്ണും പേറി വരുന്ന സൻസ്കറും കൈകോർത്ത് താഴെ സമതലങ്ങളിലേക്കൊഴുകുന്നു. നിമോയിൽ നിന്നും ഒരു മുപ്പത് കിലോമീറ്റർ സഞ്ചരിച്ചൽ 'ലെ' എത്തും. ലഡാക്കിന്റെ തലസ്ഥാനം. വിനോദ സഞ്ചാരികളുടെ താവളം. സായുധ സേനയുടെ ബേസ്ക്യാംപ്, എന്നിങ്ങനെ പലതുമാണ് 'ലെ'.



വിമാനത്താവളം പിന്നിട്ട്, ഇന്ത്യൻ സേനയുടെ യുദ്ധ സ്മാരകവും പിന്നിട്ട് ഒരു നാൽക്കവലയിലെത്താം. ഇവിടെ, 'ലേഹ്'യുടെ സ്ഥാപകനായ സെങ് ഗെ നംഗ്യാലിന്റെ ഒരു ലോഹ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. വീര പരാക്രമിയായ നംഗ്യാൽ പതിനേഴാം നൂറ്റാണ്ടിൽ നിർമ്മിച്ച കൊട്ടാരം ഇപ്പോഴും വാസയോഗ്യമാണ്. തടിയും മണ്ണും കല്ലും കൊണ്ടാണീ കൊട്ടാരം. സിമെന്റ് ചുണ്ണാമ്പ്, സുർക്ക എന്നീ തരത്തിലുള്ള ഒരു പശയും ഉപയോഗിച്ചിട്ടില്ല. ഒരു തികഞ്ഞ ബുദ്ധമതാനുയായിയായ അദ്ദേഹമാണ് ലഡാക്കിലെ സുപ്രസിദ്ധമായ 'ഹെമിസ്' ആശ്രമം പുനർനിർമ്മിച്ചത്. പണ്ഡിതന്മാർക്കിടയിലെ ഒരു വാദമനുസരിച്ച് ക്രിസ്തു തന്റെ ജീവിതത്തിലെ പതിനഞ്ചും ഇരുപത്തിഒൻപതും വയസ്സിനിടയിലുള്ള സമയം ജ്ഞാന സമ്പാദനത്തിനായി ലോകമെങ്ങും അലഞ്ഞു. അക്കൂട്ടത്തിൽ ഹെമിസ് ആശ്രമത്തിലും ചെലവഴിച്ചുവത്രെ നിക്കോളാസ് നൊട്ടൊവിച് എന്ന ചരിത്രകാരൻ 'ജീസസ് ലിവ്ഡ് ഇൻ ഇന്ത്യ' എന്ന പുസ്തകത്തിൽ വിവരിക്കുന്നു.

ഹെമിസ് ആശ്രമം ഏറ്റവും പുരാതനവും സമ്പന്നവുമായ ഒന്നാണ്. വജ്രയാന ബുദ്ധമതം ആണിവിടെ. പ്രായഭേദമെന്യേ വൃദ്ധ-കുട്ടി ലാമമാർ കാപ്പിപ്പൊടി നിറമുള്ള അങ്കിയും, മഞ്ഞ നിറത്തിലുള്ള കൈയില്ലാ ഷർട്ടും ധരിച്ച് അങ്ങുമിങ്ങും നടക്കുന്നു. ഞങ്ങൾ ചെല്ലുമ്പോൾ വരാനിരിക്കുന്ന ഏതോ ആഘോഷത്തിന് വേണ്ടി ലാമമാർ നൃത്തം പരിശീലിക്കുകയായിരുന്നു.


തപ്പിന്റെയും കുഴലിന്റെയും നാദത്തിനൊപ്പിച്ച് മരത്തിൽ തീർത്ത ഷൂസ് ധരിച്ച് അവർ ഒരു വൃത്തത്തിൽ ആഞ്ഞും ചാഞ്ഞും നൃത്തം ചെയ്തു.

ക്രിസ്തുവിനെപ്പറ്റിയുള്ള വിവരം ഞങ്ങൾ അവിടത്തെ ഒരു ലാമയോട് അന്വേഷിച്ചു. "ഇവിടെയും ചിലർ ഇതിനെപ്പറ്റി സംസാരിക്കാറുണ്ട്. പക്ഷെ ആധികാരികമായി ഒരു രേഖയും ഞാൻ കണ്ടിട്ടില്ല. പുരാതന താളിയോല രേഖകളും ഗ്രന്ഥങ്ങളും ഇന്നിപ്പോൾ ഒരു അടച്ചുറപ്പുള്ള അറയിൽ സംരക്ഷിക്കുകയാണ്. അവിടെ ആർക്കും പ്രവേശനവുമില്ല". അദ്ദേഹം അറിയിച്ചു. ദുരൂഹത തുടരുന്നുവെന്നു ചുരുക്കം. (തുടരും...)

## പുസ്തക പ്രകാശനം



കണ്ണൂർ ചിറക്കൽ കോവിലകത്തെ **പ്രദീപ് വർമ്മയുടെ** പ്രഥമ കൃതിയും യാത്രാവിവരണവുമായ **'കണ്ടു തീരാതെ കർണ്ണാടകം'** ജനുവരി 23-ന് കോഴിക്കോട് അളകാപുരിയിൽ വെച്ചു നടന്ന ചടങ്ങിൽ പ്രകാശിതമായി. രചയിതാവിന്റെ പിതൃസഹോദരനായ ടി.ആർ. രാമവർമ്മയുടെ അദ്ധ്യക്ഷതയിൽ വിദ്യാഭ്യാസ വിചക്ഷണനും ഷാർജ എമിറേറ്റ്സ് നാഷണൽ സ്കൂൾ ഡയറക്ടറുമായ രവി തോമസിന് ആദ്യ കോപ്പി നൽകിക്കൊണ്ട് 'ജന്മഭൂമി' എഡിറ്റർ കാവാലം ശശികുമാർ പ്രകാശനകർമ്മം നിർവഹിച്ചു. ഗുരുവായൂരപ്പൻ കോളേജ് പ്രൊഫസറും മലയാള ഭാഷാപണ്ഡിതനും നിരൂപകനുമായ ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ പുസ്തകപരിചയം നടത്തി. ഡോ. ആര്യ (റിട്ട. വി.സി., കേരള കാർഷിക സർവകലാശാല), ജി. നന്ദകുമാർ (റിട്ട. SM, കനറാ ബാങ്ക്) എന്നിവർ ആശംസ നേർന്നു. പ്രസാധകരായ വേദ ബുക്സിന്റെ സാരഥി ഷാബു പ്രസാദ് സ്വാഗതവും എം.എൻ. സുന്ദർരാജ് നന്ദിയും രേഖപ്പെടുത്തി.



# രാമായണം

## ഭാഗം– 1

**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

ജയവിജയന്മാർ, വൈകുണ്ഠത്തിലെ ദ്വാരപാലകന്മാരായിരുന്നു. ഒരിക്കൽ, സനകാദി മുനികൾ വിഷ്ണുവിനെ കാണാൻ ചെന്നപ്പോൾ, അവർ തടഞ്ഞു. കോപാന്ധരായ മുനിശ്രേഷ്ഠന്മാർ അവരെ ശപിച്ചു. അങ്ങിനെ ജയവിജയന്മാർക്ക് മൂന്ന് രാക്ഷസജന്മം അനുഭവിക്കേണ്ടി വന്നു. ആദ്യത്തെ ജന്മത്തിൽ ഹിരണ്യാക്ഷൻ – ഹിരണ്യകശിപു, രണ്ടാമത്തേതിൽ രാവണൻ – കുംഭകർണ്ണൻ, മൂന്നാമത്തേതിൽ ശിശുപാലൻ – ദന്താവക്ത്രൻ, എന്നിങ്ങനെയായിരുന്നു. അങ്ങിനെ രാമായണത്തിലെ മുഖ്യകഥാപാത്രങ്ങളായ, രാവണനും കുംഭകർണ്ണനും മുൻജന്മത്തിൽ ജയവിജയന്മാരായിരുന്നു. നാരായണീയത്തിൽ, 34, 35 എന്നീ ദശകങ്ങളിൽ ആയിട്ടാണ്, ശ്രീ മേല്പുത്തൂർ നാരായണഭട്ടതിരിപ്പാട് അവർകൾ, രാമായണം അവതരിപ്പിച്ചിട്ടുള്ളത്.

നാരായണീയം – ദശകം 34

**പദ്യം 1**

ഗീർവാണൈരർത്ഥ്യമാനോ ദശമുഖനിധനം
കോസലേഷ്വൃശ്യശൃങ്ഗേ
പുത്രീയാമിഷ്ടിമിഷ്ട്വാ ദദുഷി ദശരഥ–
ക്ഷ്മാഭൃതേ പായസാഗ്ര്യം;
തദ്മുക്ത്യാ തത്പുരന്ധ്രീഷ്വപി തിസൃഷു സമം
ജാതഗർഭാസു ജാതോ
രാമസ്ത്വം ലക്ഷ്മണേന സ്വയമഥ ഭരതേ–
നാപി ശത്രുഘ്നനാമ്നാ.

**സാരം:–** ഭഗവാനോട്, ദേവന്മാർ രാവണനെ കൊല്ലാൻ അപേക്ഷിച്ചതനുസരിച്ച് പുത്രകാമേഷ്ടി യാഗം നടന്നു. അതിലെ പ്രസാദമായ പായസം കഴിച്ചിട്ട് ദശരഥ പത്നിമാരിലൂടെ ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നീ പുത്രന്മാർ ഉണ്ടായി.

**പദ്യം 2**

കോദണ്ഡീ കൗശികസ്യ ക്രതുവരമവിതും,
ലക്ഷ്മണേനാനുയാതോ
യാതോഽഭൂസ്താ താതവാചാ, മുനികഥിതമനു–
ദ്വന്ദ്വശാന്താധ്വഖേദഃ;
നൃണാം ത്രാണായ ബാണൈർമുനിവചനബലാ–
ത്താടകാം പാടയിത്വാ
ലബ്ധ്വാസ്മാദസ്ത്രജാലം മുനിവനമഗമോ
ദേവ! സിദ്ധാശ്രമാഖ്യം.

**സാരം:–** അച്ഛന്റെ സമ്മതപ്രകാരം, വിശ്വാമിത്ര മഹർഷിയുടെ യാഗം രക്ഷിക്കാനായി രാമ-ലക്ഷ്മണന്മാർ അമ്പും വില്ലും എടുത്ത് പുറപ്പെട്ടു. മഹർഷി ഉപദേശിച്ച രണ്ട് മന്ത്രങ്ങളാൽ യാത്രാക്ഷീണമുണ്ടായില്ല. മഹർഷിയുടെ നിർദ്ദേശപ്രകാരം താടകയെ കൊന്ന് 'സിദ്ധാശ്രമ'ത്തിലെത്തി.

**പദ്യം 3**

മാരീചം ദ്രാവയിത്വ മഖശിരസി ശരൈ–
രന്യരക്ഷാംസി നിഘ്നൻ
കല്യാം കുർവന്നഹല്യാം പഥി പദരജസാ
പ്രാപ്യ വൈദേഹഗേഹം;
ഭിന്ദാനശ്ചാന്ദ്രചൂഡം ധനുരവനിസുതാ–
മിന്ദിരാമേവ ലബ്ധ്വാ
രാജ്യം പ്രാതിഷ്ഠഥാസ്ത്വം ത്രിഭിരപി ച സമം
ഭ്രാതൃവീരൈസ്സദാരൈഃ.

**സാരം:–** വഴിയിൽ മാരീചനെ ഓടിച്ചു; മറ്റ് രാക്ഷസന്മാരെ കൊന്നൊടുക്കി. ശ്രീരാമന്റെ പാദധൂളി തട്ടി അഹല്യക്ക് മോക്ഷം കിട്ടി. മിഥിലാ രാജ്യത്ത് ചെന്ന്, ശൈവചാപം മുറിച്ച്, സീതാദേവിയെ നേടി. പിന്നെ വിവാഹിതരായ മറ്റ് മൂന്ന് അനുജന്മാരോടൊപ്പം, സ്വന്തം രാജ്യത്തേക്ക് യാത്രയായി.

**പദ്യം 4**

ആരുന്ധാനേ രുഷാന്ധേ ഭൃഗുകുലതിലകേ
സംക്രമയ്യ സ്വതേജോ
യാതേ യാതേഽസ്യയോധ്യാം, സുഖമിഹ നിവസൻ
കാന്തയാ കാന്തമൂർത്തേ!
ശത്രുഘ്നേനൈകദാഽഥോ ഗതവതി ഭരതേ
മാതുലസ്യാധിവാസം
താതാരബ്ധോഽഭിഷേകസ്തവ കില വിഹതഃ
കേകയാധീശപുത്ര്യാ.

**സാരം:-** വഴിയിൽ മുൻകോപിയായ, പരശുരാമൻ അവരെ തടഞ്ഞുവെങ്കിലും, തന്റെ തേജസ്സിനെ ശ്രീരാമനിലേക്ക് പകർന്ന് കൊടുത്ത് സ്ഥലം വിട്ടു. പിന്നീട്, അവർ അയോദ്ധ്യയിലെത്തി സുഖമായി ജീവിതം നയിച്ചു. ഒരു ദിവസം ഭരതനും ശത്രുഘ്നനും തന്റെ അമ്മാവന്റെ വീട്ടിലേയ്ക്ക് പോയപ്പോൾ, പിതാവ് നടത്താൻ തുടങ്ങിയ രാമന്റെ രാജ്യാഭിഷേകം കൈകേയി തടഞ്ഞു.

**പദ്യം 5**

താതോക്ത്യാ യാതുകാമോ
വനമനുജവധൂസംയുക്തശ്ചാപധാരഃ
പൗരാനാരുദ്ധ്യ മാർഗേ
ഗുഹനിലയഗതസ്ത്വം ജടാചീരധാരീ;
നാവാ സന്തീര്യഗംഗാമധിപദവി
പുനസ്തം ഭരദ്വാജമാരാ-
ന്നത്വാ തദ്വാക്യഹേതോരതിസുഖന
വസശ്ചിത്രകൂടേ ഗിരീന്ദ്രേ.

**സാരം:-** ശ്രീരാമൻ, സീതയോടും തന്റെ സഹോദരൻ ലക്ഷ്മണനോടും കൂടി വനയാത്ര തുടങ്ങി. വഴിയിൽ വെച്ച്, തന്റെ കൂടെ വന്ന നാട്ടുകാരെ തിരിച്ചയച്ച്, ഗുഹന്റെ ഭവനത്തിൽ എത്തി. അവിടെ വെച്ച്, മരവുരിയും മറ്റും ധരിച്ചശേഷം ഗുഹൻ തന്റെ തോണിയിൽ ഗംഗാനദി കടത്തി. ഭരദ്വാജിനെ വഴിയിൽ വെച്ച് കണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരം, ചിത്രകൂടത്തിൽ താമസമാക്കി.

**പദ്യം 6**

ശ്രുത്വാ പുത്രാർത്തിഖിന്നം ഖലു ഭരതമുഖാത്
സ്വർഗയാതം സ്വതാതം
തപ്തോ ദത്വാംബു തസ്മൈ നിദതിഥ ഭരതേ
പാദുകാം മേദിനീം ച;
അത്രിം നത്വാഥ ഗത്വാ വനമതിവിപുരം
ദണ്ഡകം ചണ്ഡകായം
ഹത്വാ ദൈത്യം വിരാധം സുഗതിമകലയ-
ശ്ചാരു ഭോഃ ശാരഭംഗീം.

**സാരം :-**

അച്ഛന്റെ വിയോഗം ഭരതനിൽ നിന്ന് മനസ്സിലാക്കിയ ശ്രീരാമൻ ഉദകക്രിയ നടത്തുകയും തന്റെ പാദുകങ്ങളും, ഭൂമിയും, ഭരതനെ ഏല്പിക്കുകയും ചെയ്തു. പിന്നെ അത്രി മഹർഷിയെ വണങ്ങിയിട്ട്, വിശാലമായ ദണ്ഡകാരണ്യത്തിലെത്തി, 'വിരാധ'നെ കൊന്നു. 'ശരഭങ്ഗ' മുനിക്ക് മോക്ഷം നൽകി.

**പദ്യം 7**

നത്വാഗസ്ത്യം സമസ്താശരനികരസപ-
ത്രീകൃതിം താപസേഭ്യഃ
പ്രത്യശ്രൗഷീഃ പ്രിയൈഷീ തദനു ച മുനിനാ
വൈഷ്ണവേ ദിവ്യചാപേ;
ബ്രഹ്മാസ്ത്രേ ചാപി ദത്തേ പഥി പിതൃസുഹൃദം
വീക്ഷ്യ ഭൂയോ ജടായും
മോദാദ് ഗോദാതടാന്തേ പരിരമസി പുരാ
പഞ്ചവട്യാം വധൂട്യാ.

**സാരം:-** അഗസ്ത്യനെ കണ്ട് വണങ്ങി, അദ്ദേഹത്തിന് വേണ്ടി അവിടെയുള്ള രാക്ഷസന്മാരെയെല്ലാം കൊന്നൊടുക്കി. അച്ഛന്റെ സുഹൃത്തായ ജടായുവിനെ കണ്ടു. ഗോദാവരി തീരത്തുള്ള 'പഞ്ചവടി'യിൽ സീതാസമേതം താമസമായി.

**പദ്യം 8**

പ്രാപ്തായാഃ ശൂർപ്പനഖ്യാ
മദനചലധൃതേരർത്ഥനൈർനിസ്സഹാത്മാ
താം സൗമിത്രൗ വിസൃജ്യ പ്രബലതമരുഷാ
തേന നിർല്ലൂനനാസാം;
ദൃഷ്ട്വൈനാം രുഷ്ടചിത്തം ഖരമഭിപതിതം
ദൂഷണഞ്ച ത്രിമൂർദ്ധം
വ്യാഹിംസീരാശരാനപ്യയുതസമധികാംസ്തത്
ക്ഷണാദക്ഷതോഷ്മാ.

**സാരം:-** അവിടെ വെച്ച്, കാമാന്ധയായ, ശൂർപ്പണഖയെ കാണുകയും ലക്ഷ്മണൻ അവളുടെ മൂക്ക് മുറിച്ച് കളയുകയും ചെയ്തു. പിന്നെ ഖരൻ, ഭൂഷണൻ, ത്രിശിരസ്സ് എന്നീ രാക്ഷസന്മാർ യുദ്ധത്തിന് വന്നു. അവരെയെല്ലാം കൊന്നൊടുക്കി.

*ശേഷം 45-ൽ*



# ശ്രീരാമഗീതയിലൂടെ...

**രവീന്ദ്രവർമ്മ അംബാനിലയം**
ഓമല്ലൂർ, മൊ. 9496107399

(കഴിഞ്ഞലക്കം തുടർച്ച...)

വായുപുത്രാ! ലൗകികതയിൽ നിന്നും മോചനം നേടാൻ ആഗ്രഹിക്കുന്ന അങ്ങ് അത് നേടാനും, എന്റെ യഥാർത്ഥ രൂപം അറിയുന്നതിനും ആത്മ ജ്ഞാനമാകുന്ന വേദാന്ത വാക്യങ്ങളുടെ അദ്ധ്യയനം തുടങ്ങുക. ലൗകിക പ്രേരണകൾക്ക് അതീതവും, പാപാദി ദോഷങ്ങളിൽ നിന്ന് മുക്തമായതും, അചലം, പൂർണ്ണം, അദ്വിതീയം എന്നീ അവസ്ഥകൾ ചേർന്നതുമാണ് എന്റെ സ്വരൂപം, ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നിവയ്ക്കും അപ്പുറമാണ് അതിന്റെ സ്ഥിതി എന്നറിഞ്ഞാലും. കേവലം ജ്ഞാനമയം, അത്യന്ത സൂക്ഷ്മം, ഗുണരഹിതം എന്നിങ്ങനെ വ്യവഹരിക്കുന്ന അരൂപം സാക്ഷാൽ ബ്രഹ്മം തന്നെയാണ്. അത് തന്നെയാണ് എന്റെ യഥാർത്ഥ അത്ഭുതസ്വരൂപവും. വേദാന്തങ്ങളിൽ പ്രതിപാദ്യമാണ് ആ രൂപം. വേദാന്തം കൊണ്ടല്ലാതെ മറ്റു വചനങ്ങൾ കൊണ്ട് അതിന്റെ യഥാർത്ഥ ജ്ഞാനം ഒരിക്കലും കിട്ടുകയില്ല എന്ന സത്യം മനസ്സിലാക്കുക. ബ്രഹ്മസംബന്ധിയായ എല്ലാ രഹസ്യങ്ങളും ദേവീസ്വരൂപമായ ഉപനിഷത്തുക്കളിൽ അടങ്ങിയിട്ടുണ്ട്. സംസാരിക ദുഃഖങ്ങളിൽ തപ്തനായ അങ്ങ് ഉപനിഷത്തുക്കളാകുന്ന ദേവിയുടെ ആശയം സ്വീകരിച്ചാലും തന്റെ അന്തർഭാഗത്ത് സ്വഛന്ദം പരിലസിക്കുന്ന ദേവിയുടെ രൂപമാണ് ഉപനിഷത്തുക്കൾ. എല്ലാ ആത്മ ജ്ഞാനതത്വങ്ങളുടെയും ഉറവിടമാണ് അത്.

ഭഗവാനേ തിരുവുള്ളക്കേട് ഉണ്ടാകരുത്, വേദങ്ങൾ എന്ന് അറിയപ്പെടുന്നത് യഥാർത്ഥത്തിൽ എന്താണ്? അത് ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ ഏതെല്ലാമാണ്? പ്രഭോ ഈ വേദങ്ങൾ എത്ര വിധമാണ്, ഇവയുടെ ഉപാസനകൊണ്ട് ജന്മാന്തരങ്ങളിലെ ദുരിതമകറ്റി മോക്ഷപ്രാപ്തിയിലേക്ക് ഉയരും എന്ന് അങ്ങ് അരുളി ചെയ്തു. അതിനെക്കുറിച്ച് വിശദമായി പറയുവാൻ കനിവുണ്ടാകണം. ഭഗവാനേ സംസാരമാകുന്ന കിണറ്റിൽ ഒരിക്കൽ കൂടി പതിക്കാതെ വൈകല്യമുക്തിക്ക് എന്താണ് ചെയ്യേണ്ടത്? എന്നുകൂടി പറഞ്ഞുതന്നാലും.

സ്വസിദ്ധമായ പുഞ്ചിരിയോടെ ഭഗവാൻ തുടർന്നു. അല്ലയോ വായൂപുത്രാ ശത്രുസംഹാരകനേ, പരംപൊരുളായ വിഷ്ണു എന്ന് വിവക്ഷിക്കുന്ന എന്നിൽ അന്തർലീനമായിരിക്കുന്ന നിശ്വതികളുടെ രൂപത്തിലാണ് വേദങ്ങളുടെ ഉത്പത്തി. ആളിക്കത്തുന്ന ദീപപ്രഭപോൽ ഈ വേദങ്ങളിൽ വേദാന്തതത്വങ്ങൾ പൂർണ്ണ രൂപത്തിൽ വിരാജിക്കുന്നു. ഋഗ്വേദത്തിൽ നിന്ന് തുടങ്ങുന്ന വേദങ്ങൾ നാലുവിധമാണെന്നറിഞ്ഞാലും ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവേദം കൂടാതെ ഋഗ്വേദത്തിന്, ഇരുപത്തിയൊന്ന് ശാഖകളും, യജുർവേദത്തിന് നൂറ്റിയൻപതും, സാമവേദത്തിന് ഒരായിരം ശാഖകളും അഥർവ്വവേദത്തിന് അൻപത് ശാഖകളും ഉണ്ട്. ഈ പറയുന്ന ഓരോ ശാഖയേയും ഓരോരോ ഉപനിഷത്തുകൾ എന്നാണ് വ്യവഹരിച്ചു പോരുന്നത്. ഇവയിലേതെങ്കിലും ഒന്നിൽ അടങ്ങിയിരിക്കുന്ന ഒരു മന്ത്രമെങ്കിലും സ്വായത്തമാക്കി എന്നെ ഉപാസിച്ചാൽ മനുഷ്യജന്മങ്ങൾക്ക് ഏറെ ദുർലഭമായ സായൂജ്യം എന്ന സദ്ഗതി പ്രാപിക്കാൻ കഴിയും. യഥാക്രമം വൈകല്യം, സായൂജ്യം, സാലോക്യം, സാരൂപ്യം എന്നിങ്ങനെയാണ് മോക്ഷപ്രാപ്തി. ഇതിൽ ഏറ്റവും ഉന്നതിയിൽ നിൽക്കുന്നത്, വൈകല്യമാണ്. രണ്ടാമതാണ് സായൂജ്യം.

ആഞ്ജനേയ, അതിനായി വേദശാഖകളിലെ സംഹിത, ബ്രാഹ്മണം, ഉപനിഷത്ത് എന്നിവയിൽ ആദ്ധ്യാത്മിക തത്വപ്രതിപാദനത്തിന് ഏറെ പ്രാധാന്യം നൽകിയിട്ടുള്ള ഉപനിഷത്തുക്കളെക്കുറിച്ച് ഞാൻ പറയാം. ഈശം, കേനം, കഠം,

പ്രശ്നം, മുണ്ഡകം തുടങ്ങി 108 ഉപനിഷത്തുക്കളെ ക്കുറിച്ച് ഭഗവാൻ പറഞ്ഞ് കൊടുക്കുന്നു. ഇവയുടെ ഉപാസനയിലൂടെ അസംഭാവന, സംശയഭാവന, വിപരീത ഭാവന എന്നീ ത്രിദോഷങ്ങളെ തരണം ചെയ്യാൻ സാധിക്കും. ഇതിൽ മാണ്ഡൂക്യോപനിഷ ത്തിന്റെ പഠനം കൊണ്ട് മാത്രം വൈകല്യ മുക്തിയെ പ്രാപിക്കാം. അത്രക്ക് ശ്രേഷ്ഠമാണ് അത് എന്നറിഞ്ഞാലും. ഈ പറഞ്ഞ ഉപനിഷത്തു ക്കളുടെ അദ്ധ്യയനം കൊണ്ട് എന്നെക്കുറിച്ചുള്ള ജ്ഞാനം നേടി ബ്രഹ്മലോകത്തേക്കാൾ ശ്രേഷ്ഠ മായ വൈകുണ്ഠത്തിൽ എത്തി എന്നോട് ചേർന്ന് മുക്തനായി തീരും. അതുകൊണ്ട് വായൂപുത്ര അങ്ങയുടെ മരണഭയം ഒഴിഞ്ഞ് ജീവൽമുക്തി നേടാൻ ഉപനിഷത്തുക്കളിൽ അഭയം തേടുക. ഇഹത്തിൽ ദൃശ്യമാകുന്ന പ്രാരാബ്ധ ദുഃഖങ്ങളിൽ രക്ഷനേടാൻ വിദ്ദേഹമുക്തിയിലൂടെ സാദ്ധ്യമാ കുന്നതാണ്. ആയതിന് 108 ഉപനിഷത്തുക്കളുടെ പാരായണം മാത്രം മതിയാകും. ഇവയിലെ തത്വ ങ്ങൾ അറിഞ്ഞു കൊണ്ടോ, അറിയാതെയോ ശ്രവിക്കുന്നവർക്കുപോലും സംസാരബന്ധത്തിൽ നിന്ന് മോചനം നേടാനാ കുമെന്ന് അറിഞ്ഞാലും. ഇപ്രകാരം രാമഗീതയുടെ ഒന്നും, രണ്ടും അദ്ധ്യായ ങ്ങളിലൂടെ വേദ, ഉപനിഷത്തുക്കളുടെ മാഹാത്മ്യ ത്തെക്കുറിച്ചാണ് ഭഗവാൻ പവനപുത്രന് പറഞ്ഞു നൽകുന്നത്.

മൂന്നാം അദ്ധ്യായത്തിൽ ജ്ഞാനയോഗ നിരൂ പണത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഭഗവാനെ ഭക്തവത്സലാ, ജീവാത്മാവിന് ജനനം ഉണ്ടോ? ഉണ്ടെങ്കിൽ അതിന് നാശം ഉണ്ടാകണ മല്ലോ. നാശമുണ്ടങ്കിൽ അത് എങ്ങനെ ബ്രഹ്മമാകും. അദ്വൈതവാദത്തിലും ദ്വൈതാ വസ്ഥയിലും ജീവാത്മാവിനെ രണ്ടു തരത്തിലാ ണല്ലോ വിവക്ഷിക്കുന്നത്. ഏതാണ് ശരി ഏതാണ് തെറ്റ്? കരുണാനിധിയേ ഈ സിദ്ധാന്തത്തെ ക്കുറിച്ചുള്ള എന്റെ സംശയം ദൂരീകരിച്ചാലും.

ഇത് കേട്ടമാത്രയിൽ ലവലേശം മടി കൂടാതെ ഭഗവാൻ ഹനുമാനോട് ഇപ്രകാരം പറഞ്ഞു. അദ്വൈത വാദികളുടെ മതമനുസരിച്ച് ജീവനും ബ്രഹ്മവുമായി കാര്യവും – കാരണവും തമ്മിലുള്ള ബന്ധമുണ്ട്, അവരുടെ നിരീക്ഷണത്തിൽ ജീവാ ത്മാവിന് ഉത്പത്തിയെന്ന അവസ്ഥയുണ്ട്. അങ്ങ നെയില്ല എന്ന് അംഗീകരിച്ചാൽ അതിന് നാശമി ല്ലെന്ന് വരും. നാശമില്ലെന്ന് വന്നാൽ ദ്വൈതം നിത്യമായി തീരും. ആ അവസ്ഥയിൽ അദ്വൈത വേദാന്തത്തിന് വിരുദ്ധമായ തത്വം അംഗീകരിക്കേ ണ്ടിവരും. രണ്ട് തരത്തിലുള്ള ജീവാത്മാക്കളുടെ നാശവും രണ്ട് വിധമാണെന്നറിയുക. "ത്വം" എന്ന പദത്തിന്റെ വാച്യമായ ജീവാത്മാവ് ലൗകികവും ദേഹധാരിയുമാണ്. തപിക്കുന്ന ഇരുമ്പിന് ഉണ്ടാ കുന്ന ആഭ്യന്തര മാറ്റത്തോട് സമമാണ് അവിദ്യ കൊണ്ട് ജനിക്കുന്ന ജീവന്റെ നാശം. അത് വികാര പരമായ അവസ്ഥകൊണ്ടാണ് നശിക്കുന്നത്. എന്നാൽ മറ്റുവിധത്തിലുള്ള "ത്വം" എന്ന പദ ത്തിന്റെ ലക്ഷണാർത്ഥത്തിൽ വരുന്ന ജീവാത്മാവ്, ലൗകികവും, സാക്ഷിയും ചൈതന്യപൂർണ്ണവും, പ്രത്യാശാത്മാവ് എന്നറിയപ്പെടുന്നതുമാണ്. തീയിൽ നിന്ന് തീപ്പൊരി ഉയരുന്നതുപോലെ ബ്രഹ്മവിദ്യയിൽ നിന്നും ജനിച്ച ജീവാത്മാവിന്റെ നാശമെന്നത് അദ്വൈതവും ജ്ഞാനമയവും ബ്രഹ്മ രൂപവുമായ തന്റെ പ്രകൃതിയിൽ തന്നെ ലയിച്ചു ചേരുകയെന്നതാണ്. ഭൂമിയിലെ സർവ്വഭൂതങ്ങളും ജനിക്കുന്നുവോ. ജീവിക്കുന്നുവോ ഏതൊന്നി ലാണ് അവ ലയിച്ചു ചേരുന്നത് ആ ആദ്വൈത ബ്രഹ്മത്തെ മോക്ഷപ്രാപ്തിയ്ക്കായി തിരിച്ചറിയേ ണ്ടതാണ്. അദ്ധ്യാത്മ ശാസ്ത്രമവലംബിച്ച് സദ്ഗുരുവിന്റെ കൃപാശക്തികൊണ്ട് ജീവാത്മാ വിനെയും ബ്രഹ്മത്തെയും കുറിച്ചും ചിന്തിക്കാ നാവുക. അങ്ങനെ ചിന്തിക്കുമ്പോൾ മാത്രമാണ് പുരുഷാർത്ഥങ്ങൾ നേടാൻ കഴിയുക. കൂടാതെ ജീവിതത്തിന്റെ കാരണസ്വരൂപത്തെ വേണ്ടതു പോലെ തിരിച്ചറിയണം. അതിനെ ധ്യാനി ക്കുകയും വേണം. സർവ്വജ്ഞനും, സർവ്വലോ കേശനും മായയാകുന്ന ഉപാധിയോട് കൂടിയവ നുമായ പരമശിവനെ ചിത്ത ശുദ്ധിക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമൂലം സമസ്ത ജീവികളുടെയും ഉൽപ്പത്തിസ്ഥാനമായ പരമപദം കൈവരിക്കാ നാകും. വായൂപുത്രാ പ്രകൃതിയിൽ അവ്യക്തമായി സ്ഥിതി ചെയ്യുന്ന ബ്രഹ്മഭാവം നിർഗ്ഗുണ ബ്രഹ്മ മാണെന്നും വ്യക്തമായി വിദ്യാഭാവത്തിൽ സ്ഥിതി ചെയ്യുന്ന ഈശ്വരീയ ഭാവം സുഗുണ ബ്രഹ്മമാ ണെന്നും തിരിച്ചറിയണം. ഇപ്രകാരം ചിന്തിച്ചുറച്ച് ശ്രേഷ്ഠമായ നിർഗുണ ബ്രഹ്മത്തെ ധ്യാനിച്ചാൽ കൈവല്ല്യമുക്തി പ്രാപിക്കാൻ കഴിയും. ശരീരം തന്നെയാണ് ആത്മാവെന്ന് തെറ്റിധരിച്ച് ഭ്രാന്ത

മായി അതിനെ ഉപവസിച്ച് ലോകജീവിതം നയിക്കുന്നവർക്ക് ആ മായാമോഹത്തിൽ നിന്നും മോചനം നേടാൻ ബ്രഹ്മോപാസന കൊണ്ട് മാത്രമേ സാദ്ധ്യമാകൂ. ജീവന്റെയും, ഈശ്വരന്റെയും സാക്ഷിയാണ് ചേതനാ ചേതനങ്ങളെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം എന്നറിയുക. അതിനെ അന്വേഷിച്ചറിഞ്ഞ് ധ്യാനപൂർവ്വം സ്വയം പ്രത്യക്ഷനാക്കുന്നവനാണ് ബ്രഹ്മജ്ഞാനി.

നാലാം അദ്ധ്യായത്തിൽ ജീവൻ മുക്തിയെക്കുറിച്ചാണ് ഭഗവാൻ പറയുന്നത്. "ഭഗവാനേ ഏതൊരു ജ്ഞാനം കൊണ്ടാണോ മനുഷ്യർക്ക് ജീവൻ മുക്തി അനുഭവിക്കാൻ കഴിയുന്നത് അതിനെക്കുറിച്ച് എനിക്ക് പറഞ്ഞുതന്നാലും" എന്ന ഹനുമാന്റെ അപേക്ഷപ്രകാരം ഭഗവാൻ തുടർന്നു ആഞ്ജനേയ സച്ചിദാനന്ദ ലക്ഷണങ്ങളോട് കൂടിയതും, പരിപൂർണ്ണമായതുമായ പരമാത്മാവിനെ ജ്ഞാനംകൊണ്ട് മാത്രമേ കരഗതമാക്കാൻ സാധിക്കൂ. നാമരൂപാത്മകമായ ലോകത്തിനും അതിൽ വസിക്കുന്ന ജീവികൾക്കും, നാമരഹിതമായ നിർഗ്ഗുണബ്രഹ്മത്തിന്റെ സത്ത ഉൾക്കൊള്ളാൻ കഴിയില്ല. "ഞാൻ ദേഹമാണ് എന്ന തോന്നലാണ് ലൗകിക ബന്ധം. ഞാൻ ബ്രഹ്മമാകുന്നു എന്ന ചിന്ത ഉദിച്ചാൽ മോക്ഷമാകുന്നു. ഇത്തരം ശ്രേഷ്ഠചിന്ത ഉടലെടുക്കുന്നവർക്ക് ഭയം ഇല്ലാതാകുന്നു. ശരീരത്തെ ആത്മാവായി ധരിക്കുമ്പോൾ ബുദ്ധി ഉള്ളവർക്ക് പോലും ഭയം ജനിക്കുന്നു. അതുകൊണ്ട് എല്ലാവിധ പ്രയത്നത്തിലൂടെയും, ദേഹമാണ് ആത്മാവ് എന്ന ചിന്ത ത്യജിക്കണം. ഞാൻ അഖണ്ഡവും, അനന്തവും, പരിപൂർണ്ണവും, അദ്വിതീയവുമാണെന്ന ചിന്തയോട് കൂടിയ ഉറച്ച ധ്യാനം ജീവൽ മുക്തിയിലേക്ക് നയിക്കുന്നു. കൂടാതെ അഹം എന്ന ഭാവം വെടിഞ്ഞ് ജീവിക്കുന്നവനും, വികാര രഹിതമായ ആത്മജ്ഞാനത്തോട് കൂടിയവനും, മുക്തി ലഭിക്കുന്നു. സ്ഥൂലശരീരത്തോട് അഹംബുദ്ധി ഇല്ലാത്തവന് സംസാരിക ബന്ധം കാണില്ലല്ലോ. വായൂപുത്രാ ബാഹ്യവും ആന്തരികവുമായ സകലവികാരങ്ങളും ദുരീകരിച്ച് ഏകമായി ശേഷിച്ച് നിൽക്കുന്നതും ശ്രേഷ്ഠവും, ത്രിഗുണാതീതവും പരിപൂർണ്ണജ്ഞാന സ്വരൂപമായി സ്ഥിതി ചെയ്യുന്നതുമായ ഉത്തമബ്രഹ്മത്തിൽ മനസ്സ് സ്ഥിരമാക്കി ജീവമുക്തപദം പ്രാപിക്കാം.

അഞ്ചാം അദ്ധ്യായത്തിൽ ശ്രീരാമൻ വിദ്ദേഹമുക്തിയെക്കുറിച്ചാണ് ഹനുമാന് അറിവ് നൽകുന്നത്. വായൂപുത്രാ സംസാരസാഗരത്തിൽ പ്രാരാബ്ധകർമ്മരൂപമായ ഈ ശരീരം നിലനിൽക്കുന്നതിനോടൊപ്പം ഈ ദേഹത്തെ പൂർണ്ണമായി വിസ്മരിക്കുന്നവനാണ് യഥാർത്ഥ വിദേഹമുക്തൻ. കപിഷ്ഠാ എല്ലാ ഉപനിഷത്തുക്കളുടെയും ഉള്ളിൽ അന്തർലീനമായിരിക്കുന്ന രഹസ്യതത്വവും ഇതുതന്നെയാണ്.

ശരീരത്തോട് കൂടിയ അവസ്ഥയിലും, മനസ്സിന്റെയും, പ്രാണങ്ങളുടെയും ചാഞ്ചല്യം നശിപ്പിച്ചവനും, അഖണ്ഡമായ രൂപത്തിൽ കർമ്മം ചെയ്യുന്നവനും, എല്ലാം മിഥ്യയാണെന്ന തിരിച്ചറിവുള്ളവനും ജീവൻ മുക്തി ലഭിക്കുമെന്നതിൽ സംശയിക്കേണ്ട. സ്ഥൂല ശരീരത്തോട് അഹം ബുദ്ധിയില്ലാത്തവനും അഞ്ചു കർമ്മേന്ദ്രിയങ്ങളോടും അഹം ബുദ്ധിപുലർത്താത്തവനും, പഞ്ചപ്രാണങ്ങളിൽ ഞാനില്ല എന്ന തിരിച്ചറിവ് നേടുന്നവനും, അഞ്ച് ഉപപ്രാണങ്ങളും ഞാനല്ല എന്നു കരുതുന്നവനും, അന്തഃകരണ ഭേദങ്ങളെ ആത്മാവല്ല എന്ന് അംഗീകരിക്കുന്നവനും, സ്ഥൂലം, സൂക്ഷ്മം, കാരണ ശരീരം എന്നീ മൂന്ന് ജീവഭേദങ്ങൾക്കും സത്വം, രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങൾക്കും അതീതമായി സ്ഥിതി ചെയ്യുന്നതാണ് സാക്ഷാൽ ബ്രഹ്മമെന്നുള്ള ചിന്ത ഉള്ളവനും, ലോകത്ത് എല്ലായിടത്തും വ്യവഹാര അവസ്ഥയിൽ പരമാത്മാവിനെ ദർശിക്കുന്നവനും മോക്ഷപ്രാപ്തിയിലേക്ക് എത്തിച്ചേരുന്നതാണ്. ഉത്തമ പുരുഷന്മാർക്കും മോക്ഷപ്രാപ്തിയിലേക്ക് ഉയരാം. ഉത്തമപുരുഷനെന്നാൽ വിദ്യകൊണ്ട് ഉയർന്ന്, ശാന്തി ദ്രമം (ആത്മനിയന്ത്രണം) കൈവരിച്ചവനെന്ന് അർത്ഥം.

ആറാം അദ്ധ്യായത്തിൽ മനുഷ്യമനസ്സുകളിൽ രൂഢമായി നിലകൊള്ളുന്ന ഇന്ദ്രീയ വിഷയാസക്തി നിയന്ത്രണങ്ങളെക്കുറിച്ചാണ് പറയുന്നത്. അല്ലയോ ഭഗവാനെ സർവ്വജ്ഞനും, ദയാ സിന്ധുവുമായ രഘുനാഥ എന്റെ ഇന്ദ്രിയങ്ങൾ സദാ ലൗകിക വിഷയങ്ങളിൽ പതിച്ചു കൊണ്ടിരിക്കുന്നു. എന്റെ മനസ്സ് അത്തരം വിഷയങ്ങളിൽ ആസക്തമായിരിക്കുകയാണ്. ഇതിൽനിന്നും മോചനം നേടാൻ എന്താണ് ഉപായമെന്ന് അരുളി ചെയ്താലും.

വായൂപുത്രാ ഹനുമാനെ, ലൗകികവിഷയങ്ങളിൽ അനാസക്തി ഉണ്ടാകുവാൻ തത്വ

ജ്ഞാനം, മനോനാശം, വാസനാക്ഷയം എന്നീ സാധനാത്രയം പരിശീലിക്കുകയാണ് വേണ്ടത്. വളരെ ഏറെ ശ്രദ്ധയോടും, ഭക്തിയോടും മാത്രമേ ഇത് നേടാനാവൂ. കാരണം ഇവ മൂന്നും പരസ്പര പൂരകങ്ങളാണ്. ഐഹീകസുഖങ്ങൾ ത്യജിച്ച് ഏകാഗ്രമായ മനസ്സോടെ മൂന്ന് സാധനങ്ങളേയും ഒരേകാലത്ത് അഭ്യസിച്ചാൽ മാത്രമേ അത് പൂർണ്ണമാകൂ. മനസ്സിനെ നിയന്ത്രിക്കണമെങ്കിൽ വാസനകളെ അതിജീവിക്കണം. വാസന ക്ഷയി ക്കാതെ മനോനിയന്ത്രണം സാദ്ധ്യമല്ല. തത്വ ജ്ഞാനം ലഭിക്കാതെ മനസ്സ് ശാന്തമാകില്ല. വാസന നശിക്കാതെ തത്വജ്ഞാനം ലഭിക്കില്ല. തത്വജ്ഞാനം ലഭിക്കാത്തിടത്തോളം കാലം വാസനാദി വികാരങ്ങൾക്ക് ശമനം സാദ്ധ്യമല്ല എന്നറിയുക. ഇങ്ങനെ പരസ്പരപൂരകങ്ങളായ സാധനത്രയങ്ങളെ ഏകകാലത്ത് അഭ്യസിക്കണം. വിദേഹമുക്തി ആഗ്രഹിക്കുന്നവർ ഇത് അനുഷ്ഠി ക്കണം. അന്യകർമ്മങ്ങൾ കൊണ്ട് അത് അപ്രാപ്യ മാണ്. നിരന്തരമായ ഇവയുടെ സാധന കൊണ്ട് മാത്രമേ ജന്മജന്മാന്തരങ്ങളിലൂടെ മനുഷ്യമനസ്സു കളിൽ അന്തർലീനമായിരിക്കുന്ന മിഥ്യയായ ലൗകിക ആസക്തിയെ നിർവീര്യമാക്കാൻ സാധിക്കൂ.

ശുഭാശുഭപഥങ്ങളിലൂടെ സഞ്ചരിക്കുന്ന വാസ നയാകുന്ന നദിയുടെ പ്രവാഹത്തെ പുരുഷാർത്ഥം കൊണ്ടും, സ്വപ്രയത്നം കൊണ്ടും നിയന്ത്രി ക്കണം. ഒപ്പം മനസ്സിനെ പൗരുഷം കൊണ്ട് ലാളിച്ച് നിയന്ത്രിക്കുക. മനസ്സ് വിധിയാംവണ്ണം വാസനാ രഹിതമാകുമ്പോൾ മുക്തമാക്കപ്പെടുന്നു. യഥാർത്ഥരൂപത്തിൽ സത്യത്തെ അറിഞ്ഞാൽ, ആത്മാവിനെക്കുറിച്ചുള്ള ജ്ഞാനം ഉണ്ടായാൽ വാസന ഇല്ലാതാകും. അങ്ങനെ വരുമ്പോൾ മന സ്സിൽ ദീപശോഭയോടെ ശാന്തി കൈവരിക്കുന്നു. വാസന ത്യജിച്ച് മനസ്സിനെ വിഷയങ്ങളിൽ നിന്ന് നിവർത്തിച്ചെങ്കിൽ മാത്രമേ ഒരുവന് ഉത്തമപദം ലഭ്യമാകൂ. (തുടരും...)

---

*പേജ് 41 തുടർച്ച*

**പദ്യം 9**

സോദര്യാപ്രോക്തവാർത്താവിവശദശമുഖാ-
ദിഷ്ടമാരീചമായാ-
സാരങ്ഗം സാരസാക്ഷ്യാ സ്പൃഹിതമനുഗതഃ
പ്രാവധീർബാണഘാതം;
തന്മായാക്രന്ദനിര്യാപിതഭവദനുജാം
രാവണസ്താമഹാർഷീത്
തേനാർത്തോഽപി ത്വമന്തഃ കിമപി
മുദമധാസ്തദ്-
വധോപായലാഭാത്.

**സാരം:-** വിവരമറിഞ്ഞ രാവണൻ പൊന്മാനായി മാരീചനെ അയച്ചു. ശ്രീരാമൻ മാനിനെ പിടിക്കാൻ ചെന്നപ്പോൾ, രാവണൻ, സന്യാസിവേഷത്തിൽ പോയി സീതയെ കട്ടുകൊണ്ടു പോയി. സീതാ വിരഹത്തിൽ വിഷമമുണ്ടായെങ്കിലും, ഉള്ളിൽ, രാവണനെ വധിക്കാൻ അവസരം ലഭിച്ചതിൽ അതീവം സന്തോഷിച്ചു, ഭഗവാൻ.

**പദ്യം 10**

ഭൂയസ്തന്വീം വിചിന്വ“ന്നഹൃത ദശമുഖ-
സ്ത്വദ്വധൂം മദ്വധേനേ”-
ത്യുക്ത്വാ യാതേ ജടായൗ ദിവമഥ സുഹൃദഃ
പ്രാതനോഃ പ്രേതകാര്യം;
ഗൃഹ്ണാനം തം കബന്ധം ജഘനിഥ, ശബരീം
പ്രേക്ഷ്യ പമ്പാതടേ ത്വം
സമ്പ്രാപ്തേ വാതസൂനും, ഭൃശമുദിതമനാഃ
പാഹി വാതാലയേശ!

**സാരം :-**

സീതയെ അന്വേഷിച്ച് നടക്കുമ്പോൾ, അച്ഛന്റെ സ്നേഹിതനായ, ജടായുവിനെ കാണുകയും, രാവണൻ തന്നെ വെട്ടിയിട്ടതാണെന്നും, സീതയെ കട്ടുകൊണ്ട് പോയതാണെന്നും മനസ്സിലാക്കു കയും ചെയ്തു. ജടായുവിന്റെ ഭൗതികശരീരം ഭഗവാൻ സംസ്ക്കരിച്ചു. ആക്രമിക്കാൻ വന്ന കബ ന്ധനെ കൊന്നു. പിന്നീട് ഭക്തയായ ശബരിയെ കണ്ടു. പമ്പാ തീരത്ത് വെച്ച് ഹനുമാനെ ബന്ധു വായി സ്വീകരിച്ചിട്ട്, അതീവ സന്തുഷ്ടനായി ത്തീർന്നു, ഭഗവാൻ. അങ്ങനെയുള്ള നിന്തിരുവടി എല്ലാവരേയും രക്ഷിക്കുമാറാകട്ടെ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

പ്രതികരണം



# ഒളിമങ്ങാതെ എംടി സ്മരണകളിൽ വീണ്ടും

**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി, പാലക്കാട്. മൊ. 9846429743


എംടിയെ ആദ്യം നേരിൽ കണ്ട ഓർമ്മ മുതൽ തുടങ്ങട്ടെ, ആഴ്ചപ്പതിപ്പിലെ ബാലപംക്തിയിൽ കുറേശ്ശേ ലേഖനങ്ങളും കവിത, കഥ മുതലായവയും എന്റേതായി പ്രത്യക്ഷപ്പെട്ട കാലം. എം.ടിയുടെ കഥകൾ അഭ്രപാളിയിൽ പലതും പ്രത്യക്ഷപ്പെട്ടതും അക്കാലത്തു തന്നെ. മുറപ്പെണ്ണ്, ഓളവും തീരവും, വിത്തുകൾ, തുടങ്ങി പലതും ചലച്ചിത്രരൂപേണ കണ്ടതും ആ കൃതികൾ ചിലത് പുസ്തകരൂപത്തിൽ വായിച്ചതും എം.ടി. എന്ന ആ മഹാപ്രതിഭയെ ഒന്ന് നേരിൽ കാണാനുള്ള മോഹം വർദ്ധിച്ചുവരാൻ ഇടയാക്കി. എന്റെ ഒരു ബന്ധുവായ മാതൃഭൂമിയിൽ പ്രൂഫ് റീഡർ ആയ ഗംഗാധരൻ നമ്പൂതിരി മുഖേനയാണ് ആദ്യം എം.ടിയെ നേരിൽ കാണാൻ സാധിച്ചത്. അപ്പോളത്തെ ആ ദൃശ്യം എന്നെ അദ്ഭുതപ്പെടുത്തി.

"ചുണ്ടത്തുണ്ടൊരു ബീഡിയങ്ങിനെ എരിഞ്ഞീടുന്നതിന്നൊപ്പമായ് ഉണ്ടേ തൻതലയുംപുകഞ്ഞ് വളരെ ചിന്തിച്ചിരിക്കുന്നിതാർ? പണ്ടേ നൽക്കഥ നാലുകെട്ടിതറബിപ്പൊന്നും, മുറപ്പെണ്ണുമായ് ആണ്ടോടാണ്ടു നമുക്ക് തന്നൊരു മഹാൻ ശ്രീ എം.ടി. തന്നേയിത്". എന്ന ഒരു കൊച്ചു കവിതയാണ് മനസ്സിലൂടെ അപ്പോൾ ഊറിവന്നത്. പക്ഷേ എം.ടിയുടെ മുന്നിൽവെച്ച് അത് ചൊല്ലാൻ ധൈര്യം കിട്ടിയില്ല. എം.ടി. പറയുന്നതെല്ലാം കേട്ട് നിശ്ശബ്ദനായിരുന്നു. ഓപ്പോള്, വല്യമ്മാമ, ചെറിയമ്മാമ, കുഞ്ഞാത്തല്, വല്ല്യാത്തല് (അന്തർജ്ജനങ്ങൾ) തുടങ്ങിയ വള്ളുവനാടൻ ഭാഷാശൈലിയും, പുള്ളുവൻ പാട്ട്, കളംപാട്ട്, വെളിച്ചപ്പാട് തുടങ്ങിയ പല കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്ന മലയാള കഥാരീതി അന്ന് മലയാളഭാഷയ്ക്കും ചലച്ചിത്രങ്ങൾക്കുമെല്ലാം ഒരു നൂതന പന്ഥാവ് വെട്ടിത്തെളിയിച്ചു. മാത്രമല്ല കന്നുപൂട്ട്, മരണശേഷമുള്ള ബലിക്രിയകൾ, അലക്കുജോലിക്കാരെ അലട്ടുന്ന പല വ്യഥകൾ ഉൾപ്പെടുത്തിയ കൃതികളും എല്ലാം ചലച്ചിത്രങ്ങളിലൂടെ കാണാൻ കഴിഞ്ഞതും എം.ടിയുടെ തൂലികയിലൂടെയാണല്ലോ. എം.ടിയുടെ ആദ്യകാല സിനിമകളിൽ നായകസ്ഥാനം അലങ്കരിച്ചിരുന്നത് പ്രേംനസീറാണല്ലോ. പ്രേംനസീറിന്റെ മരണശേഷം എം.ടിക്ക് പ്രേംനസീർ അനുസ്മരണ സമിതിയുടെ അവാർഡ് കിട്ടി. അപ്പോൾ ഇവിടെ കാറൽമണ്ണയിൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞത് പ്രേംനസീർ തന്നെ വന്ന് ആലിംഗനം ചെയ്യുന്നു എന്ന് തോന്നി എന്നാണ്.

വീണ്ടും അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് വടക്കൻ വീരഗാഥ, പഴശ്ശിരാജ, തുടങ്ങിയ ചലച്ചിത്രങ്ങളും രണ്ടാമൂഴം എന്ന മഹാഭാരത കഥയും ഒന്നിനൊന്ന് വ്യത്യസ്തത പുലർത്തി ജനമനസ്സിൽ ശോഭിച്ചുനിൽക്കുന്നു.

ഇങ്ങനെ എത്രയോ സ്മരണകൾ എം.ടിയെക്കുറിച്ചുള്ളവ മനസ്സിൽ തെളിഞ്ഞുവരുന്നു. നാട്ടിലുടനീളം എം.ടിയുടെ കൂടല്ലൂരും, കോഴിക്കോടും എന്നുവേണ്ട പല സ്ഥലങ്ങളിലും എം.ടി. സ്മരണകൾ അയവിറക്കി യോഗങ്ങൾ നടക്കുന്നു. എം.ടിയെക്കുറിച്ചുള്ള ഒരു നോവൽ എഴുതുവാൻ എൻ.പി. ഹാരിസ് മുഹമ്മദിന് കഴിഞ്ഞേക്കും. അന്തരിച്ചുപോയ ഗായകൻ ബാബുരാജിനെക്കുറിച്ച് ഹൃദയസ്പൃക്കായ ഒരു നോവൽ ഹാരിസ് എഴുതിയിട്ടുണ്ടല്ലോ, എം.ടിയുടെ സന്തതസഹചാരിയായ എം.എൻ. കാരശ്ശേരിക്കും ഇതിനു കഴിഞ്ഞേക്കാം

ഇവിടെ ചെർപ്പുളശ്ശേരിയിൽ ഇതുവരെ കാര്യമായ ഒരു എം.ടി. അനുസ്മരണമോ, തദ്കൃതികളെക്കുറിച്ചുള്ള ചർച്ചയോ ഒന്നും വായനശാലയിൽക്കൂടി കാണാതിരിക്കുന്നത് കഷ്ടമെന്നേ പറയാവൂ. ●



# കുറ്റിലഞ്ഞിക്കൂടൽ
## ചിരിക്കാനും ചിന്തിക്കാനും

**പ്രദീപ് കെ. വർമ്മ**
ചേർത്തല, മൊ. 9446085948

ക്ഷത്രിയ ക്ഷേമസഭയുടെ നാൽപ്പത്തിരണ്ടാം സംസ്ഥാന സമ്മേളനം, കുറച്ചുകാര്യവും കൂടുതൽ നേരമ്പോക്കും ചേർത്ത ഒരു ഹാസ്യാവലോകനം. ആ കുറച്ചുകാര്യത്തിൽ സമ്മേളനനടത്തിപ്പിലെ ചില പോരായ്മകൾ ഞാൻ പറഞ്ഞുവെയ്ക്കുന്നുണ്ട്. നേരമ്പോക്കുകൾ വെറും നേരമ്പോക്കുകൾ മാത്രം. Remember, nothing official about it. എങ്കിലും ഈ അവലോകനത്തിന്റെ അവസാന ഭാഗത്തു സമ്മേളനത്തിൽ നേരിട്ട് വന്നവർപോലും അറിയാത്തൊരു സംഭവം ഞാൻ വെളിപ്പെടുത്തുന്നു. അതുകൊണ്ട് ദയവായി മുഴുവൻ ശ്രദ്ധയോടെ കേൾക്കുക. (സഭയിലുള്ള തീവ്ര പ്രതിക്രിയാവാദികൾ ഇതിന് നടന്നതോ നടക്കാൻ പോകുന്നതോ ആയ ഒരു സംസ്ഥാന സമ്മേളനങ്ങളും ആയി ബന്ധമില്ലെന്നു വിശ്വസിച്ച് ഭാവി പൊങ്കാലകൾ ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥന)

മൂത്രശങ്കയകറ്റി വെളുപ്പിന് അഞ്ചരയ്ക്ക് സെറ്റ് ചെയ്ത അലാറം 5 മണിയിലേക്ക് മാറ്റി മൊബൈലിൽ നോക്കിയപ്പോൾ സമയം 12.20 am. ചരിഞ്ഞു കിടന്ന് ഉറക്കം വലിക്കുകയായിരുന്ന ഭാര്യ വലിയുടെ നേർത്ത ശ്രുതിയിൽ ചോദിച്ചു “എണീക്കാറായോ?”. ഫോണിന്റെ വെളിച്ചം ഭാര്യയെ അലസോരപ്പെടുത്താതെ കമഴ്ത്തിവെച്ചുകൊണ്ട് ഞാൻ പറഞ്ഞു “പന്ത്രണ്ടരയേ ആയുള്ളൂ, 5 മണിക്ക് അലാറം അടിക്കുമ്പോൾ ഞാൻ വിളിക്കാം”.

“ആഹ്, കക്കൂസീന്നിറങ്ങീട്ടു എന്നെ വിളിച്ചാൽ മതി” എന്നു മൊഴിഞ്ഞു ഞൊടിയിൽ ഒരു നാലു നാലര കട്ട ശ്രുതിക്ക് തിരിഞ്ഞുകിടന്ന് ഉറക്കംവലി തുടർന്നു. (നമ്മൾ രാജാക്കന്മാരുടെ ഉറക്കത്തിനു പള്ളിയുറക്കം എന്നു പറയുംപോലെ ഭാര്യയുടെ കൂർക്കംവലിയെ ഞാൻ ഉറക്കംവലി എന്നാണ് പറയാറ്) ഞങ്ങളുടെ യൂണിറ്റ് പ്രസിഡന്റ് 6.30 ന് കാറിൽ എന്റെ പടിക്കൽ വരും, അതിൽ സമ്മേളനസ്ഥലത്തു പോകുന്ന വണ്ടിയിലെത്തി എല്ലാ പ്രതിനിധികളും ഒന്നിച്ചു പോകാനാണ് പ്ലാനെന്ന് അവൾക്കറിയാവുന്നതിനാലും, ഗൃഹസ്ഥാശ്രമത്തിൽ കിട്ടുന്ന ഞായറാഴ്ച സ്വന്തം ചില ക്ഷേമങ്ങൾക്കായി വിനിയോഗിക്കപ്പെടുത്തേണ്ടതുള്ളതിനാലും ഈ ക്ഷേമസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നില്ല എന്നത് കൊണ്ടുമാണ് വെറുതെ വെളുപ്പിനത്തെ ഒരു മണിക്കൂർ ഉറക്കം കളയണ്ടെന്നു കരുതി അവൾ അങ്ങനെ പറഞ്ഞതെന്ന് എനിക്കറിയാമായിരുന്നു. ഒരു ഫാസിൽ സിനിമയിലെ മനോരോഗിയെ പോലെ ചില ഇടങ്ങളിലെ ചില കാര്യങ്ങൾക്കു ഞാൻ എത്രസമയം എടുക്കുമെന്നും മറ്റും കൃത്യമായി കണക്കുകൂട്ടാൻ മനോരോഗി അല്ലെങ്കിലും എന്റെ ഭാര്യക്ക് കഴിയുന്നു എന്നുള്ളത് ഒരു വിവസ്ത്ര സത്യം മാത്രം. അവളുടെ കണക്കുകൂട്ടൽ തെറ്റാതെ ചെറിയ വാതിൽ തുറന്ന് ഞാൻ പുറത്ത് വന്നതും അവൾ എഴുന്നേറ്റതും ഒന്നിച്ചായിരുന്നു. ചായ ഇട്ടുതരിക എന്ന ഡ്യൂട്ടി കഴിഞ്ഞവൾ “അമ്പലത്തിന്റെ ഊട്ട്പുരയാ, നല്ല ടോയ്‌ലറ്റ് ഒന്നും കാണില്ല, ഓർമ്മിപ്പിച്ചെന്നേയുള്ളൂ” എന്നൊരു മുന്നറിയിപ്പും തന്നിട്ട് കിടന്ന് വീണ്ടും ശ്രുതി മീട്ടിത്തുടങ്ങി. എന്നോടുള്ള കരുതലല്ല മറിച്ച് ഞാൻ മറക്കാൻ ആഗ്രഹിച്ച ആ കാര്യം ഒന്നുകൂടി ഓർമ്മിപ്പിച്ച് എന്നെ ഒന്നസ്വസ്ഥനാക്കണം എന്നുള്ള ചിന്തയാണ് അനവസരത്തിൽ അവളെക്കൊണ്ട് ഇതു പറയിപ്പിച്ചത് എന്നെനിക്കറിയാം. ചൂടൻ ചായയാൽ ബഹിർഗമന പ്രക്രിയയ്ക്ക് ഉണ്ടായ ചെറിയ ഒരുത്തേജനത്തിനും നിവൃത്തിവരുത്തി കുളി കഴിഞ്ഞു റെഡി ആയപ്പോഴേക്കും പ്രസിഡന്റും ഭാര്യയും ഗേറ്റിലെത്തിയിരുന്നു.

ഞങ്ങൾ മൂന്നുപേരും പരിമണത്ത് കാർ പാർക്ക് ചെയ്തു. ഇറങ്ങിയപ്പോൾ തന്നെ വാൻ

ഇപ്പോൾ എത്തുമെന്ന് അറിയിപ്പ് കിട്ടി. ഞങ്ങളെ യാത്രയാക്കാൻ വീടിനു പുറത്ത് ഉണ്ടായിരുന്ന ജയചന്ദ്രൻ ചേട്ടനും, രമചേച്ചിയും "വണ്ടി ഇപ്പോൾ എത്തും അല്ലേ? അല്ലെങ്കിൽ ചായ എടുക്കാമായി രുന്നു" എന്നു വെറുതെ ഒരു കുശലം പറഞ്ഞു. ഞങ്ങൾ മൂന്നുപേരും പിന്നെ ഇന്ദിരയും അവിടുന്ന് കയറി. ഞങ്ങളെക്കൂടാതെ ബാക്കി പതിമൂന്നു പേരും വണ്ടിയിൽ സന്നിഹിതരായിരുന്നു. 7 മണിക്ക് മുൻപായി തന്നെ ഞങ്ങളുടെ വണ്ടി കുറ്റിലഞ്ഞിക്കു പുറപ്പെട്ടു. 9 മണിക്ക് മുൻപായി നമുക്കെത്തണം, ഇന്ന് വല്യ വാഹന തിരക്കില്ലാ ത്തതിനാൽ നമ്മൾ സമയത്തെത്തും എന്നു പ്രസിഡന്റ് പറഞ്ഞപ്പോൾ സമ്മേളനത്തിന്റെ തുടക്കം മുതൽ ഭാഗഭാക്കായി അതു വിജയിപ്പി ക്കുവാനുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥതയിൽ ഞാൻ ഊറ്റംകൊണ്ടു. 9 മണി കഴിഞ്ഞാൽ ബ്രേക്ക് ഫാസ്റ്റ് കിട്ടില്ല എന്ന അദ്ദേഹത്തിന്റെ തുടർച്ച കേട്ട് ഞാൻ സ്വയം ചമ്മിപ്പോയി. പിന്നീട് പ്രഭാതഭക്ഷ ണത്തെ പറ്റിയായി വണ്ടിക്കുള്ളിലെ സംസാരം. സമയം 8 മണി കഴിഞ്ഞിരിക്കുന്നു. പലർക്കും വിശപ്പു തുടങ്ങിയിരുന്നു. ഉപ്പുമാവും പഴവും, ഇഡലിയും വടയും ഈ രണ്ട് സാധ്യതകളാണ് ഭൂരിപക്ഷവും പ്രവചിച്ചത്. കുറച്ചു മാസങ്ങൾക്ക് മുൻപ് വെള്ളാരപ്പള്ളി-കുറ്റിലഞ്ഞി യൂത്തന്മാർ കാലടിയിൽ വെച്ചു നടത്തിയ ബാഡ്മിന്റൺ മത്സര പങ്കാളി എന്ന നിലയിൽ ഞാൻ അവരെ വിലയിരുത്തിയ നിലയ്ക്ക് പറഞ്ഞു, "നല്ല പൂ പോലത്തെ ഇഡലിയും ചമ്മന്തി, സാമ്പാർ പിന്നെ ഇഡ്ഡലിപ്പൊടിയും ഉഴുന്നുവടയും തന്നെ ആയി രിക്കും". കൂടൊരു വിശപ്പിന്റെ വിളിയും "ദൈവമേ അതുതന്നെ ആകണേ".

സമ്മേളനവേദിക്കരുകിൽ വണ്ടി നിർത്തിയ പ്പോൾ തന്നെ അവിടേക്കെത്താൻ ഞാൻ ധൃതി പ്പെട്ടു. അൽപ്പം മുൻപ് മാത്രം എത്തിയ വണ്ടിക ളിൽ നിന്നിറങ്ങുന്ന പരിചയക്കാരെ കണ്ടില്ലെന്ന് നടിക്കുന്നതു നടിച്ച് ഞാൻ 'റ' ആകൃതിയിലുള്ള സമ്മേളനകവാടം കടന്ന് ദ്രുതം നീങ്ങി. വിചാരി ച്ചതിനേക്കാൾ ആളു കൂടി ഭക്ഷണം തികയാതെ എങ്ങാനും വന്നാലോ എന്ന ചിന്ത എന്റെ പാദ ചലനങ്ങൾക്ക് ആക്കംകൂട്ടി. സമ്മേളനഹാൾ കടന്ന് ഭക്ഷണത്തിനായി ഒരുക്കിയ നീണ്ട പന്ത ലിന്റെ ഒരറ്റത്തു നിന്നും 4 ഇഡലിയും വടയും മററനുസാരികളും അടങ്ങുന്ന പ്ലേറ്റ് ഒരു കൈയിലും ചായക്കപ്പ് മറുകൈയിലും ഏന്തി വെച്ച് കഴിക്കാൻ ഇരിപ്പിടം തിരയുമ്പോഴാണ് പല പരിചിത മുഖ ങ്ങളും എന്റെ ദൃഷ്ടിയിൽപെടുന്നത്. എന്റെ പ്രവചനം ശരിയായി എന്ന് എന്നെ കൈയാലും കണ്ണാലും കാട്ടാൻ ശ്രമിക്കുന്ന എന്റെ തന്നെ യൂണിറ്റ് അംഗങ്ങളേയും താലം കൈയിലേന്തിയ നിലയിൽ ഞാൻ അപ്പോഴാണ് കാണുന്നത്. അവരുടെ അംഗീകാര ചേഷ്ടകൾ ശ്രദ്ധിക്കാതെ എന്നെക്കാൾ മുൻപ് ഇവരെത്തിയോ എന്ന ചിന്ത എന്നെ അൽപ്പം അസ്വസ്ഥനാക്കി. എങ്കിലും രോഗി ഇച്ഛിച്ചതും കുറ്റിലഞ്ഞിക്കാർ കൽപ്പിച്ചതും ഒന്നാ യതിന്റെ സംതൃപ്തിയിൽ ആസ്വദിച്ച് ഭക്ഷണം കഴിച്ചു. ഇത്തരുണത്തിൽ ഒന്നു പറയാൻ വിട്ടു പോയി. കഴിച്ച് കൈ കഴുകിയ ശേഷം അടുത്തുള്ള ടോയ്‌ലറ്റ് ഒന്ന് കയറിനോക്കി. അടുത്തടുത്തു രണ്ടെണ്ണം ഉണ്ട്. രണ്ടും നാടൻ രീതിയിലുള്ളവ. വീട്ടിലാണെങ്കിൽ പ്രഭാതഭക്ഷണം കഴിഞ്ഞാൽ ഉള്ള ചടങ്ങ് തൽക്കാലം ഞാൻ ഉപേക്ഷിച്ചു. ആ രണ്ട് തകര വാതിലുകൾക്ക് മുന്നിൽ അപ്പോൾ തന്നെ രൂപപ്പെട്ട സ്ത്രീകളും കുട്ടികളും അടങ്ങുന്ന Q കണ്ടപ്പോൾ തന്നെ ഒരു പത്തുനിമിഷം പോലും അതിൽ സ്വസ്ഥമായി ഇരിക്കാൻ പറ്റില്ല എന്നെ നിക്ക് മനസ്സിലായി. ഇനിയെങ്ങാനും ഇരിക്കാൻ പറ്റിയാൽ തന്നെ ആരെങ്കിലും ഇരുന്നപടി മടക്കി എടുത്തുകൊണ്ടു വന്ന് എവിടെയെങ്കിലും വെച്ച് തല്ലി നിവർത്തി എടുക്കേണ്ടിവരും. വേണ്ടാ റിസ്ക് എടുക്കേണ്ട. ചിത്രയ്ക്ക് അടിക്കാൻ വെറുതെ വടി കൊടുക്കേണ്ട. ദൂരദേശങ്ങളിൽ നിന്നും വളരെ വെളുപ്പിന് യാത്രചെയ്ത് എത്തിയവർക്ക് ആഹാരം കൊടുക്കുക എന്നപോലെ തന്നെ ഈ വക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ഉണ്ടെന്ന് സംഘാടകർ ഉറപ്പുവരുത്തേണ്ടതല്ലേ?

തൽക്കാലം അക്കാര്യം വിടാം. ഭക്ഷണപ്പന്ത ലിൽ നിന്ന് സമ്മേളനഹാളിലെ കസേരകളിൽ ഒന്നിൽ ഞാൻ കടന്നിരുന്നു. ഇപ്പോഴാണ് സമ്മേ ളനവേദി ഞാൻ ശ്രദ്ധിക്കുന്നത്. അൽപ്പം മുൻപ് ഉദരനിമിത്തം ഇടംവലം നോക്കാതെ ഈ ഹാളി ലൂടെയല്ലേ ഞാൻ പോയത്? ഇത്രയും ആൾക്കാർ അപ്പോൾ ഹാളിലുണ്ടായിരുന്നോ? ഇപ്പോൾ അഭി വാദ്യം ചെയ്ത പല ബന്ധുക്കാരും പരിചയക്കാരും നേരത്തെ കൈ പൊക്കി കാണിച്ചിട്ടുണ്ടാകുമോ?

ഇവനെന്താ തിന്നാൻ വന്നതോ എന്നു വിചാരിച്ചിട്ടുണ്ടാകുമോ? എല്ലാം വെറും ആശങ്കകൾ എന്ന് സമാധാനിച്ചു ഹാളിലെ ചൂടിൽ നിന്നൊരു ശമനംതേടി തൂങ്ങിയും നിന്നും കറങ്ങുന്ന പങ്കകളുടെ രണ്ടിന്റേയും കാറ്റുകിട്ടുന്ന ഒരു കസേരയിലോട്ടു ഞാൻ മാറിയിരുന്നു. വേദിയിൽ കാര്യങ്ങൾ മുറപോലെ നടക്കുന്നുണ്ട്. കേന്ദ്രസഭയുടെയും സ്വാഗതസംഘത്തിന്റെയും ചുമതലക്കാർ കൂടാതെ ക്ഷത്രിയരിലെ ചില പ്രശസ്ത വ്യക്തിത്വങ്ങളും വേദിയിൽ ഉപവിഷ്ടരായിട്ടുണ്ട്. മലയാളത്തനിമയെഴുന്ന രണ്ട് തരുണികൾ വേദിയിൽ അടുത്ത് നടക്കാൻപോകുന്ന കാര്യങ്ങൾ അക്ഷരസ്ഫുടതയോടെ മൈക്കിലൂടെ വിളിച്ചുപറയുന്നുണ്ട്. ഇടയ്ക്കിടെ അവർ ഹാളിന് പുറത്തായി ഒരുക്കിയ സ്റ്റാളുകളിൽ വിൽപ്പനയ്ക്കായി വെച്ചിരിക്കുന്ന ക്ഷത്രിയസംരംഭ ഉൽപ്പന്നങ്ങൾ പരിചയപ്പെടാനും വാങ്ങാനും അവിടം സന്ദർശിക്കുവാനുമുള്ള ക്ഷണവും നടത്തുന്നുണ്ടായിരുന്നു. സമ്മേളന ഉത്ഘാടനവും അനുബന്ധ ചടങ്ങുകളും കഴിഞ്ഞു മറ്റ് ഔദ്യോഗിക പരിപാടികളിലേക്കുള്ള അറിയിപ്പ് എത്തിയപ്പോൾ ഞാൻ പതിയെ കസേരയിൽ നിന്നെഴുന്നേറ്റു. ഇനി കുറച്ചുനേരം പുറത്തെ സ്റ്റാളുകൾ സന്ദർശിക്കാം. ഹാളിനകത്തെ അസ്സഹനീയ ചൂടിൽ നിന്ന് പുറത്തെ ആൽമരത്തണലിൽ അൽപ്പം ശമനവും നേടാം. അകത്തെ പരിപാടികൾ അതിന്റെ മുറപോലെ നടന്നുകൊള്ളും.

പുറത്തിറങ്ങിയ ഞാൻ ആശ്ചര്യപ്പെട്ടുപോയി. ഹാളിനകത്ത് ഉള്ളതിനൊപ്പമോ അതിൽ കൂടുതലോ അംഗങ്ങൾ സ്റ്റാളുകളിലും ആൽമരച്ചുവട്ടിലും ആയി നേരംപോക്കുന്നു. പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ സംഘാടകർ പറഞ്ഞതിൽ ഒട്ടും അതിശയോക്തിയില്ലെന്ന് ഇപ്പോൾ മനസ്സിലായി. സ്റ്റാളുകളിലെ പരിചിത മുഖങ്ങളെ നിരാശരാക്കാതെ കുറച്ചു സാധനങ്ങൾ വാങ്ങി മറ്റു പരിചിത മുഖങ്ങൾ തേടി. ഇടയ്ക്കെപ്പോഴോ റിപ്പോർട്ടിന്മേലും വരവുചെലവ് കണക്കിലും ഉള്ള ചർച്ചകളിൽ പങ്കെടുത്തു സംസാരിക്കാൻ ചേർത്തല സഭാപ്രതിനിധിയെ വിളിച്ചപ്പോൾ ഞാൻ വീണ്ടും ഹാളിനുള്ളിൽ കടന്നിരുന്നു. ഞങ്ങളുടെ പ്രസിഡന്റും തുടർന്ന് അദ്ദേഹത്തിന്റെ നിർബ്ബന്ധത്താൽ വേണുച്ചേട്ടനും (കേന്ദ്രസഭാ പ്രതിനിധി) അൽപ്പം ആത്മരോഷത്തോടെയും വിമർശനാത്മകമായും കേന്ദ്രനേതൃത്വത്തിന്റെ ചില പോരായ്മകളും ഫണ്ട് ചിലവാക്കുന്നതിലെ അപാകതകളും ചൂണ്ടിക്കാട്ടി. സഭാനേതൃത്വത്തിന് അതത്രയ്ക്കങ്ങോട്ട് പിടിച്ചിട്ടില്ല എന്ന് വേദിയിലെ അവരുടെ ശരീരഭാഷയിൽ എനിക്ക് തോന്നി. വേണുച്ചേട്ടൻ സംസാരിച്ചുതീർന്ന ഉടനെ സ്വാഗതസംഘത്തിലെ കൃഷ്ണേട്ടൻ സുരേഷിനോട് എന്തോ അടക്കംപറഞ്ഞതും ഇവരുടെ സംസാരത്തെക്കുറിച്ചാവാം എന്ന് ഞാൻ ഊഹിച്ചു. വിമർശനത്തിന്റെ ഉള്ളടക്കം എനിക്ക് മുഴുവനായി പിടികിട്ടിയില്ലെങ്കിലും പറഞ്ഞത് പ്രസിഡന്റും വേണുച്ചേട്ടനും ആയതുകൊണ്ട് തെറ്റാവാൻ വഴിയില്ല എന്നുറപ്പിച്ച് ഞാൻ വീണ്ടും പുറത്തിറങ്ങി.

ഞാൻ ഈയിടെയായി എന്നെ 45 വയസ്സിൽ താഴെ പ്രായമുള്ള ഒരാളായിട്ടാണ് കാണുന്നത്, പ്രത്യേകിച്ചും അറുപതാം പിറന്നാളിന് ശേഷം. ആഘോഷിച്ച് വയസ്സ് നാലുപേരെ അറിയിക്കാൻ താൽപ്പര്യം ഇല്ലാത്തതിനാൽ മിണ്ടാതെ ഒതുങ്ങിക്കൂടിയതാണ്. പക്ഷെ ഭാര്യ സമ്മതിക്കണ്ടേ! മക്കളുടെ നിർബന്ധത്തിനു വഴങ്ങി പതിനഞ്ചു പേരിൽ താഴെ ആൾക്കാരുടെ കൂടൊരു ഉച്ചഭക്ഷണം. കഴിഞ്ഞൂ! ഞാൻ വീണ്ടും 45 കാരനായി. ചെറുതായാണെങ്കിലും എന്റെ പിറന്നാൾ ആഘോഷിക്കാൻ മക്കൾ കാണിച്ച ശുഷ്കാന്തി അവർക്ക് അച്ഛനോടുള്ള സ്നേഹംകൊണ്ടല്ലേ എന്ന എന്റെ ചോദ്യത്തിന് “അതൊന്നുമല്ല മനുഷ്യാ, നിങ്ങൾ വയസ്സനായി. ഇനിയെങ്കിലും ചെറുപ്പക്കാരെ കൂട്ട് ഡ്രെസ്സിനും ഷൂസിനും ഒക്കെ കാശു ചിലവാക്കാതെ ഉള്ളത് അവരുടെ ആവശ്യങ്ങൾക്ക് ചിലവാക്കൂ” അതോർമ്മിപ്പിക്കാനാണ് എന്ന ഉത്തരം ഞാൻ പ്രതീക്ഷിച്ചതു തന്നെ ആയതിനാൽ ഞാൻ നിരാശനായില്ല. അറുപതായതു പത്തെങ്കിൽ പത്തുപേരറിഞ്ഞല്ലോ! ഇനി ഇയാൾ അൽപ്പം അടങ്ങും എന്ന ഒരു സന്തോഷം അവളുടെ മുഖത്ത് കണ്ടതും ഞാൻ അപ്പോഴേ മറന്നു. പറഞ്ഞുവന്നതിലോട്ടു വരാം. ബാഡ്മിന്റൺ മത്സരങ്ങളിൽ പങ്കെടുത്തതുകൊണ്ടും എങ്ങനെയോ KKSY യുടെ വാട്സാപ്പ് ഗ്രൂപ്പിൽ ഒരംഗമായതുകൊണ്ടും കുറച്ചു യൂത്തന്മാർ പരിചിതവലയത്തിൽ ഉണ്ട്. അവരിൽ പലരേയും ആൽത്തണലിൽ കണ്ടു. കണ്ട ചില മുതിർന്ന മുഖങ്ങളെയും

മനപ്പൂർവം ഒഴിവാക്കി മറ്റു സംസാരങ്ങളിൽ ഏർപ്പെട്ടിരുന്ന യൂത്തന്മാരെ അങ്ങോട്ടുചെന്ന് തോളിൽ തട്ടിയും നിർബന്ധ ഹസ്തദാനത്തിന് കൈ നീട്ടിയും ഞാൻ എന്റെ ചെറുപ്പം ഉറപ്പിച്ചു കൊണ്ടിരുന്നു. അതിനിടയിൽ പ്രായംചെന്ന ഒരു പരിചിത മുഖം മുന്നിൽ വന്ന് എന്റെ തോളിൽ പിടിച്ചു. "പ്രദീപല്ലേ? കോട്ടയത്ത് നിന്ന്" എന്ന ചോദ്യത്തോടെ. ആളെ എനിക്ക് ശരിക്കു മനസ്സിലായില്ല എങ്കിലും ഞാൻ മറുപടി പറഞ്ഞു "അതേ, പക്ഷെ ചേർത്തലയിൽ നിന്നാ". ആളു വീണ്ടും ചോദിച്ചു "കോട്ടയത്ത് മറിയപ്പള്ളിയിലല്ലേ വീട്?"

"അതേ വൈഫ് ഹൗസ് ചേർത്തലയാ" ഞാൻ പറഞ്ഞു. "അപ്പോൾ ചേർത്തലക്കാരനായോ?" എന്നു ചോദിച്ചു. മറുപടിക്ക് കാക്കാതെ അദ്ദേഹം മറ്റൊരാളുടെ അടുത്തേക്ക് നീങ്ങി. ഇയാൾ എന്നെ കളിയാക്കാനാണോ അങ്ങനെ ചോദിച്ചത്? എയ് ആയിരിക്കില്ല! വെറുതെ ചോദിച്ചതാവും. കൂട്ടുകാരിൽ ചിലർ നീ AVUT ആയല്ലേ എന്നു ചോദിച്ചു കളിയാക്കാൻ ശ്രമിക്കുമ്പോൾ, "അല്ലെടാ AVUST യാ" എന്നു മറുപടി പറയുമായിരുന്നു ഞാൻ. ക്ഷത്രിയസമുദായത്തിൽ AVUT യും AVUST യും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണല്ലോ (AVUT, AVUST ഇവ എന്തെന്നറിയാത്ത വായനക്കാർക്ക് ഈ റിപ്പോർട്ടിന്റെ അവസാനം വിശദീകരിക്കുന്നതാണ്). ഞങ്ങൾ ചെറുപ്പക്കാർ ഇത്തരം കുനുഷ്ട് ചോദ്യങ്ങൾ ഒന്നും ചോദിക്കാറില്ല എന്നു ചിന്തിച്ച് ഞാൻ ആൽമരച്ചുവട്ടിലെ ഒരു കസ്സേരയിലിരുന്നു. ആ ഇരുപ്പ് ഏകദേശം ഒരു മണിക്കൂർ തുടർന്നു. കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയുള്ള അംഗങ്ങൾ എത്തിയ വാഹനങ്ങൾ നിരത്തി പാർക്ക് ചെയ്തിരിക്കുന്നു. എല്ലാം ശീതീകരണ സംവിധാനം ഉള്ളവയെന്നുറപ്പ്. ഈ വാഹനങ്ങളിൽ ചൂടറിയാതെ വന്നവർ ഈ ഷീറ്റുപാകിയ മേൽക്കൂരയ്ക്കു താഴെ ഉരുകിയൊലിച്ച് ഇരിക്കേണ്ടവർ ആണോ? സ്വന്താവശ്യത്തിന് ഒരു മുറി എടുക്കേണ്ടി വന്നാൽ AC റൂം എടുക്കാത്തവരായി ആരെങ്കിലും കാണുമോ ഈ കൂട്ടത്തിൽ? ഈ കൊടുംചൂടിൽ നമ്മളല്ലാതെ മറ്റൊരു സമുദായം അവരുടെ സംസ്ഥാന സമ്മേളനത്തിനായി ഇങ്ങനെ ഒരു ഹാൾ എടുക്കുമോ? വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഈ സമ്മേളനം അൽപ്പംകൂടി ആർഭാടത്തിൽ ആയിക്കൂടെ? ഒരു ദിവസ്സത്തേക്ക് ഒരു AC ഹാൾ വാടകയ്ക്ക് എടുത്തുകൂടെ? അതിന് ഫണ്ട് കണ്ടെത്തുന്നതിന്ന് സഭാനേതൃത്വത്തിനു പ്രയാസം ഉണ്ടാകുമോ? ആതിഥ്യമരുളുന്ന സഭയ്ക്ക് കേന്ദ്ര നേതൃത്വം നൽകുന്ന ബഡ്ജറ്റിലല്ലേ കാര്യങ്ങൾ ഒരുക്കാൻ കഴിയുകയുള്ളൂ? ഈ ദിവസം കുറച്ചു മണിക്കൂറുകൾ നമ്മളിൽ കുറച്ചുപേർ ഒത്തുകൂടുമ്പോൾ നൽകാനാകാത്ത ക്ഷേമം ദീർഘകാലാടിസ്ഥാനത്തിൽ നൽകാൻ സഭയ്ക്ക് ആകുമോ? അങ്ങനെ നോക്കിയാൽ ഈ സംഘടനയുടെ അസ്തിത്വം എന്ത്? ഇതൊന്നും ചർച്ചയിൽ ആരും ഉന്നയിച്ചുകണ്ടില്ല, ഞാനെങ്കിലും ഈ ചോദ്യങ്ങൾ വേദിയിൽ കയറി നേതൃത്വത്തോടു ചോദിക്കേണ്ടതായിരുന്നില്ലേ? എന്റെ ചിന്തകൾ ഈ വിധം കാടുകയറി. അപ്പോഴേക്കും ഉച്ചഭക്ഷണം ആയതായി അറിയിപ്പ് വന്നു. എന്നാൽ അതങ്ങു കഴിച്ചേക്കാം എന്നു നിനച്ച് എഴുന്നേറ്റപ്പോഴാണ് ഒന്നോർത്തത്, ഇന്നേരമത്രയും ഈ ആലിൻ കൊമ്പിൻ ചുവട്ടിൽ ഇരുന്നിട്ടും ഒരു കാക്കയോ മറ്റു പക്ഷികളോ ഒന്നും തന്നെ തലയ്ക്കു മുകളിൽ വന്നിരുന്നു കാഷ്ടിക്കുകയോ അതു ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ ഉണ്ടായിട്ടില്ല. കുറ്റിലഞ്ഞിയിലെ പക്ഷികളും ആതിഥ്യമര്യാദയിൽ പുറകിലല്ല എന്നോർത്ത് കുറ്റിലഞ്ഞിക്കാരുടെ ഉച്ചഭക്ഷണത്തിനായി ഭക്ഷണപന്തലിലോട്ടു നീങ്ങി.

ഇരുന്നുണ്ണാനുള്ള സ്ഥലം അപ്പോഴേക്കും നിറഞ്ഞിരുന്നു. ഒരു ഭാഗത്ത് സ്വയംസേവന കൗണ്ടർ ഒരുക്കിയിരുന്നു. കമുകിൻപാളയാൽ നിർമ്മിച്ച ചതുരകിണ്ണത്തിൽ ചോറും കറികളും പകർന്ന് തിരക്കൊഴിഞ്ഞ തണൽപറ്റി നിന്ന് ഊണ് കഴിച്ചുതുടങ്ങി. സ്വാദിഷ്ടമായ ഊണ്. പേപ്പർ കപ്പിൽ പായസവും കഴിച്ചു. ഇതിനെയാണോ കുത്തുപാള എടുപ്പിക്കുക എന്നു പറയുന്നത് എന്ന ദുഷ്ച്ചിന്ത മാറ്റി പാളയും കപ്പും കളഞ്ഞ് കൈ കഴുകി വീണ്ടും ആൽമരത്തണലിൽ എത്തി. സ്റ്റാളുകളിലെ തിരക്ക് നന്നേ കുറഞ്ഞിരിക്കുന്നു. ഭക്ഷ്യയോഗ്യമായ ഉൽപ്പന്നങ്ങൾ മിക്കതും വിറ്റു തീർന്നിരിക്കുന്നു. അതിൽ നറുനീണ്ടി സർബത്ത് സ്റ്റാളിലുണ്ടായിരുന്ന കുരുന്നുകൾ പ്രത്യേകം പ്രശംസ അർഹിക്കുന്നു. എത്ര ചടുലതയോടെയാണ് അവർ ആ സ്റ്റാൾ കൈകാര്യം ചെയ്തത്.

എന്റെ KKSY യിലെ അംഗങ്ങളുടെ കുട്ടികളല്ലേ! അങ്ങനെയേ വരികയുള്ളു, ഞാൻ ആത്മാഭിമാനം കൊണ്ടു.

ഹാളിൽ കലാപരിപാടികൾ ആരംഭിച്ചിരിക്കുന്നു. സ്വാഗതസംഘം വർക്കിംഗ് ചെയർമാന്റെ ഗണേശ സ്തുതിയും തുടർന്ന് ഗാനാലാപന രംഗത്തു പ്രശസ്തരായ രണ്ടംഗങ്ങളുടെ ഭാവ ഗായകൻ ജയചന്ദ്രൻ അനുസ്മരണ പാട്ടുകളും കഴിഞ്ഞ് പൂതനാമോക്ഷം കഥകളിയിൽ എത്തിയിരിക്കുന്നു. "പാട്ടുകൾ കുഴപ്പമില്ലായിരുന്നു, നമുക്കും ഇത്രക്കൊക്കെ പാടാൻ പറ്റും, നമുക്കും ഒരു ഗാനമേള ട്രൂപ്പ് തുടങ്ങണം" ഞാനും, അനൂപും, സതീഷേട്ടനും വിലയിരുത്തി. അപ്പോഴാണ് ഞങ്ങളുടെ പ്രസിഡന്റ് ഹരികൃഷ്ണൻ ചേട്ടനെ കുറച്ചുനേരമായി കാണുന്നില്ലല്ലോ എന്നോർത്തത്. ചില അംഗങ്ങൾ "മടങ്ങിയാലോ" എന്ന് ചോദിച്ചു തുടങ്ങിയിരിക്കുന്നു. ഹാളിൽ ആകമാനം ഒന്നു നോക്കി. അവിടെയെങ്ങും കണ്ടില്ല. ഉച്ച ഭക്ഷണം ഏതാണ്ട് അവസാനിച്ചിരിക്കുന്നു. അതുകൊണ്ട് അവിടെ ഉണ്ടാകാൻ വഴിയില്ല. ഞങ്ങളുടെ പ്രസിഡന്റിനെ അറിയുന്ന ഒരു ഭാരവാഹിയോട് അന്വേഷിച്ചു. പൊന്നാട ചാർത്താനോ മറ്റോ സ്റ്റേജിന്റെ പുറകിലോട്ട് അൽപ്പംമുൻപ് വിളിച്ചുകൊണ്ടു പോയെന്ന് മറുപടി. പൊന്നാട ചാർത്തൽ വേദിയിൽ വെച്ചുവേണ്ടേ നടത്താൻ. അതൊക്കെ നേരത്തേ നടന്നുകഴിഞ്ഞല്ലോ! അല്ലെങ്കിൽ തന്നെ ഞങ്ങളുടെ പ്രസിഡന്റിന് ഏതു വകയിലാണ് പൊന്നാട? ഇങ്ങനെ ഒക്കെ ചിന്തിച്ച് ഞാൻ സ്റ്റേജിനു പുറകിലെ ചെറിയ മെയ്ക്കപ്പുമുറിയുടെ വാതിൽക്കലെത്തി. അപ്പോൾ സ്റ്റേജിൽ നിന്നും ചെണ്ടയുടെയും മദ്ദളത്തിന്റെയും പ്രകടനം അതിന്റെ പാരമ്യത്തിൽ എത്തിയതായി തോന്നി. പൂതനയ്ക്ക് മോക്ഷ പ്രാപ്തിക്കുള്ള സമയം എത്തിയിരിക്കാം. അവിടൊന്നും ആരെയും കണ്ടില്ല. പിന്തിരിഞ്ഞു നടക്കാൻ തുടങ്ങുമ്പോഴേക്കും ആ ചെറിയ മുറിയുടെ വാതിൽ ശക്തിയായി തുറന്ന് കൈലിമുണ്ടും ഷർട്ടും ധരിച്ച രണ്ടുമൂന്നു പേർ മുണ്ട് മടക്കികുത്തി ധൃതിയിൽ സ്റ്റേജിന്റെ പുറകിലെ നാട്ടുവഴിയിലൂടെ നടന്നു പോയി. തുറന്ന വാതിലിലൂടെ ഞാൻ നോക്കുമ്പോൾ ചാക്ക് പോലെത്തെ എന്തോ ഒന്ന് തലയിൽ നിന്ന് ഊരിമാറ്റി വിയർത്തു വിഷണ്ണനായി ഞങ്ങളുടെ പ്രസിഡന്റ് പുറത്തേക്കുവരുന്നു.

എന്നെ കണ്ടതും അൽപ്പം ഇളിഭ്യതയോടെ പ്രസിഡന്റ് പുലമ്പി "ഇതിന്റെ ആവശ്യം ഒന്നും ഇല്ല എന്നു ഞാൻ പറഞ്ഞതാ. പക്ഷെ ഇത്രയും ഭംഗിയായി കാര്യങ്ങൾ പഠിച്ചു വിമർശനാത്മകമായി പറഞ്ഞതിന് അൽപ്പം വൈകിയാണെങ്കിലും അഭിനന്ദനം അർഹിക്കുന്നു, അതിനാൽ ചാർത്തിയേ തീരുവെന്നു സംഘാടകർക്ക് നിർബന്ധം". എനിക്ക് വിശ്വാസമായില്ല, ഞാൻ ഭിത്തിയിൽ ചാരി ക്ഷീണിതനായി നിൽക്കുന്ന പ്രസിഡന്റിനോട് വീണ്ടും ചോദിച്ചു "അതിന് ചാർത്തിയ പൊന്നാട എവിടെ? ചാർത്തിയ ഭാരവാഹികളെ ആരെയും കാണുന്നില്ലല്ലോ? ആരാ ഇവിടുന്നു അൽപ്പംമുൻപ് ഇറങ്ങിപ്പോയ ആൾക്കാർ?"

അൽപ്പനേരം എന്റെ മുഖത്തേക്ക് വ്യസനഭാവത്തിൽ നോക്കി നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം പറഞ്ഞു. "നമ്മൾ രണ്ടാളും തൽക്കാലം ഇതറിഞ്ഞാൽ മതിയെന്റെ പ്രദീപേ! ആ കൃഷ്ണനും സുരേഷും കൂടി പൊന്നാട ചാർത്താനെന്നും പറഞ്ഞ് ഈ മുറിയിൽ കൊണ്ടുവന്നതാണ്. വേദിയിൽ വെച്ചുതരാൻ കഴിഞ്ഞില്ല. അതു സാരമില്ല ഫോട്ടോ എടുത്ത് 'ക്ഷാത്രസ്പന്ദന'ത്തിൽ ഇടാം എന്നു പറഞ്ഞപ്പോൾ ഒന്നും ഓർത്തില്ല അവരുടെ കൂടെ പോന്നു. പ്രദീപിനറിയാമല്ലോ എനിക്ക് അംഗീകാരങ്ങൾ ഒരു വീക്നെസ്സ് ആണെന്ന്! ഈ മുറിയിൽ എന്നെ കയറ്റിയിട്ട് ചേട്ടാ, ഇപ്പോൾ വരാം എന്നു പറഞ്ഞ് അവർ പോയി. ഉടൻ മുൻപ് ഇറങ്ങിപ്പോയ ആൾക്കാർ അകത്തുവന്നു വാതിലടച്ചു. കൈയിൽ കരുതിയിരുന്ന പൊന്നാട... അല്ല, ചാക്ക് തലമൂടി പുതപ്പിച്ചു. എന്നിട്ടാണ് ചാർത്തു തുടങ്ങിയത്. ആവശ്യംപോലെ ചാർത്തിയിട്ട് അവര് പോയി." ഈ വിധം പൊന്നാട ചാർത്തുമ്പോൾ ചാർത്തപ്പെടുന്നവന്റെ ആത്മപുളകിത സീൽക്കാരങ്ങൾ പുറത്ത് കേൾക്കാതിരിക്കാൻ വേണ്ടിയാവണം സ്റ്റേജിൽ പൂതനയ്ക്ക് മോക്ഷംകിട്ടുന്ന രംഗത്തിനായി കാത്തത്. ആ സമയത്തു മുൻപ് പറഞ്ഞപോലെ ചെണ്ടയും മദ്ദളവും തിമിർത്തു പെരുക്കുകയായിരുന്നല്ലോ! അക്കാര്യത്തിൽ സംഘടകരുടെ കണക്കുകൂട്ടൽ അംഗീകരിക്കാതെ വയ്യ.

"ഇയാൾക്ക് ഈ പൊന്നാട നേരത്തെ കിട്ടണ്ടതായിരുന്നു" എന്ന ചിന്ത മനസ്സിലൊളിപ്പിച്ചു, ആൽമരച്ചുവട്ടിൽ വെച്ചുള്ള ബോധോദയത്തിൽ തോന്നിയ സംശയങ്ങൾ ചോദ്യങ്ങളായി വേദിയിൽ

കയറി പറയാൻ തോന്നാത്തത് എത്ര നന്നായി എന്നു സ്വയം ആശ്വസിച്ച് മുഖത്തുവരുത്തിയ അനുകമ്പാഭാവത്തോടെ ഞാൻ ആശ്വസിപ്പിച്ചു. "വിഷമിക്കേണ്ട, അല്ലെങ്കിലും ചേട്ടാ സത്യം തുറന്നു പറയുന്നവന് എന്നും ഗതി ഈ വിധത്തിലുള്ള പൊന്നാട ചാർത്തൽ തന്നെ".

ഞങ്ങൾ രണ്ടാളും ഒന്നുമറിയാത്തപോലെ ചായ കുടിച്ചുകൊണ്ടിരുന്ന മറ്റംഗങ്ങൾക്കൊപ്പം ചേർന്നു. ആർക്കും നേരിട്ട് മുഖംകൊടുക്കാതെ പ്രസിഡന്റ് ആ സിറ്റുവേഷൻ വിദഗ്ദ്ധമായി കൈകാര്യം ചെയ്തു. ശേഷം മറ്റു പരിപാടികൾക്ക് നിൽക്കാതെ എല്ലാവരെയും കൂട്ടി വണ്ടിയിലോട്ടു മടങ്ങി. മടക്ക യാത്രയിൽ രാവിലത്തെ ഉറക്കക്ഷീണം മാറ്റാനെന്ന് പറഞ്ഞ് പ്രസിഡന്റ് വണ്ടിയുടെ ഏറ്റവും പുറകിലുള്ള നീണ്ട ഒറ്റ സീറ്റിൽ നിവർന്നുകിടന്നു. ഈ കിടപ്പ് നേരത്തെ മനസ്സിൽ കണ്ടിട്ടാണോ ആളെണ്ണത്തെക്കാൾ രണ്ടുമൂന്ന് സീറ്റ് എക്സ്ട്രാ ഉള്ള ഈ വണ്ടി തന്നെ പിടിച്ചതെന്ന് ഞാൻ ഓർത്തു. വണ്ടിയുടെ സുഖശീതളിമയിൽ പെട്ടെന്ന് പാതിമയക്കത്തിലായി പാവം പ്രസിഡന്റ്. അൽപ്പദൂരം പിന്നിട്ടപ്പോഴേക്കും മുൻപിലിരുന്ന വേണുച്ചേട്ടൻ പുറകിൽ എന്നോടൊപ്പം വന്നിരുന്നു. ശബ്ദംതാഴ്ത്തി എന്നോട് ചോദിച്ചു "ഹരികൃഷ്ണന് പൊന്നാട ചാർത്തു കിട്ടി അല്ലേ?" വേണുച്ചേട്ടൻ ഇതെങ്ങിനെ അറിഞ്ഞു? ചോദ്യഭാവത്തിൽ ഞാൻ ചേട്ടനെ നോക്കി. സ്വതസ്സിദ്ധമായ ആ സർവ്വസ്വനിസ്സാരാക്ഷേപവത്കൃത കൊടും ചിരിയുടെ (മലയാള ഭാഷക്ക് എന്റെ സംഭാവന ഈ പുതിയ വാക്ക്- ശബ്ദതാരാവലിയിൽ എന്തിനെയും നിസ്സാരവത്ക്കരിച്ചും അൽപ്പം പുച്ഛത്തോടെയും കാണുന്നവർ ചിരിക്കുന്ന ചിരി എന്നു വ്യാഖ്യാനം) അകമ്പടിയിൽ ചേട്ടൻ ഒച്ചകൂട്ടാതെ പറഞ്ഞു "നേതൃത്വത്തെ ഇങ്ങനെ വിമർശിച്ചിട്ട് പൊന്നാട ചാർത്താൻ എന്നുപറഞ്ഞ് അവർ വിളിച്ചാൽ ഇയാളല്ലാതെ വേറെ ആരെങ്കിലും പോകുമോ! പ്രദീപാ, എന്നെയും വിളിച്ചതാ പൊന്നാട ചാർത്താനെന്നു പറഞ്ഞ്. ഞാനിതെത്ര കണ്ടതാ, ഇപ്പം വരാമെന്നു പറഞ്ഞ് ഞാൻ മുങ്ങി. പിന്നെ ഇത്രയും നേരം അവർ കാണാതെ അവിടേം ഇവിടേം കറങ്ങുകയായിരുന്നു ഞാൻ''. അപ്പോഴാണ് വേണുച്ചേട്ടനെ വണ്ടിയിൽ കേറിയപ്പോഴാണല്ലോ കണ്ടത് എന്നു ഞാൻ ചിന്തിച്ചത്. കലാപരിപാടികൾ നടക്കുമ്പോഴോ, ചായ കുടിക്കുന്നിടത്തോ വേണുച്ചേട്ടനെ കണ്ടിരുന്നില്ല എന്നും ഞാനോർത്തു. ഇദ്ദേഹം ആളൊരു പുലി തന്നെ, ഇദ്ദേഹവും കോട്ടയത്ത് നിന്നുള്ള ഒരു AVUT ആണല്ലോ! കോട്ടയംകാരുടെ കുരുട്ടുബുദ്ധിയെ വെല്ലാൻ ആരുണ്ട്? കോട്ടയംകാരനായതിൽ എനിക്ക് അഭിമാനം തോന്നി. എങ്കിലും 'ചാക്കുമൂടി ചാർത്തൽ' (അടുത്ത സമ്മേളനങ്ങൾക്കായി എന്റെ വക പുതിയൊരു പ്രയോഗം) ആയിരിക്കും എന്ന് വേണുച്ചേട്ടനെങ്ങിനെ നേരത്തെ മനസ്സിലായി? എന്റെ സംശയം മനസ്സിലാക്കി എന്നപോലെ അദ്ദേഹം പതുക്കെ പറഞ്ഞു, "പ്രദീപാ, എന്റെ അളിയൻ അതായത് സുരൻചേട്ടൻ കുറച്ചുകാലം സഭയുടെ സംസ്ഥാന പ്രസിഡന്റ് ആയിരുന്നല്ലോ, അക്കാലയളവിൽ ഇതുപോലെ ചിലർക്കൊക്കെ പൊന്നാട ചാർത്താനും, സുരൻ ചേട്ടൻ പ്രസിഡന്റ് പദവി ഒഴിഞ്ഞതിനു ശേഷം അദ്ദേഹത്തിന് വേണ്ടി ചിലതു വാങ്ങാനും എനിക്ക് ഇടവന്നിട്ടുണ്ട്. ആ എന്നോടാ ഇവരുടെ കളി. പൊന്നാട എന്നു കേട്ടപ്പോഴേ ആരോടും പറയാതെ ചാടി പുറപ്പെടുന്നതിനു മുൻപ് എന്നോടെങ്കിലും ഒന്നു പറയാമായിരുന്നു ഹരികൃഷ്ണന്, അതെങ്ങനാ എന്താ ഏതിനാ എന്നൊന്നും നോക്കാതെ അനുമോദിക്കൽ എന്ന് കെട്ടാലുടൻ ചാടി പുറപ്പെട്ടോളും. ഇനിയിപ്പം പറഞ്ഞിട്ട് കാര്യമില്ലല്ലോ! പരിമണത്തു ഇറങ്ങുമ്പോൾ മായയോടൊന്നു സൂചിപ്പിച്ചേക്കു പ്രദീപാ, തിരുവിഴ വരെ വണ്ടി ഓടിക്കണ്ടതല്ലേ". ഞാൻ തലയാട്ടി. "അടുത്ത സംസ്ഥാന സമ്മേളനം ചേർത്തലയിൽ നടത്തണം. എനിക്കും മൂന്നാല് പേർക്ക് പൊന്നാട ചാർത്തണം" എന്നു പ്രസിഡന്റ് പുലമ്പുന്നത് കേട്ട് തൊട്ടുമുന്നിലെ സീറ്റിൽ ഇരിക്കുന്ന എനിക്കും വേണുച്ചേട്ടനും തോന്നിയ സഹതാപം പെട്ടെന്ന് അടക്കാൻ പറ്റാത്ത ഒരു പൊട്ടിച്ചിരിയായി മാറി. മുൻപിൽ ഇരുന്നവർ തിരിഞ്ഞു ഞങ്ങളെ നോക്കി. പരിമണത്തിന്റെ ഗേറ്റിനു മുൻപിൽ വണ്ടി നിർത്തി ഞങ്ങൾ മൂന്ന് പേർ ഇറങ്ങുമ്പോഴും ഞങ്ങളുടെ ചിരി എന്തിനായിരുന്നു എന്ന് ആർക്കും മനസ്സിലായില്ല. ഇപ്പോൾ എല്ലാത്തിനും ഒരു ഉത്തരമായി എന്നു കരുതുന്നു. "നിങ്ങളോട് പോകുമ്പോഴേ പറഞ്ഞതല്ലേ അവിടെ ചെന്ന് അഭിപ്രായം പറയാതെ മിണ്ടാതിരുന്നാൽ മതിയെന്ന്" എന്നും പറഞ്ഞ് കാട്ടിൽ കോവിലക



## 'ചിന്തയാമി ദേവേശം' പ്രകാശനം ചെയ്തു




കിളിമാനൂർ കൊട്ടാരത്തിലെ **പ്രകാശ് കെ. വർമ്മ** സംസ്കൃതത്തിൽ രചിച്ച '**ചിന്തയാമി ദേവേശം**' എന്ന കീർത്തനം പ്രകാശനം ചെയ്തു. സുപ്രസിദ്ധ സംഗീതജ്ഞൻ ശ്രീവത്സൻ ജെ. മേനോൻ ആണ് ഇത് രാഗമാലികയിൽ ചിട്ടപ്പെടുത്തി ആലപിച്ചിരിക്കുന്നത്. സന്താനഗോപാലം കഥയാണ് ഇതിന്റെ ഇതിവൃത്തം. കിളിമാനൂർ കൊട്ടാരത്തിലെ സുമംഗല വർമ്മയുടെയും തൃപ്പൂണിത്തുറ കൊച്ചി രാജകുടുംബാംഗം പരേതനായ പി. കേരള വർമ്മയുടേയും മകനാണ്. ഭാര്യ തൃപ്പൂണിത്തുറ പാലസ്. 11-ലെ രാജശ്രീ കൊച്ചി ഗ്ലോബൽ പബ്ലിക് സ്കൂൾ അദ്ധ്യാപികയാണ്. യൂ ട്യൂബ് മുതലായ എല്ലാ പ്രമുഖ ഡിജിറ്റൽ പ്ളാറ്റ്ഫോമുകളിലൂടെയും ഈ കീർത്തനം ആസ്വദിക്കാം. കീർത്തനം കേൾക്കാൻ ഈ കോഡ് സ്കാൻ ചെയ്യുക.

---

## കിളിമാനൂർ കൊട്ടാരത്തിലെ സാംസ്കാരികസംഗമം



ചരിത്രപ്രസിദ്ധമായ കിളിമാനൂർ കൊട്ടാരം വക അയ്യപ്പൻകാവ് ക്ഷേത്രോൽസവത്തോടനുബന്ധിച്ച് കൊടിയേറ്റ് ദിവസമായ 2025 ഫെബ്രുവരി 8 ശനിയാഴ്ച നടന്ന സാംസ്കാരികസമ്മേളനത്തിൽ പ്രശസ്ത കവിയും ഗാനരചയിതാവുമായ വയലാർ ശരത്ചന്ദ്രവർമ്മ മുഖ്യാതിഥി ആയിരുന്നു. സമ്മേളനത്തിൽ വെച്ച് കൃഷ്ണകുമാർ വർമ്മ രചിച്ച 'അയ്യപ്പൻകാവ്- കിളിമാനൂർ കൊട്ടാരം പരദേവതാ ക്ഷേത്രം- ചരിത്രം, സവിശേഷതകൾ' എന്ന ഗ്രന്ഥം വയലാർ ശരത്ചന്ദ്രവർമ്മ കിളിമാനൂർ പാലസ് ട്രസ്റ്റ് പ്രസിഡന്റ് കെ. ദിവാകരവർമ്മയ്ക്ക് ആദ്യപ്രതി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. പിന്നീട് കിളിമാനൂർ കൊട്ടാരം കുടുംബാംഗമായ കെ. കൃഷ്ണകുമാരി വർമ്മ രചിച്ച് കൊട്ടാരം കുടുംബാംഗമായ കെ.ആർ. സുരേഷ്കുമാർ വർമ്മ സംഗീതംനൽകി അനു വി. കടമ്മനിട്ട ആലപിച്ച് സർഗ്ഗം ആഡിയോസ് പുറത്തിറക്കുന്ന 'ശുകഹരിണപുരേശൻ' എന്ന മ്യൂസിക് വീഡിയോയുടെ സി.ഡി. പ്രകാശനവും വയലാർ ശരത്ചന്ദ്രവർമ്മ കെ. ദിവാകരവർമ്മയ്ക്ക് നൽകിക്കൊണ്ട് നിർവ്വഹിച്ചു. യോഗത്തിൽ ഒട്ടേറെ വിശിഷ്ടവ്യക്തികൾ സന്നിഹിതരായിരുന്നു.

---

→

ത്തുവെച്ച് മായച്ചേച്ചിയുടെ വക ചാർത്തലുകൾ ഒന്നും ഉണ്ടാവരുതേ, അദ്ദേഹം ഇനി താങ്ങില്ല എന്നുകൂടി അപേക്ഷിച്ചുകൊണ്ട് ഈ റിപ്പോർട്ട് ചുരുക്കുന്നു. നന്ദി...

(അറിയാത്തവർക്കായി അവസാനം വിശദീകരിക്കാമെന്നു പറഞ്ഞ അക്കാര്യം:

AVUT- അച്ചിവീട്ടിൽ ഉണ്ടു താമസം

AVUST- അച്ചിവീട്ടിൽ ഉണ്ടു സ്ഥിരതാമസം)

റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിച്ചത്: പ്രദീപ് കെ. വർമ്മ

(കരപ്പുറം ക്ഷത്രിയ സഭാംഗവും സർവ്വോപരി സഭയുടെ കേന്ദ്രസഭാ പ്രതിനിധിയുമാണ് ലേഖകൻ)

*(ഈ കുടുംബസംഗമത്തിൽ ഇത് അവതരിപ്പിക്കാൻ സമ്മതംചോദിച്ച് വാട്ട്സാപ്പിലേക്ക് അയച്ചപ്പോൾത്തന്നെ തിരിച്ചുവിളിച്ച് പൂർണ്ണമനസ്സോടെ സമ്മതിക്കുകയും സഭാഗ്രൂപ്പിൽ അക്കാര്യം ഇന്നത്തെ കാര്യപരിപാടിയിലെ ഒരു പ്രധാന ഐറ്റമായി ഉൾപ്പെടുത്തുകയും ചെയ്ത ഹരികൃഷ്ണൻ ചേട്ടന് നന്ദി. നേരമ്പോക്കുകൾ ആ രീതിയിൽ മാത്രമേ എടുക്കൂ എന്നെനിക്കുറപ്പുള്ള സുരൻ ചേട്ടനോടും, വേണുച്ചേട്ടനോടും അവരുടെ പേരുകൾ അനുവാദമില്ലാതെ പരാമർശിച്ചതിനു ക്ഷമാപണം. സ്വഭാര്യക്ക് ഒരു മുൻകൂർ ജാമ്യാപേക്ഷ)*

# ഓർമ്മകളിൽ സുഗന്ധം



**കെ.എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം. മൊ. 9447390709

മലയാളത്തിന്റെ പ്രിയപ്പെട്ട കവിയും ഗാന രചയിതാവുമായ, ക്ഷത്രിയ സമുദായത്തിന്റെ അഭിമാനമായ, വയലാർ രാമവർമ്മയുടെ 97-ാം ജന്മദിനമാണ് നമ്മെ കടന്നുപോയത്. അദ്ദേഹം അന്തരിച്ചിട്ട് അരനൂറ്റാണ്ടായ ഇന്നും ആ സുവർണ്ണ തൂലികയിൽ നിന്ന് ഒഴുകിയെത്തിയ ഗാനങ്ങൾ കൈരളിയുടെ കരളിൽ നിറഞ്ഞൊഴുകുന്നു! ആ മഹാപ്രതിഭാശാലിയെക്കുറിച്ചുള്ള ഓർമ്മകൾ ഇന്നും ഒളിമങ്ങാതെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു!



വയലാറിനെക്കുറിച്ച് പറയുമ്പോൾ ഒപ്പം ഓർക്കുന്ന മറ്റൊരു പേരുണ്ട്. ജി. ദേവരാജൻ. ചലച്ചിത്ര ഗാനങ്ങളെക്കുറിച്ചു പറയുമ്പോൾ ഈ രണ്ടു പേരുകളും ഒരുമിച്ചാണ് ആസ്വാദകരുടെ മനസ്സുകളിലേക്ക് കടന്നുവരുക.

വയലാർ അന്തരിച്ചിട്ടു കുറെ വർഷങ്ങൾക്കു ശേഷം. ദേവരാജൻ മാസ്റ്റർ രോഗാതുരനായി തിരുവനന്തപുരം പട്ടം എസ്.യു.ടി. ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യപ്പെട്ടു. ഒരു ദിവസം എന്റെ സുഹൃത്തും കവിയുമായ പഴവിള രമേശൻ പറഞ്ഞു.

"നമ്മുടെ ദേവരാജൻ മാസ്റ്റർ സുഖമില്ലാതെ ആശുപത്രിയിലാണല്ലോ. പല കാരണങ്ങൾ കൊണ്ടും അദ്ദേഹം ദുഃഖിതനാണ് എന്നറിയുന്നു. നമുക്ക് ഒന്നു പോയി കാണണം. ആശാൻ (പഴവിള സ്നേഹപൂർവ്വം എന്നെ അങ്ങിനെയാണ് വിളിച്ചിരുന്നത്) എന്തെങ്കിലുമൊക്കെ തമാശ പറഞ്ഞ് മാസ്റ്ററുടെ മൂഡ് ഒന്നു മാറ്റിയെടുക്കണം."

അങ്ങിനെ ഞങ്ങൾ ആശുപത്രിയിൽ ദേവരാജൻ മാസ്റ്റർ കിടക്കുന്ന മുറിയിലെത്തി. അദ്ദേഹം വിഷാദമൂകനായി കിടക്കുന്നു. ചില ആരാധകർ മുറിയിലുണ്ട്. എന്നെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു.

"കൃഷ്ണദാസേ! ഷുഗർ കൂടുതലാണെന്നാ ഡോക്ടർ പറഞ്ഞത്."

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു. "കൂടും. ഇനിയും കൂടും."

മാസ്റ്റർ ദേഷ്യത്തിൽ എന്നെ നോക്കി.

ഞാൻ തുടർന്നു: "അതേയ്. മലയാളികൾക്ക് ഒരുപാട് മധുര ഗാനങ്ങൾ കൊടുത്തപ്പോൾ ഓർക്കണമായിരുന്നു. കൊടുത്താൽ കൊല്ലത്തും കിട്ടുമെന്ന്. കൊല്ലത്ത് മാത്രമല്ല, പരവൂരിലും കിട്ടും. ദൈവം പകരംവീട്ടിയതാ. സഹിച്ചോ."

ആ മുഖത്ത് അപൂർവ്വമായി മാത്രം വിടരുന്ന ചിരി ഞങ്ങളെ ഏറെ ആഹ്ലാദിപ്പിച്ചു. അദ്ദേഹം വിട്ടില്ല. ഉടനെ മറുപടിവന്നു. ചിരിച്ചുകൊണ്ടുതന്നെ അദ്ദേഹം പറഞ്ഞു:

"ഞാൻ മാത്രമല്ലല്ലോ പ്രതി! കൂട്ടുപ്രതിയില്ലെ? കൃഷ്ണദാസിന്റെ കുട്ടൻചേട്ടൻ! വയലാർ!"

ഞാൻ പറഞ്ഞു: "അതേ. അതുകൊണ്ടാണല്ലോ അങ്ങേരെ ദൈവം നേരത്തെ വിളിച്ചത്. രണ്ടുപേരും കുറെക്കാലം കൂടി ഒരുമിച്ച് ജീവിച്ചിരുന്നെങ്കിൽ മലയാളികൾ മുഴുവൻ പ്രമേഹരോഗികളായി മാറിയേനെ!"

മാസ്റ്റർ ഉറക്കെ ചിരിച്ചു. മുറിയിൽ കൂട്ടച്ചിരിയായി. ബഹളം കേട്ട് വരാന്തയിലൂടെ റൗണ്ടിന് പോകുകയായിരുന്ന ഡോക്ടർ മുറിയിലേക്ക് കടന്നുവന്നു.

*ശേഷം 68-ൽ*

# വിവാഹ മംഗളാശംസകൾ



തിരുവനന്തപുരം പേരൂർക്കട എൻ.സി.സി. നഗർ 'ശ്രീലക'ത്തിൽ അജിത്ത് വർമ്മയുടെയും ശ്രീകല വർമ്മയുടെയും മകൻ **അരുണും** തൃശ്ശൂർ അഞ്ചേരി കിഴക്കെ ചങ്കരംപാട്ടു മഠത്തിൽ രാമവർമ്മ രാജ യുടെയും സജിത വർമ്മയുടെയും മകൾ **ആരതിയും** തമ്മിലുള്ള വിവാഹം 2025 ജനുവരി 26 ഞായറാഴ്ച തൃശ്ശൂർ കൗസ്തുഭം ആഡിറ്റോറിയത്തിൽ വച്ച് സമംഗളം നടന്നു.





# വിവാഹ മംഗളാശംസകൾ





തിരുവല്ല പാലിയേക്കര കിഴക്കേ
കൊട്ടാരത്തിൽ പരേതരായ
ബിന്ദു വർമ്മയുടെയും കണ്ണൂർ
ചിറക്കൽ കോവിലകത്തെ
അനിൽ വർമ്മയുടെയും മകൾ
**അനാമിക വർമ്മയും**
കീഴൂർ 'ദേവി നിലയ'ത്തിൽ
എൻ.കെ. ജയകുമാറിന്റെയും
പന്തളം കോയിക്കൽകുഴി
പരേതയായ ജയലക്ഷ്മിയുടെയും
മകൻ **വിവേക് വർമ്മയും**
തമ്മിലുള്ള വിവാഹം
26–1–2025–ൽ ചങ്ങനാശ്ശേരി
കോണ്ടൂർ കൺവെൻഷൻ
സെന്ററിൽ വച്ച് സമംഗളം നടന്നു.





# വിവാഹ മംഗളാശംസകൾ



മാവേലിക്കര ലക്ഷ്മീവിലാസം കൊട്ടാരത്തിലെ പരേതനായ അഡ്വ. നന്ദകുമാര വർമ്മയുടെയും കൊരട്ടി ശ്രാമ്പിക്കൽ മഠം 'ശ്രീനികേതനി'ൽ താമസിക്കുന്ന മേലാറ്റൂർ അരീക്കരയിലെ അനുപമ വർമ്മയുടെയും മകൾ **ഐശ്വര്യ വർമ്മയും**, പാലക്കാട് 'ബിൽടെക് പവലിയനി'ൽ താമസിക്കുന്ന കൃഷ്ണദാസിന്റെയും ഓമന ദാസിന്റെയും മകൻ **ഗോവിന്ദും** തമ്മിലുള്ള വിവാഹം 2025 ജനുവരി 12–ാം തീയതി ഞായറാഴ്ച്ച ചാലക്കുടി ക്രസന്റ് കൺവെൻഷൻ സെന്ററിൽ വച്ച് സമംഗളം നടന്നു.

# 101-ാം പിറന്നാളാശംസകൾ



വൈക്കം പടിഞ്ഞാറെ കോവിലകത്ത് (രാജി നിവാസ്) **രവിവർമ്മ തമ്പാന്റെ (മണിച്ചേട്ടൻ) നൂറ്റിയൊന്നാം പിറന്നാൾ** ആഘോഷിച്ചു. തദവസരത്തിൽ ബന്ധുമിത്രാദികളും ക്ഷത്രിയ ക്ഷേമസഭാ ഭാരവാഹികളും പങ്കെടുത്തു.

ഭാര്യ: കുറ്റിലഞ്ഞി കിഴക്കേ മഠത്തിൽ അമ്മിണി അമ്മാൾ.

മക്കൾ: ഹരീന്ദ്രവർമ്മ, രാജലക്ഷ്മി.

മരുമക്കൾ: സുധാവർമ്മ (മംഗളമഠം), നാരായണവർമ്മ (പന്തളംകൊട്ടാരം).

# ശതാഭിഷേക മംഗളാശംസകൾ

ഇക്കഴിഞ്ഞ ജനുവരി ഇരുപത്തഞ്ചാം തീയതി (കൊല്ലവർഷം 1200 മകരമാസത്തിലെ തൃക്കേട്ട നാൾ) തൃപ്പൂണിത്തുറ കളിക്കോട്ടയിൽവച്ച് ശതാഭിഷിക്തരായ കിളിമാനൂർ കൊട്ടാരത്തിലെ ഇരട്ടസഹോദരികളായ **സുമംഗലാവർമ്മയും (ഓമന) സൗദാമിനിവർമ്മയും (അമ്മിണി).**

പൂഞ്ഞാർ കൊട്ടാരത്തിലെ രാമവർമ്മ രാജയുടെയും, കിളിമാനൂർ കൊട്ടാരത്തിലെ സേതു തമ്പുരാട്ടിയുടെയും പുത്രിമാരായ ഇവർ 1941 ജനുവരി ഇരുപത്തിനാലാം തീയതി ഭൂജാതരായി.



സുമംഗലയുടെ ഭർത്താവ് തൃപ്പൂണിത്തുറ കൊച്ചുപടിഞ്ഞാറേ കോവിലകത്തെ പരേതനായ കേരളവർമ്മ കേളപ്പൻ (പി.കെ. വർമ്മ – തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ മുൻ ചെയർമാൻ) തമ്പുരാനാണ്.
കുട്ടികൾ: പ്രതിഭ, പ്രകാശ്, പ്രശാന്ത്, പ്രസന്ന

സൗദാമിനിയുടെ ഭർത്താവ് തൃപ്പൂണിത്തുറ കൊച്ചുപടിഞ്ഞാറേ കോവിലകത്തെ (ഊരകം ശാഖ) പരേതനായ കേരളവർമ്മ കുഞ്ഞുക്കുട്ടൻ (മുൻ കൊച്ചി വലിയതമ്പുരാൻ) തമ്പുരാനാണ്.
കുട്ടികൾ: പ്രമോദ് (ചീഫ് ആർക്കിട്ടെക്റ്റ് – ആധാർ/ യുപിഐ/ കോവിൻ പോർട്ടൽ/ ഡിജി ലോക്കർ), പ്രജോദ് (മാനേജിങ് ഡയറക്ടർ, ഐ ബോഡ് ടെക്നോളജീസ്, ചെന്നൈ).


ക്ഷത്രിയ ക്ഷേമ സഭ
42-ാം
സംസ്ഥാന
സമ്മേളനം
2025 മാർച്ച് 2 ഞായർ കുറ്റിലഞ്ഞി

# അഭിനന്ദനങ്ങൾ





ചേർത്തല കാട്ടിൽ കോവിലകത്ത് ശ്രീ. ആദിത്യ വർമ്മയുടെയും ശ്രീമതി ഗീതാ വർമ്മയുടെയും പുത്രി **കുമാരി അമൃതാ വർമ്മ**യുടെ കഥകളി അരങ്ങേറ്റം 2025 ജനുവരി 10 ന് തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശ ക്ഷേത്രത്തിൽ നടന്നു. പ്ലസ് വൺ വിദ്യാർത്ഥിനിയായ അമൃത ദുര്യോധനവധം കഥയിൽ ശ്രീകൃഷ്ണ വേഷമാണ് അരങ്ങേറിയത്. പ്രസിദ്ധ കഥകളി കലാകാരിയായ ശ്രീമതി രഞ്ജിനി സുരേഷ് ആണ് ഗുരുനാഥ. ദ്രൗപദിയുടെ വേഷത്തിൽ അരങ്ങത്തു വന്ന മാതാവ് ഗീതാ വർമ്മ ചേർത്തല തങ്കപ്പ പണിക്കർ ആശാന്റെ ശിഷ്യയും തൃപ്പൂണിത്തുറ വനിതാ കഥകളി സംഘത്തിലെ പ്രധാന ഗായികയും ആയിരുന്നു. ഏജീസ് ഓഫീസിൽ സീനിയർ അക്കൗണ്ട്സ് ഓഫിസർ ആയി റിട്ടയർ ചെയ്തതിനു ശേഷം ശ്രീമതി രാധികാ വർമ്മയുടെ കീഴിൽ കഥകളി അഭ്യസിക്കുന്നു.





# സ്മരണാഞ്ജലി

**ഒന്നാം ചരമവാർഷികം (30-03-2025)**



## പ്രൊഫ. ആർ.ആർ.സി. വർമ്മ

'ശ്രീപാദം', കോട്ടയ്ക്കകം, മാവേലിക്കര

**സന്തപ്ത കുടുംബാംഗങ്ങൾ**

# റിയാക്ടിലേക്ക് സ്നേഹപൂർവ്വം ....



ജാതി, കുലം, ഗോത്രം, നാമം, രൂപം, ദേശം, കാലം ഇവയൊന്നും ധാർമ്മിക പ്രവൃത്തിയെ സ്വാധീനിക്കുന്നില്ല എന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്ന തരത്തിൽ ശ്രീമതി സാറാ ചാണ്ടി റിയാക്ടിനെ സ്വന്തം മനസ്സോട് ചേർത്തുവയ്ക്കുന്നതിന്റെ നേർചിത്രമാണ് ഇത്. 2024 ഒക്ടോബറിൽ റിയാക്ടിനു നൽകിയ 2,00,000 രൂപയ്ക്കു പുറമേ 1,50,000 രൂപ കൂടി റിയാക്ട് ട്രഷറർ കെ.എൻ. രാമവർമ്മയ്ക്ക് സാറാ ചാണ്ടിയുടെ ഭർത്താവ് ശ്രീ. ചാണ്ടി കൈമാറുന്നു. ഈ സുകൃതത്തിന് ചാണ്ടി ദമ്പതികളോടുള്ള കടപ്പാടും നന്ദിയും അറിയിക്കുന്നു. അവർക്കും കുടുംബത്തിനും നന്മകൾ നേരുന്നു.

ടീം റിയാക്ട്

# സ്മരണാഞ്ജലി

**നാലാം ചരമവാർഷികം (29-04-2025)**

## എൻ.പി. വത്സല

**W/o പി.എം. സുബ്രഹ്മണ്യൻ**

**പ്രസിഡന്റ്, ക്ഷത്രിയ ക്ഷേമസഭ, കരിവെള്ളൂർ**

**ശ്രേയസ്സ്, ഓണക്കുന്ന്, കരിവെള്ളൂർ**



**പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്**

അമ്മ, ഭർത്താവ്, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ
സഹോദരി, സഹോദരന്മാർ, ബന്ധുമിത്രാദികൾ

# ബാഷ്പാഞ്ജലി

ചരമം: 2025 മാർച്ച് 3

**രാധ തമ്പാൻ (80)** (വാക്കയിൽ കോയിക്കൽ, കടപ്ര)
'ലക്ഷ്മി', വാർഡ് നമ്പർ–11, ചേർത്തല, ആലപ്പുഴ ജില്ല
W/o (Late) രാമവർമ്മ തമ്പാൻ, ചോതി കോവിലകം, വൈക്കം



മകൻ : അജിത് രാമവർമ്മ
മരുമകൾ : ഗോപികാ വർമ്മ
കൊച്ചുമകൾ : കാർത്തിക വർമ്മ

# ബാഷ്പാഞ്ജലി

**ചരമം: 2025 ഏപ്രിൽ 5**

## ആശാ അശോകൻ (61)

അഞ്ചേരി കണ്ണാടി കോവിലകം **അശോക വർമ്മയുടെ** ഭാര്യ

അമ്മ: ശാന്താ വർമ്മ (Late), പടിഞ്ഞാറെ കാട്ടുങ്കൽ കോവിലകം, ചേർത്തല

അച്ഛൻ: വി.കെ. വിജയവർമ്മ (Late), വലവൂർ കോവിലകം, പഴയന്നൂർ



**മക്കൾ: ആദർശ് വർമ്മ, അഞ്ജലി വർമ്മ**

**സഹോദരൻ: ധനഞ്ജയൻ**

# ബാഷ്പാഞ്ജലി

"സ്വപ്രയത്നം കൊണ്ട് ഒരു സംഘടനയെ
എങ്ങനെ നയിക്കാമെന്ന് തെളിയിച്ച വ്യക്തി"



## ടി.ആർ. രാമവർമ്മ രാജ

തുളിശ്ശാല കോയിക്കൽ, കടപ്ര, തിരുവല്ല.

*തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുടെ പ്രണാമം*

# ടി.ആർ. രാമവർമ്മരാജ – ഒരു അനുസ്മരണം

കടപ്ര തുളിശ്ശാല കോയിക്കൽ ടി.ആർ. രാമവർമ്മരാജ തിരുവനന്തപുരം ഇടപ്പഴഞ്ഞിയിലുള്ള സ്വഗൃഹത്തിൽ വെച്ച് 28.02.2025 പുലർച്ചെ അന്തരിച്ചു. അദ്ദേഹം എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഡെപ്യൂട്ടി കമ്മീഷണർ ആയാണ് ഗവ. സർവ്വീസിൽ നിന്ന് വിരമിച്ചത്.

സർവ്വീസിൽ നിന്ന് വിരമിച്ചശേഷം കടപ്രയിൽ സ്ഥിരതാമസം ആക്കിയപ്പോഴാണ് തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുമായുള്ള ബന്ധം തുടങ്ങിവെച്ചത് അധികം താമസിയാതെ അദ്ദേഹം സഭയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ അവരോധിക്കപ്പെട്ടു.

സഭയുടെ സെക്രട്ടറിയായി ആദ്യമായി അദ്ദേഹം ചാർജ്ജെടുത്തു. വളരെ വിശാലവീക്ഷണവും ഊർജ്ജസ്വലതയും കൈമുതലായ അദ്ദേഹം സഭയുടെ നിലനിൽപ്പിനെക്കുറിച്ചും ഭാവിയെക്കുറിച്ചും ചിന്തിച്ചതിൽ നിന്നാണ് ആദ്യമായി ഒരു സ്ഥലം സഭയ്ക്കുവേണ്ടി വാങ്ങുവാൻ തീരുമാനം എടുപ്പിച്ചത്. പാലിയേക്കര കൊട്ടാരത്തിലെ സി.കെ. രാമവർമ്മരാജയുടെ ഉടമസ്ഥതയിലുള്ള 5 സെന്റ് സ്ഥലം വാങ്ങുവാൻ സഭയുടെ കമ്മിറ്റി യോഗത്തിൽവെച്ച് തീരുമാനം എടുക്കുകയും അധികം വൈകാതെ അദ്ദേഹത്തിന്റെ തന്നെ അമ്മാവനായ ടി.ആർ. രാമവർമ്മരാജയുടെ പക്കൽ നിന്ന് 5,000 രൂപ വാങ്ങി. സ്ഥലം വാങ്ങുകയും ചെയ്തു. പിന്നീട് കെട്ടിടംപണിയുടെ പ്രഥമിക നടപടികൾ ആരംഭിക്കുകയും തുകലശ്ശേരി ദേവപുരം കൊട്ടാരത്തിലെ യു. കേരളവർമ്മയെ കെട്ടിടംപണിയുടെ എഞ്ചിനീയറായി വെയ്ക്കുകയും ചെയ്തു. സ്ഥലത്തിന്റെ കിടപ്പനുസരിച്ചും ഗവൺമെന്റിന്റെ നിലവിൽ ഉണ്ടായിരുന്ന നിയമപ്രകാരവും ഒരു ചെറിയ കെട്ടിടം മാത്രമേ അവിടെ നിർമ്മിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. സാമാന്യം നല്ല നീളത്തിലും അത്യാവശ്യം വീതിയിലുമുള്ള കെട്ടിടം പണിയുന്നതിന് തിരുവനന്തപുരത്തുള്ള ചീഫ് ടൗൺപ്ലാനിംഗ് ഓഫീസിൽ പോയി ഇതിനുള്ള പ്രത്യേക അനുമതി ലഭ്യമാക്കുവാൻ ശ്രമിക്കുകയും ഈ അനുമതി ലഭിക്കുകയും ചെയ്തു.

പിന്നീട് കെട്ടിടംപണിയുടെ ഫണ്ട് സ്വരൂപിക്കുവാനുള്ള ശ്രമം ആരംഭിക്കുകയും നാടകം, സിനിമ എന്നിവയുടെ ബെനിഫിറ്റ് ഷോ നടത്തിയും അതിൽ നിന്നും ലഭിച്ച ലാഭം കൊണ്ട് കെട്ടിടംപണി ആരംഭിക്കുകയും ചെയ്തു. അന്നുണ്ടായിരുന്ന കമ്മിറ്റി മെമ്പറുമാരുടെ സഹകരണം വലിയതോതിൽ ലഭിക്കുകയും അവരുടെ സഹായത്തോടെ പല ജോലികളും അവർ തന്നെ ചെയ്ത് കെട്ടിടംപണി പുരോഗമിക്കുകയും ചെയ്തു.

അതിനുശേഷം സഭയുടെ ആഭിമുഖ്യത്തിൽ ലേലച്ചിട്ടികൾ നടത്തിയും കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് ഫണ്ടുപിരിവ് നടത്തിയും, സമുദായത്തിലെ പലരെയും സമീപിച്ച് പലിശരഹിത വായ്പ സ്വീകരിച്ചും കെട്ടിടംപണിയുടെ 2 നിലകൾ പൂർത്തീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് സമുദായ സ്നേഹികളായ എല്ലാ അംഗങ്ങളുടെയും കമ്മിറ്റി മെമ്പർമാരുടെയും സാമ്പത്തികസഹകരണം ഉണ്ടായിരുന്നു എന്നുള്ളത് കെട്ടിടംപണി പൂർത്തീകരിക്കുവാൻ സഹായകരമായിത്തീർന്നു.

കെട്ടിടംപണിയുടെ പൂർത്തീകരണത്തിനുശേഷം സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയും പ്രഗൽഭരായ പല വ്യക്തികളെ സഭയുടെ പൊതുസമ്മേളനത്തിന് ക്ഷണിക്കുകയും അവരെ പങ്കെടുപ്പിക്കുകയും ചെയ്തു. ദാമ്പത്യത്തിൽ 50 വർഷം പൂർത്തിയായ ദമ്പതികൾക്ക് സ്വീകരണം കൊടുക്കുകയും സമൂഹത്തിൽ വലിയൊരു മാറ്റം ഉണ്ടാക്കുകയും ചെയ്തു. സമുദായ അംഗങ്ങളുടെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം പ്രവർത്തിച്ചു. തയ്യൽ ജോലികളിൽ പ്രാഗൽഭ്യം ലഭിച്ച 5 സ്ത്രീകൾക്ക് തയ്യൽമെഷീൻ സംഘടിപ്പിച്ചു കൊടുത്തു. അവരുടെ മേൽനോട്ടത്തിൽ ഒരു തയ്യൽക്ലാസ്സും, തയ്യൽ ജോലികളും നടത്തുവാനുള്ള സാഹചര്യം അദ്ദേഹം സൃഷ്ടിച്ചു. കേരളത്തിലെ പല സ്ഥലത്തും ക്ഷത്രിയ ക്ഷേമസഭയുടെ യൂണിറ്റ് ഉണ്ടാക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു.

സഭയുടെ പ്രസിഡന്റായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തിരുവല്ല ക്ഷേമസഭയുടെ വാർത്താപ്രസിദ്ധീകരണമായ 'ക്ഷാത്രധ്വനി' തുടങ്ങിവെച്ചത് അദ്ദേഹം ആയിരുന്നു. അത് സമുദായ അംഗങ്ങൾക്ക് തുച്ഛമായ വിലയ്ക്ക് നൽകുകയും ചെയ്തു. തിരുവല്ല ക്ഷേമസഭയുടെ ഇന്നു കാണുന്ന വളർച്ചയ്ക്ക് നാന്ദി കുറിച്ചത് അദ്ദേഹം ആയിരുന്നു. ഇതിനുവേണ്ടി പ്രവർത്തിച്ച സമുദായത്തിലെ മറ്റ് അംഗങ്ങളെ വിസ്മരിച്ചുകൊണ്ടല്ല ഇത് എഴുതുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നല്ലൊരു ടീം വർക്ക് ഇതിന്റെ എല്ലാം പിന്നിൽ ഉണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മാനുഷികമായ കാഴ്ചപ്പാട് വളരെ വിപുലമായിരുന്നു. സമുദായത്തിലെ വിവാഹ ആലോചനകളുമായി ബന്ധപ്പെട്ട് പല വിവാഹങ്ങളും അദ്ദേഹം നടത്തിക്കൊടുത്തിട്ടുണ്ട്. സമുദായ അംഗങ്ങൾ തമ്മിലുള്ള കേസ്സുകൾ തീർക്കുവാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു ലീഗൽ സെല്ല് രൂപീകരിക്കുവാനും അദ്ദേഹം പരിശ്രമിച്ചു. പ്രായാധിക്യംമൂലം അദ്ദേഹം കടപ്രയിലുള്ള വീടും സ്ഥലവും വിൽക്കുകയും തിരുവനന്തപുരത്തേക്ക് മാറിപ്പോവുകയും ചെയ്യുന്നതുവരെ സഭാപ്രവർത്തനങ്ങൾ തുടർന്നും നടത്തിയിരുന്നു.

അദ്ദേഹത്തിന് ഉചിതമായ ഒരു ആദരവ് തിരുവല്ല സഭ നൽകിയിരുന്നു. സഭയുടെ പ്രവർത്തനത്തിനുവേണ്ടി അഹോരാത്രം പണിചെയ്തിരുന്ന അദ്ദേഹത്തിന്റെ വിയോഗം സഭയ്ക്ക് ഒരു തീരാനഷ്ടമാണ്.

അദ്ദേഹത്തിന്റെ പ്രവർത്തനം സംഘടനാ പ്രവർത്തകർക്ക് മാതൃകാപരവും ഉത്തേജനം നൽകുന്നതുമാണ്. എപ്പോഴും ചിരിച്ചുകൊണ്ട് എല്ലാവരുമായി സൗഹൃദം പങ്കുവെയ്ക്കുന്ന അദ്ദേഹത്തിന്റെ മുഖം ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഇപ്പോഴുള്ള പ്രവർത്തകർക്ക് ഒരു മാർഗ്ഗനിർദ്ദേശി കൂടിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സഹധർമ്മിണി ഇന്ദിരാംബിക ആണ്. കൂടാതെ അദ്ദേഹത്തിന് 5 മക്കളും ഉണ്ട്. അവരുടെ ഒക്കെ സഹകരണമനോഭാവമാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശകരമായത്. അദ്ദേഹത്തിന്റെ വിയോഗത്തിൽ തിരുവല്ല ക്ഷത്രിയക്ഷേമ സഭയുടെ പ്രണാമം.

**- തിരുവല്ല ക്ഷത്രിയ ക്ഷേമസഭ**

*പേജ് 52-തുടർച്ച...*

"എന്താ? എന്താ ഇവിടെ ബഹളം?"

പഴവിളപറഞ്ഞു: "ഞങ്ങൾ മാസ്റ്ററിൽ ഒരു സ്മൈൽ തെറാപ്പി പരീക്ഷിക്കുകയായിരുന്നു."

സഹൃദയനായ ഡോക്ടർ ചിരിച്ചുകൊണ്ടു പറഞ്ഞു: "ചികിൽസ ഫലിച്ചെന്നാ തോന്നുന്നത്. മാസ്റ്ററുടെ മുഖത്തെ ചിരി മാഞ്ഞിട്ടില്ല"

ഞങ്ങൾ പോകാൻ തുടങ്ങിയപ്പോൾ മാസ്റ്റർ പറഞ്ഞു:

"ഇപ്പോൾ പോകണ്ട. നമുക്ക് വയലാറിന്റെ കഥകൾ പറയാം."

പിന്നീട് ഒരു മണിക്കൂർ വയലാറിനെക്കുറിച്ചാണ് സംസാരിച്ചത്. വയലാറിന്റെ രചനാശീലം, കുസൃതികൾ, മാസ്റ്ററുമായുള്ള സൗഹൃദം, ചെറിയ പിണക്കങ്ങൾ ഒക്കെ. അവയൊക്കെ ഓർമ്മകളിൽ സുഗന്ധം പരത്തിക്കൊണ്ട് നിറഞ്ഞുനിൽക്കുന്നു. ●




## നൃത്തസന്ധ്യ

കിളിമാനൂർ കൊട്ടാരം ഭരദേവതാക്ഷേത്രം തിരുവുത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയിലെ അംഗങ്ങളായ (ഇടത്തുനിന്ന്) ഡോ. ആരതി വർമ്മ, ഡോ. നീരജ വർമ്മ, നന്ദന വർമ്മ, അരുണിമ വർമ്മ എന്നിവർ അവതരിപ്പിച്ച നൃത്തസന്ധ്യയിൽ നിന്ന്.

കവിത

# മംഗളം ഭവന്തു

**രാജേന്ദ്ര വർമ്മ കുറ്റിലഞ്ഞിമഠം**
പൂനെ, മൊ. 9845011481



സഭയ്ക്ക് ഹാരാർപ്പണസമർപ്പണം
ആലില തലയാട്ടി സ്വാഗതംപറയുന്നു
അമ്മതൻ തിരുമുന്നിൽ ക്ഷാത്രസ്വാഗതം
ആനന്ദമലതല്ലുമതിമധുര സ്മരണയിൽ
ആഹ്ലാദദിനത്തിൽ ആശംസ നേരാൻ
ആയതിൽ കുളിർകാറ്റ് ഈ പ്രാർത്ഥന

ആരെല്ലാം വന്നുംപോയുമിരുന്നാലും
ആദ്യന്തം സന്തോഷനിമിഷ സംഗമമല്ലൊ
ആഗോള ക്ഷാത്രതേജസ്സ് തിളയ്ക്കട്ടെ
ആരാലും പാടിപ്പുകഴ്ത്തി തിളങ്ങട്ടെ

അമ്മതൻ മടിത്തട്ടിൽ വന്നുചേർന്ന
അസുലഭ സമാഗമം വിജയം വരിക്കട്ടെ
ചക്കനക്കാവിലമ്മ നേരുന്നു ധർമ്മച്യുതി-
യിൽ നിന്നും ക്ഷാത്രസംഗമം വിജയീഭവഃ
കാവിലമ്മ കാട്ടുന്ന വഴിയിൽ നാം കാക്കണം
കർമ്മനിരതരായ് നിത്യത എന്നതേ വേണ്ടൂ
ഏവരേയും അമ്മ കാട്ടുന്നു ആലിലത്തണൽ
സാഹ്ലാദം നിത്യമംഗളം നേരുന്നു...

*NB: കുറ്റിലഞ്ഞിയിൽ നടന്ന 42-ാം സമ്മേളനത്തിനുവേണ്ടി തയ്യാറാക്കിയത്.*

കവിത

# പാദാദികേശം

**ശകുന്തളാ വർമ്മ**
കിളിമാനൂർ കൊട്ടാരം, മൊ. 9746685717



കോമളപാദാരവിന്ദത്തിൻ കാന്തിയും
പീതാംബരപട്ടിൻ പൊന്നഴകും
പട്ടുടയാട തൻ മേലെ വിളങ്ങുന്ന-
വൈഡൂര്യമാണിക്യശൃംഖലയും
പാണിപത്മത്തിലോ ശംഖുചക്രങ്ങളും
കൗമോദകീ, പ്രിയപങ്കജവും
നാന്മുഖൻ വാഴുമാ നീരജനാഭിയും
ശ്രീവത്സം ചാർത്തിയ മാറിടവും
കാഞ്ചനമാല്യവും കൗസ്തുഭാഭരണവും
കുണ്ഡലമാല്യവും ഗണ്ഡങ്ങളും

മന്ദസ്മിതാർദ്രമാം ഗൗരാധരങ്ങളും
എള്ളിൻ പൂവൊത്തൊരു നാസികയും
കാരുണ്യപൂരമാം നേത്രങ്ങളും പിന്നെ-
ഗോപികൾ ചാർത്തിയ ചന്ദനവും
പൊന്നിൻ കിരീടവും കുന്തളകാന്തിയും
ശോഭയെഴുന്നൊരു പീലിക്കണ്ണും
പാദാദികേശവും കേശാദിപാദവും
കൈതൊഴാം ശ്രീഹരേ നാരായാണാ
ശ്രീഗുരുവായൂരിൻ നാഥനാം ശ്രീപതേ
കാരുണ്യവാരിധേ കണ്ണനുണ്ണീ...

യാത്രാവിവരണം

*"ശംഭോ മഹാദേവ"*

# അമർനാഥ് യാത്ര




**രാജലക്ഷ്മി**

ഇടപ്പള്ളി, മൊ. 9895466544


(കഴിഞ്ഞലക്കം തുടർച്ച...)

**പാർട്ട് 4**

**യാത്രയുടെ ആദ്യ ദിനം**

അമർനാഥ് യാത്രികരായ ഞങ്ങൾക്ക് ജൂലൈ 20-ാം തീയതി ഡൽഹിയിൽ എത്തിച്ചേരണം എന്നായിരുന്നു നിർദേശം. 21-ാം തീയതി അതി രാവിലെ യാത്രാസംഘം വാനിൽ ശ്രീനഗറിലേക്ക് പുറപ്പെട്ടു. 800 km ൽ അധികം ദൂരം ഉണ്ട് ഡൽഹി - ശ്രീനഗർ. പോകുന്ന വഴിയിൽ പല സ്ഥലങ്ങളും കണ്ട്, ചില അമ്പലങ്ങളിൽ സന്ദർശിച്ചാണ് യാത്ര. അന്ന് രാത്രി ഉദ്ധംപൂരിൽ ഉള്ള ഒരു ഹോട്ടലിൽ താമസിച്ചു. അടുത്ത ദിവസം, 22-ാം തീയതി വീണ്ടും വഴിയിൽ പല കാഴ്ചകൾ കണ്ട് ഉച്ച യോടെ ശ്രീനഗറിൽ എത്തി. ദാൽ താടാകവും, മുഗൾ ഗാർഡനും സന്ദർശിച്ചു 6 മണിയോടെ ഹോട്ടലിൽ എത്തി. ഞങ്ങൾ രണ്ടുപേരും ഡൽഹി യിൽ നിന്നും ശ്രീനഗറിലേക്ക് 4 ദിവസം മുൻപ് ഫ്ളൈറ്റിൽ എത്തിയതിനാൽ 22-ന് അമർനാഥ് യാത്രികരോടൊപ്പം ശ്രീനഗറിൽ ചേരുകയാണ് ചെയ്തത്. ഞങ്ങൾ ശ്രീനഗറിൽ താമസിച്ച ദിവസങ്ങളിൽ അടുത്തുള്ള പെഹൽഗാം, ഗുൽ മാർഗ്, ദൂത്പത്രി, മുഗൾ ഗാർഡൻസ്, ദാൽ തടാകം എന്നിവ സന്ദർശിക്കാനുള്ള ഭാഗ്യം കിട്ടി.

**ജൂലൈ 23:** രാവിലെ പ്രഭാത ഭക്ഷണം കഴിഞ്ഞ് 9 മണിയോടെ 11 പേർ അടങ്ങുന്ന ഞങ്ങളുടെ ഗ്രൂപ്പ് ശ്രീനഗർ ഹോട്ടലിൽ നിന്നും യാത്ര പുറപ്പെട്ടു. ആദ്യമായി ശ്രീനഗറിൽ തന്നെ യുള്ള ശങ്കരാചാര്യ സ്വാമിയുടെ ക്ഷേത്രത്തിലേ ക്കാണ് പുറപ്പെട്ടത്. ശ്രീനഗർ സിറ്റിയുടെ ഉള്ളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വാഹനങ്ങൾക്ക് യാത്രാനുമതി ഇല്ലാത്തതിനാൽ രണ്ട് ടാക്സിയിൽ ആണ് ഞങ്ങൾ യാത്ര തുടങ്ങിയത്. പണിക്കർ ട്രാവൽസിന്റെ വാഹനം സിറ്റിയുടെ പുറത്ത് ഹൈവേയിൽ ഞങ്ങൾക്കായി കാത്തുനിൽക്കാൻ ഞങ്ങളുടെ ഗൈഡ് ആയ യാദവ് ജി നിർദ്ദേശം നൽകി.

ശങ്കരാചാര്യ സ്വാമിയുടെ ക്ഷേത്രത്തിന് താഴെ യായി വാഹനം നിർത്തി ഞങ്ങളെല്ലാവരും ഇറങ്ങി. 243 പടികൾ കയറി വേണം ക്ഷേത്ര സന്നിധിയിൽ എത്താൻ. അങ്ങനെ ഞങ്ങളുടെ യാത്രയുടെ തുടക്കം ഗംഭീരമായി. ഒരു ചെറിയ മലയുടെ മുക ളിൽ, ഏകദേശം 1000 ft. മുകളിൽ ആണ് ഈ ക്ഷേത്രം. ഇന്ത്യൻ ആർമിയുടെ കീഴിലുള്ള പ്രൊട്ടക്ടഡ് ഏരിയയിലാണ് ഈ ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മുകളിൽ നിന്ന് ശ്രീനഗർ സിറ്റി കാണാം. അവിടെ നിന്ന് ദാൽ തടാകവും അതിൽ ഒഴുകിനടക്കുന്ന ബോട്ടുകളും കാണാൻ നല്ല ഭംഗി യാണ്. കുറച്ചധികം സമയം അവിടെ ചിലവഴിച്ചു.

അവിടെനിന്നും നേരെ പോയത് കാശ്മീരി പണ്ഡിറ്റുമാരുടെ സ്ഥലത്തേക്കാണ്. അവിടെ പണ്ഡിറ്റുമാരെ പുനരധിവസിപ്പിക്കാൻ ഗവൺമെന്റ് അവർക്ക് താമസസൗകര്യവും മറ്റും ചെയ്തു കൊടുത്തിട്ടുണ്ട്. പണ്ഡിറ്റുമാർ പൂജ ചെയ്യുന്ന ദേവി ക്ഷേത്രം ഇവിടെയാണ് ഉള്ളത്. സെക്യൂരിറ്റി ചെക്കിംഗ് കഴിഞ്ഞിട്ടായിരുന്നു ഞങ്ങളെ അക ത്തേക്ക് കയറ്റിവിട്ടത്. എനിക്ക് കൗതുകം ഉണ്ടാ ക്കിയ ഒരു കാര്യം പങ്കുവയ്ക്കട്ടെ. ദേവാലയവും സത്രംപോലുള്ള താമസസ്ഥലവും കൂടി ഒരു



യൂണിറ്റ് ആയിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. അവിടേക്കു കയറുന്നത് ഒരു ഗോഡൗൺ പോലുള്ള സ്ഥലത്തു കൂടിയാണ്. നിറയെ ചാക്കുകളിൽ എന്തോക്കെയോ അടുക്കി വച്ചിരിക്കുന്നു. എന്താണെന്ന് അന്വേഷിച്ചപ്പോൾ ഗവണ്മെന്റ് നൽകുന്ന ഇവർക്കുള്ള ഫ്രീ റേഷൻ ആണെന്നാണ് അറിഞ്ഞത്. എന്നിട്ടും വളരെ വളരെ കുറച്ച് ആളുകൾ മാത്രമേ ഇവിടെ തിരിച്ചുവന്നിട്ടുള്ളൂ.

അടുത്തതായി Kheer Bhawani Matha ക്ഷേത്രം സന്ദർശിക്കുവാനാണ് പോയത്. ശ്രീനഗറിൽ വളരെ പ്രസിദ്ധമായ ക്ഷേത്രം ആണിത്. അമർനാഥ് യാത്രികർ ഇവിടം സന്ദർശിക്കുന്നത് പതിവാണ്. വളരെ വലിയ ഒരു ചുറ്റളവിൽ യാത്രികർക്ക് എല്ലാ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഒരു കൊച്ചു കുളത്തിന് നടുവിലായി ദേവിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. പാലഭിഷേകം പ്രധാന വഴിപാടാണ്. ഞങ്ങളെ എല്ലാവരെയും ഭക്ഷണം കഴിപ്പിച്ചിട്ടേ പോകുവാൻ അനുവദിച്ചുള്ളൂ. തിരികെ ടാക്സിയിൽ ഹൈവേ വരെ പോയിട്ട് പണിക്കേഴ്സിന്റെ വണ്ടിയിൽ അമർനാഥ് യാത്ര തുടങ്ങി.

അപ്പോൾ സമയം ഒന്ന് കഴിഞ്ഞു. പാവം നമ്മുടെ ഡ്രൈവറും സഹായിയും ഒന്നും കഴിച്ചിട്ടില്ല എന്നു മനസ്സിലായപ്പോൾ പോകുന്ന വഴിയിലുള്ള ലഖ്നൗ ഭണ്ഡാരയിലേക്ക് വണ്ടിവിട്ടു. ഞങ്ങൾ കണ്ടതിലേക്കും വെച്ച് ഏറ്റവും വലിയ ഭണ്ഡാരയിൽ ഒന്നായിരുന്നു ഇത്. മൂന്നോളം വലിയ ഭക്ഷണ സ്റ്റാൾ, മെഡിക്കൽ സൗകര്യങ്ങൾ, വില്പന സ്റ്റാളുകൾ എല്ലാം ഇവിടെ ഉണ്ടായിരുന്നു. പലഹാരങ്ങളും, ചായയും കഴിച്ച് പതുക്കെ അമർനാഥ് ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു.

കാശ്മീരിന്റെ എല്ലാ ഭംഗിയും നിറഞ്ഞ വഴികളിൽ കൂടിയായിരുന്നു ഞങ്ങളുടെ യാത്ര. കുത്തിയൊഴുകുന്ന സിന്ധു നദിയും പുൽമേടുകളും പൈൻ മരങ്ങളും മലഞ്ചെരിവുകളും നിറഞ്ഞ വഴിയിൽ കൂടിയുള്ള യാത്ര മനസ്സിന് വല്ലാത്ത ഉന്മേഷം തരുന്നതായിരുന്നു. ചിത്രങ്ങളിൽ കണ്ട കാശ്മീരിന്റെ ഭംഗി നേരിൽ കാണാൻ കഴിയുന്നു എന്ന ചാരിതാർത്ഥ്യത്തിൽ യാത്ര വല്ലാത്ത ഒരു അനുഭൂതി നൽകുന്നതായിരുന്നു. മറ്റൊരുകാര്യം പറയാതെ പറ്റില്ല. ഒരു ചെറിയ ഗ്രൂപ്പ് ആയതിനാലാണോ എന്ന് അറിയില്ല, എല്ലാവരും വളരെ കൂട്ടായി ചിരിച്ച് വർത്തമാനങ്ങൾ പങ്കുവെച്ച് സമയം പോകുന്നത് അറിഞ്ഞതേ ഇല്ല.

അടുത്ത സ്റ്റോപ്പ് സോന്മാർഗ് ആയിരുന്നു. ഏകദേശം 4 മണിയോടെ സോന്മാർഗ് എത്തി. അമർനാഥ് പോകുന്ന വഴി തന്നെയാണ് ഇവിടം. സോന്മാർഗ് എത്തുന്നതിനു മുൻപായി ഒരു വലിയ ടണൽ നിർമ്മാണം കാണുവാൻ കഴിഞ്ഞു. ഇത് സോന്മാർഗ് മുതൽ Zojila Pass വരെയുള്ള 14.50 k.m. നീളം വരുന്ന ഒരു വലിയ ടണൽ പ്രൊജക്ട് ആണ്. ഇപ്പോൾ ഉള്ള കാർഗിൽ പാത വളരെ ദുർഘടം നിറഞ്ഞതാണ്. വർഷത്തിൽ 7 മാസത്തിലധികം മഞ്ഞു മൂടിക്കിടക്കുന്ന ഇതുവഴി ആർമിക്ക് കാർഗിലിൽ എത്തുവാൻ ഉള്ള ബുദ്ധിമുട്ട് ഈ പ്രൊജക്ട് പൂർത്തിയായാൽ മാറും. ശ്രീനഗറും ലേയുമായി ബന്ധിപ്പിക്കുന്ന ഈ പാത N H 1 ആണ്.

ഞങ്ങൾക്ക് ബേസ് ക്യാമ്പിൽ ടെന്റ് വാടകയ്ക്ക് തരുന്ന ആൾ ഞങ്ങളുടെ കൂടെ ഇവിടെനിന്നും സഹയാത്രികനായി. പണിക്കർ ട്രാവെൽസ് മുഖേനയുള്ള യാത്രയായതിനാൽ താമസത്തിന്റെ കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. സോന്മാർഗിൽ നിന്നും ഞങ്ങളുടെ ബേസ് ക്യാമ്പ് ആയ ബാൽറ്റലിലേക്ക് 14 k.m. മാത്രമേയുള്ളൂ. പ്രകൃതിഭംഗി ആസ്വദിച്ച് 5 മണിയോടെ ബേസ് ക്യാമ്പിൽ എത്തി. ഒരു വലിയ പ്രദേശം മുഴുവൻ ടെന്റുകളും ഭണ്ഡാരയും ചെറിയ കച്ചവടക്കാരുമായി ഉത്സവ പ്രതീതി. ഇത്ര വലിയ ജനക്കൂട്ടം കണ്ടപ്പോൾ വിശ്വസിക്കാൻ പ്രയാസമായിരുന്നു. നാലുവശവും വലിയ പർവ്വതത്താൽ ചുറ്റപ്പെട്ട ഒരു താഴ്വാരത്തിലാണ് ബേസ് ക്യാമ്പ് നിർമ്മിച്ചിരിക്കുന്നത്.

ക്യാമ്പിൽ ഉപയോഗിക്കാൻ അത്യാവശ്യമായ വസ്തുക്കൾ പാക്ക് ചെയ്ത ബാക്ക്പാക്കും, മുകളിലേക്ക് പോകുമ്പോൾ ഉപയോഗിക്കേണ്ട ബാക്ക് പാക്കും മാത്രമേ വാനിൽ നിന്നും എടുത്തുള്ളൂ. ബാക്കിയുള്ള എല്ലാ പെട്ടികളും വാനിൽ തന്നെ സൂക്ഷിച്ചു. ക്യാമ്പിൽ പ്രവേശനത്തിന് മുൻപുള്ള സെക്യൂരിറ്റി ചെക്ക് കഴിഞ്ഞിട്ടാണ് അകത്തേക്കുള്ള പ്രവേശനം അനുവദിക്കുക.

എല്ലാവിധ സൗകര്യങ്ങളോടും കൂടിയാണ് ബേസ് ക്യാമ്പ് നിർമ്മിച്ചിരിക്കുന്നത്. ഇവിടെ ONGC സ്പോൺസർ ചെയ്ത എല്ലാ സൗകര്യങ്ങളോടും കൂടിയ ഹോസ്പിറ്റൽ, പോലീസ് സ്റ്റേഷൻ, മൊബൈൽ ടവർ, ഇലക്ട്രിസിറ്റി സബ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ മുതലായവ ഉണ്ടായിരുന്നു. നല്ല വൃത്തിയുള്ള ടോയ്ലറ്റ്, കുളിമുറി, ചൂടു


*ശേഷം 76-ൽ*

# അംലിഗോലയിലെ ആഢ്യൻ



**ശ്രീകാന്ത് വർമ്മ**
മാവേലിക്കര, മൊ. 9447485946

*(കെന്നത്ത് ആൻഡേഴ്സൻ രചിച്ച 'Tales from Indian Jungle' എന്ന പുസ്തകത്തിലെ "The Aristocrat of Amligola" എന്ന കഥയുടെ സ്വതന്ത്ര പരിഭാഷ.)*




**അ**രിസ്റ്റോക്രാറ്റ് (Aristocrat) എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ആഢ്യൻ, തമ്പുരാൻ, വലിയവൻ എന്നൊക്കെയാണല്ലോ. അങ്ങനെ ആകാരവും പ്രകാരവും പ്രതാപവും കൊണ്ട് നല്ല പേര് നേടിയെടുത്ത ഒരു കടുവ; മൈസൂർ സംസ്ഥാനത്തെ ഷിമോഗ ജില്ലയിൽ, വനത്തിനുള്ളിൽ ഒറ്റപ്പെട്ടു കിടക്കുന്ന അംലിഗോലയായിരുന്നു നമ്മുടെ കഥാനായകന്റെ വിഹാരരംഗം. അവന്റെ ആകാരവും സ്വഭാവത്തിലെ തികഞ്ഞ വ്യത്യസ്തതയും യാതൊന്നിനേയും കൂസാത്ത ധൈര്യവുമാണ് ഞാൻ ഈ കടുവയെ ആഢ്യൻ/ തമ്പുരാൻ എന്ന് വിശേഷിപ്പിക്കാൻ കാരണം.

അംലിഗോലയിൽ നിന്നും തർഗർത്തിയിലേക്കുള്ള വനപാതയിൽ, പാതയ്ക്ക് അല്പം ദൂരെയായി ഒരു പാറയുണ്ട്. ചില ദിവസങ്ങളിൽ കൂറ്റനൊരു കടുവ പോക്കുവെയിലേറ്റ് ഈ പാറപ്പുറത്ത് വിശ്രമിക്കുന്നത്, തൊഴിലാളികളിൽ പലരും കണ്ടിട്ടുണ്ടത്രെ. സാധാരണ മാർജ്ജാര വംശത്തിൽപ്പെട്ട ഇത്തരം മൃഗങ്ങൾ മനുഷ്യസാമീപ്യം തിരിച്ചറിഞ്ഞാൽ വഴി മാറി പോകുകയാണ് പതിവ്. എന്നാൽ നമ്മുടെ കഥാനായകൻ അതിനുമൊരപവാദമായിരുന്നു. മരംവെട്ടുകാരെയും മറ്റു തൊഴിലാളികളെയും അവൻ കാര്യമാക്കിയില്ലെങ്കിലും അവന്റെ സാന്നിധ്യം അവരെയും അതുപോലെ വനംവകുപ്പ് ഉദ്യോഗസ്ഥരേയും ഭീതിപ്പെടുത്തുകയും അത്ഭുതം കൊള്ളിക്കുകയും ചെയ്തിരുന്നു.

ആദ്യ കുറച്ചു മാസങ്ങൾ ഇവൻ തികച്ചും നിരുപദ്രവിയായിരുന്നു. മ്ലാവുകളും മാനുകളും യഥേഷ്ടം ഉണ്ടായിരുന്ന വനപ്രദേശമായിരുന്നതിനാൽ കടുവക്ക് ഭക്ഷണത്തിന് മുട്ടുണ്ടായിരുന്നില്ല. എന്നാൽ ആ കൊല്ലത്തെ മൺസൂൺ മഴക്കാലം മോശമായിരുന്നതിനാൽ, വനത്തിലെ സസ്യജാലങ്ങൾക്ക് സാരമായ ശോഷണം സംഭവിക്കുകയും സസ്യഭുക്കായ മൃഗങ്ങൾ ആഹാരവും വെള്ളവും ലഭിക്കുന്ന മറ്റു മേച്ചിൽപ്പുറങ്ങൾ തേടി പോവുകയും ചെയ്തു. നമ്മുടെ കഥാനായകന്റെ ഭക്ഷണലഭ്യതയ്ക്ക് ഇത് കാര്യമായ കുറവ് വരുത്തി. ഇത്തരുണത്തിലാണ് ഇവൻ മനുഷ്യന്റെ വളർത്തു മൃഗാദികളെ ഭക്ഷണത്തിനായി നോട്ടമിട്ടു തുടങ്ങുന്നത്.

ഗ്രാമത്തിലെ പോസ്റ്റുമാസ്റ്ററുടെ ഒത്ത ഭാരമുള്ള ഒരു കാളയെ കഴുത്ത് കടിച്ചൊടിച്ച് കൊന്നു കൊണ്ടാണ് അവൻ മനുഷ്യരോടുള്ള അങ്കം കുറിച്ചത്. ഉടമസ്ഥനാകട്ടെ വീടിന്റെ പിന്നിൽ നിന്ന് ഇതെല്ലാം കാണുന്നുണ്ടായിരുന്നു, അയാൾ എത്ര ബഹളം വച്ചിട്ടും അതൊന്നും തെല്ലും കൂസ്സാതെ ചത്ത കാളയുടെ കഴുത്തിൽ കടിച്ച് തോളിലേക്ക് വലിച്ചിട്ട് ആറടിയോളം വീതിയുള്ള ഒരു തോട് അനായാസം ചാടിക്കടന്ന് അവൻ വനത്തിൽ മറഞ്ഞു. കടുവയുടെ ആക്രമണം പിന്നെയും പിന്നെയും കൂടിക്കൂടി വന്നുകൊണ്ടിരുന്നു. കന്നുകാലിക്കൂട്ടത്തിലെ ഏറ്റവും മികച്ചവയെയാണ് ഓരോ പ്രാവശ്യവും ആഹാരമാക്കിക്കൊണ്ടിരുന്നത്. കന്നുകാലി മേയ്ക്കുന്നവരെ ഒന്ന് ഗർജ്ജിച്ച് പേടിപ്പിക്കുകയാവട്ടെ, അവരുടെ നേരെ ഒന്നു മുരളുകയാവട്ടെ ചെയ്യാതെ, അവരെ പുച്ഛത്തോടെ ഒരു നോക്കുനോക്കി അവനിഷ്ടമുള്ള പശുവിനെ കടിച്ചെടുത്തുകൊണ്ടു പോകുകയാണ് പതിവ്.

കാര്യങ്ങൾ ഇങ്ങനെയെല്ലാമായിരുന്ന സമയത്താണ് ഞാൻ അവിചാരിതമായി തർഗർത്തിലെത്തിയത്. നമ്മുടെ ആഢ്യന്റെ വിക്രിയകളെക്കുറിച്ച് ഗ്രാമവാസികളിൽ നിന്നും ഏറെ കഥകൾ കേട്ടെ

ങ്കിലും മനുഷ്യരെ അവൻ നേരിട്ട് ഉപദ്രവിച്ചിട്ടില്ലാത്തതിനാൽ അവനോട് ഒരു മത്സരത്തിന് എനിക്കും താല്പര്യമുണ്ടായിരുന്നില്ല. എങ്കിലും അവന്റെ അസാമാന്യമായ രൂപഗാംഭീര്യത്തെക്കുറിച്ച് കേട്ടറിയുകയാൽ അവനെ ഒന്ന് നേരിട്ടു കാണണമെന്ന് എനിക്കാഗ്രഹമുണ്ടായി. അതിനായി റൈഫിളും സ്പോട്ട് ലൈറ്റുമായി ഞാൻ ഒറ്റയ്ക്ക് പുറപ്പെട്ടു. അംലിഗോലയ്ക്ക് സമീപമെത്തിയപ്പോൾത്തന്നെ അവനെ നേരിട്ടുകാണുവാൻ സാധിച്ചു. കാരണം അവന്റെ ആകാരപ്പെരുമയെക്കുറിച്ച് പലരും പറഞ്ഞുകേട്ട്, അവനെ കണ്ട മാത്രയിൽത്തന്നെ തിരിച്ചറിയാൻ എനിക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടായില്ല.

എന്റെ ടോർച്ചിന്റെ വെളിച്ചംകണ്ട് അത്ഭുതം കൂറിയാവാം അവൻ തെല്ലുനിന്നു. ഏതാനും സെക്കന്റുകൾക്ക് ശേഷം, മറ്റൊരു കടുവ, ഒരു നരഭോജിയാണെങ്കിൽ കൂടിയും ചെയ്യാത്ത ഒരു പ്രവൃത്തിയാണ് അവനിൽ നിന്നുണ്ടായത്. അവൻ പതിയെപ്പതിയെ എന്റെ സമീപത്തേക്ക് നടന്നടുക്കുവാൻ തുടങ്ങി. നമ്മുടെ ആഢ്യന്റെ ഈ പ്രവൃത്തി എന്നിൽ അത്ഭുതവും ഭയവും സൃഷ്ടിച്ചു. എന്തോ ഒരു പ്രത്യേക ലക്ഷ്യം വച്ചാണ് അവന്റെ ഈ ആഗമനം എന്ന കാര്യം വ്യക്തം. ഇപ്പോൾ ഞാനും അവനും തമ്മിലുള്ള അകലം കേവലം 50 വാര മാത്രം. മനുഷ്യർക്ക് യാതൊരു വിധ ഉപദ്രവങ്ങളും ഉണ്ടാക്കാത്ത അവനെ വെടിവെയ്ക്കാൻ എനിക്ക് ആഗ്രഹമൊട്ടുമുണ്ടായില്ല. എങ്കിലും സ്വയരക്ഷയെ കരുതി ഞാൻ റൈഫിളിന്റെ സുരക്ഷാ കവചം നീക്കി. കടുവകളുടെ ഇണചേരൽ കാലമായിരുന്നു അത്. എനിക്കു പിന്നിൽ ഇരുട്ടിലെവിടെയോ മറഞ്ഞിരിക്കുന്ന ഇണയെത്തേടിയായിരിക്കുമോ അവന്റെ ഈ വരവ്? – ഈ ചിന്ത എന്നെ അത്യധികം സംഭീതനാക്കി.

ഇണചേരൽ കാലത്ത് കടുവകൾ വളരെ അപകടകാരികളാണ്. അവയുടെ ഇണചേരൽ രീതികളും അങ്ങിനെ തന്നെ. എന്റെ റൈഫിളിലെ ടോർച്ച് പ്രകാശം അവനിൽ നിന്നു മാറ്റാതെ തന്നെ എന്റെ പക്കൽ ഉണ്ടായിരുന്ന മറ്റൊരു ടോർച്ച് പ്രകാശിപ്പിച്ച് ഞാനും പരിസരമൊട്ടൊകെ വീക്ഷിക്കുവാൻ തുടങ്ങി. എന്റെ ഊഹം ശരിയായിരുന്നു. എന്റെ പുറകിൽ അല്പം അകലെ അവൾ ഇരിപ്പുണ്ടായിരുന്നു. എന്നാൽ അതേ സമയം മറ്റൊരു ടോർച്ചിന്റെ പ്രകാശം കൂടി ശ്രദ്ധയിൽപ്പെട്ടതോടെ അവൻ ചെറിയ ഒരു ഗർജ്ജനത്തോടെ ഒറ്റക്കുതിപ്പിൽ തന്റെ പ്രേയസിയുടെ സമീപത്തെത്തി. ഈ രണ്ടു കടുവകളിൽ നിന്നും ഞാനെങ്ങിനെ രക്ഷപ്പെടും? ഒരു നിമിഷമൊന്നാലോചിച്ചു. ടോർച്ചുകളുടെ പ്രകാശം മാറ്റാതെ തന്നെ ഞാൻ പിൻവാങ്ങാനാരംഭിച്ചു. കടുവകൾക്ക് യാതൊരു പ്രകോപനത്തിനുമിടനൽകാതെ വളരെ സാവധാനമായിരുന്നു എന്റെ പിന്മാറ്റം. നടപ്പാതയിലെത്തിയതോടെ അല്പം വേഗത്തിൽ നടന്ന്, അംലിഗോലയിൽ എന്റെ സുഹൃത്തായ രാമയ്യയുടെ ഭവനത്തിൽ എത്തിച്ചേർന്നു. അയാൾ തന്ന ഭക്ഷണവും കഴിച്ച് അന്നവിടെ തങ്ങി. ഞാൻ ഉറങ്ങുവാനുള്ള തയ്യാറെടുപ്പുകൾ നടത്തുമ്പോഴും കടുവകളുടെ രതിലീലാവിലാസങ്ങളുടെ അടയാളമെന്നോണം അവയുടെ ഗർജ്ജനങ്ങളും മുരളലുകളും ആ പ്രദേശമാകെ മുഴങ്ങിക്കൊണ്ടിരുന്നു.

രാവിലെ ഏകദേശം പത്തുമണിയായിക്കാണണം. ഞാൻ ഉറക്കമുണർന്നപ്പോൾ രാമയ്യയുടെ വക ഭക്ഷണം തയ്യാറായിരുന്നു. ഭക്ഷണം കഴിഞ്ഞപ്പോൾ എനിക്കൊരാഗ്രഹം തലേന്നാൾ കടുവകളുടെ ഇണചേരൽ പരിസരം ഒന്ന് നേരിട്ട് കാണണം. തോക്കുമായി ഞാൻ ഒറ്റയ്ക്ക് തന്നെ പുറപ്പെട്ടു. അവയുടെ കാമകേളിയുടെ അടയാളങ്ങൾ സംഭവസ്ഥലത്ത് വ്യക്തമായി കാണപ്പെട്ടിരുന്നു. മൃഗങ്ങളുടെ ഭക്ഷിച്ചതും അല്പമാത്രം ഭക്ഷിച്ചതുമായ മൃതദേഹങ്ങൾ അവിടവിടെ കാണപ്പെട്ടിരുന്നു. അവയെല്ലാം മറ്റെവിടെയോ വച്ച് കൊലചെയ്ത് അവൻ തന്റെ പ്രണയിനിക്കായി ചുമലിലേറ്റി കൊണ്ടുവന്നവയാവാം. പൊടുന്നനെയാണ് ഒരപായ സൂചന എന്റെ മനസ്സിൽ തോന്നിയത്. ഞാൻ നിരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണോ?! ഒരു നിമിഷം പാഴാക്കാതെ ഞാൻ സമീപത്തുണ്ടായിരുന്ന ഒരു മരത്തിൽ പിറകുവശം ചേർന്ന് നിന്ന് പരിസരമാകെ വീക്ഷിക്കുവാൻ തുടങ്ങി. എങ്ങും തികഞ്ഞ നിശ്ശബ്ദത. പെട്ടെന്നാണ് എന്റെ മുന്നിൽ അല്പം അകലെയായി ഒരനക്കം ശ്രദ്ധയിൽപെട്ടത്. കടുവകളായിരിക്കുമോ? നരഭോജിയാണെങ്കിൽ കൂടി തന്റെ സാന്നിദ്ധ്യം മനുഷ്യൻ തിരിച്ചറിഞ്ഞു എന്നു കണ്ടാൽ ആക്രമിക്കാൻ മുതിരാറില്ല. വിശദമായ തിരച്ചിലിനൊടുവിലാണ് അല്പമകലെ പുൽക്കൂട്ടത്തിനിടയിൽ നിന്ന് ഒരു കടുവയുടെ തല സാവധാനം ഉയർന്നുവരുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടത്.

ഒറ്റ നോട്ടത്തിൽ തന്നെ അതാ പെൺകടുവയാണെന്ന് എനിക്ക് മനസ്സിലായി. അല്പനേരം ഞാനും കടുവയും കണ്ണിമയ്ക്കാതെ പരസ്പരം നോക്കിക്കൊണ്ട് നിന്നശേഷം പെൺകടുവ ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ചു. എന്റെ സാന്നിദ്ധ്യം കഥാനായകനെ അറിയിക്കാനുള്ള അടയാളമാണതെന്ന് മനസ്സിലാക്കിയ ഞാൻ സാവധാനം ചാരിനിന്ന മരത്തിന്റെ മറുപുറത്തേക്ക് മാറി പിൻമാറാനാരംഭിച്ചു.

പെട്ടെന്നാണ് ദിഗന്തങ്ങൾ പൊട്ടുമാറുള്ള ഗർജ്ജനം എന്റെ പിന്നിൽ നിന്നും കേട്ടത്. അവൻ എത്തിക്കഴിഞ്ഞിരിക്കുന്നു. വിദഗ്ദ്ധനായ ഒരു മരം കയറ്റക്കാരൻ അല്ലായിരുന്നിട്ടുകൂടി ഞാൻ തൊട്ടടുത്തു കണ്ട മരത്തിൽ വലിഞ്ഞു കയറി. അപ്പോഴേക്കും കടുവകൾ മരത്തിന്റെ ചുവട്ടിൽ എത്തിക്കഴിഞ്ഞിരുന്നു. ഞാനിരിക്കുന്നതിനും ഏതാണ്ട് ഏട്ടടി മാത്രം താഴെ. എന്തെങ്കിലും ആവശ്യമുണ്ടായാൽ ഉപയോഗിക്കുവാൻ പാകത്തിന് റൈഫിൾ ഞാൻ തയ്യാറാക്കി വച്ചു. ബുദ്ധിശൂന്യമായ ഒരു പ്രവൃത്തിയാണ് പിന്നീട് ഞാൻ ചെയ്തത്. വീണ്ടും വീണ്ടും മുകളിലേക്ക് കയറുവാനാരംഭിച്ചു. എന്റെയും റൈഫിളിന്റെയും ഭാരം കാരണം ബലം കുറഞ്ഞ വൃക്ഷ ശിഖരങ്ങൾ ആടിയുലയാനാരംഭിച്ചു. ഞാനാകാട്ടെ അതിൽ തൂങ്ങിക്കിടക്കുന്നു. റൈഫിൾ ഉപയോഗിക്കാനാവാത്ത അവസ്ഥ. കടുവകളെ ഒച്ചവച്ച് ഓടിക്കുന്നതിനെക്കുറിച്ചാണ് പിന്നീട് ഞാൻ ആലോചിച്ചത്. പിന്നെയത് വേണ്ടെന്ന് വച്ചു. ഇതുവരെ മര്യാദയോടെ പെരുമാറിയ കടുവകൾ ഒച്ചകേട്ട് അലോസരപ്പെട്ടാൽ ആക്രമണത്തിന് മുതിർന്നേക്കാം. വാസ്തവത്തിൽ ഞാനാണല്ലോ അവരുടെ സ്വൈരവിഹാരരംഗത്തിൽ കടന്നുകയറ്റം നടത്തി അവർക്ക് ബുദ്ധിമുട്ടുണ്ടാക്കിയത്? അല്പനേരം കഴിഞ്ഞപ്പോൾ ഈ സന്നിഗ്ധ ഘട്ടത്തിന് അറുതിയെന്നോണം കടുവകൾ പരസ്പരം തോളുരുമ്മി അവിടെ നിന്നും മടങ്ങിപ്പോയി. ഏതാണ്ട് ഒരഞ്ച് മിനിറ്റുകൂടി മരത്തിൽ രക്ഷപ്പെട്ടിരുന്ന ശേഷം, പരിസരം സശ്രദ്ധം വീക്ഷിച്ചുകൊണ്ട് ഞാൻ താഴെയിറങ്ങി, വളരെ വേഗം ഗ്രാമത്തിലേക്ക് നടന്നു. ഇന്നലെ രാത്രിയും ഇന്നുമായി രണ്ടുതവണ എന്റെ ജീവൻ തിരിച്ചുതന്നതിന് നമ്മുടെ കഥാനായകനോടും അവന്റെ പ്രണയിനിയോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

ഞാൻ തിരികെ ബാംഗ്ലൂരിലെത്തി, ഏതാണ്ട് ഒരു മാസം കഴിഞ്ഞപ്പോൾ എനിക്ക് രാമയ്യയുടെ ഒരു കത്തുകിട്ടി. നമ്മുടെ കഥാനായകൻ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണെന്നും അവനൊരു നരഭോജിയായിത്തീരും മുന്നേ അവനെ വെടിവെയ്ക്കണമെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം. മനുഷ്യരെ ആക്രമിക്കാത്ത മൃഗങ്ങളെ, പ്രത്യേകിച്ച് കടുവകളെ വെടിവെയ്ക്കുന്നതിൽ എനിക്കുള്ള വിയോജിപ്പ് ഞാൻ പല സ്ഥലത്തും പറഞ്ഞിട്ടുള്ളതാണ്. അത് ഇവിടെയും ആവർത്തിക്കുന്നു. അല്ലെങ്കിൽ തന്നെ രണ്ടവസരങ്ങളിൽ ആ വ്യാഘ്ര ദമ്പതികൾ കാട്ടിയ ദയാവായ്പാലാണല്ലോ ഇന്ന് ഞാനീ കഥ പറയാൻ ഇവിടെ ബാക്കിയായിരിക്കുന്നത്. അതിനാൽ തന്നെ രാമയ്യയുടെ കത്തിന് ഞാനൊരു പരിഗണനയും നൽകിയില്ല. എങ്കിലും അവനെ ഒരു നോക്കുകൂടി കാണുവാനുള്ള ആഗ്രഹം എന്നിൽ കൂടിക്കൂടി വന്നുകൊണ്ടിരുന്നു. അതിനാൽ രാമയ്യയുടെ കത്ത് ലഭിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ ഞാൻ അംലിഗോലയിലെത്തി. അവിടുത്തെ സ്ഥിതിഗതികൾ കത്തിൽ സൂചിപ്പിച്ചിരുന്നതുപോലെയായിരുന്നു ഗ്രാമീണരുടെയും രാമയ്യയുടെയും കന്നുകാലികളിൽ മികച്ചു നിന്ന പലതിനേയും കടുവ ഇതിനോടകം കശാപ്പ് ചെയ്തുകഴിഞ്ഞിരുന്നു. അവന്റെ ആകാരവും പ്രകൃതവും പ്രവൃത്തിയും കാരണം ഗ്രാമീണർ അവനെ 'ഗുണ്ട' എന്ന് വിശേഷിപ്പിക്കുവാൻ തുടങ്ങി.

മനുഷ്യരെ ആക്രമിക്കാത്ത മൃഗങ്ങളെ വെടിവെയ്ക്കില്ല എന്ന എന്റെ നിലപാട് നന്നായി അറിയാവുന്ന രാമയ്യ ഞാൻ ചെല്ലുമെന്ന് പ്രതീക്ഷിച്ചില്ല. അയാൾ അടുത്ത പട്ടണമായ കുംസിയിൽ പോയി അയാളുടെ ഒരു ബന്ധുവിന്റെ തോക്ക് വാങ്ങിക്കൊണ്ടുവന്നു. അടുത്ത ആക്രമണത്തിന് കടുവ വന്നപ്പോൾ രാമയ്യ കടുവയുടെ നേർക്ക് നിറയൊഴിച്ചു. അതിഭീകരമായി ഗർജ്ജിച്ചുകൊണ്ട് അവൻ കാട്ടിലേക്ക് ചാടി മറഞ്ഞു. അവന്റെ വേദനയുടെയും അമർഷത്തിന്റേയും തെളിവെന്നോണം മുളന്തണ്ട് കൊണ്ട് നിർമ്മിച്ചിരുന്ന ഒരു തിട്ട അവൻ വലിച്ചുകീറി ഇഞ്ച പരുവമാക്കി. തുടർന്ന് രണ്ടു മൂന്നു ദിവസം അവന്റെ വേദനാനിർഭരമായ ഗർജ്ജനം ആ പ്രദേശമാകെ അലയടിച്ചിരുന്നു. ഈ സംഭവങ്ങളൊന്നുമറിയാതെയാണ് ഞാൻ ഒരു ദിവസം സന്ധ്യമയങ്ങിയ നേരത്ത് അംലിഗോലയിലെത്തിയത്. അന്ന് രാത്രി കടുവയുടെ യാതൊരു

വിധമായ ശബ്ദവും കേൾക്കുകയുണ്ടായില്ല. കടുവയ്ക്ക് വെടിയേറ്റിട്ട് അന്നേക്ക് അഞ്ച് ദിവസം പിന്നിട്ടിരുന്നു.

അടുത്ത ദിവസം രാവിലെ ഞാൻ തർഗർത്തി യിലേക്ക് മടങ്ങിപ്പോകാൻ ഇരുന്നപ്പോഴാണ് ഒരാൾ ഓടിവരുന്നത്. അയാളും അയാളുടെ ഒരു സുഹൃത്തും അല്പം അകലെയുള്ള പോർഡി എന്ന സ്ഥലത്തു നിന്നും അംലിഗോലയിലേക്ക് പുറപ്പെട്ടതാണ്. ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതിന് ഏതാനും മൈലുകളുള്ളപ്പോഴാണ് ഒരു കടുവ അവരെ അനു ധാവനം ചെയ്യുന്നതായവരുടെ ശ്രദ്ധയിൽപ്പെട്ടത്. ആദ്യമൊന്നും അവർ അത് അത്ര കാര്യമാക്കിയെ ടുത്തില്ല. എന്നാൽ പിന്നീട് കടുവ തങ്ങളോട് കൂടുതൽ അടുത്തുവരുന്നു എന്ന് സംശയം തോന്നിയ അവർ ഓടാനാരംഭിച്ചു. പെട്ടെന്നാണ് വലിയൊരു ഗർജ്ജനത്തോടെ കടുവ പിറകിൽ ഓടിയിരുന്ന ആളിന്റെ മേൽ ചാടിവീണത്. താൻ മികച്ച ഓട്ടക്കാരനായതുകൊണ്ട് മാത്രമാണത്രെ കടുവയുടെ പിടിയിൽ നിന്നും രക്ഷപ്പെട്ടത്. വേഗം തന്നെ ഞാൻ സംഭവസ്ഥലത്തെത്തി. കടുവയ്ക്ക് നല്ല വിശപ്പുണ്ടായിരിക്കണം. ആ ഹതഭാഗ്യന്റെ ഒട്ടുമിക്ക ഭാഗങ്ങളും അതിനോടകം കഥാനായകൻ ആഹരിച്ചിരുന്നു. മനുഷ്യമാംസത്തിന്റെ രുചിയ റിഞ്ഞ കടുവ വീണ്ടും തന്റെ പഴയ ആഹാര സമ്പ്രദായത്തിലേക്ക് തിരികെ വരാൻ, സാധ്യത വളരെ വിരളമായതിനാൽ, രാമയ്യക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി ഞാൻ ബാംഗ്ലൂരിലേക്ക് മടങ്ങിപ്പോന്നു. അധിക ദിവസം അംലിഗോലയിൽ തങ്ങി കടുവയെ വെടിവെയ്ക്കാനുള്ള സാഹചര്യം അപ്പോഴെനിക്ക് ഉണ്ടായിരുന്നില്ല.

ഞാൻ ബാംഗ്ലൂരിലെത്തി അധികം വൈകാതെ തന്നെ രാമയ്യയുടെ അടുത്ത കത്തുവന്നു. നമ്മുടെ ആഢ്യൻ കടുവ കൂടുതൽ അപകടകാരിയായിരി ക്കുന്നുവെന്നും അവന്റെ സോസർ പോലെയുള്ള പാദമുദ്രകൾ വഴിയിൽ കാണുന്ന അവസരങ്ങളി ലെല്ലാം തന്നെ ഏതെങ്കിലുമൊരാൾ ലക്ഷ്യ സ്ഥാനത്ത് എത്താതെ പോകുന്നു. ഏതായാലും ഇപ്പോൾ ആളുകൾ അംലിഗോലയിലേക്കുള്ള എളുപ്പവഴി ഉപേക്ഷിച്ച് ഏതാണ്ട് 25 മൈലോളം ചുറ്റിത്തിരിഞ്ഞ് മറ്റൊരു വഴിയാണത്രെ ഗ്രാമത്തി ലെത്തിച്ചേരുന്നത്. രാമയ്യയുടെ കത്തു ലഭിച്ച് തൊട്ടടുത്ത ദിവസം തന്നെ ഞാൻ തർഗർത്തി യിലേക്ക് യാത്ര തിരിച്ചു.

കാർ തർഗർത്തി ഫോറസ്റ്റ് ഓഫീസിനു മുന്നിൽ നിർത്തിയിട്ട്, അംലിഗോലയിലേക്കുള്ള 8 മൈൽ ദൂരം നടക്കാനാണ് ഞാൻ തീരുമാനിച്ചത്. ആ വഴിയിൽ അത്യധികം അപകടംപിടിച്ച ഒരു ഭാഗ മുണ്ട്. പകൽസമയത്തുപോലും സൂര്യപ്രകാശം ദുർലഭമായി ലഭിക്കുന്ന ഒരു പ്രദേശം. 'മരണ ത്താഴ്വര' എന്നാണ് ആ പ്രദേശത്തെ വിശേഷി പ്പിക്കുക. ആ ഭാഗത്തേക്ക് പ്രവേശിക്കും മുൻപ് ഞാൻ കാറ്റിന്റെ ഗതി പരിശോധിച്ചു. എന്റെ വലതു വശത്തു നിന്നും ഇടതുവശത്തേക്കാണ് കാറ്റ് വീശിക്കൊണ്ടിരുന്നത്. മാംസഭുക്കുകളായ മൃഗ ങ്ങൾ സാധാരണ ഇരകളെ ആക്രമിക്കുക കാറ്റിന് എതിർദിശയിൽ നിന്നായിരിക്കും. മറ്റു മൃഗങ്ങളെ അപേക്ഷിച്ച് മനുഷ്യന് ഘ്രാണശക്തി കുറവാ ണെന്ന് കടുവയ്ക്കറിയില്ലല്ലോ. സമയം സന്ധ്യ 7 മണിയാകാറായിട്ടുണ്ട്. 'മരണത്താഴ്വര' അവസാ നിക്കാറായിരിക്കുന്നു. ഇരുവശവും സശ്രദ്ധം വീക്ഷിച്ച് വളരെ സാവധാനമാണെന്റെ യാത്ര. അപ്രതീക്ഷിതമായാണ് തിരിഞ്ഞുനോക്കുവാ നൊരു പ്രലോഭനമെന്നിലുണ്ടായത്. എന്റെ പിറകു വശത്ത് ഇടതുഭാഗത്തായി അതാ കടുവ. ഞാൻ വെടിവെക്കാൻ തയ്യാറെടുക്കുമ്പോഴേക്കും സഹജ മായ ലജ്ജകാരണം അവൻ കുറ്റിക്കാട്ടിൽ മറഞ്ഞു. അല്പനേരം അവനെ തിരഞ്ഞെങ്കിലും അവൻ മറഞ്ഞുകഴിഞ്ഞിരുന്നു. പിന്നീട് അധികസമയം വൈകാതെ ഞാൻ അംലിഗോലയിൽ, രാമയ്യയുടെ വീട്ടിൽ എത്തിച്ചേർന്നു.

കടുവയെ ആകർഷിക്കുവാൻ കന്നുകാലികളെ കെട്ടിയിടുന്നത് വൃഥാവിലാണെന്ന് രാമയ്യ എന്നോട് പറഞ്ഞു. അവൻ അവയെ ഗൗനിക്കുക പോലു മില്ലത്രെ, മാത്രമല്ല അംലിഗോലയിൽ കന്നുകാലി കളുടെ എണ്ണം വളരെ കുറവായിരിക്കുന്നു. ഉള്ള വയെ ഉടമസ്ഥർ വിൽക്കുകയുമില്ല. എന്റെ നിർബ ന്ധത്തിനാണെങ്കിൽ ഞാൻ തന്നെ അടുത്ത ദിവസം തർഗർത്തിയിൽ പോയി കന്നുകളെ വാങ്ങേണ്ട അവസ്ഥയാണ്. ഇങ്ങനെ പലവിധ ആലോചനക ളിലിരിക്കുമ്പോഴാണ് അപ്രതീക്ഷിതമായി ഗുണ്ട യുടെ ആക്രമണമുണ്ടായി എന്ന ഒരു വാർത്ത ലഭിച്ചത്. സമയം അപ്പോഴേക്കും ഉച്ച തിരിഞ്ഞ് 3 മണിയായിരുന്നു. 4.30 ഓടെ ഞാൻ സംഭവസ്ഥല ത്തെത്തിയെങ്കിലും ആ ഹതഭാഗ്യന്റെ ശരീരം ഒട്ടു മുക്കാലും കടുവ ആഹരിച്ചുകഴിഞ്ഞിരുന്നു. സമീ പത്തു തന്നെ ഒരു കശുമാവ് നിൽക്കുന്നുണ്ടായി രുന്നു. മച്ചാൻ നിർമ്മിക്കുവാൻ മികച്ചത്; എന്നാൽ

ഭക്ഷണശേഷം സമീപത്തെവിടെയെങ്കിലുമാണ് കടുവ വിശ്രമിക്കുന്നതെങ്കിൽ മച്ചാൻ നിർമ്മിക്കുന്ന ശബ്ദം അവൻ ശ്രദ്ധിക്കുകയും അവന്റെ സഹജ മായ ലജ്ജാശീലം കാരണം ഒരു മടങ്ങിവരവിന് സാധ്യതയില്ലാതാവുകയും ചെയ്യും. ഏതായാവും ആ കശുമാവിൽത്തന്നെ മച്ചാൻ നിർമ്മിക്കാൻ ഞാനെന്റെ സഹായികൾക്ക് നിർദ്ദേശം നൽകി. വൈകുന്നേരം 6 മണിയോടെ ഞാൻ കടുവയുടെ വരവും പ്രതീക്ഷിച്ച് മച്ചാനിൽ ഇരുപ്പാരംഭിച്ചു.

ഇരുൾ വീഴുവാനാരംഭിച്ചിരിക്കുന്നു. നിലാവെളി ച്ചമില്ലാത്ത രാത്രിയായിരുന്നതിനാൽ റൈഫിളിൽ ഘടിപ്പിച്ചിരിക്കുന്ന ടോർച്ച് മാത്രമാണ് വെളിച്ചത്തി നെനിക്കാശ്രയം. സമയം കടന്നു പൊയ്ക്കൊ ണ്ടിരുന്നു. ഞാനെന്റെ വാച്ചിലെ തിളങ്ങുന്ന ഡയ ലിലേക്ക് നോക്കി. 8 മണിയായിരിക്കുന്നു. കടുവ കൾ സാധാരണ കൊലയ്ക്കരികിലേക്ക് വരുന്ന സമയം. മുന്നറിയിപ്പെന്ന പോലെ കുറച്ചകലെ നിന്ന് മാനുകളുടെ കരച്ചിൽ കേൾക്കാം. അല്പ നേരം കഴിഞ്ഞപ്പോൾ ഞാനിരുന്ന മരത്തിനു താഴെ ഏതോ മൃഗം വന്നതായി തോന്നി. കടുവ എത്തിയിരിക്കുന്നു. അവൻ ഭക്ഷണം കഴിക്കുവാ നാരംഭിക്കുമ്പോഴാണ് എനിക്ക് അവസരം ലഭിക്കുക. അപ്പോഴാണ് നൂറുവാര അകലെനിന്ന് ഒരു കടുവ യുടെ മുരൾച്ച ഞാൻ കേട്ടത്. നമ്മുടെ ആഢ്യൻ ഗുണ്ടയ്ക്ക് ഒരു ചങ്ങാതി കൂടി ഉണ്ടായിരിക്കുമോ? ഈ കടുവ തന്നെയാണോ നരഭോജി? അതോ രണ്ടു കടുവകൾക്കും ഈ ദുഃശ്ശീലം ഉണ്ടായിരി ക്കുമോ? - ഇത്തരം ചിന്തകൾ എന്നെ വല്ലാതെ കുഴക്കിക്കൊണ്ടിരുന്നു.

അൽപനേരം കഴിഞ്ഞപ്പോൾ എന്റെ താഴെ നിന്നും എല്ലുകൾ കടിച്ചുപൊട്ടിക്കുന്ന ശബ്ദം കേട്ടു തുടങ്ങി. ഇനി എന്റെ ഊഴമാണ്. ഞാൻ സാവധാനം റൈഫിൾ ഉയർത്തി. പെട്ടെന്നാണ് ഒരു ഗർജ്ജനം കേട്ടത്. ഒപ്പം ഞാനിരുന്ന മരത്തിലേക്ക് ഭാരമുള്ള എന്തോ വലിഞ്ഞു കയറാൻ നോക്കുന്ന തുപോലെ മരമാകെ ആടിയുലഞ്ഞു. ഞാൻ മച്ചാനിൽ നിന്നും തെറിച്ചുവീഴുമോ എന്നുവരെ ഭയപ്പെട്ടു. റൈഫിൾ താഴേക്ക് താഴ്ത്തി ഞാൻ ടോർച്ച് ഓൺ ചെയ്തു. പ്രകാശം ചെന്നു വീണത് ഞാനിരുന്നതിന് കേവലം 2 അടി താഴെ ഒരു പുലിയുടെ ദേഹത്തായിരുന്നു. പുലി താഴേക്ക് നോക്കിയിരിക്കുകയായിരുന്നു. റൈഫിൾ ബാരൽ സാവധാനം താഴ്ത്തി. മരച്ചുവട്ടിൽ അതാ 'ഗുണ്ട'. ഒരു ബുള്ളറ്റ്, അത് ധാരാളമായിരുന്നു അവനെ വീഴ്ത്താൻ. അപ്പോളാണ് പുലി എന്റെ സാന്നിദ്ധ്യം ശ്രദ്ധിച്ചത്. മനുഷ്യ മാംസത്തിന്റെ രുചി ഒരിക്കല റിഞ്ഞ അവനെ വെറുതെവിടാൻ എനിക്ക് ഉദ്ദേശമു ണ്ടായിരുന്നില്ല. എന്റെ അടുത്ത ബുള്ളറ്റ് പുലിയു ടേയും കഥ കഴിച്ചു. ഞാൻ എന്റെ നായാട്ടു ജീവിത ത്തിൽ വെടിവച്ച കടുവകളിൽ ഏറ്റവും വലുത് 'ഗുണ്ട' എന്ന് ഞാൻ വിളിച്ചുപേരിട്ട അംലിഗോല യിലെ ആഢ്യൻ തന്നെയെന്ന് നിസ്സംശയം പറയാം. ●

---

*പേജ് 71 തുടർച്ച...*

വെള്ളം ഇവയും ഉണ്ട്. ഇവിടെ പല തരത്തിലുള്ള ടെന്റുകൾ വാടകയ്ക്ക് കൊടുക്കും. ഞങ്ങൾക്കു വേണ്ടി ബുക്ക് ചെയ്തിരുന്നത് എല്ലാ സൗകര്യ ങ്ങളോടും കൂടിയ ടെന്റ് ആയിരുന്നു. കട്ടിലും, മെത്തയും പുതപ്പും, ലൈറ്റ്, മൊബൈൽ ചാർജ് ചെയ്യാനുള്ള സൗകര്യം ഇവയെല്ലാം ഇവിടെ ഉണ്ടായിരുന്നു.

നേരെത്തെ നമുക്കായി ബുക്ക് ചെയ്ത ടെന്റി ലേക്കാണ് പോയത്. രണ്ടു ടെന്റുകൾ ബുക്ക് ചെയ്തിട്ടുണ്ടായിരുന്നു. ഞങ്ങൾ 11 പേർ, 6 ഉം 5 ഉം ആയി ടെന്റുകൾ തെരഞ്ഞെടുത്തു. അടുത്ത ദിവസം വളരെ നേരത്തെ തന്നെ യാത്ര തുടങ്ങേ ണ്ടതിനാൽ പോകേണ്ട വിധം ഗൈഡിനെ അറിയി ക്കണം എന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഞങ്ങൾ അഞ്ചു പേർ പോകുന്നതും വരുന്നതും കുതിരയിൽ ആണ് എന്നു തീരുമാനിച്ചു. മൂന്നുപേർ നടന്നു പോകുവാൻ തയ്യാറായി. മൂന്നുപേർ നേരത്തെ ബുക്ക് ചെയ്ത ഹെലികോപ്റ്റർ വഴിയും.

കുതിരപ്പുറത്ത് പോകേണ്ടവർക്ക് അവ ബുക്ക് ചെയ്യാനും റേറ്റ് പറഞ്ഞുതരാനും ഗൈഡിന്റെ സഹായം ലഭിച്ചു. ഹെലിപാഡ് അല്പം ദൂരെ ആയതിനാൽ അവിടേക്ക് പോകാനുള്ള വാഹ നവും അദ്ദേഹം തയ്യാറാക്കി.

കുറച്ചുസമയം വിശ്രമിച്ചിട്ട് അത്താഴം കഴി ക്കാനായി അടുത്തുള്ള ഡൽഹിക്കാരുടെ ഭണ്ഡാര യിലേക്ക് പോയി. ഭക്ഷണം കഴിഞ്ഞ് വേഗംതന്നെ ഉറങ്ങുവാൻ തയ്യാറായി. അടുത്ത ദിവസം ഞങ്ങളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ദിനം ആണ്. അതിരാവിലെ 2 മണിക്ക് ഉണർന്ന് തയ്യാറായി 3 മണിയോടെ യാത്ര തുടങ്ങണം. മഹാദേവനെ നന്നായി പ്രാർത്ഥിച്ചു കിടന്നു. (തുടരും...)

# സ്ത്രീ സാന്നിദ്ധ്യം സമൂഹത്തിൽ അന്നും ഇന്നും



**പ്രഭാകര വർമ്മ കെ.കെ.**
കോഴിക്കോട്, മൊ. 9048746359

പ്രപഞ്ച സൃഷ്ടിയിൽ പുരുഷനും സ്ത്രീയും തുല്യസ്ഥാനം അർഹിക്കുന്നവരാണ്. പുരുഷന്റെ വാമഭാഗമാണ് സ്ത്രീ എന്നാണ് പറയാറ്. അങ്ങനെയെങ്കിൽ സ്ത്രീയുടെ ദക്ഷിണഭാഗം തന്നെയാണ് പുരുഷൻ. സമൂഹത്തിൽ പുരുഷന് എത്രത്തോളം സ്ഥാനമുണ്ടോ അത്രത്തോളം തന്നെ സ്ഥാനം സ്ത്രീയ്ക്കുമുണ്ട്. അന്യോന്യം ബലപ്രയോഗത്താൽ ഈ തുല്യസ്ഥാനത്തിന് എപ്പോഴാണോ ഭംഗം നേരിടുന്നത് അത് കുടുംബത്തിന്റെ മാത്രമല്ല സമൂഹത്തിന്റെ തന്നെയും താളക്രമം തെറ്റിക്കും. ഇത്തരം ഒരവസ്ഥയിലൂടെയാണ് കഴിഞ്ഞ വനിതാദിനവും വലിയ ഘോഷങ്ങൾ ഒന്നുമില്ലാതെ കടന്നുപോയത്. പുരുഷമേധാവിത്വത്തിനെതിരായി, ലിംഗ സമത്വത്തിനായി നമ്മുടെ ദേശത്തും ദേശാന്തരങ്ങളിലും ഇന്ന് സ്ത്രീജനങ്ങൾ മുറവിളി കൂടുമ്പോൾ നൂറ്റാണ്ടുകൾക്കു മുൻപ് സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം എവിടെയായിരുന്നു എന്ന് ചിന്തിക്കേണ്ട ഒരു വസ്തുത തന്നെയാണ്.

ഭാരതീയ സംസ്കൃതിയുടെ അടിസ്ഥാന ശിലകളായ വേദസ്മൃതി പുരാണേതിഹാസങ്ങളിലും ഭാരതീയ ചിന്താധാരകളിലും സ്ത്രീ ദേവതയും ബഹുമാന്യയും ആയിരുന്നു. മാത്രമല്ല ഭാരതീയ സംസ്കൃതിയോളം സ്ത്രീകളുടെ അവകാശങ്ങളെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്ത മറ്റൊരു സംസ്കാരവും ലോകത്ത് ഇതേവരെ ഉണ്ടായിട്ടില്ല. സമസ്ത മേഖലകളിലും വ്യാപിച്ചു നിൽക്കുന്ന ഊർജ്ജത്തെ (ശക്തിയെ) തന്നെ സ്ത്രീഭാവമായി കരുതിപ്പോന്ന ഒരു നാടാണ് ഭാരതത്തിന്റേത്. പ്രകൃതിയെ നാം കണക്കാക്കുന്നത് പ്രകൃതി മാതാവായിട്ടാണ്. പുരുഷ ദൈവ സങ്കല്പങ്ങൾക്കെല്ലാം തത്തുല്യമായ സ്ത്രീഭാവവും കൂടി കല്പിച്ചു നൽകിയിട്ടുണ്ട്. അന്ന്. പുരുഷനില്ലാത്ത പ്രകൃതിയും പ്രകൃതിയില്ലാത്ത പുരുഷനും അപൂർണ്ണമാണ് എന്നതാണ് പ്രകൃതി-പുരുഷ സങ്കല്പം. അർദ്ധനാരീശ്വര സങ്കല്പം തന്നെ സ്ത്രീപുരുഷ ദ്വൈത ഭാവങ്ങളുടെ സമാനതകളില്ലാത്ത സമ്പൂർണ്ണ സമന്വയത്തിന്റെ പ്രതീകം എന്നതാണ്. ബ്രഹ്മ സൃഷ്ടികൾ പൂർണ്ണമാകണമെങ്കിൽ സരസ്വതി കടാക്ഷം വേണം. ഭാരതത്തിൽ വേദമന്ത്ര ദൃഷ്ടാക്കളിൽ സ്ത്രീകൾ ഉണ്ടായിരുന്നു. നമ്മുടെ ദേവതാ സങ്കല്പങ്ങളിൽ അറുപത് ശതമാനം സ്ത്രീകളാണ്. ഋഷിമാർക്കും സന്ന്യാസിമാർക്കുമൊപ്പം വിദ്യാസമ്പന്നകളായ അവരുടെ പത്നിമാർക്കും ശിഷ്യകളുമുണ്ടായിരുന്നു. "മാതൃ ദേവോ ഭവഃ" "പിതൃ ദേവോ ഭവഃ" "അതിഥി ദേവോ ഭവഃ" എന്ന സൂക്തത്തിൽ മാതാവിനു തന്നെയാണ് എന്നും പ്രഥമ സ്ഥാനം. പുരുഷന്റെ ജീവിതത്തിൽ അർത്ഥവും ലക്ഷ്യവും ഉണ്ടാക്കിക്കൊടുക്കുന്നത് എന്നും സ്ത്രീകൾ തന്നെയാണ്. ആദികാവ്യം എഴുതിയത് വാത്മീകി മഹർഷിയാണെങ്കിലും അത് സൃഷ്ടിച്ചത് സീതയും കൈകേയിയും മന്ഥരയും ആയിരുന്നു. അതുപോലെ തന്നെയാണ് മഹാഭാരതവും. ഗാന്ധാരി, കുന്തി, പാഞ്ചാലി തുടങ്ങിയ കഥാപാത്രങ്ങളില്ലെങ്കിൽ ആ ഇതിഹാസ കാവ്യവും ഏറെനാൾ നിലനിൽക്കുകയില്ല. അതുപോലെ ആ കാലത്ത് വേദമന്ത്രങ്ങൾ ഉരുക്കഴിക്കുന്നതിൽ സ്ത്രീകൾക്ക് തടസ്സമില്ലായിരുന്നു. പാണിനി മഹർഷി സ്ത്രീകളെ ആചാര്യണികളെന്നും ഉപാധ്യായകളെന്നും വിശേഷിപ്പിച്ചിരുന്നു. അവരുടെ ജോലി, പഠിക്കൽ മാത്രമല്ല പഠിപ്പിക്കൽ കൂടിയായിരുന്നു. തപസ്സ്, ജപം അന്ന് അവർക്ക് നിഷിദ്ധവുമല്ലായിരുന്നു. അതുപോലെ തന്നെ ആയോധന വിദ്യയിലും സ്ത്രീകൾ പിന്നിലല്ലായിരുന്നു. ദശരഥ പത്നിയായ കൈകേയിയും ശ്രീകൃഷ്ണ പത്നിയായ സത്യഭാമയും ഇതിനു ദൃഷ്ടാന്തങ്ങളാണ്.

പതിയെ നയിക്കുന്നവളായിരുന്നു പത്നി. അത് ധർമ്മ മാർഗ്ഗത്തിലൂടെയാണെങ്കിൽ ധർമ്മപത്നിയായി. എന്തിനധികം ഇനി വിസ്തരിക്കുന്നു, സമൂഹത്തിലെ ഏതു മേഖലയിലും സ്ത്രീ അന്ന് പ്രബലയായിരുന്നു.

കാലഘട്ടത്തിന്റെ അനസ്യൂതമായ ഒഴുക്കിൽപ്പെട്ട് കാലക്രമത്തിൽ സ്ത്രീകൾ അബലകളും വീടാം കൂട്ടിൽ കുടുങ്ങുന്ന തത്തമ്മകളുമായി മാറി. പിന്നീടു വന്ന കർക്കശമായ പല നിയമങ്ങളും സ്ത്രീസ്വാതന്ത്ര്യത്തിന്റെ വളർച്ചയെത്തന്നെ മുരടിപ്പിച്ചു.

പുരുഷവാഴ്ചയ്ക്കെതിരായി പല ധീര വനിതകളും രംഗത്ത് എത്തിയെങ്കിലും അവർക്കാർക്കും തന്നെ പിന്തുണ ലഭിച്ചില്ല, സമൂഹത്തിൽ. അതിന് പല കാരണങ്ങൾ ഉണ്ടെങ്കിലും മനുസ്മൃതിയിലെ ശ്ലോകവും സഹായകരമായി മാറി. "പിതാ രക്ഷതി കൗമാരേ ഭർത്താ രക്ഷതി യൗവ്വനേ, പുത്രോ രക്ഷതി വാർദ്ധക്യേ ന സ്ത്രീ സ്വാതന്ത്ര്യം അർഹതി" ഇതിൽ ബാല്യത്തിൽ പിതാവും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രന്മാരും സ്ത്രീകളെ രക്ഷിച്ച് പരിപാലിക്കണം. എല്ലാവിധ സ്വാതന്ത്ര്യങ്ങളും നൽകണം എന്ന് മനുസ്മൃതിയിലെ ശ്ലോകത്തിലെ സ്ത്രീ സ്വാതന്ത്ര്യം അർഹതി എന്ന അവസാന വരിക്ക് പുരുഷ മേധാവിത്വം മറ്റൊരർത്ഥം കൽപ്പിച്ചു. ബാല്യത്തിലും യൗവ്വനത്തിലും വാർദ്ധക്യത്തിലും സ്ത്രീ സ്വതന്ത്രയല്ല; അച്ഛന്റെയും ഭർത്താവിന്റെയും പുത്രന്മാരുടെയും വാക്കുകൾക്കനുസരിച്ച് എപ്പോഴും ജീവിക്കേണ്ടവളാണ് എന്ന്.

പുതിയ കാലഘട്ടത്തിലേക്ക് കടക്കുമ്പോൾ സ്ത്രീകളുടെ അവസ്ഥ പതിയെ മാറിക്കൊണ്ടിരിക്കുന്നതായി കാണാം. ആരോഗ്യം, രാഷ്ട്രീയം, വിനോദം, ശാസ്ത്രം, സാങ്കേതികം, സാമ്പത്തികം, തൊഴിൽ, കായികം തുടങ്ങി എല്ലാ മേഖലകളിലും ഇന്ന് സ്ത്രീകൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. മാത്രമല്ല അവർ സ്വയംപര്യാപ്തത കൈവരിച്ചു കൊണ്ടിരിക്കുന്നു. ഇന്ത്യൻ പ്രധാനമന്ത്രി, പ്രസിഡന്റ്, ചീഫ് ജസ്റ്റിസ് തുടങ്ങിയ ഉന്നത പദവികളിൽ പോലും സ്ത്രീമേധാവിത്വം കാണാം. ഇത് ഒരു ചെറിയ ശതമാനം മാത്രമേ ഉള്ളൂ. ബഹുഭൂരിപക്ഷം സ്ത്രീകളും അസ്വാതന്ത്ര്യത്തിന്റെ ചളിക്കുണ്ടിലാണ്. ഇതിന് പ്രധാന കാരണം വിദ്യാഭ്യാസത്തിന്റെ അഭാവം തന്നെയാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സ്ത്രീകൾക്ക് സ്വയംപര്യാപ്തരാകാനും പണം സമ്പാദിക്കാനും പദവികൾ നേടാനും കഴിയൂ. മനുഷ്യവർഗ്ഗമെന്ന നാണയത്തിന്റെ ഇരുവശങ്ങളാണ് സ്ത്രീയും പുരുഷനും. സ്ത്രീത്വം ഒരർത്ഥത്തിൽ ദൗർബല്യമല്ല. അഭാവം കൂടി വരുമ്പോഴേ ജീവിതം പൂർണ്ണമാകൂ. സ്ത്രീ മകളാണ്, അമ്മയാണ്, അമ്മൂമ്മയാണ്, സഹോദരിയാണ്, ഭാര്യയാണ്, കാമുകിയാണ്, ശക്തിസ്വരൂപിണിയും ദേവതയുമാണ്. വൈവിധ്യ ഭാവങ്ങളിൽ നിലകൊള്ളുന്ന അവരെ നാം എന്നും സ്നേഹിക്കുക... ബഹുമാനിക്കുക... ●

## അഭിനന്ദനങ്ങൾ



ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ടൂറിസം മാനേജ്മെന്റിൽ പി.എച്ച്.ഡി. വിജയകരമായി പൂർത്തിയാക്കിയ **ഡോ. സന്ധ്യ എച്ച്.** 'ഡെസ്റ്റിനേഷൻ റെസിലിയൻസ് ആൻഡ് സ്മാർട്ട് ടൂറിസം ഇക്കോസിസ്റ്റം: എ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് പെർസ്പെക്റ്റീവ് ഫോർ കോംപറ്റിറ്റീവ്നെസ്' എന്നതായിരുന്നു വിഷയം. ഇപ്പോൾ ബാംഗ്ലൂരിലെ ബന്നർഘട്ട റോഡ് കാമ്പസിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ സ്കൂൾ ഓഫ് ബിസിനസ് ആൻഡ് മാനേജ്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. തൃപ്പൂണിത്തുറ രമാനിവാസ് പാലസിൽ (പാലസ് നം. 43 - വേലിപ്പറമ്പ്) ഹരിപ്രസാദ് - ഹേമലത ദമ്പതികളുടെ മകളും ഇടപ്പള്ളി തണ്ണിപ്പറമ്പ് മഠത്തിലെ ശ്രീകാന്ത് ജെ. വർമ്മയുടെ ഭാര്യയുമാണ്. ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ബി.കോം. ബിരുദത്തിനും എം.ടി.എ. ബിരുദാനന്തര ബിരുദത്തിനും ഒന്നാം റാങ്ക് ജേതാവായിരുന്നു.

# KKSY 'സ്മാഷ് മാസ്റ്റേഴ്സ്' ഷട്ടിൽ ടൂർണ്ണമെന്റ്

വെള്ളാരപ്പിള്ളി KKSY ആതിഥ്യം വഹിച്ച 'സ്മാഷ് മാസ്റ്റേഴ്സ്' ഷട്ടിൽ ടൂർണ്ണമെന്റിന്റെ രണ്ടാം പതിപ്പിൽ തിരുവല്ല, കോട്ടയം, ചേർത്തല, ഇരിങ്ങാലക്കുട, ചാലക്കുടി, വെള്ളാരപ്പിള്ളി എന്നീ യൂണിറ്റുകളിൽ നിന്നുള്ള അൻപതോളം കളിക്കാർ പങ്കെടുത്തു. സംസ്ഥാന ജന. സെക്രട്ടറിയുടെ പ്രചോദനാത്മകമായ പ്രസംഗത്തോടെ ആരംഭിച്ച ഉദ്ഘാടനച്ചടങ്ങിൽ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു. "പ്രായം വെറും സംഖ്യ മാത്രമാണ്" എന്ന് വിളിച്ചറിയിച്ചുകൊണ്ട് ഇരുവരും തമ്മിലുള്ള ഒരു സൗഹൃദ മത്സരത്തോടെയാണ് മത്സരങ്ങൾക്ക് ആരംഭം കുറിച്ചത്.




പുരുഷ-വനിതാ വിഭാഗങ്ങളിൽ സിംഗിൾസ്, ഡബിൾസ്, മിക്സഡ് ഡബിൾസ് എന്നീ വിഭാഗങ്ങളിലായിരുന്നു മത്സരം. വ്യത്യസ്ത പ്രായത്തിലും നൈപുണ്യതലങ്ങളിലുമുള്ള കളിക്കാരെ പങ്കെടുപ്പിക്കാൻ കഴിഞ്ഞത് കായികപ്രേമികൾക്ക് ആവേശകരവും ആകർഷകവുമായ മത്സരം ഉറപ്പാക്കി. കളിക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായത്; വിശേഷിച്ച് വനിതാ വിഭാഗത്തിൽ എല്ലാ യൂണിറ്റുകളുടെയും സജീവമായ പങ്കാളിത്തമുണ്ടായിരുന്നു. ഒന്നാം റൗണ്ടിൽ ആകെ 30 മത്സരങ്ങളുണ്ടായിരുന്നു. വനിതകളുടെ സിംഗിൾസോടെ മത്സരങ്ങൾ ആരംഭിച്ചു. തുടർന്ന് പുരുഷന്മാരുടെ സിംഗിൾസ്, വനിതാവിഭാഗം ഡബിൾസ്, പുരുഷ വിഭാഗം ഡബിൾസ് എന്നിവയോടെ മത്സരങ്ങൾ മുന്നേറി. പ്രാരംഭ മത്സരങ്ങളിൽ അവസാനത്തേത് മിക്സഡ് ഡബിൾസ് ആയിരുന്നു. വിജയികൾ ക്വാർട്ടർ/സെമി ഫൈനലിലേക്ക് മുന്നേറി. പുരുഷ വിഭാഗം സിംഗിൾസിൽ ജയദേവൻ (തിരുവല്ല) സന്ദീപിനെയും (കരപ്പുറം) മനോജ് (കരപ്പുറം) നവനീതിനെയും (വെള്ളാരപ്പിള്ളി) തോൽപ്പിച്ച് ഫൈനലിലെത്തി. ഫൈനലിൽ ജയദേവൻ മനോജിനെ തോൽപ്പിച്ച് ചാമ്പ്യനായി. ഡബിൾസിൽ തിരുവല്ലയുടെ ജയദേവൻ-അരുൺ സഖ്യം വെള്ളാരപ്പിള്ളിയുടെ സുധി-വിഷ്ണു സഖ്യത്തെയും കരപ്പുറം പ്രദീപ്-മനോജ് സഖ്യം വെള്ളാരപ്പിള്ളിയുടെ സുരേഷ്-നവനീത് സഖ്യത്തെയും തോൽപ്പിച്ച് ഫൈനലിൽ ഏറ്റുമുട്ടി. മത്സരത്തിനൊടുവിൽ ജയദേവൻ-അരുൺ സഖ്യം വിജയികളായി.

വനിതാ വിഭാഗം സിംഗിൾസിൽ നയന (കരപ്പുറം) നിരുപമയെയും (വെള്ളാരപ്പിള്ളി) ദിയ (കുറ്റിലഞ്ഞി) നികിതയെയും (വെള്ളാരപ്പിള്ളി) തോൽപ്പിച്ച് ഫൈനലിൽ ഏറ്റുമുട്ടി. ദിയയെ തോൽപ്പിച്ച് നയന ചാമ്പ്യനായി. ഡബിൾസിൽ ആര്യ (കോട്ടയം)-ദൃശ്യ (ഇരിങ്ങാലക്കുട) സഖ്യം വെള്ളാരപ്പിള്ളിയിലെ ആര്യ-നന്ദ സഖ്യത്തെയും വെള്ളാരപ്പിള്ളിയുടെ അർപ്പിത-നിരുപമ സഖ്യം കുറ്റിലഞ്ഞിയുടെ ദിയ-ദിവ്യ സഖ്യത്തെയും തോൽപ്പിച്ച് ഫൈനലിൽ ഏറ്റുമുട്ടി. അർപ്പിത-നിരുപമ സഖ്യം വിജയികളായി.

മിക്സഡ് ഡബിൾസിൽ തിരുവല്ലയുടെ ഹൃഷികേശ്-ദുർഗ്ഗാംബിക സഖ്യത്തെ തോൽപ്പിച്ച് അരുൺ (തിരുവല്ല)-ആര്യ (കോട്ടയം) സഖ്യവും നവനീത്-നികിത (വെള്ളാരപ്പിള്ളി) സഖ്യത്തെ തോൽപ്പിച്ച് ജയദേവൻ (തിരുവല്ല)-നന്ദന (വെള്ളാരപ്പിള്ളി) സഖ്യവും ഫൈനൽ മത്സരത്തിന് അർഹരായി. മത്സരത്തിൽ വിജയിച്ച് അരുൺ-ആര്യ സഖ്യം ചാമ്പ്യന്മാരായി.

ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ഈ വർഷം മുതൽ ഏർപ്പെടുത്തിയ 'എമർജിങ് പ്ലെയർ' അവാർഡിന് വെള്ളാരപ്പിള്ളി യൂണിറ്റിലെ നിരുപമ ആർ. അർഹയായി. അവാർഡ് സ്പോൺസർ ചെയ്തത് കരപ്പുറം യൂണിറ്റിലെ സന്ദീപ് വർമ്മയാണ്. ●

കവിത

# യുദ്ധഭൂമി



**ജ്യോതി വർമ്മ എൽ.ആർ.**
പന്തളം, മൊ. 8330054846

ദ്വേഷാങ്കുരങ്ങൾ നുരയുന്ന ഹൃത്തിൽ
പിറവിയെടുക്കുന്നു യുദ്ധഭൂമി
കൊല്ലിന്റെ തീമഴപ്പാടുകളണിഞ്ഞും
മാനവഹൃത്തുകൾ കുരുക്ഷേത്രങ്ങളാക്കിയും

വർണ്ണവിവേചനത്തിന്റെ, താൻപോരിമയുടെ
വറ്റാത്ത സംഘർഷങ്ങൾ
കുഴിമാടങ്ങളൊരുക്കുന്നു
വിഷാദമേഘങ്ങൾ കണ്ണീർ മഴയൊന്നൊരുക്കുന്നു
സോദരഭാവമില്ലാതെ മനുജത്വം
ഇരുൾ മുടിക്കെട്ടഴിച്ചങ്ങുലക്കുന്നു
പട്ടിണിയും പരിവട്ടവും തീർത്ത്
മർത്ത്യരെത്രയോ മൃത്യുവെ പുൽകുന്നു
യുദ്ധക്കളങ്ങളിൽ രക്തബീജാങ്കുരങ്ങളുയിർകൊള്ളുന്നു
ഭീതി പൂണ്ടുഴറുന്നു മാനവദർശനം

നീതിബോധത്തിൻ തത്ത്വം രചിക്കുവാൻ
കവിത കുറുക്കി
കനിവിന്റെ വഴിതേടി
ലോകമേ എരിയുന്നു,
മണൽ മരുഭൂവുപോൽ
ആറ്റിത്തണുപ്പിക്കാനൊരു തുള്ളി
സ്നേഹമന്ത്രമാം ജലകണം തളിക്കുമോ?

---

കവിത

# ഒരു മകര പ്രഭാതം



**മഞ്ജുളാഭായി**
ചെങ്ങളം, മൊ. 9847038021

ഈ മഞ്ഞിൻ പ്രഭാതത്തിൽ മകര പ്രഭാതത്തിൽ
മാമരം പോലും കോച്ചി ദലങ്ങൾ കൈകുപ്പുമ്പോൾ
എന്തിനെ തേടിയാണാ വൃദ്ധനാപടുവൃദ്ധൻ
ഏന്തിയ ശരറാന്തൽ കൊണ്ടെങ്ങോ പോയീടുന്നു?
എന്തിനെ തേടിയാണാ വൃദ്ധനാപടുവൃദ്ധൻ,
ദൂരെയുള്ള കോവിലിൽ നിർമ്മാല്യം തൊഴാനാണോ,
അല്ല വൃദ്ധനാ ശരറാന്തലും കൈയിലേറ്റി,
അമ്പലക്കുളത്തിലേക്കാണല്ലോ പോയീടുന്നു!
വൃദ്ധനാ ശരറാന്തൽ കരയ്ക്ക് വച്ചങ്ങനെ
വിശ്രമിക്കുന്നൂ ഈയാൾ മുനിയോ തപസ്വിയോ?
പൂർവദിങ്മുഖം തുടുത്തോരു നേരത്താ വൃദ്ധൻ,
താമരക്കുളത്തിലേക്കെത്തി നോക്കുന്നുവല്ലോ
ധ്യാനിച്ചു നിൽക്കുന്നോരാ താമര മുകുളങ്ങൾ
സൂര്യദേവനെക്കണ്ടു മിഴികൾ തുറക്കുന്നു
പുഞ്ചിരി തൂവുന്നൊരാ സരസീരുഹങ്ങളെ
ഒന്നോടെ തലോടുന്നു മിഴികൾ നിറയുന്നു,
ഇക്കാഴ്ച കാണാനല്ലേ, ആ പ്രഭാതത്തിൽ വൃദ്ധൻ,
താമരത്തടാകത്തിൻ കരയ്ക്കു വന്നതയ്യോ?
'ഹന്ത സൗന്ദര്യമേ നീ, കൈകാട്ടി വിളിക്കുമ്പോൾ,
എന്തു ത്യാഗവും മർത്യൻ ചെയ്തുപോം സന്തോഷത്താൽ'

യാത്രകൾ - 23

# രാജസ്ഥാൻ- 2

**കെ. ഹരികൃഷ്ണ വർമ്മ**
ചേർത്തല, മൊ. 9447484099

(കഴിഞ്ഞലക്കം തുടർച്ച...)

അടുത്ത ദിവസം രാവിലെ ഞങ്ങൾ ജയ്പ്പൂരിലെ ബാക്കി പരിപാടികൾ ആരംഭിച്ചു. മാർച്ച് 30 രാജസ്ഥാൻ ദിനം ആയതിനാൽ പൊതു അവധി യാണ്. ബിർളാമന്ദിർ ആയിരുന്നു ഞങ്ങളുടെ ആദ്യ ലക്ഷ്യം. അതിന് അടുത്തുള്ള ഗണേശ ക്ഷേത്രം ആദ്യം സന്ദർശിച്ചു. പുരാതനം എന്നൊക്കെ പറ ഞ്ഞിരുന്നെങ്കിലും മാർബിൾ പശ്ചാത്തലത്തിൽ വിനായകൻ തിളങ്ങുന്ന കാഴ്ചയായിരുന്നു. ഞങ്ങൾ ചെല്ലുമ്പോൾ ക്ഷേത്രമതിലിൽ മുഴുവൻ ഓറഞ്ച് പെയിന്റ് അടിച്ചുകൊണ്ടിരികുകയായിരുന്നു. അത റിയാതെ ഞങ്ങൾ ഷൂസ് ഊരുന്നതിനായി മതി ലിൽ പിടിച്ചു, കൈപ്പത്തി മുഴുവൻ ഓറഞ്ച് പെയിന്റ്! ഗണപതിക്കു വെച്ചത് കാക്ക കൊണ്ടു പോയതു പോലെയായി. ധാരാളം ഭക്തന്മാർ വരി വരിയായി നിന്നിരുന്നു. ക്ഷേത്രദർശനം കഴിഞ്ഞ് ബിർളാ മന്ദിറിലേക്കു നടന്നു.


1988 ൽ ബി.എം. ബിർളാ ഫൗണ്ടേഷൻ എന്ന പേരിൽ ഗംഗാപ്രസാദ് ബിർളയും നിർമ്മലാ ബിർളയും ചേർന്ന് നിർമ്മിച്ച ലക്ഷ്മീനാരായണ ക്ഷേത്രമാണിത്. 1977-ൽ ക്രേഷതനിർമ്മാണത്തി നുള്ള സ്ഥലം മഹാരാജാവ് ഒരു രൂപ വിലയ്ക്കാണ് ബിർളാ ഫൗണ്ടേഷനു നൽകിയത്. പൂർണ്ണമായും വെളുത്ത മാർബിളിൽ നിർമ്മിച്ച ക്ഷേത്രം വാസ്തു വിദ്യയിലൂടെ പല മനോഹരങ്ങളായ ദൃശ്യങ്ങളും ചമച്ചിട്ടുണ്ട്. പ്രധാനമായി നാലു ഭാഗങ്ങളാണ് ഇതിനുള്ളത്. ശ്രീകോവിൽ, ഗോപുരം, വിശാല മായ ഹാൾ, പ്രവേശന കവാടം എന്നിവയാണിത്. കണ്ണാടി ജാലകങ്ങളിൽ മുഴുവൻ ചായക്കൂട്ടുകൾ കൊണ്ട് ഹിന്ദു ദേവതകളെ ആലേഖനം ചെയ്തി ട്ടുണ്ട്. പുറംഭിത്തികളിൽ യേശുക്രിസ്തു, വിശുദ്ധ മേരി, സെന്റ് പീറ്റർ, ബുദ്ധൻ, കൺഫ്യൂഷ്യസ്, സോക്രട്ടീസ് തുടങ്ങിയവരെയും ചിത്രീകരിച്ചി ട്ടുണ്ട്. ഉയർന്ന പ്രതലത്തിൽ ഇതിന്റെ സ്ഥാപക രായ രുഗ്മിണീദേവി ബിർളാ, ബ്രജ് മോഹൻ ബിർളാ എന്നിവർ തൊഴുകൈകളോടെ ക്ഷേത്ര ത്തിലേക്കു നോക്കിനിൽക്കുന്ന ശിൽപ്പങ്ങളും ഉണ്ട്. നിർമ്മാണത്തിന്റെ ഗാംഭീര്യംകൊണ്ടും ചുറ്റും നിലനിർത്തിട്ടുള്ള ഉദ്യാനഭംഗി കൊണ്ടും ഒരു കാഴ്ച തന്നെയാണ്.

അവിടെ നിന്ന് ഞങ്ങൾ ആൽബർട്ട് ഹാൾ മ്യൂസിയം കാണാൻ പുറപ്പെട്ടു. രാജസ്ഥാനിലെ ഏറ്റവും പഴക്കമുള്ള സംസ്ഥാന മ്യൂസിയം ആണിത്. അതിവിശാലമായ രാംനിവാസ് ഉദ്യാ നത്തിൽ ആണ് മ്യൂസിയം സ്ഥിതിചെയുന്നത്. ഇത് ഇൻഡോ സാരസെനിക് വാസ്തുവിദ്യയുടെ ഉദാ ഹരണമാണ്. കിങ്ങ് എഡ്വേർഡ് ഏഴാമന്റെ (ആൽബർട്ട് എഡ്വേർഡ്) പേരിലാണ് ഈ മ്യൂസിയം അറിയപ്പെടുന്നത്. 1887-ൽ ഇത് പൊതു ജനങ്ങൾക്കായി തുറന്നുകൊടുത്തു. മഹാരാജാ രാംസിങ് ഇതൊരു ടൗൺഹാൾ ആക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമി രാജാ മധോ സിങ് 2 രാജസ്ഥാനിലെ കലാ പ്രദർശനത്തിനുള്ള ഇടമാക്കാൻ തീരുമാനിച്ചു. മഹാരാജാവ് കേണൽ തോമസ് ഹെന്റ്ലെ എന്ന ബ്രിട്ടീഷ് സൈന്യാധിപന്റെ കൂടി സഹായത്തോ ടെയാണ് മ്യൂസിയത്തിലേക്കുള്ള അമുല്യ ശേഖരം കണ്ടെത്തിയത്. ഈ മ്യൂസിയത്തിന്റെ പ്രചാര ത്തിനു വേണ്ടിയാണ് ആദ്യമായി വഴികാട്ടിക ളെയും അവതാരകരെയും ഇന്ത്യയിൽ വിന്യ സിച്ചത്.

ആൽബർട്ട് ഹാൾ വളരെ വലിപ്പമുള്ള ബഹു നില സൗധമാണ്. അകത്ത് എത്തിയാൽ നമ്മെ വരവേൽക്കുന്നത് അത്ഭുതലോകമാണ്. ഛായാ ചിത്രങ്ങളുടെയും സ്വർണ്ണാഭരണങ്ങളുടെയും പരവതാനികളുടെയും ദന്തനിർമ്മിത കലാരൂപ

ങ്ങളുടെയും അതിവിശിഷ്ഠങ്ങളായ കല്ലുകളുടെയും ലോഹനിർമ്മിതികളുടെയും ക്രിസ്റ്റൽ അത്ഭുതങ്ങളുടെയും ഒരു മായാലോകം. 19000-ൽ അധികം ആയുധങ്ങളുടെയും പടച്ചട്ടകളുടെയും ശേഖരം ഇവിടെ കാണാം. കൂടാതെ ജപ്പാൻ, ശ്രീലങ്ക, ബർമ്മ, ഹംഗറി, ജർമ്മനി, ആസ്ട്രിയ തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നുള്ള കലാനിർമ്മിതികളും ശേഖരിച്ചിട്ടുണ്ട്. പുരാതന ഈജിപ്തിലെ മമ്മി ഇവിടത്തെ പ്രധാന ആകർഷണമാണ്. ഓരോ വസ്തുക്കളെയും മനസ്സിലാക്കി മുന്നോട്ടുപോയാൽ മുഴുവനും കണ്ടുതീരാൻ ആഴ്ചകൾ തന്നെ വേണ്ടിവരും. ഉച്ചയോടെ ഞങ്ങൾ ആൽബർട്ട് ഹാൾ മ്യൂസിയം കണ്ടിറങ്ങി.

അവിടെനിന്ന് ഞങ്ങൾ നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന സിറ്റി പാലസിലേക്കാണു പോയത്. ഇതൊരു വലിയ കൊട്ടാരസമുച്ചയമാണ്. കഛവാവ രജപുത്ര രാജാക്കന്മാരുടെ ആസ്ഥാനം ആയിരുന്നു ഇത്. പതിനെട്ടാം നൂറ്റാണ്ടിൽ ഭരണം നടത്തിയ മഹാരാജാ സവായ് ജയ് സിങ്ങ് 2 ആണ് ഈ സൗധം നിർമ്മിച്ചത്. 1727-ൽ അദ്ദേഹം തലസ്ഥാനം അംബറിൽ നിന്ന് ജയ്പൂരിലേക്കു മാറ്റി.



മുഗളരുടെയും രജപുത്രരുടെയും വാസ്തുശാസ്ത്രത്തിന്റെ മനോഹരമായ സമ്മിശ്രരൂപമാണ് 1732-ൽ പണിതീർത്ത ഈ കൊട്ടാരം. മഹാരാജാ സാവായ് മാൻസിങ്ങിന്റെ മ്യൂസിയമായും രാജകുടുംബത്തിന്റെ വസതിയായും ഇപ്പോൾ നിലനിൽക്കുന്നു. നിർമ്മാണത്തിന്റെ മനോഹാരിതയോടൊപ്പം നിൽക്കുന്നതാണ് അതിനായി ഉപയോഗിച്ചിട്ടുള്ള പിങ്ക് നിറമുള്ള കല്ലുകളും. കൊട്ടാരത്തിന്റെ നിർമ്മാണം പോലെതന്നെ അത്ഭുതകരമാണ് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന വസ്തുക്കളും. ഡർബാർ ഹാൾ, സിംഹാസനങ്ങൾ, മന്ത്രിസഭ, അന്തപ്പുരങ്ങൾ, ആയുധപ്പുര തുടങ്ങി എന്തെല്ലാം കാഴ്ചകളാണ് ! മഹാരാജാവ് ഗംഗാജലം മാത്രം കുടിക്കുന്നതിനാൽ അതിനായി അഞ്ചടിയിലധികം ഉയരമുള്ള ഒരു സുവർണ്ണകുംഭം തന്നെയുണ്ട്. ചിത്രകലകൾ, അമൂല്യ വസ്തുശേഖരം, പീരങ്കികൾ തുടങ്ങിയവ കൂടാതെ ആയുധപ്പുരയിലെ ശേഖരം പറഞ്ഞറിയിക്കാൻ കഴിയില്ല. ആയുധപ്പുരയിൽ ചിത്രീകരണം അനുവദിക്കാത്തതിനാൽ ആ കാഴ്ച വിവരിക്കാനും കഴിയുന്നില്ല. ഞങ്ങൾ എത്തുമ്പോൾ കൊട്ടാരമതിലിനുള്ളിൽ ഒരു സീരിയൽ ഷൂട്ടിങ് നടക്കുന്നുണ്ടായിരുന്നു. കൊച്ചുമോൻ കുഞ്ഞുണ്ണി അതിൽ അഭിനയിക്കുന്ന ചില ഭടന്മാരുടെ ഒപ്പം ഇരുന്ന് ചിത്രങ്ങൾ എടുത്തു.

സിറ്റി പാലസിൽ നിന്ന് നടക്കാവുന്ന ദൂരത്തിലാണ് ജന്തർ മന്തർ. മഹാരാജാ സാവായ് ജയ്സിങ്ങ് 1727-1733 കാലഘട്ടത്തിൽ നിർമ്മിച്ചതാണ് ഈ വാനനിരീക്ഷണ കേന്ദ്രം. ഇവിടെ വാനനിരീക്ഷണവുമായി ബന്ധപ്പെട്ട പത്തൊൻപതോളം യന്ത്രങ്ങൾ ഉണ്ട്. ആതിൽ ഏറ്റവും പ്രധാനം 90 അടി ഉയരമുള്ള സമയയന്ത്രം ആണ്. കണ്മല യന്ത്രപ്രകാര എന്ന മറ്റൊരു യന്ത്രത്തിന് ലോകത്തിലേക്ക് ഏറ്റവും വലിയ സൺ ഡയൽ ആണുള്ളത്. ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും പറ്റി സമഗ്രമായ ഒരു പഠനമാണ് മുന്നൂറു വർഷങ്ങൾക്കു മുൻപ് മഹാരാജാവ് ഉദ്ദേശിച്ചിരുന്നത് എന്നുള്ളത് ഭാരതീയന്റെ അഭിമാനം തന്നെയാണ്. പാശ്ചാത്യർ ചിന്തിക്കാൻ തുടങ്ങുന്നതിന് മുൻപു തന്നെ ഭാരതീയന്റെ നിരീക്ഷണങ്ങൾ ബഹുദൂരം മുന്നോട്ടുപോയിരുന്നു.

മൂന്നു നൂറ്റാണ്ടുകൾക്കു മുൻപു തന്നെ ജ്യോതിഷ ഗവേഷണത്തിൽ ഭാരതീയന്റെ അവിശ്വസനീയമായ മുന്നേറ്റം കണ്ടറിയണമെങ്കിൽ ഇതൊന്നു കാണുകതന്നെ വേണം.

സിറ്റി പാലസിനും ജന്തർ മന്തറിനും അടുത്തു തന്നെയാണ് ഹവാ മഹൽ എന്ന അതിഗംഭീരമായ കൊട്ടാര സമുച്ചയം. കാറ്റിന്റെ മാളിക എന്നാണിതിനർത്ഥം. ഉയരംകൊണ്ടും ദൈർഘ്യംകൊണ്ടും

വളരെ പ്രത്യേകതകൾ നിറഞ്ഞതാണ് ഹവാ മഹൽ. 1799-ൽ വാസ്തുശിൽപിയായ ലാൽ ചന്ദ ഉസ്മയുടെ നേതൃത്വത്തിൽ മഹാരാജാ സവായ് പ്രതാപ് സിങ്ങ് ആണ് ഈ മാളിക പണികഴിപ്പിച്ചത്. കൃഷ്ണന്റെ കിരീടം പോലെയാണ് ഇതിന്റെ മുൻഭാഗം രൂപകൽപന ചെയ്തിരിക്കുന്നത്. 365 ചെറിയ ജാലകങ്ങളോടെ കൂടുകൾ ചേർത്തു വെച്ചതു പോലെയാണ് 87 അടി ഉയരത്തിൽ അഞ്ചു നിലകളുള്ള മാളിക പണിതിരിക്കുന്നത്. ശാരദാ മന്ദിർ, രത്തൻ മന്ദിർ, വിചിത്ര മന്ദിർ, പ്രകാശ് മന്ദിർ, ഹവാ മന്ദിർ എന്നീ പേരുകളിലാണ് ഓരോ നിലയും അറിയപ്പെടുന്നത്. അന്തപ്പുര സ്ത്രീകൾക്ക് പുറംലോകം കണ്ടാസ്വദിക്കാനാണ് ഇത്തരത്തിൽ പണിതത് എന്നാണ് സൂചന. അതിനുള്ളിൽ അസാമാന്യമായ തിരക്ക് അനുഭവപ്പെട്ടതിനാൽ ഞങ്ങൾ അവിടം ഒരു ഓട്ടപ്രദക്ഷിണത്തിൽ ഒതുക്കി.

ഉച്ചയൂണിന് ശേഷം കുഞ്ഞുണ്ണിക്ക് വയറിന് ചില പ്രശ്നങ്ങൾ ഉണ്ടായതിനാൽ ഞങ്ങൾ അടുത്തു തന്നെയുള്ള മാക്സ്‌വെൽ ആശുപത്രിയിൽ പോയി. അതുകൊണ്ടു തന്നെ അന്നത്തെ തുടർന്നുള്ള പരിപാടികൾ വേണ്ടെന്നു വെച്ചു.

മൂന്നാം ദിവസം 31-03-2024 രാവിലെ ഞങ്ങൾ ജോധ്പുരിലേക്കുള്ള നീണ്ട യാത്ര ആരംഭിച്ചു. കൃഷിസ്ഥലങ്ങളും ചെറിയ ഗ്രാമങ്ങളും പിന്നിട്ട് കിഷൻഘാർ എന്ന സ്ഥലത്തെത്തി. ഭാരതത്തിൽ ഏറ്റവുമധികം മാർബിൾ ഖനനം ചെയ്യുന്ന സ്ഥലമാണിത്. കേരളത്തിൽ എത്തുന്ന മാർബിൾ പാളികളല്ല നാം അവിടെ കാണുന്നത്, മറിച്ച് മാർബിൾ ക്യൂബുകളാണ് നമ്മെ എതിരേൽക്കുന്നത്. ഇതുമായി ബന്ധപ്പെട്ട അനവധി കമ്പനികൾ നിരത്തരികിൽ തന്നെ കാണാം. ഞങ്ങളുടെ യാത്ര തുടരുകയാണ്. ഏകദേശം 11 മണിയോടെ പുഷ്കർ എന്ന നഗരത്തിൽ എത്തി. ജയ്പൂരിൽ നിന്നും 150 കി.മി. തെക്കു പടിഞ്ഞാറായി അജ്മീർ ജില്ലയിൽ ഉള്ള ഒരു തീർത്ഥാടന കേന്ദ്രമാണിത്. ബ്രഹ്മാവിന്റെ പ്രതിഷ്ഠയുള്ള അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണ് പുഷ്കർ. വിശ്വകർമ്മാവിന്റെ ആഗ്രഹപ്രകാരം വിശ്വാമിത്ര മഹർഷി നിർമ്മിച്ചതാണ് ഈ ക്ഷേത്രം എന്നാണു സങ്കൽപം. എട്ടാം നൂറ്റാണ്ടിൽ ആദിശങ്കരൻ ഈ ക്ഷേത്രം പുനർനിർമ്മിച്ചു എന്നും കരുതുന്നു. പതിനാലാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഈ ക്ഷേത്രം പുഷ്കർ നദിക്കരയിലാണ്. ബ്രഹ്മാവിന് സാവിത്രി എന്നും ഗായത്രി എന്നും രണ്ടു ഭാര്യമാർ ഉണ്ടെന്നുള്ള രസകരമായ കഥയും ഇതിനോടനുബന്ധിച്ചുണ്ട്. നാന്മുഖനായ ബ്രഹ്മാവിന്റെ പ്രതിഷ്ഠയാണ് പ്രധാനം. ഭഗവതിയുടെ ക്ഷേത്രവും പ്രത്യേകമായുണ്ട്. ഉപദൈവങ്ങളായി ശിവനും വൈശ്രവണനും ഇന്ദ്രനും മറ്റും ഉണ്ട്. ഗജേന്ദ്രമോക്ഷം എന്ന പുരാണകഥാസന്ദർഭവും പുഷ്കർ തടാകത്തിൽ ആണ്.

അവിടെ നിന്ന് 12.45 നു യാത്ര തുടർന്ന ഞങ്ങൾ വഴിയിൽ ഒരു ധാബയിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ച് രണ്ടു മണിയോടെ അജ്മേറിൽ എത്തി. ദർഗ്ഗയിലേക്ക് നമ്മുടെ വാഹനം പോകാനുള്ള വീതി നിരത്തിനില്ല. ഒരു ഓട്ടൊ പിടിച്ച് ദർഗ്ഗയിലേക്ക് പുറപ്പെട്ടു. ലൂസിഫർ സിനിമയിൽ വിവേക് ഒബ്രോയ് അണ്ടർവേൾഡ് കിങ്ങിന്റെ മാളത്തിലേക്കു പോകുന്ന വഴിയെ ഓർമ്മിപ്പിക്കുന്നതായിരുന്നു ആ യാത്ര. ഓട്ടോയിൽ നിന്ന് ഇറങ്ങി നടന്നതും അപ്രകാരം തന്നെയായിരുന്നു. ദർഗ്ഗയിൽ അസാമാന്യ തിരക്കായിരുന്നു. അവരുടെ പ്രത്യേക വസ്ത്രങ്ങൾ ധരിച്ചുവേണം അകത്തുകടക്കാൻ. അകത്ത് മൊബൈലും മറ്റും അനുവദനീയമല്ല. മുൻപിലുള്ള തെരുവിൽ നിന്നും മായയും അമ്മുവും ചുരിദാറുകൾ വാങ്ങി. മൂന്നു മണിയോടെ അവിടെ നിന്ന് പുറപ്പെട്ട ഞങ്ങൾ വൈകിട്ട് ഏഴു മണിയോടെ ജോധ്പൂരിൽ കുച്ചാമാൻ ഹവേലി എന്ന കൊട്ടാരസദൃശമായ ഹോട്ടലിൽ എത്തി. 1826-ൽ നിർമ്മിച്ച ഈ കെട്ടിടം പഴമയുടെ ഭംഗിയും ഗാഭീര്യവും നിലനിർത്തുന്നതാണ്. അതിൽ വളരെ രസകരമായ ഒരു വസ്തുതകൂടി ഉണ്ടായിരുന്നു. ഈ ഹോട്ടലിലേക്കുള്ള വഴി വളരെ വീതി കുറഞ്ഞതും അതീവ ദുർഘടവും തിരക്കേറിയതും ആയിരുന്നു എന്നതാണ്. ആർ.കെ. നാരായണന്റെ മാൽഗുഡി ഡെയ്സിനെ ഓർമ്മിപ്പിക്കുന്ന തെരുവും കുട്ടികളുടെ ക്രിക്കറ്റ് കളിയും മറ്റും ഞങ്ങളെ കുറച്ചൊന്നുമല്ല സന്തോഷിപ്പിച്ചത്. അത്താഴം വിഭവസമൃദ്ധം ആയിരുന്നില്ലെങ്കിലും സ്വാദിഷ്ടമായിരുന്നു.

(തുടരും...)

# ശ്രദ്ധേയമായ ഒരു വിവാഹം



**പി.കെ. രഘു വർമ്മ**

തിരുവനന്തപുരം, മൊ. 9446071057

തിരുവല്ല പാലിയേക്കര കൊട്ടാരത്തിലെ അനാമിക വർമ്മയും പന്തളം കോയിക്കൽ കുഴിയിലെ വിവേക് വർമ്മയും തമ്മിൽ 2025 ജനുവരി 26-ന് ചങ്ങനാശ്ശേരി കൊണ്ടൂർ ആഡിറ്റോറിയത്തിൽ വച്ചു നടന്ന വിവാഹം വ്യത്യസ്തത പുലർത്തിയതായിരുന്നു.

ആഡംബരത്തിൽ മാത്രം അഭിരമിക്കാതെ ആചാരങ്ങളിൽ കൂടി ശ്രദ്ധ പുലർത്തിയ ഒരു വിവാഹ ചടങ്ങിന് സാക്ഷിയാകാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യം പങ്കുവയ്ക്കാനാണ് ഈ കുറിപ്പ്. എന്റെ ഇതുവരെയുള്ള ജീവിതാനുഭവത്തിൽ ക്ഷത്രിയരുടെ വിവാഹ ചടങ്ങുകളിൽ ഒരു നിമിഷംപോലും 'പങ്കെടുക്കുന്ന എല്ലാവരുടെയും ശ്രദ്ധയും പ്രാർത്ഥനയും' ഉണ്ടാകാറില്ല. എന്നാൽ ഈ വിവാഹ ചടങ്ങിൽ ദീപ പ്രോജ്ജ്വലനം മുതൽ പാണീഗ്രഹണം വരെ ദൈവസാന്നിദ്ധ്യം നിറഞ്ഞുനിന്ന നിമിഷങ്ങളായിരുന്നു. അഗ്നിസൂക്തം ചൊല്ലിക്കൊടുത്ത് ദീപം കൊളുത്തി തുടങ്ങി വേദമന്ത്രങ്ങൾ ജപിച്ചുകൊണ്ട് വരനെ സ്വീകരിച്ച് പാണീഗ്രഹണ സമയത്ത് മംഗലസൂക്തവും ചൊല്ലിയാണ് ചടങ്ങുകൾ അവസാനിച്ചത്. മുഖ്യ കാർമ്മികന്റെ നിർദ്ദേശപ്രകാരം ഓഡിറ്റോറിയത്തിലെ എല്ലാവരും പ്രായഭേദമെന്യേ (അവശതയുള്ളവരൊഴികെ) പ്രാർത്ഥനാപൂർവ്വം എഴുന്നേറ്റു നിന്ന് നവദമ്പതികൾക്കായി മനസ്സാ പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. ഇത് അവരുടെ മാത്രമല്ല ചടങ്ങിൽ പങ്കെടുത്ത എല്ലാവരുടേയും മുജ്ജന്മ സുകൃതമെന്നേ കരുതാൻ കഴിയൂ. അവിടെ ചൊല്ലിയ മംഗലസൂക്തത്തിന്റെ ഏകദേശ അർത്ഥം (ചോദിച്ചു മനസ്സിലാക്കിയത്) അറിവിനായി താഴെ കൊടുക്കുന്നു. സ്ഥല പരിമിതി മൂലവും സംസ്കൃതത്തിലുള്ളതുമാകയാൽ ശ്ലോകം എഴുതുന്നില്ല.

**മംഗലസൂക്തം**

"വള്ളത്തെ അതിന്റെ ചുക്കാൻ പിടിക്കുന്നവൻ നിയന്ത്രിച്ച് ലക്ഷ്യത്തിലെത്തിക്കുന്നതുപോലെ ഉദ്ദിഷ്ടാർത്ഥത്തെ വെളിവാക്കുന്ന തരത്തിൽ ഇന്ദ്രൻ വാക്കിനെ നിയന്ത്രിക്കുന്നു. അങ്ങ് മംഗളം നൽകുന്നവനായി ഭവിച്ചാലും. ഒരു ദിക്കിൽ നിന്നും കേടുപാടുകൾ ഉണ്ടാകാതിരിക്കട്ടെ.

ലോകത്തിനാകമാനം കല്യാണകാരികളായ വാക്കുകൾ ഉരുവിട്ടുകൊണ്ട് ലോകത്തിന് നന്മ ചെയ്താലും. നിങ്ങൾക്ക് ഐശ്വര്യവും മംഗളവും ഭവിക്കട്ടെ. ഞങ്ങൾ കള്ളന്മാർക്ക് ഇരയാവരുത്. യാതൊരു നിഷേധശക്തിയും ഞങ്ങളിൽ ആധിപത്യം സ്ഥാപിക്കരുത്. ഹേ ഇന്ദ്രാ, അങ്ങ് അത് ഉറപ്പു വരുത്തിയാലും. അവിടുത്തെ കൃപയാൽ ഉത്തമന്മാരും വീരന്മാരുമായ സന്തതിപരമ്പര ഞങ്ങൾക്കുണ്ട്. അവരോടൊപ്പം ഞങ്ങൾ യജ്ഞത്തിൽ അങ്ങയുടെ സ്തുതികൾ വിസ്തരിച്ചു ചൊല്ലാം. അനുഗ്രഹിക്കുക. ഐഹികവും പാരമാർഥികവുമായ സുഖമുണ്ടാകട്ടെ."

എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായ ഈ വിവാഹചടങ്ങുകൾ കഴിഞ്ഞപ്പോൾ പൊതുവേ ഉണ്ടായ അഭിപ്രായം നമ്മുടെ സമുദായത്തിലെ വിവാഹത്തിന് ഒരു ഏകതാനത ഉണ്ടാകണമെന്നും ഇന്നത്തെ വിവാഹംപോലെ ഒരുപാട് ആഡംബരമില്ലാതെ എന്നാൽ സാംസ്കാരിക തനിമയോടു കൂടി വിവാഹം നടത്തിയാൽ നന്നായിരിക്കും എന്നുമാണ്. ആ ഒരു അഭിപ്രായം എല്ലാവരുടേയും ചിന്തയിൽ ഉണ്ടാകാൻ പ്രാർത്ഥിക്കുന്നു.

അവസാനമായി പറയട്ടെ ഈ സൂക്തങ്ങൾ ഉരുവിട്ട രണ്ടുപേരും ക്ഷത്രിയ ക്ഷേമസഭാംഗങ്ങളായിരുന്നു.


യാത്രാവിവരണം



# ഞാൻ കണ്ട ലങ്ക

**എൻ.എം. മല്ലികാ റാണി**
കോട്ടയം, മൊ. 9744801150

എന്റെ ആദ്യത്തെ വിദേശയാത്ര, അതും തനിച്ച്. വളരെ ആകാംക്ഷയോടെ, ആവേശത്തോടെ ഞാൻ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തി. പലപ്രാവശ്യം ഡൊമസ്റ്റിക് എയർ പോർട്ടിൽ വന്നിട്ടുണ്ടെങ്കിലും ഇന്റർനാഷണലിൽ ഇതാദ്യം. അകത്തുകയറി ബാഗേജ് അയച്ചു. ബോർഡിംഗ് പാസ്സ് വാങ്ങി, മണി എക്സ്ചേഞ്ച് കൗണ്ടറുകളൊക്കെ കടന്ന്, നേരെ എമിഗ്രേഷൻ കൗണ്ടറിലേക്ക്. അവിടെ അല്പം തിരക്കുണ്ടായിരുന്നു. അവിടുത്തെ ഫോർമാലിറ്റീസും സെക്യൂരിറ്റി ചെക്കിംഗും കഴിഞ്ഞ് നേരേ ഫ്ളൈറ്റ് ഗേറ്റിലേക്ക്. ഇതൊക്കെ ചെയ്തത് ആദ്യമായി സ്കൂളിൽ പോകുന്ന ഒരു കുട്ടിയുടെ കൗതുകത്തോടെ ആയിരുന്നു.



*ടൂത്ത് റെലിക്സ് ടെമ്പിൾ, കാൻഡി*

ഫ്ളൈറ്റ് കൃത്യസമയത്തു തന്നെ പുറപ്പെട്ടു. ഫ്ളൈറ്റിൽ ഒരു ആപ്പിൾ ജ്യൂസും സ്നാക്സും കഴിച്ചപ്പോഴേക്ക് അക്കരെ ലങ്കയിൽ എത്തിക്കഴിഞ്ഞു. വെറും അൻപതു മിനിട്ടുകൊണ്ട് 'ബന്ദാരനായകെ' ഇന്റർനാഷണൽ എയർപോർട്ടിൽ. എയർപോർട്ട് കൊളംബോ സിറ്റിയിൽ നിന്നും 31 കിലോമീറ്റർ അകലെയാണ്. ഒരു ചെറിയ എയർ പോർട്ട്. അവിടെയും ഒരു ഫോം (അവിടുത്തെ താമസസ്ഥലം, യാത്രയുടെ ഉദ്ദേശം, തിരിച്ചു പോകുന്ന തീയതി) പൂരിപ്പിച്ച് എമിഗ്രേഷൻ കൗണ്ടറിൽ. വിസ സ്റ്റാംപ് ചെയ്ത്, ബാഗ്ഗേജ് എടുത്ത്, വെളിയിൽ കാത്തുനിൽക്കുന്ന പ്രിയപ്പെട്ടവരുടെ അടുത്തേക്ക് (മകളും ഭർത്താവും).

അവിടെ നിന്നും കാറിൽ വീട്ടിലേക്ക്. എക്സ്പ്രസ് ഹൈവേയിലൂടെ ഉള്ള യാത്ര വളരെ രസകരമായിരുന്നു. പത്തിരുപതു കിലോമീറ്ററോളം ഒരു വളവുപോലും ഇല്ലാത്ത ദേശീയപാത. നല്ല വൃത്തിയും വെടിപ്പുമുള്ള നാലുവരിപാത. നടുക്ക് മനോഹരമായി നട്ടുപിടിപ്പിച്ചിരിക്കുന്ന ചെടികൾ. പാതയ്ക്കിരുവശവും ധാരാളം മരങ്ങൾ. അങ്ങനെ കുളിർമ്മയുടെ നടുവിലൂടെ യാത്രചെയ്ത് മകളുടെ വീടിരിക്കുന്ന 'തലവത്തുഗോഡ' എന്ന സ്ഥലത്തെത്തി. പച്ചപ്പു മാത്രമുള്ള ഭൂപ്രകൃതിയും ഇന്ത്യാക്കാരെപ്പോലെ തന്നെയുള്ള ആളുകളേയും കാണുമ്പോൾ നമ്മൾ മറ്റൊരു രാജ്യത്താണ് എന്ന തോന്നലേ ഇല്ല. ഒരേ ഒരു വ്യത്യാസം ഭാഷ മാത്രം, അതും മിക്കവർക്കും തമിഴ് അറിയാം. ഇങ്ങനെയൊക്കെ ചിന്തിച്ച് മകളുടെ വീട്ടിലെത്തി.

എന്റെ ആദ്യയാത്ര തലവത്തുഗോഡ എന്ന ഈ പട്ടണം തന്നെ ആയിരുന്നു. കൊളംബോ സിറ്റിയുടെ ഔട്ട്സ്കർട്ടിൽ വരുന്ന ഒരു ടൗൺ ആണിത്. ഇവിടെ ബട്ടരമുല്ല (Battaramulla) റോഡിലാണ് മകൾ പഠിപ്പിക്കുന്ന 'Overseas School of Colombo', Butter Botique എന്ന ഒരു വലിയ Cake Shop, Cool Plannet എന്നൊരു Shopping Mall, Spar Super Market ഇതൊക്കെ ആയിരുന്നു ഇന്നത്തെ കാഴ്ച. കേക്ക് കഴിച്ച്, ഷോപ്പിംഗ് മാളിൽ ചെറിയ ഷോപ്പിംഗ് ഒക്കെ നടത്തി. സൂപ്പർ മാർക്കറ്റിൽ എത്തി. അവിടെ കണ്ട ഒരു കാഴ്ച വളരെ കൗതുകമുണർത്തുന്നതായിരുന്നു. ഈ സൂപ്പർ മാർക്കറ്റിനുള്ളിൽ ഒരു ഭക്ഷണശാലയുണ്ട്. അവിടെ ചോറ് പലതരം കറികൾ ഒക്കെ നമുക്കു കാണാവുന്നതുപോലെ വച്ചിരിക്കുന്നു. വാങ്ങുന്നത് നമുക്ക് ആവശ്യമുള്ളതുമാത്രം. അളവിനാണു വില. നമുക്കും അനുകരിക്കാവുന്ന ഒരു വില്പനരീതി എന്നു തോന്നി.

അടുത്ത യാത്ര കൊളംബോ സിറ്റിയിലേക്കായിരുന്നു. ഗോൾ ഫേസ് ബീച്ചും (Galle Face Beach) One Gall Face Mall ഉം ആയിരുന്നു ലക്ഷ്യം. ആദ്യം മാളിലേക്കാണ് പോയത്. ഏഴെട്ടു നിലകളിലായി ഒരു കൂറ്റൻ ഷോപ്പിംഗ് മാൾ. ഓരോ നിലയിലും വിവിധങ്ങളായ കാഴ്ചകളും കടകളും കണ്ട് സമയം പോയത് അറിഞ്ഞില്ല. Sarasavi Book Stall ശ്രീലങ്കയിൽ പലയിടത്തും കണ്ടു. മാളിലെ ബുക്ക് സ്റ്റാളിൽ നിന്ന് രണ്ടുമൂന്ന് ബുക്കുകൾ വാങ്ങി, വേറെയും കുറച്ചു പർച്ചേസ് നടത്തി. അതിനുള്ളിൽ ഉള്ള ഇന്ത്യൻ കഫേയിൽ നിന്നു ഭക്ഷണവും കഴിച്ച് ഇറങ്ങുമ്പോൾ സമയം രാത്രി എട്ടുമണി. ബീച്ചിൽ പിന്നീടു പോവാം എന്നു പറഞ്ഞ് മടക്കയാത്ര. തെരുവുവിളക്കിന്റെ പ്രഭയിൽ കൊളംബോ സിറ്റി അതിമനോഹരമായി തോന്നി. വരുന്നവഴി ഇൻഡ്യൻ എംബസി കണ്ടു. മറ്റൊരു വർണ്ണക്കാഴ്ചയായിരുന്നു Louts Tower സൗത്ത് ഏഷ്യയിലെ ഏറ്റവും ഉയരംകൂടിയ ടവർ. ഈ ടവർ ഏഴു നിലയാണ്. അതിൽ അഞ്ചാംനിലയിൽ ഒരു Revolving Resturant ഉണ്ട്. ഇരുട്ടിൽ മാറിമാറി വരുന്ന വർണ്ണപ്രപഞ്ചത്തിൽ, താമരയുടെ അല്ലികൾ പോലെയുള്ള ആ ഭീമൻ ടവർ ഒരു അത്യുജ്ജ്വല കാഴ്ച തന്നെയാണ്. വീണ്ടും മുന്നോട്ടുവരുമ്പോൾ ശ്രീലങ്കൻ പാർലമെന്റ് മന്ദിരം. ഇതിരിക്കുന്ന സ്ഥലം 'ജയവർദ്ധനകോട്ടപുര' എന്നാണ് അറിയപ്പെടുന്നത്. പാർലമെന്റു മന്ദിരം ദിയവന്ന ബ്യാ (Diyawanna Bya) എന്ന തടാകത്തിന്റെ നടുവിലുള്ള കൃത്രിമദ്വീപിലാണ് നിർമ്മിച്ചിരിക്കുന്നത്. തിരികെ വീട്ടിലെത്തി വീണ്ടും സ്ഥലങ്ങളും കാഴ്ചകളും കാണാനുള്ള കാത്തിരിപ്പ്.

അടുത്ത യാത്ര ഹിക്കടുവ (Hikkaduwa) എന്ന അതിമനോഹരമായ ബീച്ചിലേക്കായിരുന്നു. ഹിക്കടുവ ശ്രീലങ്കയുടെ തെക്കുപടിഞ്ഞാറുള്ള ഒരു തീരദേശ പട്ടണമാണ്. പവിഴപ്പുറ്റുകൾ ഉള്ള ശ്രീലങ്കയിലെ ഏക ബീച്ചാണിത്. ഞങ്ങൾ താമസിച്ച റിസോർട്ട് ബീച്ചിനോടു ചേർന്നുള്ളതായിരുന്നു. അതുകൊണ്ട് റൂമിനു വെളിയിൽ ഇരുന്നും അവരുടെ ഗാർഡനിൽ ഇരുന്നും കടലിന്റെ സൗന്ദര്യം ആവോളം ആസ്വദിക്കുവാൻ കഴിഞ്ഞു. അവിടെ എത്തിയപ്പോൾ സന്ധ്യയായിരുന്നു. അന്ന് പൗർണ്ണമിയുടെ തലേദിവസം. കടൽ വളരെ ശാന്തം. പിറ്റേന്നു രാവിലെ സൂര്യോദയം കണ്ട്, ബീച്ചിലൂടെ കുറേ ദൂരം നടന്നു. ഈ ബീച്ചിനോടു ചേർന്ന് ഒരു ടർറ്റിൽ (Turtle) ബീച്ചുണ്ട്. അതിന്റെ രൂപം തന്നെ ആമയുടെ പുറംതോടുപോലെ അർദ്ധവൃത്താകൃതിയിലാണ്. അവിടെ ജനുവരി – മാർച്ച് മാസങ്ങളിൽ ആമകൾ വന്നു മുട്ടയിടാറുണ്ടത്രേ. ഈ ബീച്ചും കടന്ന് മുന്നോട്ടു പോകുമ്പോൾ Snorekelling ന്റെയും Scuba Diving ന്റെയും പരിശീലനത്തിന്റെ തിരക്ക്. എനിക്കിതൊക്കെ പുതുമയുള്ള കാഴ്ചകളായിരുന്നു. അന്നു വൈകിട്ട് ചുവന്നുതുടുത്ത ചക്രവാളസീമയും, അസ്തമിക്കുന്ന സൂര്യപ്രഭയും കണ്ട് റിസോർട്ടിന്റെ പുൽത്തകിടിയിൽ സമുദ്രത്തോടു ചേർന്നിരുന്ന് ചെലവഴിച്ച സമയം ഈ യാത്രയിലെ ധന്യനിമിഷങ്ങൾ തന്നെ ആയിരുന്നു. അങ്ങനെ കടലിന്റെ ഇരമ്പലും തിരമാലകളുടെ താളവും ആസ്വദിച്ച് ഹിക്കടുവയിൽ രണ്ടു രാത്രികൾ.

ഹിക്കടുവയിൽ നിന്നും ഗോൾഫോർട്ടിലേക്ക്, അരമണിക്കൂർ ഡ്രൈവ്. അവിടെ 'Southern Comforts' എന്നൊരു ഹോം സ്റ്റേയിലായിരുന്നു താമസം. നല്ല സൗകര്യമുള്ള മുറി. അത്യാവശ്യം പാചകത്തിനുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നു. Galle Fort Old Townൽ ആയിരുന്നു ഹോം സ്റ്റേ. ഈ ഫോർട്ട്, പോർച്ചുഗീസുകാരും ഡച്ചുകാരും ചേർന്ന് ഉണ്ടാക്കിയതാണ്. ഇപ്പോഴും ഈ കോട്ടയ്ക്കകത്ത് ഡച്ചുകാർക്ക് സ്ഥലമുണ്ട് എന്നു പറയുന്നു. യൂറോപ്പിന്റെ കലാവിരുതും സൗത്ത് ഏഷ്യയുടെ പാരമ്പര്യവും ചേർന്നതാണ്. UNESCO അംഗീകരിച്ചിട്ടുള്ള ഈ സാംസ്കാരിക പൈതൃക നഗരം (Cultural Heritage City).

ഇവിടുത്തെ ആദ്യ കാഴ്ച ലൈറ്റ് ഹൗസ് ആയിരുന്നു. 26½ മീറ്റർ ഉയരത്തിൽ പഴമയുടെ പ്രൗഢിയിൽ തല ഉയർത്തി നിൽക്കുന്ന ലൈറ്റ് ഹൗസ്. കാഴ്ചകൾ കണ്ട് ആ കോട്ടയ്ക്കുള്ളിലൂടെ നടക്കുമ്പോൾ നമ്മൾ ഫോർട്ട് കൊച്ചിയിലാണോ എന്നു തോന്നും. അങ്ങനെ നടന്നുനടന്ന് എന്നാലിനി ഭക്ഷണം കഴിച്ചുമടങ്ങാം എന്നായി. ഹോട്ടലുകൾ നോക്കിനോക്കി നടക്കുമ്പോൾ 'Indian Hut' എന്നൊരു റെസ്റ്റോറന്റ് കണ്ടു. രണ്ടു മൂന്ന് ദിവസമായി നമ്മുടെ രുചിക്കൊത്ത ഭക്ഷണം കഴിച്ചിട്ട്. കാര്യം ശ്രീലങ്കൻ ഫുഡ് നമ്മുടേതുമായി വളരെ സാമ്യം ഉണ്ടെങ്കിലും (ചോറ്, തേങ്ങ ചേർത്ത കറികൾ, അപ്പം, ഇടിയപ്പം, പുട്ട്...) ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊക്കെ വിദേശികളെ ലക്ഷ്യമിട്ടുള്ള ഭക്ഷണശൈലിയാണ്. ഇവിടെ ആണെങ്കിൽ എവിടെ നോക്കിയാലും നാട്ടുകാരെക്കാൾ

കൂടുതൽ വിദേശികളെയുമാണ് കാണുന്നത്. Indian Hut ൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ഭക്ഷണം കിട്ടും. നല്ല രുചിയോടെ, തൃപ്തിയോടെ, ഭക്ഷണംകഴിച്ച് ഞങ്ങൾ തിരിച്ച് റൂമിൽ എത്തി. പിറ്റേ ദിവസം രാവിലെ കൊളംബോയിലേക്ക് മടക്കയാത്ര.

തിരിച്ചുവരുന്ന വഴി ജ്യൂസ് കുടിക്കാൻ ഒരു റെസ്റ്റോറന്റിൽ കയറി. അതും ഒരു ബീച്ച് റിസോർട്ട്. മനോഹരമായ ആ ബീച്ചിൽ നിന്നു 'Surfing' പരിശീലനം കണ്ടു. കുട്ടികൾ മുതൽ പ്രായമായവർ വരെ അവിടെ തിരമാലകളോടൊപ്പം Water Surfing ചെയ്യുന്നു. ഭൂരിഭാഗവും വിദേശികൾ. അവർ Snorekelling, Scuba Diving, Water Surfing ഒക്കെ പഠിക്കാനായി ശ്രീലങ്കയിലേക്ക് വരുന്നവർ ആണുപോലും. ഇവിടെ എങ്ങോട്ടു നോക്കിയാലും ബീച്ചുകളും നിറയെ വിദേശികളും മാത്രം.

ഒരാഴ്ചത്തെ ഇടവേളയ്ക്കുശേഷം അടുത്ത യാത്ര. ഇത്തവണ പോയത് കൊളംബോയിൽ തന്നെയുള്ള പ്രസിദ്ധമായ 'ഗംഗാരമയ' ബുദ്ധ വിഹാരം കാണാനാണ്. ആധുനിക ശിൽപ്പകലയുടെയും പ്രൗഢ സംസ്കാരത്തിന്റെയും ഒരു സമന്വയമാണ് ഈ ക്ഷേത്രത്തിലുടനീളം കാണുന്നത്. നൂറുകണക്കിന് ബുദ്ധപ്രതിമകൾ നമുക്കിവിടെ കാണാൻ സാധിക്കും. ബെയ്ര തടാകത്തിന്റെ കരയിലാണ് ഈ ബുദ്ധക്ഷേത്രം. തട്ടുതട്ടായി ഒരുപാട് ബുദ്ധ പ്രതിമകൾ, അതിന്റെ പിന്നിൽ വളരെ ഉയരമുള്ള ഒരു ഗോപുരം. ഈ ദൃശ്യം പലരും ക്യാമറയിൽ പകർത്തുന്നത് കാണാമായിരുന്നു. അടുത്തത് ബുദ്ധദേവന്റെ ഒരു പടുകൂറ്റൻ സ്വർണ്ണ പ്രതിമ; ഒപ്പം അദ്ദേഹത്തിന്റെ പ്രിയ ശിഷ്യരും. ഇവിടെ ഇരുന്ന് വിശ്രമിക്കാനും പ്രാർത്ഥിക്കാനും ഉള്ള സൗകര്യവുമുണ്ട്.

ഇതിനൊക്കെ പുറമെ, ബുദ്ധമത ചരിത്രം മനസ്സിലാക്കിത്തരുന്ന ഒരു മ്യൂസിയവും ഈ ക്ഷേത്രത്തിലുണ്ട്. പക്ഷെ എഴുതിവച്ചിരിക്കുന്നതെല്ലാം സിംഹളഭാഷയിൽ ആയിരുന്നതുകൊണ്ട് കാര്യമായി ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഈ ബുദ്ധക്ഷേത്രത്തിൽ ഗണപതി, ശിവൻ, മഹാവിഷ്ണു, സുബ്രഹ്മണ്യൻ ഒക്കെ പ്രതിഷ്ഠാമൂർത്തികളായിട്ടുണ്ട്. ഇതൊക്കെ കണ്ട് തിരിച്ചിറങ്ങാൻ നേരത്ത് അപ്രതീക്ഷിതമായി അവരുടെ ഒരു Temple Music കേൾക്കാനുള്ള ഭാഗ്യമുണ്ടായി. മൂന്നുപേർ ഒരു മണ്ഡപത്തിൽ നിന്ന് വാദ്യങ്ങൾ വായിക്കുന്നു. അവർക്ക് നമ്മുടേതുപോലെ കരയുള്ള മുണ്ടും തലപ്പാവും ആണ് വേഷം. കൊമ്പുപോലെ ഒരു വാദ്യം. പിന്നെ ചെണ്ട പോലയുള്ള രണ്ടു വാദ്യോപകരണങ്ങളും. ഇതു കേട്ടപ്പോൾ നമ്മുടെ നാട്ടിലെ ശീവേലി ഓർമ്മ വന്നു. ഇതിനടത്തു തന്നെ തടാകത്തിനു നടുവിലായി അതിമനോഹരമായ മറ്റൊരു ബുദ്ധക്ഷേത്രമുണ്ട്. ഗംഗാരമയ ക്ഷേത്രത്തിന്റെ extention ആണത്രേ അത്.

അവിടെ നിന്നും ഞങ്ങൾ കൊളംബോ നാഷണൽ മ്യൂസിയത്തിലേക്കു പോയി. ഇത് സ്ഥാപിച്ചത് 1877-ൽ അന്നത്തെ സിലോൺ ഗവർണ്ണർ ആയിരുന്ന Sir William Henry Gregory ആണ്. മ്യൂസിയത്തിന്റെ പ്രധാന കവാടത്തിന് അടുത്തുതന്നെ അദ്ദേഹത്തിന്റെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്.

ഈ മ്യൂസിയം രണ്ടു കെട്ടിടങ്ങൾ ആയിട്ടാണ് പ്രവർത്തിക്കുന്നത്. ഞങ്ങൾ കണ്ട ആദ്യത്തെ കെട്ടിടത്തിൽ രണ്ടു നിലകളിലായി ആറു ഗ്യാലറികൾ ഉണ്ട്. അവയൊക്കെ പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു, Plant Science Gallery, Botany Gallery, Different types of owls, Elephants, Amphibians, Reptiles അങ്ങനെ പോകുന്നു.

അടുത്ത കെട്ടിടത്തിൽ പതിനഞ്ച് ഗ്യാലറികൾ. അവയൊക്കെ ചരിത്രത്തിന്റെ ക്രമത്തിലും വിഷയാധിഷ്ഠിതവും ആയിട്ടാണ് (Historical Sequence and theme based) ഒരുക്കിയിരിക്കുന്നത്. അവിടെ ഞങ്ങൾ ഒരുപാട് ശിലാശിൽപ്പങ്ങൾ കണ്ടു. അതിൽ ഒരു പാറ തുരന്ന് മേൽക്കൂരയാക്കി താമസിക്കുന്ന ഒരു ആദിവാസി കുടുംബം വളരെ ആകർഷണീയമായി തോന്നി. വേറെ ഒരുപാട് ദേവീദേവന്മാർ, ശ്രീബുദ്ധന്റെ ഏറ്റവും പുരാതനമായ പ്രതിമകൾ മുതൽ ഓരോ നൂറ്റാണ്ടിലും മാറി മാറി വന്ന ശിലയിലും ലോഹത്തിലും പഞ്ചലോഹത്തിലും നിർമ്മിച്ച വിഗ്രഹങ്ങൾ ഒക്കെ കണ്ടു. പഴയ കാലത്തെ ജലസേചന കറൻസികൾ, തോക്കുകൾ, സിംഹാസനങ്ങൾ അങ്ങനെ ഒരുപാടു കാഴ്ചകൾ. ചരിത്ര വിദ്യാർത്ഥികൾക്ക് വളരെയേറെ അറിവുപകരുന്ന ഒരു മ്യൂസിയം. മ്യൂസിയത്തോടു ചേർന്ന് ഒരു പുസ്തകശാലയും കണ്ടു. സമയക്കുറവുമൂലം ഞങ്ങൾ അങ്ങോട്ടു കയറി

യില്ല. പ്രവേശനഫീസ് അൽപ്പം കൂടുതലായി തോന്നിയെങ്കിലും (SLRS1500/-) കണ്ടിറങ്ങിയപ്പോൾ ആ തോന്നൽ മാറി.

അടുത്ത യാത്ര 'സിഗിരിയ' (Sigiriya) എന്ന സ്ഥലത്തേക്കായിരുന്നു. ശ്രീലങ്കയുടെ മധ്യപ്രവിശ്യയിൽ (Central Province) വരുന്ന ഒരു സ്ഥലമാണിത്. കാടുകളും പർവ്വതങ്ങളും നിറഞ്ഞ സ്ഥലം. കൊളംബോയിൽ നിന്നും നാലുമണിക്കൂർ കാർ യാത്രയ്ക്കൊടുവിൽ സിഗിരിയയിലെ Thalsevana എന്ന ഹോംസ്റ്റേയിലെത്തി. ഏതാണ്ട് ഉച്ചക്ക് 1.30 ആയപ്പോഴാണ് അവിടെ എത്തിയത്. ഭക്ഷണം കഴിച്ച് അല്പം വിശ്രമിച്ച് നാലുമണിയോടെ ഞങ്ങൾ ആദ്യ കാഴ്ചകളിലേക്ക് കടന്നു.

അവിടുത്തെ ഒരു പരമ്പരാഗത ഗ്രാമ കാഴ്ചകളിലേക്കാണ് പോയത്. ഞങ്ങൾ ഒരു ടുക് ടുകിൽ (Auto) ഗ്രാമത്തിലെത്തി. അവിടെ നിന്നും കാളവണ്ടിയിൽ ഗ്രാമത്തിനുള്ളിലേക്ക്. അരമണിക്കൂർ യാത്ര. ചരക്കുകൊണ്ടു പോകുന്ന കാളവണ്ടികൾ ചെറുപ്പത്തിൽ കണ്ടിട്ടുണ്ടെന്നല്ലാതെ ആദ്യമായിട്ടായിരുന്നു കാളവണ്ടിയിൽ ഒരു സവാരി. അടുത്തത് വള്ളത്തിൽ ഒരു തടാകത്തിലൂടെയുള്ള യാത്ര. ഞങ്ങളുടെ വള്ളക്കാരൻ ആ വള്ളത്തിൽ നിന്ന് ആമ്പൽ പൂമാലയും ആമ്പലിന്റെ ഇല കൊണ്ടുള്ള തൊപ്പിയും ഞങ്ങൾക്ക് ഉണ്ടാക്കിത്തന്നു. കുളത്തിൽ നിന്ന് ആമ്പൽ പൂ പറിച്ച് മാലയുണ്ടാക്കി കളിച്ചിരുന്ന ബാല്യം അറിയാതെ മനസ്സിലൂടെ കടന്നുപോയി. ബോട്ടിംഗ് കഴിഞ്ഞ് ഗ്രാമത്തിലെ കാട്ടുപാതയിലൂടെ നടന്നുനടന്ന് ചാണകം മെഴുകി, മൺഭിത്തി കെട്ടി, ഓലമേഞ്ഞ ഒരു വീടിന്റെ കോലായിലെത്തി. ഒരു പ്രാചീന വാദ്യമേളത്തോടെ ആതിഥേയർ ഞങ്ങളെ വരവേറ്റു. അവർ നമ്മളെ പലതും ഓർമ്മിപ്പിച്ചു. നെല്ല് ഉരലിൽ കുത്തി പാറ്റി കൊഴിച്ച് അരിയാക്കുന്നതും തിരികല്ലിൽ ആ അരി പൊടിച്ചെടുക്കുന്നതും, ഓല മെടയുന്നതും, തേങ്ങ പൊതിച്ച് ചിരവയിൽ തിരുകി എടുക്കുന്നതും ഒക്കെ. ശരിക്കും ഒരൻപതു വർഷം പിറകോട്ടുപോയ പ്രതീതി. അവിടുന്നൊരു കട്ടൻ ചായയും ഗോതമ്പു വടയും (Herbal Tea and Coconut Rotti) കഴിച്ച്, തിരിച്ച് ഹോം സ്റ്റേയിലേക്ക്.

അടുത്ത ദിവസം സിഗിരിയയിലെ ആന സങ്കേതം (Elephant Safari) കാണാൻ പോയി. തുറന്ന ജീപ്പിൽ ആയിരുന്നു യാത്ര. കാട്ടിനുള്ളിലേക്കു കയറിയപ്പോൾ മുതൽ ഞങ്ങളും ഞങ്ങളുടെ ഡ്രൈവറും ഇരുവശങ്ങളിലേക്കും നോക്കുമായിരുന്നു. കുറെ അധികനേരം സഞ്ചരിച്ചിട്ടും ആനകളെ ഒന്നും കണ്ടില്ല. ഞങ്ങൾക്കും ചെറിയ നിരാശ ബാധിച്ചുതുടങ്ങി. അപ്പോൾ മറ്റൊരു ജീപ്പിന്റെ ഡ്രൈവർ, നമ്മുടെ ഡ്രൈവറോട് എന്തോ പറഞ്ഞു, അഞ്ചു മിനിറ്റു കഴിഞ്ഞില്ല. ദേ, നമ്മുടെ വണ്ടി ഒരു ആനകൂട്ടത്തിന്റെ തൊട്ടരികിൽ. ഒരു പത്തു പതിനഞ്ച് ആനകൾ. കുട്ടിയാനയും പിടിയാനകളും കൊമ്പൻമാരും ചേർന്ന ഒരു വലിയ കൂട്ടം. വണ്ടിയും, മനുഷ്യരും ഒന്നും അവർക്കൊരു പ്രശ്നമേ അല്ല. എല്ലാവരും സമാധാനത്തോടെ പുല്ലു തിന്നുന്നു. അമ്മ പിടി, കുട്ടിയാനക്ക് ഇളംപുല്ല് പറിച്ച് വായിൽ വച്ചു കൊടുക്കുന്നു. ഒരു സുന്ദരമായ കാഴ്ചയും കണ്ടു. അങ്ങനെ കുറെനേരം ആനകളെ കണ്ട് ഞങ്ങൾ മടങ്ങി. മടക്കയാത്രയിലും വേറെ ആനക്കൂട്ടങ്ങൾ കണ്ടു.

പിന്നീടു പോയത് Lion Rock ലേക്ക് അതിന്റെ മുകളിൽ ആയിരുന്നത്രേ രാവണന്റെ കോട്ട. ഒരുപാട് ഉയരമുള്ളതിനാൽ ഞങ്ങൾ കയറാൻ സാഹസപ്പെട്ടില്ല. ഞങ്ങളുടെ ഹോം സ്റ്റേ ഇരിക്കുന്ന Pidurangala യിൽ ഒരു Royal Cave Temple ഉണ്ട്. ഒരു വലിയ പാറയ്ക്കു മുകളിൽ ശ്രീബുദ്ധന്റെ പുരാതനമായൊരു ഗുഹാക്ഷേത്രം. ആ ക്ഷേത്രത്തിനു പിന്നിൽ പിഡുരംഗള പർവ്വതം. അതും വളരെ ഉയരത്തിലാണ്. കയറിപ്പോകാൻ പടികളും കൈവരിയും ഒക്കെ ഉണ്ടെങ്കിലും, നമുക്ക് പറ്റില്ല എന്നു തോന്നിയതിനാൽ ഗുഹാക്ഷേത്രം കണ്ട് തിരിച്ചിറങ്ങി, പിറ്റേന്ന് ട്രിങ്കോമാലിയിലേക്ക്.

ട്രിങ്കോമാലിയിലേക്കുള്ള യാത്ര ട്രെയിനിൽ ആയിരുന്നു. Hebarana Station-ൽ നിന്നും Trincomalee ലേക്ക് ഏകദേശം രണ്ടു മണിക്കൂർ സിന്ധു യാത്ര. ട്രിങ്കോമാലി റെയിൽവേ സ്റ്റേഷനിൽ നിന്നും നേരെ 'Elegant Green Beach Resort' ലേക്ക്. ട്രിങ്കോമാലി ശ്രീലങ്കയുടെ വടക്കുകിഴക്കായിട്ടുള്ള ഒരു തുറമുഖ പട്ടണമാണ്. ഞങ്ങളുടെ Resort Uppuveli Beach നോടു ചേർന്നായിരുന്നു. പേരുപോലെ ഗംഭീരമായ റിസോർട്ട്. പ്രകൃതിയോടു ചേർന്നുനിൽക്കുന്ന തടിയിൽ പണിത മുറികൾ, ധാരാളം ചെടികൾ, കടലിന് അഭിമുഖമായുള്ള റെസ്റ്റോറന്റ് അങ്ങനെ അങ്ങനെ സുന്ദരമായ വാസസ്ഥലം. പിന്നെ മത്സ്യബന്ധനം നട

ക്കുന്ന കടൽത്തീരമായിരുന്നതിനാൽ ഞങ്ങൾക്ക് അവിടെയിരുന്ന് കഴിക്കാൻ അൽപ്പം ബുദ്ധിമുട്ടായിരുന്നു. അതുകൊണ്ട് ഞങ്ങൾക്ക് ഒരുമിച്ചിരുന്നു കഴിക്കാനുള്ള സൗകര്യം റൂമിന്റെ മുന്നിൽ തന്നെ ചെയ്തുതന്നു. ഡോൾഫിൻ മത്സ്യങ്ങളുള്ള ശ്രീലങ്കയിലെ ഏക ബീച്ചാണ് ഈ ഉപ്പുവേലി ബീച്ച് എന്നു പറയുന്നു.

ട്രിങ്കോമാലി തമിഴ് സംസ്കാരത്തിന്റെ ഒരു നേർകാഴ്ചയാണ്. ഉപ്പുവെളി കടൽത്തീരം, കോണേശ്വര ക്ഷേത്രം, ശ്രീ ഭദ്രകാളി അമ്മൻ കോവിൽ, ഫോർട്ട് ഫ്രെഡറിക് എന്നിവയാണ് ഇവിടുത്തെ പ്രധാന കാഴ്ചകൾ. അടുത്തദിവസം ഞങ്ങൾ ആദ്യം പോയത് ഭദ്രകാളി ക്ഷേത്രത്തിലേക്കാണ്. ഭക്തിനിർഭരമായ ഒരന്തരീക്ഷം ആയിരുന്നു അത്. ദേവിക്ക് നെയ്യും, പാലും, ഇളനീരും ഒക്കെ അഭിഷേകം നടക്കുന്നു; ഉച്ചത്തിലുള്ള മന്ത്രോച്ചാരണങ്ങൾ. അങ്ങനെ അവിടെ നിൽക്കുമ്പോൾ തമിഴ്നാട്ടിലെ ഒരു പ്രശസ്തമായ കോവിലിൽ നിൽക്കുന്ന തോന്നലായിരുന്നു.

അവിടെ നിന്ന് നേരെ കോണേശ്വര ക്ഷേത്രത്തിലേക്ക്. ഫോർട്ട് ഫ്രെഡറിക്കിന്റെ ഉള്ളിലാണ് ഈ ക്ഷേത്രം. ഒരു ഉയർന്ന മലമുകളിൽ ശ്രീലങ്കയുടെ കിഴക്കൻ പ്രവിശ്യയിലെ ഒരു മഹാക്ഷേത്രം. തിരുകോണമല എന്നായിരുന്നു ഈ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേര്. അതാണത്രെ പിൽക്കാലത്ത് ട്രിങ്കോമാലി ആയത്. ആയിരംകാൽ മണ്ഡപം, സ്വർണ്ണംപൂശിയ വലിയ ഗോപുരം എന്നിങ്ങനെയുള്ള ദ്രാവിഡ ക്ഷേത്ര നിർമ്മാണ രീതിയിലാണ് ഈ ക്ഷേത്രവും രൂപകൽപ്പന ചെയ്തിരിക്കുന്നത്. ക്ഷേത്രത്തിനു വെളിയിൽ മഹാദേവന്റെ ഒരു കൂറ്റൻ പ്രതിമയുണ്ട്. കർണ്ണാടകയിലെ മുരുടേശ്വരനെ കണ്ടിട്ടില്ലാത്തവർക്ക് അതൊരു ഭീമാകാരമായ ശിൽപ്പമായി തോന്നാം. ശ്രീകോവിലിലെ വിഗ്രഹം നടരാജ വിഗ്രഹമാണ്. ഉപദേവതകളായി ഭദ്രകാളി, ഗണപതി, മഹാവിഷ്ണു, ശക്തി, മുരുകൻ തുടങ്ങി ഒരു വലിയ നിര തന്നെ ഉണ്ട്. ക്ഷേത്രത്തിൽ തൊഴുതിറങ്ങുമ്പോൾ ചിദംബരനാഥനായ തില്ലൈ നടരാജനെ തൊഴുതിറങ്ങിയ അനുഭൂതിയായിരുന്നു. അവിടെ നിന്നും ഇറങ്ങി വെളിയിൽ പ്രദക്ഷിണം വച്ചു വരുമ്പോൾ പലതരം രഥങ്ങൾ അണിയിച്ചൊരുക്കി വച്ചിരിക്കുന്നത് കണ്ടു. തമിഴ് പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായുള്ള രഥോത്സവം നടക്കുന്നുണ്ടെന്ന് ആരോ പറയുന്നത് കേട്ടു. തിരിച്ചുവരുംവഴി ഫ്രെഡറിംക് കോട്ടയുടെ മുന്നിൽ അൽപ്പസമയം ചെലവഴിച്ചു. ഇത് പോർച്ചുഗീസുകാർ പണികഴിപ്പിച്ച കോട്ടയാണ്. കരിങ്കല്ലുകൊണ്ട് നല്ല ഉയരത്തിലുള്ള കോട്ട വാതിൽ. പ്രധാന കവാടം ഒരു ഗുഹപോലെ ആണ്. അവിടെ നിന്നും തിരിച്ച് റിസോർട്ടിലേക്ക്. അങ്ങനെ ശ്രീലങ്കയുടെ സുന്ദരമായ കിഴക്കൻ പ്രവിശ്യ കണ്ട് വീണ്ടും തിരിച്ച് കൊളംബോയിലേക്ക്.

അടുത്ത യാത്ര കാൻഡി ബുദ്ധക്ഷേത്രത്തിലേക്കായിരുന്നു. ശ്രീലങ്കയിലെ ബുദ്ധക്ഷേത്രങ്ങളിൽ ഏറ്റവും പവിത്രമായ ക്ഷേത്രമാണ് 'Kandy tooth relic temple' കൊളംബോയിൽ നിന്ന് കാൻഡിയിലേക്ക് 116 കിലോമീറ്റർ ദൂരം. ഞങ്ങളുടെ യാത്ര കാറിൽ ആയിരുന്നു, Columbo - Kandy express highway യിലൂടെയുള്ള യാത്ര. മനോഹരമായ നാട്ടിൻപുറത്തു കൂടിയുള്ള യാത്ര. റോഡിന്റെ ഇരുവശത്തും മൈലുകളോളം നീളുന്ന തെങ്ങിൻ തോപ്പുകൾ, വാഴത്തോട്ടങ്ങൾ, ഓടുമേഞ്ഞതും ഓല മേഞ്ഞതും ആയ വീടുകൾ, ഇടയ്ക്ക് മീരിഗാമ, കരുണെഗല, മാവ്തഗാമ തുടങ്ങിയ ചെറുപട്ടണങ്ങളും കണ്ടു. അങ്ങനെ യാത്ര ആസ്വദിച്ച് ഞങ്ങൾ കാൻഡിയിൽ എത്തി.

പഴയ സിംഹള രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു കാൻഡി. അവിടുത്തെ കൊട്ടാരസമുച്ചയത്തോടു ചേർന്നാണ് ക്ഷേത്രവും മ്യൂസിയവും. ഞങ്ങൾ കൗണ്ടറിൽ പോയി Entry Pass എടുത്ത് ക്ഷേത്രത്തിലേക്കു പോയി. ക്ഷേത്രത്തിനുള്ളിൽ പുറത്തെ വെയിലിലും നല്ല കുളിർമ്മ. ക്ഷേത്രത്തിന്റെ ഒന്നാമത്തെ നിലയിലാണ് ശ്രീബുദ്ധന്റെ ഭൗതിക അവശിഷ്ടമായ പല്ല് പ്രതിഷ്ഠിച്ചിരിക്കുന്നത്. അവിടെ ബുദ്ധമത വിശ്വാസികൾ പൂക്കൾ അർപ്പിക്കുകയും, അവിടെയിരുന്ന് കീർത്തനങ്ങൾ ആലപിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഒരുപാട് വിദേശികളെയും ഇവിടെ കണ്ടു. ക്ഷേത്രത്തിനോടുചേർന്ന് ഒന്നാം നിലയിലും രണ്ടാം നിലയിലുമായി ഒരു മ്യൂസിയം ഉണ്ട്. അവിടെ ചരിത്രപരമായ ഒരുപാട് കാര്യങ്ങൾ കാണാനുണ്ടായിരുന്നു. ഒന്നാംനിലയിൽ ചരിത്രരേഖകൾ കാലാകാലങ്ങളായി ക്ഷേത്രത്തിലുണ്ടായിരുന്ന പൂജാരി (സന്യാസിമാരുടെ വിവരങ്ങൾ, കാൻഡിയിലെ പ്രസിദ്ധരായ രാജാക്കന്മാരുടെ വിവരങ്ങൾ മുതലായവയാണ്. രണ്ടാംനിലയിൽ രാജഭരണകാലത്തെ

# Maha Kumbh 2025



**E. Ravi Varma Raja**
Kochu Kottaram, Ennakkad
Mob: 9746257789

The Maha Kumbh Mela 2025, a global celebration of spiritual togetherness has just concluded. Extending the religious event for 45 days, it started on 13-1-25 (Paush Purnima) in Prayagraj and ended on 26-2-25 (Mahashivratri) . This is the largest religious congregation in the whole world. India is the world's most populous nation with more than 140 crores. Nearly 64 crore pilgrims have taken the holy dip in the 'Sangam'- the confluence where Ganga (the Ganges) and Yamuna meet the invisible (mystical) Saraswathi. Imagine the magnitude of the gathering which witnessed the unparalleled grandeur of this divine congregation where faith, tradition and spirituality converge.

2. UP government has newly created and developed a 4000 hectre area in the river banks and notified as its 76th district. It is called 'Maha Kumbh Nagar'. In 2018, UP renamed Allahabad as Prayagraj. In fact, the length of the bathing ghat went up to 12 kms. for the Maha Kumbh. Government had arranged over 13,000 trains &

→

→

ആയുധങ്ങൾ, ബുദ്ധക്ഷേത്രത്തിൽ വിശേഷാവസരങ്ങളിൽ ഉപയോഗിക്കുന്ന പൂജാപാത്രങ്ങൾ, ആഭരണങ്ങൾ, അലങ്കാരങ്ങൾ, ക്ഷേത്രത്തിലേക്ക് ഇൻഡ്യ, ജപ്പാൻ, നേപ്പാൾ തുടങ്ങിയ രാജ്യങ്ങൾ നൽകിയ വിലപിടിപ്പുള്ള സാധനങ്ങൾ, കറൻസികൾ, ഭക്തജനങ്ങൾ ക്ഷേത്രത്തിനു നൽകിയ സ്വർണ്ണാഭരണങ്ങൾ, രത്നാഭരണങ്ങൾ അങ്ങനെയങ്ങനെ ഒരുപാട് കാഴ്ചകൾ. ഗൗതമബുദ്ധന്റെ വിശുദ്ധമായ ദന്തം, ഇൻഡ്യയിലെ കലിംഗയിൽ നിന്നും കാൻഡിയിൽ എത്തുന്നതുവരെയുള്ള ഓരോരോ കത്തിടപാടുകളും ചരിത്രരേഖയായി അവിടെ സൂക്ഷിച്ചിരിക്കുന്നു. അങ്ങനെ ക്ഷേത്രവും മ്യൂസിയവും കണ്ട് ഞങ്ങൾ അവിടെ നിന്നും ഇറങ്ങി.

പിന്നീട് ഞങ്ങൾ പോയത് ക്ഷേത്രത്തോടു ചേർന്നുള്ള കാൻഡി തടാകം കാണാനാണ്. വിസ്തൃതമായ ഈ തടാകം ഒരു കൃത്രിമ തടാകമാണത്രേ. തടാകത്തിന്റെ ഉള്ളിലേക്കായി കൊട്ടാരത്തിലെ സ്ത്രീകൾക്കു കുളിക്കാനായി നിർമ്മിച്ച വിശാലമായ, പഴമയുടെ പ്രൗഢി വിളിച്ചോതുന്ന ഒരു കുളിപ്പുരയുണ്ട്. കൂടാതെ തടാകത്തിനകത്തായ് ഇവിടെ വരുന്ന സന്ദർശകർക്ക് വിശ്രമിക്കാനും കാൻഡി തടാകം നന്നായി ആസ്വദിക്കാനുമായി ഒരു ഇരുനില കെട്ടിടമുണ്ട്. മുകളിലത്തെ നിലയിൽ ചുറ്റി നടന്ന് തടാകം കാണാം. തടാകത്തിൽ Speed Boat ൽ ചുറ്റുന്നവരെയും കണ്ടു. അങ്ങനെ തടാകതീരത്ത് കുറേനേരം ചെലവഴിച്ച് തിരിച്ചുപോരുവാനായി കാറിൽ കയറി. തടാകക്കരയിലൂടെ Royal International School, Mahamaya Girls College ഒക്കെ കണ്ട് Candy - Colombo Highway ൽ എത്തി. വളരെക്കാലമായി ആഗ്രഹിച്ചതു കണ്ടതിന്റെ സന്തോഷത്തോടെ തിരിച്ച് കൊളംബോയിലേക്ക്.

രണ്ടു ദിവസത്തിനുശേഷം, ഇനി ഒരു ശ്രീലങ്കൻ യാത്രയുണ്ടെങ്കിൽ, അന്ന് ജാഫ്നയും, മന്നാറും കാണണമെന്ന ആഗ്രഹം മനസ്സിൽ ബാക്കിവെച്ച്, തിരിച്ച് ഇന്ത്യയിലേക്ക്. ●

500 plus flights only to enable the Sangam Nose to host crores of people from across the length and breadth of India and abroad. Facilities extended to 100 parking lots that can accommodate more than 5 lakh cars, a central hospital, 50,000 police personal, 30,000 odd CCTV (for security). Maintenance of 247 power & water supply, taking care of traffic regulation, hybrid dispensing of waste and cleaning water at 'snan' ghats, all are a herculean task. The harmonious blend of tradition and advanced technology (of ISRO & BARC) not only preserved the spiritual essence of the Maha Kumbh but also set a benchmark for future large scale gathering to the world. How UP and Central governments organised and carried out these successfully are Eyeing records.

## The Kumbh Mythology

3. The name 'Prayag' can be traced in our Vedas. The sacredness of Maha Kumbh dates back to the Puranas. The story in it goes that during 'Samudra Madhan' (Palazhi Madhanam), after the Gods' (Devas') fierce battling the Demons (Asuras) had finally seized the pot (Kumbh) that contained the elixir (amruth) of immortality and the Demons gave chase to it. Out of 12 drops of amruth fell from the kumbh, 4drops fell on earth, one each at Prayag (now Prayagraj), Haridwar, Ujjain and Nasik. 4 drops fell in the heaven and the rest in the netherland. The pitched quarrel the Devas and Asuras had lasted for 12 divine days --the equivalent of 12 human years. That is why the Poorna Kumbh / Kumbh Mela now rechristened 'Maha Kumbh' since 2018 January happens every 12 years at Prayagaraj. Though the Mela, a wonder world itself at Prayag is probably of more recent vintage. Earlier it was held in Haridwar. Contemporary sources give reference to 1870 fair in Allahabad as Kumbh Mela for the first time.

## Historical

4. There is a funny story of emperor Akbar behind the name Allahabad. A God- fearing King, he named the city as Illahabas/Illahabad, meaning abode of God. Later Mughals called it Allahabad, the city of Allah or God.

## Astronomical

5. Astronomically, this event, the usual gathering in the month of Magh (Jan-Feb) has a great significance. Maha Kumbh in 2025 is truly a once -in-a- lifetime event made more extraordinary by celestial configuration that align 6 planets. A unique occurrence repeating only once every 144 years. India's achievements in this field of Astronomy, second only to the Greeks, date back to the Vedic period (B. C.) is remarkable. There is a rare planetary alignment that is believed to transform water into Nectar. Its special features are- the Sun is in the Capricon and Jupiter in Taurus (Kumba rasi).

6. The Magh Mela at Triveni Sangam's Nose, the section where the 3 rivers merge, comes every 12 years and 'ardha' Kumbh every 6 years. This sacred place is known as the 'King of Theerthas'. This wonder festival - 'Ekta ka Maha Kumbh' united pilgrims and devotees by faith- is a global one, of unity in diversity. The human crowd at Maha Kumbh can be viewed as a cross-section of the world population- of rich & poor, educated & uneducated, elevated & downtrodden, men & women. No caste/creed/ colour discrimination. In short, a confluence of equality, fraternity and harmony. It is experienced, how our country's tradition and culture blend the whole of India together. In addition to Prayagraj, Haridwar, Ujjain and Nasik, we can cite several other examples of similar

religious festivals along the beds of Godavari, Krishna, Pamba, Bharathapuzha etc. Adhering to the rituals are almost the same from north to south and east to west. We worship rivers as sacred and remember that our culture & civilization grew and developed in river- laps.

7. Actually, belief swells into faith. Traditional faith involves 'doing' far more than 'thinking'. The point is to act, perform the ritual and not to question /wonder about its purpose / efficacy. This is Orthopraxy, a key factor in all religions. Myth and faith go side by side. Belief cannot be substantiated always by reasons, but it should bring peace of mind to oneself and at the same time harmless to others. It increases the mental strength provided that it should be able to balance the mind and the intellect. A unique feature of Hindu religion is that all in it, is voluntary and not bound by any holy injunction. People have deep faith /sradha/trust/bharosa that the 'snan' in 'Sangam' and other holy rivers would wash away all their sins.

8. Here in Sangam's nose gather Akharas, Akhoris- the warrior- ascetics of various denominations, Aghoris, the Shaives, Naga Sadhus & Sadhvis, the Vaishnavites etc. all following Sanatana Dharma. There were recitals, sessions of poets, classical singers, dancers, musicians, writers, lyricists etc. and what not.

## Artistes, Celebrities & Dignitaries

9. Kumar Swamy Maharaj, Mahamandaleshwar Swamy, Gyan Puri, Sri Sadguru, Sri Sri Ravishankar, Droupadi Murmu, Narendra Modi, Rajendra Arlekar, Bhutan King, other popular figures such as, Shankar Mahadevan, Kailash Kher, Hema Malini, Mukesh Ambani, Gautam Adani, Remo D'Souza, Sudha Murthy, Mary Kom, Chris Martin, Dakota Johnson, Jayasurya, Sunil Gavaskar are some of the VIP names who have got one voice praising their experience. People from all walks of life witnessed, have admired the event.

10. Names of foreigners like Mark Dichokse (famous as Shaiva Maharshi), American billionaire Steve Jobs are worth mentioning. They got high appreciation of it. It is true that when fame and praise come from the West then only we, Indians, understand and realize our importance, pride and traditional values.

11. Many distinguished diginitaries including our Prime Minister hailed Kumbh Mela as: "Blessed to be at the feet of Ma Ganga and pray Her. It was overwhelming".

12. "Afterall, what is in a dip? someone may ask. Holy dip in the waters of Triveni Sangam, our PM described as "a moment of Divine Connection." This would be the experience of every devotee who follows Sanatana Dharma.

13. Devas and Asuras wanted "Immortality". But we the human beings rooted in Hinduism aspire for 'Moksha' (rebirth) . That is, Union with the Almighty God-that feeling of spiritual experience of 'Tatwamasi'. Our seers, saints and shastras longed for World Peace. They saw God in all living & non- living things. The cosmic consequences of their prayers, meditation and silent work have far-reaching positive effect in the Universe.

14. In the joyful mood of Maha Kumbh at Prayagraj, last but not in the least, let us not forget the two stampedes and other accidents which claimed human lives. We pray Shiva and Ganga, the holiest of all rivers, which flows from His Crown, for their souls to attain eternal peace.

"Har Har Gange, Har Har Mahadev"

# My Astro-Adventures at the HDSR Star Party



**Mahesh Ravi Varma**
Bangalore, Mob. 8861001797

Astronomy, Telescope Making and Astrophotography was always and continues to be my passion throughout my life. In that context, the sleepy, remote village of Hanle in Ladakh has a special place in dreams and fantasies for being one of the best places in the world to pursue my passion.

Hanle Dark Sky Reserve or HDSR for short is a joint initiative by the Indian Institute of Astrophysics (IIA), UT Ladakh, the Ladakh Autonomous Hill Development Council (LAHDC) and the local villages - to preserve the pristine skies off the light pollution.

HDSR Star Party is a flagship outreach program hosted by the Institute of Astrophysics for the popularizing Astronomy and focused at the preservation of dark sky location, in India. This year (2024), it was planned from 29th September - 4th October 2024.

The selection to the event is based on the review of the work one has done in the field of astronomy. A report needs to be submitted with the statement of purpose which will then be assessed by an expert committee at IIA. My personal initiatives of telescope making, observatory designing and fabrication, astrophotography, experience with running astro-clubs and being a member of the Association of Bangalore Amateur Astronomers (ABAA) did help here.

## Travel and Lugging of the Equipment

Due to the scientific expedition nature of the journey, I had to carry a set of equipment that weighed around 50 kg. These were so delicate that I could not rely on the usual parcel services which neither handle the materials with care, nor the delivery times are very prompt. There were no direct flights to Leh from Bangalore - and hence I had to break the journey into 2 legs - first from Bangalore-to-Delhi, and then Delhi-to-Leh. I had to pay heavy charges for the extra luggage - though I must say that a bit of tongue-work and negotiation did help to ease the charges.

## Acclimatizing at Leh and Medical Briefing

Leh is the capital of the UT Ladakh, located alongside banks of the river Indus and is very arid, cold and 3500 m above mean sea level and the village of Hanle is at a height of 4500m. The atmosphere is very thin due to the high elevation. Under such harsh and unfamiliar environments, people can get a medical condition known as Acute Mountain Sickness (AMS), which can manifest as headache, body pain, indigestion, fever, and such issues. Acclimatization for a minimum of 48 hours is required before one can go out and strain. After 48 hours of acclimatising, the candidates had to undergo a medical test before they were allowed to proceed to Hanle.

We were given very clear instructions that:

- We should not be lugging around heavy lifting of equipment.
- We were not allowed to eat heavy foods
- We should take proper rest and get at least eight hours restful sleep
- To stock essential medicines like Dimox

## To Hanle

After the briefing and medical test the previous day, we were dropped back to our hotels by the IIA team. We were instructed to be ready after breakfast by 8:00 am. Today we will be travelling to Hanle. The journey takes 5-6 hours and is a 250 km drive south-eastward. The air distance of this village from the Sino-Tibet border is less than 50km. The area is under strict military and intelligence surveillance.

Hanle comprises 6 hamlets, namely Bhok, Dhado, Punguk, Khuldo, Naga and an area where Tibetan Refugees have settled. This area comes under the Changthang Wildlife Sanctuary in the Changthang plateau. The area designated under HDSR has strict guidelines against the use of high intensity street lights, vehicle headlamps etc.

The climate is typical of a dry-cold desert where the nights are bitterly cold and days are harsh with strong sun with very high levels of UV radiation. Not getting exposed to direct sunlight during midday and the use of sunscreen is extremely important.

The location of Hanle is special for astronomy for a few reasons, namely:

1. Rare atmosphere due to the high altitude of the Tibetan plateau, which is known as the Roof of the Earth.
2. Right amount of moisture content in the atmosphere which makes the air turbulence to a minimal level, thereby helping the 'seeing' conditions, which is extremely important for Planetary Imaging.
3. Extremely far away from lights scattering due to the city and population, making it very low (Bortle0) for light pollution.
4. The plains of Hanle is on the rain shadow region of the Himalayan ranges, making the clear skies available for >260 days per year
5. Located on the plains of the Tibetan Plateau, making the movement and operations fairly easier for scientific work.
6. The particulate matter in the atmosphere, there too is extremely low, making it conducive for astronomical observation and imaging

### IAO Facility

Hanle is the home to the famous Indian Astronomical Observatory that is the tenth highest in the world. It houses multiple astronomy equipment, including, but not limited to the 2 meter Himalayan Chandra Telescope (HCT), the 7-instrument cluster, collectively known as the High Altitude Gamma Ray telescope (HAGAR), the widefield 0.7 meter GROWTH-India telescope, the Major Atmospheric Cerenkov Experiment (MACE) etc.

Most of the equipment is operated remotely by the Center for Research and Education in Science and Technology (CREST) in Hoskote, Bangalore, the IIT Bombay.

As the guests of the IIA and GOI, we had the opportunity to get close to these high end scientific equipment and interact with the faculty and technicians who use them for research purposes.

Our luggage was carried from Leh to Hanle by trucks assigned by the Government of India, and we were also transported in specific vehicles with proper labelling of its DSR start party, as well as our papers were all collected beforehand so as to clear the ITBP and other permits.

We were given open space to set up our equipment in the field in front of the IAO - with clear directions about the use of light sources, mobiles and the discipline that needed to be maintained. The emissions and stay light from our equipment could saturate the sensors of the high end equipment at the IAO - and hence the instruction.

We were also given very clear instructions as not to take too much of strain, not to lug with too much luggage - as the thin air can cause

breathlessness and AMS and were instructed not to wander away too much from the premises, as the place is notorious for pack of wild dogs and other harmful fauna.

Every evening around 2:30 PM we were picked from our homestays by the bus to the IAO facility, where we were served evening tea and dinner. The oxygen saturation levels in the blood were regularly monitored. There was always a doctor in backup in case some emergencies did happen.

### Meeting Veterans

At the event, I had the good fortune of meeting, interacting and learning from stalwarts in the field of telescope making, astro-art and science communication, visual astronomy and astrophotography, Sri. Ajay Talwar - the telescope maker and entrepreneur, Mrs. Rohini Devasher - the artist, Sri. Akarsh Simha - probably one of the most accomplished visual astronomers in the world and the co-creator of the KStars software, Sri. Vikas Chander - the brilliant astro photographer, Sri. Rakesh Rao - the renowned science communicator, who has travelled to both the poles, were a few among them.

### Wrap Up

Generally, people go to places like Hanle and Ladhakh as a tourist, but it was different in our case. We were there as part of a scientific expedition and hence our priorities and intent were different. We could not explore the place much in the traditional sense. In spite of that, we thoroughly enjoyed the scenic beauty of the place, the mineral which Earth had a totally different color, unseen in any other place. The landscape was such that one could never imagine such a place existing when you are in a crowded and polluted city like, say, Cochin or Bangalore. But while experiencing the bitterly cold nights of Hanle, alone - I really missed the coziness and warmth of my home and the dear ones.

At the same time, this episode of my astro-adventure has left an indelible mark on my memory lane, both emotionally and academically - where I had the opportunity to visit one of the highest observatory in the world with all its cutting edge technology, where I could meet, interact with the passionate giants in the field of astronomy, art and science communication. It was indeed a life altering and humbling experience - that I would cherish forever - a dream come true!

Thanks to all the people who supported me, who enabled me to make this trip, especially my fellow travellers, Dr. Krishna Mohan (Retd. CSIR), Dr. Sriganesh (Orthopedic Surgeon, Ahalia, Palakkad), Sri. Dorje Angchuk (Technical Supervisor, IAO Facility) & Dr. Niruj Ramanujam (Professor, IIA)

## അഭിനന്ദനങ്ങൾ



കാഞ്ഞൂർ മുല്ലശ്ശേരി മഠത്തിലെ **സൗമ്യ വർമ്മ**യ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് കോമേഴ്സിൽ പി.എച്ച്.ഡി. ലഭിച്ചു. വെള്ളാരപ്പിള്ളി ക്ഷത്രിയ ക്ഷേമസഭാംഗങ്ങളായ രാമചന്ദ്രൻ കെ. ബി. യുടെയും സുജാത കെ. യുടെയും പുത്രിയും അങ്കമാലി നായത്തോട് അരുൺ ആർ. ശബരിയുടെ പത്നിയുമാണ്.



തമിഴ്നാട് കേന്ദ്ര സർവകലാശാലയിൽ നിന്നും ഭൗതിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ **ആർ. രുഗ്മിണി.** ഹരിപ്പാട് പിലാപ്പുഴ തെക്ക് 'ബോധി'യിൽ രാധാശരണിന്റെയും കടനാട് കുന്നേൽ കോയിക്കൽ ഗീത വർമ്മയുടെയും മകളാണ്.

## പുസ്തകജാലകം



# അയ്യപ്പഭക്തിയുടെ അനുപമാവിഷ്കാരം



**അയ്യപ്പൻകാവ്–**
**കിളിമാനൂർ കൊട്ടാരം പരദേവതാ ക്ഷേത്രം–**
**ചരിത്രം, സവിശേഷതകൾ**
**ആർ. കൃഷ്ണകുമാർ വർമ്മ**
**പേജ്–76**
**വില–100 രൂപ**

ചരിത്രം വീരേതിഹാസമായ പോരാട്ടങ്ങളുടെയും വെട്ടിപ്പിടിക്കലുകളുടെയും കഥകൾ മാത്രമല്ല, ഒരു മഹത്പാരമ്പര്യത്തിന്റെ തിരുശേഷിപ്പുകൾ കൂടിയാണ്. നമ്മുടെ പൂർവ്വികർ സധൈര്യം പിന്നിട്ട രഥ്യകളും അവരുടെ ധീരോദാത്തമായ കർമ്മങ്ങളും ഒരു വലിയ സംസ്കാരപാരമ്പര്യത്തിന്റെ അവകാശികളായി നാട് വാണിരുന്ന അരചന്മാരും അവരുടെയെല്ലാം കർമ്മനിരതമായ പ്രവർത്തനത്തിലൂടെ നാടിനും നാട്ടാർക്കും കൈവന്ന അപൂർവ്വ നേട്ടങ്ങളും പുണ്യവും... അങ്ങനെയൊരു മഹത്ശൃംഖല തന്നെ ചരിത്രാവബോധത്തിന് തുണയായി വർത്തിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ചരിത്രസ്മൃതികൾ കൊണ്ട് സമ്പന്നമായ ഒട്ടനവധി ഗ്രന്ഥങ്ങൾ പരിണതപ്രജ്ഞരായ ചരിത്രകാരന്മാർ ഇതിനകം സമ്മാനിച്ചിട്ടുണ്ട്. നാടിന്റെ ചരിത്രം എന്നതുപോലെ തന്നെ പൂർവ്വികർ ആർജ്ജിച്ച, നാം നേടിയെടുത്ത, ജീവിത സംസ്കാരത്തിൻ മാറ്റു കൂട്ടുന്ന സമസ്ത ഘടകങ്ങൾക്കും തനതായ ചരിത്രം പറയാനുണ്ടാകും.

കേരളീയ മാതൃകയിലെ വലിയ കൊട്ടാരങ്ങൾക്കും സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന അഗ്രഹാരങ്ങൾക്കും ദേവാലയങ്ങൾക്കും ഉദാത്തമായ പാരമ്പര്യത്തിന്റെ ഒട്ടേറെ കഥകൾ പറയുവാനുണ്ടാകും. നമ്മുടെ പുരാതന ക്ഷേത്രങ്ങൾ വെറും ആരാധനാലയങ്ങൾ മാത്രം ആയിരുന്നില്ല. അവയ്ക്കും ചരിത്രവുമായി ബന്ധപ്പെട്ട എണ്ണിയാലൊടുങ്ങാത്ത വസ്തുതകൾ നിരത്താനായുണ്ട്. ഓരോ ക്ഷേത്രവുമായി ബന്ധപ്പെട്ട ചരിത്രകാര്യങ്ങൾ ഗവേഷണത്വരയോടെ തേടിപ്പോവുകയും അനുബന്ധവിഷയങ്ങൾ അപഗ്രഥിക്കുകയും ചെയ്യുമ്പോൾ പല ധാരണകളും തിരുത്തപ്പെടുകയും പുതിയ വിവരങ്ങൾ ലഭിക്കുകയും ചെയ്തേക്കാം. ക്ഷേത്രചരിത്രങ്ങൾ നമ്മുടെ സാംസ്കാരികപാരമ്പര്യത്തിന്റെ വലിയ മുതൽക്കൂട്ടുകളാണ്. അത്തരം ഒരു വിശിഷ്ട കൃതിയാണ് ആർ. കൃഷ്ണകുമാർ വർമ്മ രചിച്ച 'അയ്യപ്പൻകാവ്–കിളിമാനൂർ കൊട്ടാരം പരദേവതാ ക്ഷേത്രം–ചരിത്രം, സവിശേഷതകൾ' എന്ന ആദ്ധ്യാത്മിക ഗ്രന്ഥം. ഇത് വെറും ഒരു ക്ഷേത്രചരിത്രം മാത്രമല്ല. കാരണം, ക്ഷേത്രവുമായി ബന്ധപ്പെട്ട ഒട്ടനവധി വസ്തുതകൾ വിവരിക്കുന്നതോടൊപ്പം അതിന് ഉപോദ്ബലകമായി അസ്തിത്വംപേറുന്ന കിളിമാനൂർ രാജകുടുംബത്തിന്റെ പശ്ചാത്തലം, മരുമക്കത്തായ തായ്‌വഴികളിലെ പ്രത്യേകതകൾ, രാജകുടുംബവുമായി അഭേദ്യമായ ബന്ധമുള്ള വേണാടിന്റെ ചരിത്രം, പിന്നീട് അത് തിരുവിതാംകൂറായി മാറിയതുവരെയുള്ള പരിവർത്തനദശയിലെ സംഭവവികാസങ്ങൾ, തുടർന്ന് വന്നുചേർന്ന

വളരെ നിഷ്കർഷയോടെ, ആചാരാനുഷ്ഠാനങ്ങളോടെ നടത്തപ്പെടുന്ന അയ്യപ്പൻകാവിലെ ഉത്സവത്തെക്കുറിച്ചുള്ള വിവരണം ഏറെ വിജ്ഞാനപ്രദമാണ്. കുംഭമാസത്തിലെ ഏഴു ദിവസം നീണ്ടുനിൽക്കുന്ന ഉത്സവത്തിന്റെ കൊടിയേറ്റ് മുതൽ കൊടിയിറക്കം വരെയുള്ള എല്ലാ ചടങ്ങുകളുടെയും അതീവ ഹൃദ്യമായ അവലോകനം ഈ ഗ്രന്ഥത്തിലുണ്ട്.

ലോകപ്രസിദ്ധനായ ചിത്രകാരനും കിളിമാനൂർ രാജകുടുംബാംഗവുമായ രാജാരവിവർമ്മയും അയ്യപ്പസ്വാമിയും ആയുള്ള ആത്മബന്ധത്തെക്കുറിച്ച് പരാമർശിക്കാൻ ഒരു അധ്യായംതന്നെ നീക്കിവെച്ചത് തികച്ചും ഉചിതമായി. അയ്യപ്പൻകാവിലെ ദേവീകടാക്ഷത്തിന് പാത്രീഭൂതരായ ഭക്തജനങ്ങളുടെ അനുഭവകഥകൾ ഈ ഗ്രന്ഥത്തിന്റെ ആകർഷണീയതയ്ക്ക് മാറ്റുകൂട്ടുന്നു. ഈ അനുഭവസാക്ഷ്യങ്ങൾ ഭക്തജനങ്ങളുടെ വിശ്വാസത്തിന് ഏറെ പ്രചോദനമാകുന്നു.

ശ്രീ അയ്യപ്പസ്വാമിയുടെ ധ്യാനശ്ലോകങ്ങൾ, സ്തുതികൾ, കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ രചിച്ച 'ഭൂരികൃപാനിലയം' എന്ന കീർത്തനം, വലിയതിരുനാൾ വലിയരോഹിണി തമ്പുരാട്ടി രചിച്ച അയ്യപ്പസ്തുതി, പ്രശസ്ത കവി കിളിമാനൂർ മാധവവാര്യർ രചിച്ച "പാഹിമാം അയ്യപ്പാ" എന്ന കീർത്തനം തുടങ്ങിയവ അനുബന്ധമായി ചേർത്തിരിക്കുന്നു. ബ്രഹ്മശ്രീ തൃശ്ശൂർ നടുവിൽമഠം ഇളമുറ പുഷ്പാഞ്ജലി അച്യുതഭാരതി സ്വാമിയാരുടെ പണ്ഡിതോചിതമായ അവതാരികയും മറ്റു മഹദ്‌വ്യക്തികളുടെ ആശംസകളും ഗ്രന്ഥത്തിന്റെ ഭക്തിസാന്ദ്രതയ്ക്ക് അലങ്കാരമാകുന്നു. മനോഹരമായ മുഖചിത്രവും മികവുറ്റ അച്ചടിയും ഈ ഗ്രന്ഥത്തിന്റെ സവിശേഷതകളാണ്. ഈ ഉത്കൃഷ്ട ഗ്രന്ഥം രചിച്ച ആർ. കൃഷ്ണകുമാർ വർമ്മയെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ ധന്യമായ തൂലികയിൽനിന്ന് ഇനിയും മികച്ച ഗ്രന്ഥങ്ങൾ കൈരളിക്ക് ലഭിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.



**വേണുസരസ്വതി**
തെക്കേവാരിയം, ഗൗരീശപട്ടം,
തിരുവനന്തപുരം-695004
മൊ. 9446330057

പരിണാമങ്ങൾ ഒക്കെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.


മരുമക്കത്തായസമ്പ്രദായത്തെ വെല്ലുവിളിച്ച് രാജാധികാരം കൈക്കലാക്കാൻ ശ്രമിച്ച എട്ടുവീട്ടിൽ പിള്ളമാരോട് അടരാടി മാർത്താണ്ഡവർമ്മ മഹാരാജാവ് കൈവരിച്ച അപൂർവ്വ നേട്ടങ്ങൾ, 1729-ൽ അദ്ദേഹത്തിന്റെ വേണാട് മഹാരാജാവായുള്ള സ്ഥാനാരോഹണം, കിളിമാനൂർ വലിയതമ്പുരാൻ കേരളവർമ്മ മടങ്ങിയെത്തി കിളിമാനൂർ കൊട്ടാരം പിടിച്ചെടുക്കൽ, വാമനപുരത്തുവെച്ചുഡച്ച് സൈന്യത്തെ കിളിമാനൂർ സൈന്യവും വേണാട് സൈന്യവും ഇരുവശത്തുനിന്നും ആക്രമിച്ചു കീഴടക്കൽ തുടങ്ങിയ ചരിത്രകഥകൾ സമഗ്രമായി ഈ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. മാർത്താണ്ഡവർമ്മയുടെ അനുജ്ഞയാൽ മനോഹരമായ കിളിമാനൂർ കൊട്ടാരം നിർമ്മിക്കപ്പെട്ടതും ബേപ്പൂർ തട്ടാരി കോവിലകത്തെ ശാഖയെക്കൂടി കിളിമാനൂരിലേക്ക് ആനയിച്ചതും പിന്നീട് മാർത്താണ്ഡവർമ്മ ആലുവ വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി വേണാട് രാജ്യം വിപുലീകരിച്ചതും ഒക്കെ ഈ ഗ്രന്ഥത്തിൽ ആകർഷകമായി പരാമർശിച്ചിരിക്കുന്നു. മേല്ക്കോട്ട ഭഗവതിയെ നാന്ദകം വാളിൽ ആവാഹിച്ച് വലിയകോയിക്കൽ പ്രതിഷ്ഠിച്ച് ക്ഷേത്രനിർമ്മിതി ആരംഭിക്കുകയും ചെയ്തു. മൂലസ്ഥാനമായ നെറുംകൈതക്കോട്ടയിൽ കോട്ടയ്ക്ക് സംരക്ഷണം നൽകി ജ്യോത്സ്യമതപ്രകാരം അയ്യപ്പസ്വാമിക്ക് പുതിയ ക്ഷേത്രത്തിൽ പ്രാമുഖ്യം നൽകണമെന്ന കൽപ്പനയിലൂടെയാണ് അയ്യപ്പൻകാവെന്ന ക്ഷേത്രം സ്ഥാപിതമായത്. പ്രധാന ദേവനായ ശ്രീ അയ്യപ്പസ്വാമി ഈ ദേശത്തിന്റെ തന്നെ നാഥനായി കരുതപ്പെടുന്നു. മറ്റ് ഉപദേവതമാർക്കും സമുചിതമായ സ്ഥാനങ്ങൾ നൽകിയിട്ടുണ്ട്.

ക്ഷേത്ര തന്ത്രിസ്ഥാനം നിജപ്പെടുത്തിയതും കഴകക്കാരായി മലബാറിൽ നിന്നും അമ്പലവാസികളായ നമ്പീശന്മാരെ കൊണ്ടുവന്നതും തന്ത്രിയുടെ നിർദ്ദേശപ്രകാരം പൂജാദികർമ്മ ങ്ങളിൽ വരുത്തിയ മാറ്റങ്ങളും ഒക്കെ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. നിത്യപൂജയുടെ വിവരങ്ങൾ കൂടാതെ പുഷ്പാഞ്ജലി, അരിവെച്ചുള്ള നമസ്കാരം, വിശേഷസമർപ്പണങ്ങൾ എന്നിവയുടെ വിവരണവും ഗ്രന്ഥത്തിലുണ്ട്. സൗമ്യയായ ദേവിക്കുള്ള വഴിപാടുകളായ വെള്ളരി, മലർ നിവേദ്യങ്ങൾ, മംഗല്യപൂജ എന്നിവയെക്കുറിച്ചും പരാമർശമുണ്ട്.

# യാത്രകളെ സ്നേഹിക്കുന്നവർക്ക്

നിങ്ങൾ ആഹാരത്തെ നിരസിക്കുകയും ആചാരങ്ങളെ അവഗണിക്കുകയും മതത്തെ ഭയപ്പെടുകയും പൊതുജനങ്ങളെ ഒഴിവാക്കുകയും ചെയ്യുന്നതിനേക്കാൾ ഭേദം വീട്ടിൽ തന്നെ ഒതുങ്ങിക്കഴിയുന്നതാണ്. -James Michener

വ്യക്തികൾ യാത്രകൾ നടത്തുന്നത് പല ഉദ്ദേശത്തിലാണ്. യാത്ര ഹോബിയായി സ്വീകരിച്ചവരും, യാത്രാവിവരണത്തിനായി ഉപയോഗിക്കുന്നവരും, സ്വന്തം അനുഭവങ്ങൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ ശ്രമിക്കുന്നവരും, യാത്ര നടത്തി സ്വയം തൃപ്തിപ്പെട്ട് കഴിയുന്നവരും എല്ലാം ഉണ്ട്. ആദ്യവും അവസാനവും ഉള്ള വിഭാഗത്തിൽപ്പെട്ടവർ സമൂഹത്തിന് ഒരു ഗുണവും നൽകുന്നില്ല. രണ്ടാമത്തേയോ മൂന്നാമത്തേയോ വിഭാഗത്തിലോ രണ്ടിലും കൂടിയോ ഉൾപ്പെടുത്താവുന്ന വ്യക്തിയാണ് പ്രദീപ് വർമ്മ. തന്റെ ഔദ്യോഗിക ജീവിതത്തിന്റെ ഭാഗമായി കർണ്ണാടകയുടെ പല ഭാഗങ്ങളിലും താമസിക്കുകയും സഞ്ചരിക്കുകയും ചെയ്തപ്പോൾ ഉണ്ടായ കാഴ്ചകൾ അക്ഷരരൂപത്തിൽ വായനക്കാർക്ക് സമർപ്പിക്കുകയാണ് പ്രദീപ്. 'ക്ഷാത്രസ്പന്ദന'ത്തിൽ വരുന്ന പല യാത്രാവിവരണങ്ങളും ഒരു പ്രത്യേക പാക്കേജിനെപ്പറ്റിയോ സ്ഥലത്തെപ്പറ്റിയോ മാത്രം ആണെങ്കിൽ ഈ പുസ്തകം ഒരു സംസ്ഥാനത്തെ കേന്ദ്രീകരിച്ച് ആണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഒന്നായ കർണ്ണാടകത്തിൽ മലയാളികൾ ഏറ്റവും കൂടുതൽ സന്ദർശിക്കുന്ന സ്ഥലം കൊല്ലൂർ മൂകാംബിക ക്ഷേത്രം ആണ്. മറ്റുള്ളവ ധർമ്മസ്ഥലയും മടിക്കേരിയും. നഗരമാകട്ടെ ബാംഗ്ലൂരും മൈസൂറും. അതിനാൽ അവയെക്കുറിച്ച് വിവരിക്കാൻ തുനിഞ്ഞിട്ടില്ല. ഇവ കൂടാതെ പോകേണ്ടതും കാണേണ്ടതുമായ കർണ്ണാടകയിലുള്ള പല സ്ഥലങ്ങളെപ്പറ്റിയും അവിടുത്തെ പ്രത്യേകതകളെപ്പറ്റിയും ആണ് ഗ്രന്ഥകാരൻ വിവരിക്കുന്നത്. 100 പേജിൽ ആയി വിവരണങ്ങളും അവസാന 15 പേജിൽ മനോഹരമായ വർണ്ണചിത്രങ്ങളും കൊടുത്തിരിക്കുന്നു. ഹംപി, ബാദാമി, ചിത്രദുർഗ്ഗ, ഹൊയ്സാല, സോമനാഥപുര, ഹാലേബിഡു, ശൃംഗേരി, ഇറ്റഗി, ആനേഗുന്ദി,



**കണ്ടുതീരാത്ത കർണ്ണാടകം**
**പ്രദീപ് വർമ്മ**
**പേജ്– 100**
**വില – 280 രൂപ**

ഹാവേരി, ശിവര പട്ടണം, ബീജാപൂർ, ബലഗാവി തുടങ്ങിയ സ്ഥലങ്ങളിലെ ചിത്രങ്ങൾ ആണ് കൊടുത്തിരിക്കുന്നത്. കർണ്ണാടകയിൽ സ്ഥിര സന്ദർശനം നടത്തുന്ന പലർക്കും അറിവില്ലാത്തതും പോകേണ്ടതുമായ സ്ഥലങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പങ്കുവയ്ക്കാനുള്ള ആത്മാർത്ഥമായ പരിശ്രമം ആണ് പ്രദീപ് നടത്തിയിരിക്കുന്നത്. ബാംഗ്ലൂരിൽ നിന്നു പോകാവുന്ന നന്ദി ഹിൽസ്, വിദുരാശ്വത്ഥ, ലേപാക്ഷി, അവനി, ശിവരപട്ടണം, അപ്രമേയസ്വാമി ക്ഷേത്രം, കോലാർ എന്നീ സ്ഥലങ്ങളെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

ഇവയിൽ ശിവര പട്ടണം ഒരു ശിൽപ്പഗ്രാമമാണെന്നും മുന്നൂറോളം ശിൽപ്പത്തൊഴിൽ ചെയ്യുന്ന കുടുംബങ്ങൾ അവിടെ കഴിയുന്നുവെന്നതും ആശ്ചര്യമായി തോന്നി.

അപ്രമേയസ്വാമി ക്ഷേത്രം സ്ഥിതിചെയ്യുന്ന ചന്നപട്ടണം കളിപ്പാട്ട നിർമ്മാണം കുടിൽ വ്യവസായമാക്കിയ സ്ഥലമാണത്രേ.

ചുരുക്കിപ്പറഞ്ഞാൽ യാത്ര ഇഷ്ടപ്പെടുന്ന, ചരിത്രം പഠിക്കുന്ന, സംസ്കാരങ്ങളെപ്പറ്റി അറിയാൻ ആഗ്രഹിക്കുന്ന ആളുകൾക്കൊക്കെ സഹായം നൽകുന്ന ഒരു ചെറിയ ഗൈഡ് കൂടിയാണ് 'കണ്ടുതീരാത്ത കർണ്ണാടകം' എന്ന ഈ പുസ്തകം.

**സൂര്യകുമാർ വർമ്മ,** തിരുവല്ല, മൊ. 7012303758

# To My Daughter



**Aswathy Varma**
Chirackal Kovilakam, Kannur



As tiny as a seed you were,
When I held you first in my hands.
Too tiny for my hands you were,
Big enough for my heart though
Growing up you fill my heart with light
That lead me every day my torch bearer
Words choke in my throat
When I think about you in my life
Avoid there was in my life
Unfilled, vacant;
Now filled though
I see my Mother in You.

## ഉദ്യോഗലബ്ധി



കണ്ണൂർ എ. കുഞ്ഞിക്കണ്ണൻ സ്മാരക മെമ്മോറിയൽ ഗവ. ഹയർസെക്കന്ററി സ്കൂളിൽ ഗണിതശാസ്ത്രം (ജൂനിയർ) അദ്ധ്യാപികയായി നിയമനം ലഭിച്ച **യമുന എം.എം.** ക്ഷത്രിയ ക്ഷേമസഭ പിലാത്തറ യൂണിറ്റിലെ ധനഞ്ജയ വർമ്മ (ദേവനന്ദൻ) യുടെയും പുറച്ചേരി മണക്കാട്ട് മഠത്തിൽ എം.എം. ശ്യാമളയുടെയും മകളാണ്. ഭർത്താവ്: തൃച്ചംബരം യു.പി. സ്കൂൾ അദ്ധ്യാപകനായ ജ്യോതിസ് എൻ.വി.



ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ ടി.എം. രാധാകൃഷ്ണന്റെയും കെ. പുഷ്പവല്ലിയുടെയും മകൾ **കെ. രമ്യ** മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ ഗവൺമെന്റ് ഹൈസ്കൂളിൽ സംസ്കൃതം H.S.T. ആയി ജോലിയിൽ പ്രവേശിച്ചു.



കണ്ണൂർ സെൻട്രൽ ജയിലിൽ അസി. പ്രിസൺ ഓഫീസറായി ജോലിയിൽ പ്രവേശിച്ച **കെ. രേണുക വർമ്മ**. പിലാത്തറ യൂണിറ്റിലെ കെ. നന്ദകുമാരന്റെ മകൻ മിത്ര വർമ്മയുടെ ഭാര്യയാണ്. മകൾ: കൃഷ്ണ ദത്ത.

# ബാലവേദി/വളരുന്ന പ്രതിഭകൾ

## അഭിനന്ദനങ്ങൾ



2024 ലെ മഹാറാണി സേതുപാർവ്വതി ഭായി സ്മാരക സ്കോളർഷിപ്പ് (എഞ്ചിനീയറിംഗ് വിഭാഗം) ലഭിച്ച **സ്നേഹ എസ്. വർമ്മ.** കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ ടി.എം. സുരേന്ദ്രനാഥിന്റെയും രമ്യ യു. പണ്ടാലയുടെയും മകളും കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് ബി-ടെക് (EC) വിദ്യാർത്ഥിനിയുമാണ്.



2024 ലെ മഹാറാണി സേതുപാർവ്വതി ഭായി സ്മാരക സ്കോളർഷിപ്പ് (എഞ്ചിനീയറിംഗ് വിഭാഗം) ലഭിച്ച **നിവേദ് വർമ്മ.** ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ ടി.എം. സദാനന്ദന്റെയും വി.എം. സന്ധ്യാ ബേബിയുടെയും മകനും ചെന്നൈ SRM INSTITUTE OF SCIENCE AND TECHNOLOGY യിൽ ബി-ടെക് (കമ്പ്യൂട്ടർ സയൻസ്) വിദ്യാർത്ഥിയുമാണ്.




2024 ലെ മാധവ് ചന്ദ്രശേഖർ സ്മാരക സ്കോളർഷിപ്പിനും കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ (KEAM) ഏറ്റവും ഉയർന്ന റാങ്ക് കരസ്ഥമാക്കുന്ന കുട്ടിക്ക് നൽകി വരുന്ന സരസിജ തമ്പുരാൻ മെമ്മോറിയൽ അവാർഡിനും തെരഞ്ഞെടുക്കപ്പെട്ട **ആദിനാരായണൻ.** ഇരിട്ടി യൂണിറ്റ് അംഗങ്ങളായ സതീദേവി കീഴൂരിടത്തിന്റെയും ഹരിപ്രകാശ് കാവുങ്കരയുടെയും മകനും തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയുമാണ്.



കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിൽ വച്ച് നടന്ന ഇന്റർസ്ക്കൂൾ മാത്തമാറ്റിക്സ് കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ **അനന്ത് എസ്. വർമ്മ**. രാജഗിരി സ്ക്കൂൾ, കാക്കനാട്, 5-ാം ക്ലാസ് വിദ്യാർത്ഥിയായ അനന്ത് ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ സുരേഷ് നാരായണന്റെയും പന്തളം വടക്കേമുറി കൊട്ടാരത്തിലെ വീണാ വർമ്മയുടെയും മകനാണ്.



ഇരിക്കൂർ സബ്ജില്ലാ കലോത്സവത്തിൽ മോഹിനിയാട്ടം, കുച്ചിപ്പുടി എന്നിവയിൽ മൂന്നാം സ്ഥാനവും 'എ' ഗ്രേഡും, നാടോടി നൃത്തത്തിൽ 'എ' ഗ്രേഡും നേടിയ **ദിയ ആർ. വർമ്മ**. പിലാത്തറ യൂണിറ്റ് അംഗമാണ്.









**അമേയ എ. വർമ്മ**

ക്ലാസ്സ് - 5

ശ്രീ ശാരദ വിദ്യാലയ, കാലടി














**കശ്യപ് വർമ്മ**

ക്ലാസ്സ് - 7

സി.കെ.എം.


എൻ.എസ്.എസ്. സ്കൂൾ

ചാലക്കുടി

(ശ്രീലേഖ-കൃഷ്ണദാസ്

വർമ്മയുടെ മകൻ







# സംസ്ഥാന വനിതാ വിഭാഗം



**ഡോ. സുജാതാ രാമചന്ദ്രൻ**
വെള്ളാരപ്പിള്ളി
(പ്രസിഡന്റ്) 9544752132



**രാധിക വർമ്മ**
തിരുവല്ല
(സെക്രട്ടറി) 9656382918



**സുപ്രിയ സുരേഷ്**
കുറ്റിലഞ്ഞി
(ട്രഷറർ) 9562872453

## പന്തളം വനിതാ ഭാരവാഹികൾ



**സീതാലക്ഷ്മി വർമ്മ**
(പ്രസിഡന്റ്)



**സന്ധ്യാ വർമ്മ**
(സെക്രട്ടറി)

## ബാംഗ്ലൂർ 'സംഗമം' ഭാരവാഹികൾ



# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഭരണസമിതി യോഗങ്ങൾ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കൂടി തീരുമാനങ്ങൾ എടുക്കുകയും കണക്ക് അവതരിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരം/കേന്ദ്ര സഭകളുടെയും റിയാക്ടിന്റെയും 'ക്ഷാത്രസ്പന്ദന'ത്തിന്റെയും ഓഫീസായി പ്രവർത്തിക്കുന്ന സുന്ദരവിലാസം കൊട്ടാരത്തിലെ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തി. 40,000 രൂപയോളം ചെലവു വന്ന പണികൾ തിരുവനന്തപുരം സഭ ഏറ്റെടുത്ത് ചെയ്യുകയായിരുന്നു. ഇതിന്റെ ഒരു കത്ത് ബഹുമാനപ്പെട്ട കേന്ദ്ര ജനറൽ സെക്രട്ടറിക്ക് മാർച്ചിൽ കുറ്റിലഞ്ഞിയിൽ നടന്ന വാർഷിക പൊതുയോഗത്തിൽ വെച്ച് കൈമാറി.

സഭയുടെ മുതിർന്ന അംഗവും മുൻ കമ്മിറ്റി അംഗവുമായിരുന്ന ടി.ആർ. രാമവർമ്മ രാജ (എക്സൈസ് അമ്മാവൻ/മരുമോൻ ചേട്ടൻ) യുടെയും മറ്റൊരു അംഗം വിശാല വർമ്മയുടെയും നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി.

ഫെബ്രുവരി 23-ാം തീയതി രംഗവിലാസം ഹാളിൽ വെച്ച് പ്രസിഡന്റ് കിഷോർ കുമാർ വർമ്മയുടെ അദ്ധ്യക്ഷതയിൽ പ്രതിമാസ പരിപാടി നടക്കുകയുണ്ടായി. ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം വനിതാ വിഭാഗം പ്രസിഡന്റ് രമണി വർമ്മ സ്വാഗതം ആശംസിച്ചു. തുടർന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ സംബന്ധിച്ച് RM India യുടെ സീനിയർ കൺസൾട്ടന്റ് പ്രസീദ് ചുള്ളിപ്പറമ്പിൽ 'IT ലളിതമായ വീക്ഷണം' എന്ന വിഷയത്തെ കുറിച്ച് പ്രഭാഷണം നടത്തി. ചടങ്ങിൽ സഭയുടെ മുതിർന്ന അംഗം ഡോ. ആശാലത തമ്പുരാൻ തന്റെ മാതാവിന്റെ സ്മരണാർത്ഥം 2024 കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ഏറ്റവും ഉയർന്ന റാങ്ക് വാങ്ങുന്ന കേരളത്തിലെ ക്ഷത്രിയ വിദ്യാർത്ഥിക്ക് നൽകുന്ന അവാർഡ് തുക കേന്ദ്ര ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയ്ക്ക് കൈമാറി. തുടർന്ന് കൃഷ്ണകുമാർ വർമ്മ, അജയകുമാർ വർമ്മ, രാജീവ് വർമ്മ, രമണി വർമ്മ, ശ്രീജിത വർമ്മ, തേജസ്വി വർമ്മ, വർഷ വർമ്മ, വേദിക രാജ, അർപ്പിത് വർമ്മ എന്നിവർ മഹാശിവരാത്രിയോടനുബന്ധിച്ച് ശിവ ഭക്തിഗാനങ്ങൾ ആലപിച്ചു. അന്നത്തെ പരിപാടികൾ സ്പോൺസർ ചെയ്തത് സഭയുടെ മുൻ പ്രസിഡന്റ് ഡോ. ആർ. അജയകുമാർ വർമ്മയും കുടുംബവും ആയിരുന്നു. വനിതാ വിഭാഗം ജോ. സെക്രട്ടറി സ്മിത വർമ്മ കൃതജ്ഞത പ്രകാശിപ്പിച്ചു.

2024 മാർച്ച് 2 ന് കുറ്റിലഞ്ഞിയിൽ വച്ചു നടന്ന കേന്ദ്ര ക്ഷത്രിയ ക്ഷേമസഭയുടെ വാർഷിക പൊതുയോഗത്തിൽ സഭയിൽ നിന്ന് 20 പേരോളം പങ്കെടുത്തു. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ സെക്രട്ടറി ജയചന്ദ്ര വർമ്മ സഭയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പൊതുയോഗത്തിൽ അവതരിപ്പിച്ചു. സഭാംഗം ഡോ. ആശാലത തമ്പുരാൻ നൽകിയ സരസിജ തമ്പുരാൻ സ്മാരക അവാർഡും മറ്റു സഭാംഗങ്ങളായ ലഫ്. കേണൽ (റിട്ട.) വി.എസ്. ചന്ദ്രശേഖരന്റെയും ഡോ. സതി ചന്ദ്രശേഖരന്റെയും മകൻ മാധവ് ചന്ദ്രശേഖരന്റെ സ്മരണാർത്ഥം ഉള്ള സ്കോളർഷിപ്പും നേടിയ ഇരിട്ടി യൂണിറ്റ് അംഗം ആദിനാരായണന് ആശംസകൾ നേർന്നു. കേന്ദ്രസഭയുടെ വനിതാ വിഭാഗം വീണ്ടും സജീവമാകുകയും സഭാ മെമ്പർമാരായ ശോഭന വർമ്മ ശ്രീകല വർമ്മ എന്നിവരെ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു.

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ സഭയുടെ വനിതാവിഭാഗവുമായി ചേർന്ന് മാർച്ച് 8 ന് ലോക വനിതാ ദിനം ആചരിച്ചു. കോട്ടയ്ക്കകം രംഗവിലാസം ഹാളിൽ നടന്ന ചടങ്ങിൽ വനിതാ വിഭാഗം പ്രസിഡന്റ് രമണി വർമ്മ അദ്ധ്യക്ഷത വഹിച്ചു. കേന്ദ്രസഭ പ്രസിഡന്റ് ഡോ. എം. ലളിതാംബിക, ഡോ. ആശാലത തമ്പുരാൻ, സഭ വൈസ് പ്രസിഡന്റ് ഡോ. നാരായണൻ പണ്ടാല എന്നിവർ ആശംസ പ്രസംഗം നടത്തി. 'സ്ത്രീ സ്വാതന്ത്ര്യവും കുടുംബ ഭദ്രതയും' എന്ന വിഷയത്തെ കുറിച്ച് നടന്ന ചർച്ചയിൽ ഉഷ രാമവർമ്മ, ഡോ. ഗംഗ, ശോഭനാ വർമ്മ, നിർമ്മല ദേവി, രഘു വർമ്മ,



കിഷോർകുമാർ വർമ്മ എന്നിവരും യുവജന വിഭാഗത്തിൽ നിന്ന് ഡോ. ആരതി വർമ്മ, വൃന്ദ വർമ്മ, അരുണിമ വർമ്മ എന്നിവരും പങ്കെടുത്തു. തുടർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമവുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ച് അഡ്വ. രശ്മി വർമ്മയും 'ആരോഗ്യം ആയുർവേദത്തിലൂടെ' എന്ന വിഷയത്തെക്കുറിച്ച് ഡോ. ബിന്ദു വർമ്മയും പ്രഭാഷണം നടത്തി. വനിത അംഗങ്ങൾ അവതരിപ്പിച്ച കോലാട്ടം സദസ്സിനെ രസിപ്പിച്ചു. സ്വാഗതം വനിതാ വിഭാഗം സെക്രട്ടറി ശ്രീകല വർമ്മയും കൃതജ്ഞത ജോ. സെക്രട്ടറി കൃഷ്ണ ജയകുമാർ വർമ്മയും പ്രകാശിപ്പിച്ചു.

യോഗത്തിൽ വാസന്തി, അംബിക വർമ്മ, ഡോ. ബിന്ദു വർമ്മ, ഉഷ ഉദയവർമ്മ, വിദ്യ വർമ്മ എന്നീ സഭയിലെ വനിതാ സംരംഭകരെ പുരസ്ക്കാരം നൽകി ആദരിച്ചു.

പ്രശസ്തമായ ആറ്റുകാൽ പൊങ്കാല മാർച്ച് 13-ന് എല്ലാ വർഷത്തെയും പോലെ സുന്ദര വിലാസം കൊട്ടാര ഓഫീസിന് മുമ്പിൽ കേരളത്തിലെ വിവിധ യൂണിറ്റുകളിലെ വനിതകൾ



ക്കായി ഒരുക്കുകയുണ്ടായി. പിലാത്തറ, തൃശൂർ, കോഴിക്കോട്, കുറ്റിലഞ്ഞി, തൃപ്പൂണിത്തുറ, പന്തളം, തിരുവനന്തപുരം എന്നീ യൂണിറ്റുകളിലെ വനിതകൾ പൊങ്കാല സമർപ്പിച്ചു. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ ഭക്ഷണവും കുടിവെള്ളവും ഒരുക്കി വേണ്ട സഹായങ്ങൾ നൽകി. കൂടാതെ പിലാത്തറയിൽ നിന്നുള്ള ജനാർദ്ദനൻ ആദ്യാവസാനം വേണ്ട സഹായസഹകരണങ്ങൾ നൽകിയത് നന്ദിപൂർവ്വം സ്മരിക്കുന്നു. കൊച്ചിൻ റോയൽ ഫാമിലി ഫൗണ്ടേഷൻ അന്താരാഷ്ട്ര വനിതാദിനത്തിൽ നൽകിവരുന്ന 'ഗോശ്രീ പുരസ്കാര'ത്തിന് രാജകുടുംബാംഗവും സഭയുടെ മുൻ വൈസ് പ്രസിഡന്റുമായ പ്രൊഫ. വൃന്ദാദേവി തമ്പുരാന് ലഭിച്ചതിൽ സഭയുടെ ആശംസകൾ അർപ്പിക്കുന്നു.

## കോട്ടയം

**വനിതാ ദിനാചരണം നടത്തി**

മറിയപ്പള്ളി കൊട്ടാരത്തിലെ പരദേവതയായ സുബ്രഹ്മണ്യ സ്വാമിയെ സ്തുതിച്ച്, വനിതാ സാരഥികളായിരുന്ന അംബാലിക കോവിലമ്മയ്ക്കും ലീലാഭായി തമ്പുരാട്ടിക്കും സ്മരണാഞ്ജലികൾ അർപ്പിച്ച് വനിതാ ദിന പരിപാടികൾ തുടങ്ങി. വനിതാ വിഭാഗം പ്രസിഡന്റ് അംബിക വർമ്മ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഗീത വർമ്മയുടെ സ്വാഗതത്തോടെ സമ്മേളനം ആരംഭിച്ചു.



പ്രസിഡന്റ് അംബിക വർമ്മ ദീപം തെളിയിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. അധ്യക്ഷ പ്രസംഗത്തിൽ വനിതാ ദിനത്തിന്റെ പ്രാധാന്യവും നമ്മുടെ മീറ്റിംഗുകളിൽ അംഗങ്ങളുടെ പ്രാതിനിധ്യം കുട്ടേണ്ടതിന്റെ ആവശ്യകതയും സൂചിപ്പിച്ചു. തുടർന്ന് മുഖ്യ പ്രഭാഷകനായ യൂണിറ്റ് പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ വളരെ ഹ്രസ്വമായി സഭയുടെ കാര്യങ്ങൾ വിശദീകരിച്ചു. രക്ഷാധികാരി യു. അജിത് വർമ്മ സ്ത്രീകൾ സമരംചെയ്ത്

അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനെപ്പറ്റി സംസാരിച്ചു. ഈയിടെ നടന്ന ലേഡി ലോക്കോ പൈലറ്റ് സമരത്തെ ഉദ്ധരിച്ചായിരുന്നു സംസാരം. ലോക വനിതാദിനത്തിന്റെ ലക്ഷ്യം, സ്ത്രീശാക്തീകരണം എന്താണ്, അതിന്റെ പ്രയോജനം എന്നിവയൊക്കെ സഭ എക്സിക്യൂട്ടീവ് അംഗം മല്ലിക റാണി വിശദീകരിച്ചു. ലോകപ്രശസ്ത വനിതകളെയും, അവരുടെ സംഭാവനകളെയും അനുസ്മരിച്ചു. അവരിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, നമ്മളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകൾ കണ്ടെത്തി, പോഷിപ്പിച്ചു, നമുക്കും സ്വന്തമായൊരിടം ഉണ്ടാക്കാം, സ്വയം പര്യാപ്തരാകാം എന്ന സന്ദേശം സദസ്സുമായി പങ്കിട്ടു. അർച്ചന വിനോദിന്റെ കാവ്യാലാപനം ശ്രുതിമധുരമായിരുന്നു.

പ്രിയ കണ്ണൻ, ബേബി പത്മജ എന്നിവർ പ്രസംഗിച്ചു. അംഗങ്ങളുടെ കലാപരിപാടികളും നടന്നു. വനിതാ വിഭാഗം കോ-ഓർഡിനേറ്ററായി മല്ലിക റാണിയെ തിരഞ്ഞെടുത്തു.

## കരപ്പുറം

**പ്രവർത്തന റിപ്പോർട്ട് ഫെബ്രുവരി-മാർച്ച് 2025**

രണ്ട് നിർവ്വാഹക സമിതി യോഗങ്ങൾ ഈ കാലയളവിൽ നടന്നു. 2025 മാർച്ച് 2 ന് കുറ്റിലഞ്ഞിയിൽ നടന്ന ക്ഷത്രിയ ക്ഷേമസഭയുടെ നാൽപ്പത്തിരണ്ടാം വാർഷിക സമ്മേളനത്തിൽ കരപ്പുറം ക്ഷത്രിയ ക്ഷേമസഭയിൽ നിന്നും മുപ്പത്തിമൂന്നു പേർ പങ്കെടുത്തു. നമ്മുടെ ഒരു കുടുംബം തദവസരത്തിൽ ഒരു സ്റ്റാളും നടത്തുകയുണ്ടായി.

കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ മാർച്ച് മാസത്തിലെ കുടുംബസംഗമം 2025 മാർച്ച് 22 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 4 മണിക്കു പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മയുടെ അദ്ധ്യക്ഷതയിൽ സഭാ മന്ദിരത്തിൽ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു.

മാർച്ച്മാസത്തെ കുടുംബ സംഗമം സ്പോൺസർ ചെയ്തത് കേരളവിലാസം കോവിലകത്ത് പ്രൊഫ. രവിവർമ്മ രാജയാണ്. സെക്രട്ടറിയുടെ സ്വാഗത പ്രസംഗത്തിനു ശേഷം നമ്മുടെ മുഖ്യാതിഥിയും പ്രബന്ധാവതാരകനുമായ കേണൽ സതീഷ്ചന്ദ്ര വർമ്മയെ പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മ കുടുംബാംഗങ്ങൾക്ക് പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ ഉന്നതങ്ങളായ വിദ്യാഭ്യാസയോഗ്യതകളും ഭാരത കരസേനയിലെ ഉന്നത പദവികളും ധീരോദാത്തമായ സേവനങ്ങളും അർപ്പണ ബോധത്തോടെയുള്ള കൃത്യനിർവ്വഹണങ്ങളും സദസ്സിനു മുന്നിൽ അവതരിപ്പിച്ചു.

അതിനുശേഷം പ്രഭാഷണം ആരംഭിച്ച കേണൽ സതീഷ്ചന്ദ്ര വർമ്മ ഭാരത സൈന്യത്തിലേക്കുള്ള തെരഞ്ഞെടുപ്പുരീതി മുതൽ തെരഞ്ഞെടുക്കപ്പെടുന്ന ഓരോരുത്തർക്കും നൽകുന്ന പരിശീലനങ്ങളും അതിലൂടെ അവരിൽ അറിയാതെ തന്നെ ഉരുത്തിരിയുന്ന ദേശഭക്തിയും ആ ദേശഭക്തിയിൽ അധിഷ്ഠിതമായ അർപ്പണബോധവും വളരെ മനോഹരമായി പകർന്നുതന്നു. സ്ഫുടവും ആർജ്ജവം നിറഞ്ഞതുമായ പ്രഭാഷണം വിജ്ഞാനദായകം മാത്രമല്ല അവതരണം കൊണ്ട് ശോഭനീയവും ആയിരുന്നു. ഒരു മണിക്കൂറിൽ അധികം നീണ്ട അദ്ദേഹത്തിൻെറ പ്രഭാഷണത്തിൽ കാർഗിൽ യുദ്ധവും ലോങ്ഗേവാലാ യുദ്ധവും പരാമർശിക്കപ്പെട്ടു എന്നു മാത്രമല്ല അവിടെ ഭാരതസൈന്യം കാണിച്ച ധീരതയും ദേശഭക്തിയും പരാമർശിക്കപ്പെട്ടു. ഭാരത സൈന്യത്തിൽ കമ്മീഷൻഡ് ഓഫീസർ ആയി ഒരാളെ നിയമിക്കുന്നത് രാഷ്ട്രപതി ആണെന്നുള്ള അഭിമാനകരമായ വസ്തുതയും അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തി.

അതിനുശേഷം പ്രഭാഷണത്തെക്കുറിച്ച് പ്രൊഫ. രവിവർമ്മ രാജാ, ഇന്ദിരാ വർമ്മ, മുരളീധരൻ രാമവർമ്മ, മായാ വർമ്മ തുടങ്ങി പലരും അനുബന്ധമായി സംസാരിച്ചു. പിന്നീട്, നമ്മുടെ സഭാ മന്ദിരത്തിൽ 90,000 രൂപ ചെലവാക്കി നവീകരണങ്ങൾ സ്വന്തനിലയിൽ പൂർത്തിയാക്കി നൽകിയ കാട്ടിൽ കോവിലകത്ത് ആദിത്യ വർമ്മയെ ആദരിക്കുന്ന ചടങ്ങ് ആയിരുന്നു. എന്നാൽ ആദിത്യ വർമ്മയ്ക്ക് ജോലി സംബന്ധമായി പെട്ടെന്ന് ദുബായ് വരെ പോകേണ്ടിവന്നതിനാൽ ഈ ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചില്ല.

സഭാമന്ദിരത്തിന്റെ ശിലാസ്ഥാപനം മുതൽ ഇതിന്റെ എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങളും സ്വമേധയാ ഏറ്റെടുത്ത് ശരീരവും മനസ്സും അർപ്പിച്ച് ഇക്കാലമത്രയും പ്രവർത്തിച്ച കാട്ടുങ്കൽ കോവി

ലകത്ത് എം.ആർ. വേണുഗോപാൽ വർമ്മയെ സഭയുടെ വനിതാവേദി അദ്ധ്യക്ഷ ശൈലജാ ധനേഷ് വർമ്മ പൊന്നാടയും ഫലകവും നൽകി ആദരിച്ചു. വിജ്ഞാനപ്രദവും മനോഹരവുമായ പ്രഭാഷണം കാഴ്ചവെച്ച കേണൽ സതീഷ്ചന്ദ്ര വർമ്മയ്ക്ക് സഭയിലെ മുതിർന്ന നിർവ്വാഹക സമിതി അംഗം പ്രൊഫ. രവിവർമ്മ രാജ പൊന്നാടയും ഉപഹാരവും നൽകി അഭിനന്ദിച്ചു.

നിർവ്വാഹക സമിതി അംഗം ഇന്ദിരാ വർമ്മ യുടെ കൃതജ്ഞതക്കു ശേഷം പ്രദീപ് കെ. വർമ്മ യുടെ വേറിട്ട ഒരു പ്രകടനം ആണ് നടന്നത്. അതിനുശേഷം നീരജാ വർമ്മ, അരുന്ധതി വർമ്മ എന്നിവർ ചേർന്ന് അവതരിപ്പിച്ച നൃത്തവും അനൂപ് വർമ്മ, ശ്രേയാ വർമ്മ, മാധവ രാജ്, സതീഷ്ചന്ദ്ര വർമ്മ, മായാ വർമ്മ തുടങ്ങിയവർ ആലപിച്ച ഗാനങ്ങളും നല്ല നിലവാരം പുലർത്തി. രാത്രി 8.30 ഓടെ ഭക്ഷണത്തിനുള്ള സമയമായി. 'ടേസ്റ്റ് ഓഫ് നൈഷധം' ഒരുക്കിയ ഭക്ഷണം സ്വാദിഷ്ടമായി രുന്നു. കുടുംബ സംഗമം സ്പോൺസർ ചെയ്ത പ്രൊഫ. രവിവർമ്മ രാജയ്ക്ക് നന്ദി രേഖപ്പെടു ത്തിക്കൊണ്ട് 9.30 ഓടെ എല്ലാവരും പിരിഞ്ഞു.

## പന്തളം

സംസ്ഥാന സമ്മേളനത്തിനു മുൻപ് 8-2-2025 -ലും സമ്മേളനത്തിനുശേഷം 31 -3 - 2025-ലും പന്തളം ശാഖ യോഗം ചേരുകയുണ്ടായി. കുറ്റില ഞ്ഞിയിൽ നടന്ന ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന സമ്മേളത്തിൽ പന്തളത്തുനിന്ന് 12 പ്രതിനിധികൾ പങ്കെടുത്തു. അന്നേദിവസം തന്നെ ക്ഷത്രിയ വനിതാ കൂട്ടായ്മക്കും രൂപം കൊടുത്തു. 30-1-25-ൽ ഗൂഗിൾമീറ്റ് വഴി വനിതാ കൂട്ടായ്മയുടെ ഭരണ സമിതിയെ തിരഞ്ഞെടുത്തിരുന്നു. പന്തളം യൂണിറ്റിൽ നിന്നും ദക്ഷിണമേഖലാ സെക്രട്ടറി യായി ജ്യോതി വർമ്മ തിരഞ്ഞെടുക്കപ്പെട്ടു. വളരെ സജീവമായി നടന്ന ചർച്ചകളിലും തീരുമാനങ്ങ ളിലും പന്തളം യൂണിറ്റും പങ്കെടുത്തു.

സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയുടെ നിർദ്ദേശം അനുസരിച്ച്, എല്ലാ യൂണിറ്റിലും ക്ഷത്രിയ ക്ഷേമ സഭ വനിതാ വിഭാഗം സജീവമാണ്. പന്തളത്ത് വനിതാവിഭാഗം പ്രവർത്തനങ്ങൾ ഏറെക്കുറെ നിലച്ച അവസ്ഥയാണ് ഇപ്പോഴുള്ളത്. നിലവിലെ സാഹചര്യത്തിൽ, പന്തളത്തും വനിതകളുടെ ഒരു കൂട്ടായ്മ അത്യാവശ്യമായി വന്നിരിക്കയാണ്. 31-3-25-ൽ കൂടിയ കമ്മറ്റി തീരുമാനമനുസരിച്ച് പന്തളം യൂണിറ്റ് ഏപ്രിൽ 5 ശനി വൈകിട്ട് 4 മണിക്ക് പുത്തൻ കൊട്ടാരത്തിൽ വച്ച് വനിതകളുടെ പൊതുയോഗം സംഘടിപ്പിച്ചു.

### വനിതാ വിഭാഗത്തിന് പുതിയ സാരഥികൾ

ക്ഷത്രിയക്ഷേമ സഭ പന്തളം ശാഖയുടെ വനിതാ വിഭാഗം പൊതുയോഗവും, തിരഞ്ഞെ ടുപ്പും പന്തളം പുത്തൻകൊട്ടാരത്തിൽ നടന്നു. ചന്ദ്രിക തമ്പുരാട്ടിയുടെ (ചിന്മയ പാലസ്) അദ്ധ്യ ക്ഷതയിൽ ചേർന്ന യോഗത്തിൽ ചന്ദ്രികാദേവി തമ്പുരാട്ടിയും (നെയ്തല്ലൂർ കോയിക്കൽ - 'ലാവണ്യ') ജ്യോതി വർമ്മയും (പുത്തൻ കൊട്ടാരം) ചേർന്ന് ഭദ്രദീപം തെളിയിച്ച് യോഗനടപടികൾ ആരംഭിച്ചു.

വനിതാ വിഭാഗം പ്രസിഡന്റായി സീതാലക്ഷ്മി വർമ്മയേയും (നാലുകെട്ട് കൊട്ടാരം - 'സാകേതം') സെക്രട്ടറിയായി സന്ധ്യാ വർമ്മയെയും ദേവ പ്രയാഗ്) തിരഞ്ഞെടുത്തു.

## കരിവെള്ളൂർ

### യൂണിറ്റ് പ്രവർത്തന റിപ്പോർട്ട്

**ഫെബ്രുവരി : 2025**

യൂണിറ്റ് ഭരണസമിതി യോഗം 02.02.2025 ഞായറാഴ്ച രാവിലെ 10 മണിക്ക് യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ ഓണ ക്കുന്നിലുള്ള വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ ഇ.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് വായിച്ചു. റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിൽ എൻ.കെ.കെ. ഉണിത്തിരി, വി.എം. ദാമോദരൻ, പി.എം. രാധാകൃഷ്ണൻ, ഡോ. കവിത വർമ്മ, എൻ.കെ. പരമേശ്വരൻ എന്നിവർ പങ്കെടുത്തു. 2024 വർഷത്തെ വരിസംഖ്യ, 'ക്ഷാത്രസ്പന്ദനം' മാസിക വരിസംഖ്യ എന്നിവ 28.02.25 ന് മുൻപ് പിരിച്ചെടുക്കാൻ തീരുമാനിച്ചു. 02.03.2025 ന് കുറ്റിലഞ്ഞിയിൽ വെച്ച് നടക്കുന്ന

സംസ്ഥാന സമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർക്ക് പുറമെ സംസ്ഥാന കമ്മിറ്റി മെമ്പർ വി.എം. ദാമോദരൻ, യൂണിറ്റ് ഭരണസമിതി അംഗങ്ങളായ ടി.എം. രാധാ കൃഷ്ണൻ, എൻ.എം. പവിത്ര ചന്ദ്രൻ എന്നിവർ പങ്കെടുക്കാൻ തീരുമാനിച്ചു. സമ്മേളന ഫണ്ടായി 10,000 രൂപയും പ്രവർത്തന ഫണ്ടായി 2,000 രൂപയും സംസ്ഥാന കമ്മിറ്റിക്ക് നൽകാൻ തീരു മാനിച്ചു. യോഗത്തിൽ വി.എം. ദാമോദരൻ നന്ദി പറഞ്ഞു. യോഗം 12 മണിക്ക് അവസാനിച്ചു.

**മാർച്ച് 2025**

യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 09.03.2025 ന് ഞായറാഴ്ച്ച വൈകുന്നേരം 3 മണിക്ക് യൂണിറ്റ് ട്രഷറർ എൻ.കെ.കെ. ഉണിത്തിരിയുടെ മണക്കാട്ടുള്ള വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ യൂണിറ്റ് വനിതാവിഭാഗം സെക്രട്ടറി ഡോ. കവിത വർമ്മ സ്വാഗതം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ വിശദമായ പ്രവർത്തന റിപ്പോർട്ടും ട്രഷറർ എൻ.കെ.കെ. ഉണിത്തിരി വരവ്-ചിലവ് കണക്കും അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വി.എം. ദാമോദരൻ, ഇ.എം. ഗോവിന്ദൻ, എൻ.കെ. പരമേശ്വരൻ, ടി.എം. സുരേന്ദ്രനാഥ്, ഇ.എം. കൃഷ്ണകുമാർ, സി.കെ. മധു, ടി.എം. സദാനന്ദൻ, വി.എം. സന്ധ്യാബേബി എന്നിവർ പങ്കെടുത്തു. തുടർന്ന് 2024 വർഷത്തെ മഹാറാണി സേതുപാർവ്വതി ഭായി സ്മാരക സ്കോളർഷിപ്പിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ രണ്ടാംസ്ഥാനം ലഭിച്ച സ്നേഹ എസ്. വർമ്മ, വി.എം. നിവേദ് വർമ്മ എന്നിവർക്കുള്ള ചെക്ക് കുട്ടികളുടെ രക്ഷിതാക്കൾ ഏറ്റുവാങ്ങി. അതേ പോലെ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ച കുട്ടികളായ വിസ്മയ ജി.കെ., ദിവ്യ സി.എം. എന്നിവർക്കുള്ള ചെക്കുകളും രക്ഷിതാക്കൾ ഏറ്റുവാങ്ങി. തുടർന്ന് യൂണിറ്റ് അംഗമായ ഇ.എം. കൃഷ്ണകുമാറിന് REACT ൽ നിന്നും അനുവദിച്ച ധനസഹായമായ 25,000 രൂപയുടെ ചെക്ക് സംസ്ഥാന വൈസ് പ്രസിഡന്റും യൂണിറ്റ് സെക്രട്ടറിയുമായ ടി.എം. ശ്രീകുമാർ കൈമാറി.



യോഗത്തിൽ എൻ.കെ.കെ. ഉണിത്തിരി നന്ദി പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

## നീലേശ്വരം

നീലേശ്വരം ക്ഷത്രിയ ക്ഷേമസഭയുടെ പൊതു യോഗം 9-2-25 നു നീലേശ്വരം വടക്കേ കോവി ലകത്തു വച്ച് ചേർന്നു. നീലേശ്വരം ക്ഷത്രിയ ക്ഷേമസഭ യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണ വർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എ.സി. രാജേഷ് സ്വാഗതം പറഞ്ഞു ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മ രാജ പൊതുയോഗം ഉദ്ഘാടനം



ചെയ്ത് സംസാരിച്ചു. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന സമ്മേളനത്തിന് യൂണിറ്റിൽ നിന്നും രണ്ടുപേർ പങ്കെടുക്കാൻ തീരുമാനിച്ചു. മെയ് മാസത്തിൽ നീലേശ്വരം രാജകുടുംബം സംഗമം നടത്താൻ തീരുമാനിച്ചു. സംസ്ഥാന സമ്മേളന ഫണ്ട് പിരിവും 'ക്ഷാത്രസ്പന്ദനം' / അംഗത്വ വരിസംഖ്യയും ഫെബ്രുവരി 15 നു മുമ്പ് പിരിക്കാൻ തീരുമാനിച്ചു. തുടർന്നുള്ള ചർച്ചയിൽ കുടുംബാംഗ ങ്ങൾ സജീവമായി പങ്കെടുത്തു. ജോയിന്റ് സെക്രട്ടറി സുഭാഷ് നന്ദി പറഞ്ഞു.

## തൃശ്ശൂർ

**അഞ്ചാമത് ചെറുണ്ണ്യേട്ടൻ അനുസ്മരണ യോഗം 16/02/2025**

നമ്മുടെ ക്ഷേമസഭയുടെ രക്ഷാധികാരി, സ്നേഹനിധിയായിരുന്ന ചെറുണ്ണ്യേട്ടന്റെ അഞ്ചാം ചരമവാർഷികത്തോടനുബന്ധിച്ച് 16-02-2025-ന് ചെമ്പുക്കാവ് എഞ്ചിനിയേഴ്സ് ഹാളിൽ വൈകീട്ട് നാലു മണിക്ക് അനുസ്മരണ യോഗം ചേരുകയുണ്ടായി. യോഗത്തിൽ പ്രസിഡന്റ് പി.സി. സുധീരൻ അദ്ധ്യക്ഷത വഹിച്ചു. സഭയുടെ സെക്രട്ടറി ശങ്കർ വർമ്മ സ്വാഗത പ്രസംഗം നടത്തി. മുഖ്യ പ്രഭാഷകനായി ക്ഷണിക്കപ്പെട്ട ഷൗക്കത്ത്, രക്ഷാധികാരി കക്കാട് കാരണവപ്പാട് എം. ദിവാകര രാജ എന്നിവർ ചേർന്ന് ദീപം കൊളുത്തി യോഗം ഉദ്ഘാടനം



ചെയ്തു. അദ്ധ്യക്ഷന്റെ ഉപക്രമ പ്രസംഗത്തിന് ശേഷം മനോജ് വർമ്മ മുഖ്യാതിഥി ഷൗക്കത്തിനെ സദസ്സിന് പരിചയപ്പെടുത്തി.

തുടർന്ന് ഷൗക്കത്ത് അനുസ്മരണ പ്രഭാഷണം നടത്തി. ഭാരതീയ അദ്ധ്യാത്മികതയുടെ അടിസ്ഥാനപരമായ സംഗതികളെ തന്റെ ഗുരുക്കന്മാർ മനസ്സിലാക്കിക്കൊടുത്തത് വളരെ സരളമായി നമ്മുടെ മുമ്പിൽ ഷൗക്കത്ത് അവതരിപ്പിച്ചു. വളരെ പ്രസക്തമായ ഉപദേശ നിർദ്ദേശ നിരീക്ഷണങ്ങൾ നിറഞ്ഞതായിരുന്നു ഷൗക്കത്തിന്റെ ഒരു മണിക്കൂർ നേരത്തെ പ്രഭാഷണം. ജീവിത സാഹചര്യങ്ങളെ എങ്ങനെ സ്വീകരിക്കണമെന്നും നേരിടണമെന്നും അറിഞ്ഞനുഭവിക്കണമെന്നും മറ്റുമുള്ള ഉപദേശങ്ങൾ കുറച്ചൊന്നുമല്ല നമ്മുടെ തുടർന്നുള്ള ജീവിതത്തെ ധന്യാത്മകമായി സ്വാധീനിക്കുക. ഗഹനമായ ആത്മീയ വിഷയങ്ങളെ ലളിതമായി വിശകലനം ചെയ്ത് ബോധവത്കരണം നടത്തിയ ഷൗക്കത്തിന് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി.

തുടർന്ന് ചെറുണ്ണ്യേട്ടനെ അനുസ്മരിച്ചു കൊണ്ട് നടത്തിയ ഓർമ്മക്കുറിപ്പുകളായിരുന്നു. ചെറുണ്ണ്യേട്ടന്റെ വസതിയിൽ താമസിച്ച്, ഗുരുകുല വിദ്യാഭ്യാസം പോലെ കോളേജ് പഠനം നടത്തിയതിന്റെ ഓർമ്മകൾ  കൈരളി ടീച്ചർ ഓർമ്മിച്ചു. ഒരൊറ്റ ദിവസത്തെ 'കോച്ചിങ്' കൊണ്ട്, അപ്രാപ്യമെന്ന് അനുഭവപ്പെട്ടിരുന്ന 'സോഷ്യൽ സ്റ്റഡീസ്' പേപ്പർ അനായാസം എഴുതി പാസ്സാകുവാൻ സഹായിച്ചതിനെ അദ്ഭുതാദരങ്ങളോടെ അവർ വിവരിച്ചു. 2002 മുതൽ ക്ഷേമസഭയുടെ പ്രവർത്തനങ്ങളിൽ ചെറുണ്ണ്യേട്ടന്റെ സ്തുത്യർഹമായ പങ്കിനെപ്പറ്റിയാണ് ദിലീപ് വർമ്മ പറഞ്ഞത്. പരസഹായമാണ് ലക്ഷ്യമാക്കേണ്ടത് എന്ന തന്റെ നിശ്ചയത്തെ സാക്ഷാത്ക്കരിക്കാനായി സാന്ത്വന ചികിത്സാ സഹായനിധി രൂപീകരിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് ദിലീപ് വർമ്മ വിവരിച്ചു. തുടർന്ന് ചെറുണ്ണ്യേട്ടന്റെ പുത്രി പദ്മിനി, അഛൻ വഴി തന്റെ കോളേജുകാലത്തുണ്ടായ അനുഭവങ്ങൾ ഓർമ്മിച്ചു. ചെറുണ്ണ്യേട്ടന്റെ അനുസ്മരണം നല്ല രീതിയിൽ നടത്തുന്നതിന് ക്ഷത്രിയ ക്ഷേമസഭയ്ക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് പദ്മിനി വാക്കുകൾ ഉപസംഹരിച്ചു.

സദസ്സിൽ നിന്ന് ഹിമാലയ അനുഭവങ്ങളെപ്പറ്റിയുള്ള സനത്കുമാറിന്റെ അന്വേഷണങ്ങൾക്ക് മറുപടിയായി ഹിമാലയം നമുക്ക് ഒരേ സമയം അനുഭവവേദ്യമാകുന്ന നമ്മുടെ മഹനീയതയെപ്പറ്റിയും നിസ്സാരതയെപ്പറ്റിയും ഷൗക്കത്ത് സംസാരിച്ചു. ഒന്നിലും തൃപ്തി തോന്നാത്ത വിധമുള്ള ആധുനിക ജീവിത രീതികൾ കൊണ്ട് സംഭവിക്കുന്ന അസന്തുഷ്ടിയും ആശയക്കുഴപ്പവും പ്രശ്നമാകുന്നുവെന്ന് ഷൗക്കത്ത് വിവരിച്ചു.

ശേഷം, സഭയുടെ ട്രഷറർ ദിലീപ് വർമ്മ, വിജ്ഞാനപ്രദമായ പ്രഭാഷണം നടത്തി പ്രേക്ഷകരെ ഉദ്ബുദ്ധരാക്കിയതിന് ഷൗക്കത്തിന് സമൃദ്ധമായി നന്ദി രേഖപ്പെടുത്തി. സമയത്തിന്റേയും കാലാവസ്ഥയുടേയും അസൗകര്യങ്ങളെ മാനി

ക്കാതെ പ്രഭാഷണം ശ്രവിക്കാൻ വന്നെത്തിയ അംഗങ്ങളെ അദ്ദേഹം പ്രകീർത്തിച്ച് നന്ദി രേഖ പ്പെടുത്തി.

ചെറുണ്ണ്യേട്ടന്റേയും, അദ്ദേഹത്തിന്റെ അനുസ്മ രണത്തിന്റെ യുക്തിയേയും പ്രാധാന്യത്തേയും, ചെറുണ്ണ്യേട്ടന് ഗുരു നിത്യചൈതന്യയതിയുമായു ണ്ടായിരുന്ന ആത്മബന്ധത്തേയും, ഗുരുവിന്റെ വൽസല ശിഷ്യനായ ഷൗക്കത്ത് തന്നെ ഈ അനു സ്മരണ പ്രഭാഷണം നടത്തുന്നതിലെ സന്തോ ഷവും പ്രകടിപ്പിച്ചുകൊണ്ട് ഒരു അവതരണം നടത്തിയും കാര്യപരിപാടികളെ സ്തുത്യർഹമാം വണ്ണം നയിച്ചും മനോജ് വർമ്മ സമ്മേളനത്തെ ചിരകാലം ഓർമ്മിക്കാവുന്നതാക്കിത്തീർത്തു.

ദേശീയഗാനാലാപനത്തോടെ യോഗനട പടികൾ അവസാനിച്ചു. സ്വാദിഷ്ടമായ ലഘു ഭക്ഷണം ആസ്വദിച്ച ശേഷം സദസ്സ് പിരിഞ്ഞു.

## കുറ്റിലഞ്ഞി

### കഴിഞ്ഞ മൂന്നു മാസത്തെ സഭയുടെ പ്രവർത്തനങ്ങൾ

ജനുവരിയിൽ നടന്ന തിരുവാതിര ആഘോഷം വളരെ ഭംഗിയായി രണ്ടുദിവസമായി യൂണിറ്റിൽ നടത്തുകയുണ്ടായി. 2025-ലെ സംസ്ഥാന സമ്മേളനം കുറ്റിലഞ്ഞിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ച സന്തോഷവാർത്ത കുറ്റിലഞ്ഞിയിലെ കുടും ബാംഗങ്ങൾ വളരെ സന്തോഷത്തോടെ സ്വീകരിച്ചു.

ഇനിയുള്ള ഓരോ ദിവസവും സംസ്ഥാന സമ്മേ ളനം എങ്ങനെ ഭംഗിയാക്കാം, എല്ലാ അംഗങ്ങ ളെയും എങ്ങിനെ കുറ്റിലഞ്ഞിയിൽ സഹകരി പ്പിക്കാം എന്ന ചിന്തയായിരുന്നു കുറ്റിലഞ്ഞിയിലെ എല്ലാവരുടെയും മനസ്സിൽ... അതിനുവേണ്ടി പരിശ്രമിക്കുവാൻ എല്ലാവരും ഒരു മനസ്സോടെ







**42-ാം സംസ്ഥാന സമ്മേളനം വിജയിപ്പിക്കുവാൻ വേണ്ടി പിന്തുണ നൽകിയ കുറ്റിലഞ്ഞി ടീം.**

പ്രവർത്തിച്ചു എന്ന് ചാരിതാർത്ഥ്യത്തോടെ പറയുവാൻ സാധിക്കുന്നു.

ഫെബ്രുവരിയിൽ നടന്ന ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ യൂണിറ്റും പങ്കെടുത്തു. വനിതാ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുവാനും യൂണിറ്റിലെ ദിയ സച്ചിൻ വർമ്മയ്ക്ക് സാധിച്ചു.

സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘം രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. സംസ്ഥാന സെക്രട്ടറി മധുകുമാർ വർമ്മയും ട്രഷറർ സൂര്യകുമാർ വർമ്മയും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി.

സംസ്ഥാന സമ്മേളനത്തിന്റെ വിജയത്തിനായി കുറ്റിലഞ്ഞി യൂണിറ്റ് ഒരുങ്ങി...

പ്രതിനിധികളുടെ എണ്ണം സ്വാഗതസംഘം ഭാരവാഹികളെ ഒന്ന് അമ്പരപ്പിച്ചെങ്കിലും സമ്മേളനത്തിൽ വരാൻ സമ്മതിച്ച എല്ലാ പ്രതിനിധികളെയും ഉൾക്കൊള്ളുവാൻ കുറ്റിലഞ്ഞിക്കാർക്ക് സാധിച്ചു എന്നത് ഒരു ചെറിയ യൂണിറ്റിന്റെ വിജയം തന്നെയാണ്. സംസ്ഥാന ഭാരവാഹികളുടെ എല്ലാ പിന്തുണയും ഞങ്ങൾക്ക് കിട്ടി എന്നുള്ളത് ഇവിടെ എടുത്തു പറയുവാൻ ആഗ്രഹിക്കുന്നു.

ഒരു ചെറിയ യൂണിറ്റിന്റെ വളരെ ചെറിയ ഒരു ഓഡിറ്റോറിയത്തിൽ നടത്തിയ സംസ്ഥാന സമ്മേളനത്തിൽ വീഴ്ചകൾ വന്നിട്ടുണ്ട് എന്ന് തുറന്നു പറഞ്ഞുകൊണ്ട് എല്ലാവരെയും ഒരേ പോലെ ഉൾക്കൊള്ളുവാൻ ഞങ്ങൾക്ക് സാധിച്ചു. അതുപോലെ തലേദിവസം വന്ന് കുറ്റിലഞ്ഞിയിലെ ഓരോ കുടുംബങ്ങളിലും താമസിച്ച് പിറ്റേദിവസത്തെ സമ്മേളനത്തിൽ പങ്കെടുത്ത വടക്കൻ മേഖലയിലെയും തെക്കൻ മേഖലയിലെയും പ്രതിനിധികളെ പ്രത്യേകം പരാമർശിക്കുന്നു.

സംസ്ഥാന സമ്മേളനം വളരെ ഭംഗിയാക്കിത്തീർക്കാൻ സഹകരിച്ച കേരളത്തിലെ എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും സഭയുടെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു. ഓരോ സമ്മേളനങ്ങളും പുതിയ തീരുമാനങ്ങളും പ്രസരിപ്പും ഊർജ്ജവും അംഗങ്ങളുടെ ഇടയിൽ ഉണ്ടാക്കട്ടെ, ഉണ്ടാകും എന്ന പ്രതീക്ഷയാണ് ഓരോ സമ്മേളനങ്ങളും കഴിയുമ്പോൾ നമുക്ക് അനുഭവപ്പെടേണ്ടത്. കുറ്റിലഞ്ഞി സംസ്ഥാന സമ്മേളനം നമ്മുടെ സമുദായത്തിലും സഭയുടെ പ്രവർത്തനങ്ങളിലും എത്രത്തോളം ആഴത്തിൽ അംഗങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെന്ന് ഭാവി പ്രവർത്തനങ്ങൾ തെളിയിക്കും. സംസ്ഥാന വനിതാ വിഭാഗം പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു പ്രവർത്തനം തുടങ്ങിയത് യൂണിറ്റിലെ വനിതകളെ കൂടുതൽ സഭയുടെ പ്രവർത്തനങ്ങളിലേക്ക് ആകൃഷ്ടരാക്കിയിട്ടുണ്ട്. കുറ്റിലഞ്ഞി വനിതാ സഭയിലെ സുപ്രിയ സുരേഷിനെ സംസ്ഥാന വനിത കമ്മിറ്റി ട്രഷററായി തിരഞ്ഞെടുക്കുകയും ചെയ്തു.

മാർച്ച് മാസം രണ്ടാം ഞായറാഴ്ച നടന്ന സംസ്ഥാന സമ്മേളന അവലോകന യോഗത്തിൽ കേന്ദ്രസഭയെ പ്രതിനിധീകരിച്ച് സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ പങ്കെടുത്തു. വളരെ ഭംഗിയായും ചിട്ടയോടും കൂടി സംസ്ഥാന സമ്മേളനം നടത്തുവാൻ സാധിച്ചതിൽ ജനറൽ സെക്രട്ടറിയെ സഭ ആദരിച്ചു. സൂര്യകുമാർ വർമ്മയെയും പ്രസ്തുത യോഗത്തിൽ ആദരിക്കുകയുണ്ടായി. വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത രാമചന്ദ്രൻ, വെള്ളാരപ്പിള്ളി സഭാ സെക്രട്ടറി ശർമ്മിള വർമ്മ, ട്രഷറർ രാമചന്ദ്രൻ എന്നിവർ തദവസരത്തിൽ പങ്കെടുത്തു. വെള്ളാരപ്പിള്ളി ക്ഷത്രിയ ക്ഷേമസഭയുടെ സഹായം യോഗത്തിൽ പ്രത്യേകം പരാമർശിക്കപ്പെട്ടു. യൂണിറ്റുകൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുവാൻ വേണ്ടി ഇങ്ങനെയുള്ള സമ്മേളനങ്ങളും പൊതുയോഗങ്ങളും മാറണമെന്ന് യോഗം വിലയിരുത്തി.

ഏപ്രിൽ പത്താം തീയതി വൈക്കത്ത് വച്ച് നടക്കുന്ന വൈക്കം ക്ഷത്രിയ ക്ഷേമസഭയുടെ നേതൃത്വത്തിൽ നടക്കുന്ന വടക്കുപുറത്ത് പാട്ട് ഘോഷയാത്രയിൽ പങ്കെടുക്കുവാൻ യൂണിറ്റിലെ വനിതാ വിഭാഗം തീരുമാനിച്ചിട്ടുണ്ട്. അവർക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ വേണ്ടി 25 പേരടങ്ങുന്ന ഒരു സംഘം അന്നേദിവസം പങ്കെടുക്കുവാൻ തീരുമാനിച്ചു. ഏപ്രിൽ മാസം പതിമൂന്നാം തീയതി വിഷു ആഘോഷവും യൂണിറ്റിൽ നടത്തുവാൻ തീരുമാനിച്ചു നാട്ടിൽ വളർന്നുവരുന്ന ലഹരി ഉപയോഗത്തിൽ പ്രതിഷേധിച്ചുകൊണ്ട് ലഹരിമുക്ത ഭാരതത്തിനു വേണ്ടിയും, സഭയ്ക്കു

വേണ്ടിയും, പ്രവർത്തിക്കുവാൻ സഭ മുൻപന്തിയിൽ നിൽക്കണമെന്നും ലഹരിവിമുക്ത പ്രതിജ്ഞ എടുക്കണമെന്നും സഭ സംസ്ഥാന നേതൃത്വത്തോട് അഭ്യർത്ഥിച്ചു. വിഷുവിനോട് അനുബന്ധിച്ച് ചടങ്ങിൽ ലഹരിവിമുക്ത പ്രതിജ്ഞ ചൊല്ലുവാനും തീരുമാനിച്ചു

ഒരിക്കൽക്കൂടി സംസ്ഥാന സമ്മേളനം വൻ വിജയമാക്കിത്തീർത്ത കേരളത്തിലെ മുഴുവൻ ക്ഷത്രിയ ക്ഷേമസഭ യൂണിറ്റുകൾക്കും ഭാരവാഹികൾക്കും അംഗങ്ങൾക്കും യൂണിറ്റിന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു.

## തിരുവല്ല

കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ മൂന്ന് മീറ്റിംഗുകൾ നടന്നു. തിരുവല്ല സഭയിലെ മുതിർന്ന അംഗങ്ങളായിരുന്ന തിരുവല്ല നെടുമ്പ്രത്തു കൊട്ടാരത്തിലെ കേരളവർമ്മ, സഭയുടെ പ്രസിഡന്റായും സെക്രട്ടറിയായും വളരെക്കാലം പ്രവർത്തിച്ച് സഭയുടെ വളർച്ചയ്ക്ക് എല്ലാ വിധത്തിലും സഹായകരമായി പ്രവർത്തിച്ച തിരുവല്ല കടപ്ര തുളിശ്ശാല കോയിക്കൽ അംഗമായിരുന്ന ടി.ആർ. രാമവർമ്മ രാജ എന്നിവരുടെ വിയോഗത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി.

അന്താരാഷ്ട്ര വനിതാദിനം പ്രമാണിച്ച് തിരുവല്ല ദേവപുരത്തു കൊട്ടാരത്തിലെ ഭാഗീരഥി തമ്പുരാട്ടിയെ സഭയിലെ വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ ആദരിച്ചു. വളരെ ചെറുപ്പം മുതൽ



തന്നെ അദ്ധ്വാനിച്ച് ജീവിച്ച തമ്പുരാട്ടി വീട്ടാവശ്യത്തിന് ഉതകുന്ന പല തൊഴിലുകൾ ചെയ്ത് സാമ്പത്തിക ഭദ്രത കൈവരിച്ച വ്യക്തിയാണ്. അവരുടെ പ്രവൃത്തി വനിതകൾക്ക് മാതൃകയാക്കാവുന്നതാണ്. പ്രസിഡന്റ് പി.ആർ. വർമ്മ, വൈസ് പ്രസിഡന്റും സംസ്ഥാന സഭയുടെ വനിതാ വിഭാഗം സെക്രട്ടറിയുമായ രാധികാ വർമ്മ, മഹേഷ് വർമ്മ, ശ്രീകുമാർ കർത്താ എന്നിവർ ആശംസാ പ്രസംഗം നടത്തി. തമ്പുരാട്ടിയുടെ വ്യക്തിത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ജയകുമാര വർമ്മ അയച്ച ആശംസാ സന്ദേശം തദവസരത്തിൽ വായിച്ചു. തമ്പുരാട്ടിക്കു വേണ്ടി മകൻ നന്ദകുമാരവർമ്മ മറുപടി പ്രസംഗം നടത്തി.

വനിതാദിനം പ്രമാണിച്ച് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു വനിതാ അംഗത്തിന് സഭയുടെ കാരുണ്യ ഫണ്ടിൽ നിന്ന് ഒരു ആധുനിക തയ്യൽ മെഷീൻ വാങ്ങി നൽകുന്നതിന് തീരുമാനിച്ചു. തയ്യൽ ജോലിയിൽ വിദഗ്ദ്ധയായ ഒരു വനിതാ അംഗത്തിനാണ് ഇത് നൽകുക. ഈ വിവരം തിരുവല്ല ക്ഷത്രിയ ക്ഷേമസഭാ ഗ്രൂപ്പിൽ കൂടി അംഗങ്ങളെ അറിയിക്കുവാൻ തീരുമാനിച്ചു.

അംഗത്വ ഫീസ്, 'ക്ഷാത്രസ്പന്ദന'ത്തിന്റെ വാർഷിക വരിസംഖ്യ, കാരുണ്യാ ഫണ്ട്, സഭയുടെ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിനു വേണ്ടിയുള്ള സംഭാവന എന്നിവ പിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. എഴുമറ്റൂർ, കീഴ്വായ്പ്പൂർ, കൃഷ്ണപുരം, കാർത്തികപ്പള്ളി, ഹരിപ്പാട്, ചേപ്പാട്, പള്ളിപ്പാട്, മാവേലിക്കര (part), കാരാഴ്മ, ചെന്നിത്തല എന്നീ പ്രദേശങ്ങളിൽ കമ്മിറ്റിയംഗങ്ങൾ സന്ദർശിക്കുകയും സംഭാവനകൾ സ്വീകരിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രദേശങ്ങളിൽ പിരിവ് നടത്തുന്നതു സംബന്ധിച്ചുള്ള തീയതികൾ നിശ്ചയിച്ചു.

സംസ്ഥാന യൂത്ത് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്രിക്കറ്റ് ടൂർണ്ണമെന്റിന് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുവാനും കമ്മിറ്റിയംഗങ്ങളിൽ ചിലരെങ്കിലും കളി കാണുവാൻ പോകണമെന്ന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ വനിതാ വിഭാഗം നടത്തുന്ന പദ്ധതികൾക്ക് എല്ലാവിധ സഹായ സഹകരണങ്ങളും നൽകുവാനും തീരുമാനിച്ചു.

2023-2024 വർഷത്തെ സഭയുടെ രജിസ്ട്രേഷൻ പുതുക്കി. 2025 വർഷത്തേക്കുള്ള 'ക്ഷാത്ര സ്പന്ദന'ത്തിന് നൽകുവാനുള്ള ബാക്കി തുക യായ 17,000 രൂപ സംസ്ഥാന സഭയ്ക്കു നൽകി.

കമ്മിറ്റി നേരത്തെ നിശ്ചയിച്ച പ്രകാരം ഹരിപ്പാട് പ്രദേശങ്ങളിലെ മെമ്പർമാരെ ഉൾപ്പെ ടുത്തി ഒരു കുടുംബയോഗം ഏപ്രിൽ മാസം അവിടെ നടത്തുവാൻ തീരുമാനിച്ചു.

സഭയുടെ സാമ്പത്തികസ്ഥിതി വർദ്ധിപ്പിക്കുന്ന തിനുള്ള പലവിധ മാർഗ്ഗങ്ങൾ കമ്മിറ്റി ചർച്ച ചെയ്തു. കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ മഴ തുടങ്ങുന്നതിനു മുമ്പേ ആരംഭിക്കണമെന്ന് തീരുമാനിച്ചു.

വെക്കേഷൻ സമയത്ത് അംഗങ്ങളുമായി ചേർന്ന് ഒരു വിനോദയാത്ര നടത്തുവാൻ തീരുമാ നിച്ചു. ഇതിന്റെ പൂർണ്ണ വിവരങ്ങൾ അംഗങ്ങളെ അറിയിക്കുന്നതാണ്.

സഭയുടെ കാരുണ്യ ഫണ്ടിൽ നിന്നും കുടുംബ പെൻഷൻ ബാങ്ക് മുഖേന നേരിട്ട് എത്തിക്കുന്നതി നുള്ള നിർദ്ദേശം അംഗീകരിച്ചു. കഴിയുന്നതും വേഗം ഈ തീരുമാനം പ്രാവർത്തികമാക്കുന്ന താണ്.

സഭയുടെ 2024-25 വർഷത്തെ പൊതുയോഗം 2025 ആഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിലൊന്നിൽ നടത്തണമെന്ന് തീരുമാനിച്ചു. ഓണാഘോഷവും അന്നുതന്നെ നടത്തുന്നതാണ്.

കുറ്റിലഞ്ഞിയിൽ വെച്ചു നടന്ന സംസ്ഥാന വാർഷിക പൊതു സമ്മേളനത്തിന് തിരുവല്ല സഭയിൽ നിന്നും 44 അംഗങ്ങൾ പങ്കെടുത്തു.

വെള്ളാരപ്പിള്ളിയിൽ വെച്ചു നടന്ന യുവജന വിഭാഗത്തിന്റെ ഷട്ടിൽ ബാഡ്മിന്റൺ ടൂർണ്ണമെ ന്റിൽ പുരുഷന്മാരുടെ സിംഗിൾസിൽ ഡോ. ജയദേവ വർമ്മ, മിക്സ്ഡ് ഡബിൾസിൽ അരുൺ വർമ്മ & ആര്യ. ഡബിൾസിൽ ഡോ. ജയദേവ് & അരുൺ എന്നിവർ ചാമ്പ്യന്മാരായി. എല്ലാവരും തിരുവല്ല ക്ഷത്രിയ ക്ഷേമസഭ അംഗങ്ങളാണ്.

**വനിതാ വിഭാഗം**

തിരുവല്ല യൂണിറ്റിൽ വനിതാവിഭാഗത്തിന്റെ പ്രവർത്തനം ഭംഗിയായി മുൻപോട്ട് കൊണ്ടു പോകുവാൻ സാധിക്കുന്നുണ്ട്. യൂണിറ്റിലെ വനിത കളുടെ സഹകരണം എടുത്തുപറയേണ്ടതാണ്. അതുകൊണ്ട് തന്നെ പല പ്രവർത്തനങ്ങളും നട ത്തുവാൻ സാധിക്കുന്നുണ്ട്. വനിതാ വിഭാഗത്തിന് ഒരു പ്രവർത്തന ഫണ്ട് ഉണ്ട്. വനിതാ കൂട്ടായ്മ യുടെ പേരിൽ ഒരു ചിട്ടി നടത്തിവരുന്നു. കൂടാതെ, 'വിഷ്ണുപ്രിയ ഭജൻസ്' എന്ന പേരിൽ ഒരു ഭക്തിഗാന ഗ്രൂപ്പ് ഉണ്ട്. വിവിധ ക്ഷേത്രങ്ങളിലും വിശേഷാവസരങ്ങളിലും ഭജൻസ് അവതരിപ്പിക്കാ റുണ്ട്. ഒരു തിരുവാതിര ഗ്രൂപ്പും ഉണ്ട്. വനിതാ വിഭാഗത്തിന് യൂണിറ്റിലെ കമ്മിറ്റിയംഗങ്ങൾ നൽകുന്ന പ്രോത്സാഹനം എടുത്തുപറയേണ്ട താണ്. തിരുവല്ല യൂണിറ്റിലെ ലേഖ ചേച്ചി (മാവേലിക്കര കൊട്ടാരം) ചികിത്സയ്ക്കായി 29,500 രൂപ ധനസഹായം നൽകുവാൻ വനിതാവിഭാ ഗത്തിന് കഴിഞ്ഞുവെന്നതിൽ സന്തോഷമുണ്ട്. യൂണിറ്റിലെ വനിതാ അംഗങ്ങൾ നിർമിക്കുന്ന ഗുണമേന്മയുള്ള ഭക്ഷ്യഉൽപ്പന്നങ്ങൾ വില്പന നടത്തുവാൻ സാധിക്കുന്നുണ്ട്. വനിതാ വിഭാഗ ത്തിന്റെ പ്രതിനിധികൾ ഭവനസന്ദർശനം നടത്തു കയും അംഗങ്ങൾക്ക് ആവശ്യമുള്ള സഹായങ്ങൾ നൽകുകയും ചെയ്യുന്നു. തുടർന്നും ഈ പുതു വർഷത്തിൽ കുറച്ചുകൂടി മെച്ചമായി ക്ഷേമ പ്രവർത്തനങ്ങൾ നടത്തുവാൻ തയ്യാറെടുക്കുന്നു.

ഈ വർഷം വിപുലമായ രീതിയിൽ ഇന്റർനാഷ ണൽ വിമെൻസ് ഡേ ആഘോഷിച്ചു. സഭയിലെ മുതിർന്ന അംഗമായ ഭാഗീരഥി തമ്പുരാട്ടിയെ പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. ഈ അവസരം സഭയിലെ അംഗങ്ങളുടെ സന്തോ ഷകരമായ ഒരു ഒത്തുചേരൽ കൂടിയായി മാറി. തിരുവല്ല യൂണിറ്റിലെ തുകലശ്ശേരി കൊട്ടാരം (ദേവപുരത്തു കൊട്ടാരം) ഈ സംഗമത്തിന് വേദിയായി.

## പിലാത്തറ

കഴിഞ്ഞ മാസങ്ങളിൽ മൂന്ന് എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു.

യോഗതീരുമാനത്തിൽ 18 അംഗങ്ങൾ കുറ്റില ഞ്ഞിയിൽ ചേരുന്ന സമ്മേളനത്തിൽ പങ്കെടു ക്കുന്നു എന്ന് തീരുമാനിക്കുകയും അത് പ്രാവർ ത്തികമാക്കുകയും ചെയ്തു.

കൂടാതെ കേന്ദ്ര വിഹിതത്തിലേക്ക് 15,000 രൂപയും പ്രവർത്തനഫണ്ട് 2,000 രൂപയും യൂണിറ്റ് നൽകി.

ഈ വർഷത്തെ യൂണിറ്റിന്റെ പ്രവർത്തന ഫണ്ട്, വരിസംഖ്യ, 'ക്ഷാത്രസ്പന്ദനം' എന്നിവയുടെ തുകശേഖരണം തുടർന്നുകൊണ്ടിരിക്കുന്നു.

യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു വിനോദയാത്ര സംഘടിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തന ങ്ങൾ നടന്നുവരുന്നു.

## വെള്ളാരപ്പിള്ളി

ഫെബ്രുവരി 2-ന് വെള്ളാരപ്പിള്ളി കോയിക്കൽ ഓഡിറ്റോറിയത്തിൽ വച്ച് ക്ഷത്രിയ ക്ഷേമസഭ യുടെ മദ്ധ്യമേഖലാ സമ്മേളനം നടത്തി. വെള്ളാര പ്പിള്ളി യൂണിറ്റ് പ്രസിഡന്റ് ശ്രീവിദ്യാ ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. വെള്ളാരപ്പിള്ളി യൂണിറ്റ് സെക്രട്ടറി ശർമ്മിള വർമ്മ സ്വാഗതവും പ്രസിഡന്റ് ശ്രീവിദ്യ ശ്രീകുമാർ അദ്ധ്യക്ഷ പ്രസംഗവും നടത്തി. തുടർന്ന് മദ്ധ്യമേഖലാ സെക്രട്ടറി ശങ്കർ വർമ്മ, സംസ്ഥാന ജന. സെക്രട്ടറി മധുകുമാർ വർമ്മ, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ എന്നിവർ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വ ഹിച്ചു.



മുഖ്യ പ്രഭാഷണം മദ്ധ്യമേഖല സെക്രട്ടറി ശങ്കർ വർമ്മ നിർവ്വഹിച്ചു. തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയും, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയും ആശംസാ പ്രസംഗം നടത്തി. അതിനുശേഷം തൃശ്ശൂർ, ഇരിങ്ങാ ലക്കുട, ചാലക്കുടി, കൊരട്ടി, കുറ്റിലഞ്ഞി, ഇടപ്പള്ളി, എറണാകുളം എന്നീ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ ആശംസാ പ്രസംഗം നടത്തി. അടുത്ത കാലത്ത് നടന്ന ക്രിക്കറ്റിലും ബാഡ്മി ന്റണിലും വിജയം കൈവരിച്ച മേഖലയിലെ കായി കതാരങ്ങളെ ആദരിക്കുകയുണ്ടായി. തുടർന്ന് വെള്ളാരപ്പിള്ളി യൂണിറ്റ് ട്രഷറർ രാമചന്ദ്രൻ കൃതജ്ഞത രേഖപ്പെടുത്തി. പിന്നീട് നടന്ന ചർച്ച യിൽ എല്ലാ യൂണിറ്റുകളിൽ നിന്നുള്ള അംഗങ്ങളും പങ്കെടുത്തു. യൂണിറ്റുകളുടെ സാമ്പത്തിക സ്രോതസ്സ് എങ്ങനെ കണ്ടെത്താം എന്നതിനെ ക്കുറിച്ചും അതിനു പറ്റിയ സംരംഭങ്ങളെക്കുറിച്ചും സംസാരിച്ചു. ഉച്ചയൂണിന് ശേഷം എല്ലാ യൂണിറ്റു കളിൽ നിന്നും വന്ന അംഗങ്ങൾ വിവിധ കലാപരി പാടികൾ അവതരിപ്പിച്ചു. 4.15 ഓടെ സമ്മേളനം അവസാനിച്ചു. യൂണിറ്റുകളുടെ പങ്കാളിത്തം കൊണ്ടും ചർച്ചകളുടെ ഗാംഭീര്യംകൊണ്ടും പരിപാ




ടികളുടെ മികവു കൊണ്ടും മദ്ധ്യമേഖലാ സമ്മേ ളനം വളരെ നന്നായി. കുറ്റിലഞ്ഞിയിൽ നടന്ന സംസ്ഥാന സമ്മേളനത്തിനും വെള്ളാരപ്പിള്ളി യൂണിറ്റിന് നല്ല രീതിയിൽ സഹകരിക്കാൻ സാധിച്ചു. സുമംഗലാവർമ്മയുടെ മോഹിനിയാട്ടം, കൊച്ചു കുട്ടികളുടെ ക്രാഫ്റ്റ് വർക്ക്, പുരുഷവിഭാഗത്തിൽ നിന്ന് ഭക്ഷണംവിളമ്പൽ എല്ലാം എടുത്ത് പറയ ത്തക്കതാണ്.

## വൈക്കം

കുറ്റിലഞ്ഞി സംസ്ഥാന സമ്മേളനത്തിൽ 18 പേർ പങ്കെടുത്തു. വൈക്കം മഹാദേവ ക്ഷേത്ര ത്തിൽ 12 വർഷത്തിലൊരിക്കൽ നടന്നുവരാറുള്ള വടക്കുപുറത്ത് പാട്ടിന് ക്ഷേത്രത്തിലേക്ക് ഇതര യൂണിറ്റുകളിലേ വനിതകളെ പങ്കെടുപ്പിച്ചു കൊണ്ട് താലപ്പൊലി നടത്തുന്നു. 10-4-2025 വൈകിട്ട് 4 pm ആണ് അനുവദിക്കപ്പെട്ട സമയം. യൂണിറ്റ് വനിതാ വിഭാഗം വനിതകളുടെ സെൻസസ് എടുക്കുക യുണ്ടായി.

## ശ്രദ്ധാഞ്ജലി

### ടി.ആർ. രാമവർമ്മ രാജ



തിരുവനന്തപുരം പാങ്ങോട് വിവേകാനന്ദ നഗർ വി.എൻ. ആർ.എ. 221-ൽ തുളിശ്ശാല കോയിക്കൽ ടി.ആർ. രാമവർമ്മ രാജ (95-റിട്ട. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ) അന്തരിച്ചു. ഭാര്യ: ഇന്ദിരാംബിക. മക്കൾ: മോഹൻ ആർ.എം., പ്രമീള ആർ.എം., സുരേഷ്ബാബു ആർ.എം., കൃഷ്ണകുമാർ ആർ.എം., അനിൽകുമാർ ആർ.എം. മരുമക്കൾ: ഉഷാദേവി, എ.എസ്. മോഹനൻ, ധന്യ, ലേഖ, രശ്മി.

### കേരളവർമ്മ അനിയൻ തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം, തൃശ്ശൂർ പള്ളിത്തേവാരക്കെട്ടിലെ കേരളവർമ്മ അനിയൻ തമ്പുരാൻ (89) അന്തരിച്ചു. കെസിപി/ഫുള്ളർ-കെസിപി എന്നീ സ്ഥാപനങ്ങളുടെ സീനിയർ ജനറൽ മാനേജർ ആയിരുന്നു. ഇന്ത്യയിലും വിദേശത്തുമായി നിരവധി സിമന്റ് പ്ലാന്റുകൾക്കുള്ള യന്ത്രങ്ങൾ രൂപകല്പന ചെയ്യുന്നതിൽ പ്രധാന പങ്കുവഹിച്ചു. മൗറീഷ്യസ് ഗവൺമെന്റിന്റെ ആദരം ഏറ്റുവാങ്ങി. ഭാര്യ: കൃഷ്ണകുമാരി (ആറന്മുള). മക്കൾ: രാജേഷ്, രാഹുൽ. മരുമക്കൾ: നന്ദിത, ദിവ്യ.

### ഭദ്രാമണി തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ രാജ്ഭവൻ പാലസിൽ ഭദ്രാമണി തമ്പുരാൻ (94) അന്തരിച്ചു. ഏറ്റുമാനൂർ ഗവ. ഹൈസ്കൂൾ റിട്ട. അധ്യാപികയാണ്. ഭർത്താവ്: കിടങ്ങൂർ നെല്ലിപ്പുഴ ഇല്ലത്ത് 'ഹരി വിഹാറി'ൽ പരേതനായ എൻ.എൻ. നമ്പൂതിരി (റിട്ട. ഹെഡ്മാസ്റ്റർ, എൻ.എസ്.എസ്. ഹൈസ്കൂൾ, കിടങ്ങൂർ). മക്കൾ: സത്യഭാമ (ബി.എസ്.എൻ.എൽ. റിട്ട. ഉദ്യോഗസ്ഥ), ശോഭ (കോഴിക്കോട്). മരുമക്കൾ: ചന്ദ്രശേഖര വാരിയർ (കോട്ടയം), വീരവർമ്മ രാജ (കോഴിക്കോട്).

### അംബിക തമ്പാട്ടി



വൈക്കം മുട്ടത്തിൽ കോവിലകത്ത് അംബിക തമ്പാട്ടി (92) അന്തരിച്ചു. ഭർത്താവ് കീഴ്വായ്പ്പൂർ ഇളമിലെ കോവിലകത്ത് രവിവർമ്മ തമ്പാൻ. മക്കൾ: പ്രസന്ന വർമ്മ, ഹരി വർമ്മ, ജഗദീശ വർമ്മ, ദിനേശ വർമ്മ.

### വിമല വർമ്മ



ഇടപ്പള്ളി മാമംഗലം 'കൃഷ്ണനിവാസി'ൽ വിമല വർമ്മ (90) അന്തരിച്ചു. വൈക്കം വട്ടേരി കോവിലകം കുടുംബാംഗമാണ്. ഭർത്താവ്: ആറ്റൂർ ആലൂക്കൽ മഠത്തിൽ പരേതനായ കേരളവർമ്മ. മക്കൾ: രശ്മി, സന്തോഷ്. മരുമകൾ: അപർണ്ണ വർമ്മ. ഇടപ്പള്ളി യൂണിറ്റ് പ്രസിഡന്റ് ഇന്ദിരാ വർമ്മയുടെ സഹോദരിയാണ്.

### രാധാ തമ്പാൻ



കടപ്ര വാക്കയിൽ കോയിക്കൽ അംഗം ചേർത്തല CMC 11, 'ലക്ഷ്മി'യിൽ രാധാ തമ്പാൻ (80) അന്തരിച്ചു. ഭർത്താവ്: വൈക്കം ചോതിയിൽ കോവിലകത്ത് പരേതനായ ആർ.വി. തമ്പാൻ. മകൻ: അജിത് രാമവർമ്മ. മരുമകൾ: ഗോപികാ വർമ്മ

### സോമ വർമ്മ




അമ്പലപ്പുഴ പുത്തൻ കോവിലകത്ത് (കല്യാണ പറമ്പ് കോവിലകം) സോമവർമ്മ (73) അന്തരിച്ചു. സഹധർമ്മിണി: അജിത വർമ്മ (പുത്തൻ കോവിലകം, ചേർത്തല). മക്കൾ: സുനിത വർമ്മ, സുനിൽ വർമ്മ. മരുമക്കൾ: വിനോദ്, രശ്മി.

## എം. തുളസീഭായി



അകത്തേത്തറ 'കൃഷ്ണ തുളസി'യിൽ എം. തുളസീ ഭായി (64) അന്തരിച്ചു. പന്തളം ഇലഞ്ഞിമന്ത്ര കോയിക്കൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കൃഷ്ണകുമാർ വർമ്മ. മക്കൾ: വരുൺ കെ. വർമ്മ, അരുൺ കെ. വർമ്മ (ഇരുവരും ടാക്സ് കൺസൾട്ടന്റ്സ്, വർമ്മ അസോസിയേറ്റ്സ്). മരുമക്കൾ: ശ്രുതി വർമ്മ, ദേവിക വർമ്മ.

## രാമവർമ്മ ജി.




വയലാർ രാഘവ പറമ്പിൽ കോവിലകാംഗവും വയലാർ രാമവർമ്മയുടെ മരുമകനുമായ രാമവർമ്മ ജി. (82) അന്തരിച്ചു. ഭാര്യ: പാലിയേക്കര തെക്കേ മുറിയിൽ കോവിലകം രാജ ലക്ഷ്മി തമ്പുരാട്ടി. മകൾ: മിനി വർമ്മ. മരുമകൻ: കൃഷ്ണ കുമാർ (ചാഴൂർ കോവിലകം).

## വിശാഖൻ ആർ. വർമ്മ



തിരുവനന്തപുരം കവടിയാർ ദേവസ്വം ബോർഡ് 'ശ്രീരഞ്ജിനി'യിൽ വിശാഖൻ ആർ. വർമ്മ (65) അന്തരിച്ചു. കല്യാൺ ഹോസ്പിറ്റൽ സ്റ്റാഫ് ആയിരുന്നു. ഹരിപ്പാട് അനന്ത പുരം കൊട്ടാരത്തിലെ മുൻ വലിയരാജ പരേതനായ ആർ. രവിവർമ്മ (Retd. Additional Secretary, Govt. of Kerala) യുടേയും കാവാലം ചാലയിൽ കുടുംബാംഗം സരസ്വതി വർമ്മയുടെയും മകനാണ്. സഹോദരങ്ങൾ: കാർത്തിക മോഹൻ, സിന്ധുജ ആർ. വർമ്മ, മാധവൻകുട്ടി രവിവർമ്മ.

## സി.എൻ.ആർ.വി. രാജ




കോട്ടയം നട്ടാശ്ശേരി തെക്കുംകൂർ പാലസിലെ (പുഷ്പാഞ്ജലി) റിട്ട. ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥൻ സി.എൻ.ആർ.വി. രാജ (ബാബു-81) അന്തരിച്ചു. ഭാര്യ: ശ്രീകുമാരി (റിട്ട. പോസ്റ്റൽ ഡിപ്പാർട്ട്മെന്റ്) മക്കൾ: പ്രശാന്ത് രാജ (യു.എസ്.എ.), പ്രസീദ മനോജ് (ആസ്ട്രേലിയ). മരുമക്കൾ: ഗീത രാജ, മനോജ് വർമ്മ.

## അംബാ രാജ




പന്തളം ലക്ഷ്മീ വിലാസം പാലസിൽ (താഴെക്കുഴി) അംബാ രാജ (അമ്മുച്ചിറ്റ-86) അന്തരിച്ചു. ചിറളയംപാലസിൽ പരേതനായ മുരളീധര രാജ യുടെ പത്നിയാണ്. മക്കൾ: രാജേഷ് വർമ്മ, രമേഷ് വർമ്മ, ബ്രിജേഷ് വർമ്മ. മരുമക്കൾ: ശ്രീകല വർമ്മ, ശ്രീജ വർമ്മ, സുരഭി വർമ്മ.

## സുകുമാരവർമ്മ



ആറന്മുള കൊച്ചുകോയി ക്കൽ കുടുംബാംഗം പിലാത്തറ ചുമടുതാങ്ങിയിലെ സുകുമാര വർമ്മ (80) അന്തരിച്ചു. ഭാര്യ: സുവർണ്ണിനി (എഴുമറ്റൂർ മുളയ്ക്കൽ കോയിക്കൽ). മക്കൾ: കവിത, നിഷ, പ്രസാദ് (മുത്തൂറ്റ്). മരുമക്കൾ: സുധീർവർമ്മ, അനു വർമ്മ.

## രാജ് വർമ്മ



ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ രാജ് വർമ്മ (72) അന്തരിച്ചു. ഭാര്യ: വെള്ളാര പ്പിള്ളി വടക്കേ കോവിലകത്ത് രാജശ്രീ. മകൻ: രാംചന്ദ് വർമ്മ (അയർലണ്ട്). മരുമകൾ: നന്ദന വർമ്മ.

## ആശ അശോകൻ



അഞ്ചേരി അങ്ങാടി കോവി ലകം അശോകവർമ്മയുടെ ഭാര്യ ആശ അശോകൻ (61) അന്തരിച്ചു. മക്കൾ: ആദർശ് വർമ്മ, അഞ്ജലി വർമ്മ.

# വൈവാഹികം

## വരനെ ആവശ്യമുണ്ട്

### BOX No. 2521

| | | | |
|---|---|---|---|
| | ഗു മ | ര | ബു മാ |
| | ഗ്രഹനില | | ല ശു സ |
| ച ശി | | | |
| | | കു | |

| | | | |
|---|---|---|---|
| ല | ഗു | ച മാ | ര |
| | നവാംശം | | ശി |
| സ | | | ശു |
| | | ബു കു | മ |

ജന്മശിഷ്ടം: 6 വർഷം 8 മാസം 12 ദിവസം ചന്ദ്രദശ

Kshatriya girl, 25 yrs (04-06-1999), Thiruvonam star, 154.5 Cms, M.Com., Currently looking for jobs, Settled in Bangalore. Alliance invited from Kshatriya boys.

Contact : **9922055037, 9901188996**

### BOX No. 2522

| | | | |
|---|---|---|---|
| ല | | ഉ സ | ര ച ബു |
| | ഗ്രഹനില | | കു ഗു |
| മാ | | | ശു |
| | ശി | | |

| | | | |
|---|---|---|---|
| | ര ശു | | |
| | നവാംശം | | |
| | | | |
| | ല | ച | |

Kshatriya girl, 22 yrs (08-07-2002, 29th Midhunam 1177), Makayiram star, 165 Cms, Vegetarian, MCA, Working in Technopark, Trivandrum. Seeks Alliance from equally qualified boys vegetarian only from Kshatriya (Varmas) Working in Kerala Only.

Contact : **8547414889**

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2523

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 34 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance Software Engineer, Entrepreneur, running an NGO, Co-founder of Dakshin Vrindavan Gaushala (dakshinvrindavan.org). Seeks suitable alliance from parents of Kshatriya community.
Contact: **9447072138, 9995052138**

## BOX No. 2524

| | | | |
|---|---|---|---|
| മ ശി മാ | ശു | | ല |
| ര കു | ഗ്രഹനില | | ച |
| ബു | | | |
| ഗു | | | സ |

| | | | |
|---|---|---|---|
| ര കു | ശു | | |
| ശി | നവാംശം | | മ |
| | | | സ |
| | ച | ല | ബു ഗു |

ശിഷ്ടദശ: 4 വർഷം 4 മാസം 13 ദിവസം ശനിദശ

Kshatriya boy, 29 yrs (2-3-1996, 1171 Kumbham 19) Pooyam star, 172 cms., B.Tech. (Mech. Engg). P.G. Diploma in ERP, Working as Consultant with Deloitte USI, Pune. Seeking alliance from suitable Kshatriya Girls.

Contact: **9960781333, 9960281333**

## BOX No. 2525

| | | | |
|---|---|---|---|
| കു ല | ബു ശു | ര | കേ |
| മാ | ഗ്രഹനില | | |
| ശ | | | ഗു |
| സ | | ച | |

| | | | |
|---|---|---|---|
| | ച | | സ |
| | നവാംശം | | ഗു |
| ല ര | | | ശ ബു |
| കേ | കു ശു | | |

ശിഷ്ടദശ: 13 വർഷം, 1 മാസം, 26 ദിവസം ഗുരുദശ

Kshatriya boy 32 years, hailing from Cochin Royal Family, Visakhom star, 165 cm., Chartered Accountant; Working in Ernakulam. Seeks suitable alliance from parents of girls from Kshatriya/Nambudiri community. The parent preferably be eligible to wear the sacred thread - പൂണൂൽ).

**Contact: 9446127721**

## ചന്ദ്രിക കേരളവർമ്മ എൻഡോവ്മെന്റ് പ്രൈസ്

കേരള സിലബസിൽ പത്താം ക്ലാസിൽ ഉന്നത വിജയം നേടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷത്രിയ സമുദായ അംഗങ്ങളുടെ കുട്ടികളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് 10,000 രൂപ ക്യാഷ് അവാർഡ് ഈ വർഷം മുതൽ നൽകുന്നതാണ്.

സ്വയം സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റും, രക്ഷിതാക്കളുടെ വരുമാനം തെളിയിക്കുന്ന രേഖയും താഴെ പറയുന്ന മേൽവിലാസത്തിൽ അയയ്ക്കുക.

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി: 30 ജൂൺ 2025**

**P.K. Reghu Varma, Secretary, Royal Educational And Charitable Trust, C-7, Sri Bhavan, Belhaven Gardens, Thiruvananthapuram, Pin-695003, Mob: 9446071057.**

# സ്മരണാഞ്ജലി

ചരമം: 10 – 02 – 2024

## പദ്മിനി തമ്പുരാട്ടി, വടക്കുംകൂർ പാലസ്, കടനാട്.

**W/o നരസിംഹൻ നമ്പൂതിരി**, ചെറ്റൂരില്ലം, കാനായി, പയ്യന്നൂർ.



മക്കൾ: ഈശ്വരി ഭായ്, ഉണ്ണികൃഷ്ണൻ സി.
മരുമക്കൾ: സുരേന്ദ്രവർമ്മ, സ്മിത, കേരള വർമ്മ (രവി)
പേരമക്കൾ: അമർനാഥ് വർമ്മ, ആനന്ദ് വർമ്മ, അഭിഷേക് വർമ്മ

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

April 2025
Annual Subscription ₹ 200



Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org